SREENARAYANAGURU
OPEN UNIVERSITY

# വിവർത്തനപരിചയം, മലയാളം കംപ്യൂട്ടിങ്

## Postgraduate Programme in Malayalam Language & Literature

## Self Learning Material

COURSE CODE: M21ML01AC


**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# വിവർത്തനപരിചയം, മലയാളം കംപ്യൂട്ടിങ്

Course Code: M21ML01AC

Semester -I

## Master of Arts
## Malayalam Language and Literature
## Ability Enhancement Course
## Self Learning Material

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

M21ML01AC
വിവർത്തനപരിചയം, മലയാളം കംപ്യൂട്ടിങ്

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-962656-7-0

**Academic Committee**

Dr. A. M. Sreedharan
Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

**Development of the content**

Raghunatha Pillai G., Dr. Suneetha T. V.

**Review**

Content: Dr. M. Jaymohan, Prof. Thomas Thamarassery
Format: Dr. I.G. Shibi
Linguistic: Prof. Thomas Thamarassery

**Edit**

Dr. M. Jaymohan, Prof. Thomas Thamarassery

**Scrutiny**

Dr. Vincent B. Netto, Dr. Nisar Ahammed, Aswani A. P., Dr. Muraleedharan K. V.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

March 2023

**Copyright**

© Sreenarayanaguru Open University 2023

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum ‘access and quality define equity’. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known “blended format”. Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner’s progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.

Regards,

Dr. P.M. Mubarak Pasha 01.03.2023

# Contents


| | | |
|---|---|---|
| BLOCK-01 | വിവർത്തന പരിചയം | 01 |
| Unit 1 | **വിവർത്തന പരിചയം ആമുഖം** | **02** |
| Unit 2 | **വിവർത്തനവും സംസ്കാരവും** | **27** |
| Unit 3 | **വിവർത്തനം മലയാളത്തിൽ** | **42** |
| Unit 4 | **വിവർത്തനത്തിന്റെ പ്രശ്നങ്ങൾ** | **52** |
| BLOCK-02 | **മലയാളം കംപ്യൂട്ടിങ്** | 73 |
| Unit 1 | **ഭാഷാസാങ്കേതികവിദ്യയുടെ ഉപയോഗം** | **74** |
| Unit 2 | **മലയാളഭാഷാ കമ്പ്യൂട്ടിങിന്റെ വിവിധഘട്ടങ്ങൾ** | **89** |
| Unit 3 | **വിവിധതരം ഫോണ്ടുകൾ** | **100** |
| Unit 4 | **മലയാളം കംപ്യൂട്ടിങ്: ആധുനിക - ആധുനികാനന്തര സാധ്യതകൾ** | **115** |
| Model Question Paper Sets | | 124 |

# വിവർത്തന പരിചയം

## BLOCK-01

# Unit 1

# വിവർത്തന പരിചയം ആമുഖം

## Learning Outcomes

- വിവർത്തനം എന്ന പ്രക്രിയയുടെ സാഗത്യം ബോധ്യപ്പെടുന്നു
- വിവർത്തനത്തിൽ പങ്കെടുക്കുന്ന ഭാഷകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- വിവിധതരം വിവർത്തന പ്രക്രിയകളെ പരിചയപ്പെടുത്തുന്നു
- സാംസ്കാരിക ഉൽപ്പന്നം എന്ന നിലയിൽ വിവർത്തന പ്രക്രിയയെ സമീപിക്കുന്നു
- വിവർത്തകനുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുന്നു
- വിവർത്തനത്തിന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുന്നു
- വിവർത്തനത്തിലെ പ്രധാന സിദ്ധാന്തങ്ങൾ പരിചയപ്പെടുന്നു

## Background

'ഭൂമിയിൽ ഒരു ഭാഷയും ഒരു സംസാരരീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കിഴക്കുനിന്നും വന്നവർ ഷീനാറിൽ ഒരു സമതല പ്രദേശം കണ്ടെത്തി അവിടെ പാർപ്പുറപ്പിച്ചു. നമുക്ക് ഇഷ്ടികയുണ്ടാക്കി ചുട്ടെടുക്കാം എന്ന് അവർ പറഞ്ഞു. അങ്ങനെ കല്ലിനു പകരം ഇഷ്ടികയും കുമ്മായത്തിനു പകരം കളിമണ്ണും അവർ ഉപയോഗിച്ചു. അവർ പരസ്പരം പറഞ്ഞു; നമുക്ക് പട്ടണവും ആകാശവും മുട്ടുന്ന ഒരു ഗോപുരം തീർത്തു പ്രശസ്തി നിലനിർത്താം. അല്ലെങ്കിൽ നാം ഭൂമുഖത്തോടെ ചിതറിപ്പോകും. മനുഷ്യൻ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ കർത്താവ് ഇറങ്ങി വന്നു. അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേ ആയിട്ടുള്ളൂ ചെയ്യാൻ ഒരുമ്പെടുന്നതൊന്നും അവർക്കിനി അസാധ്യമായിരിക്കയില്ല. നമുക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഭാഷ പരസ്പരം മനസ്സിലാകാത്ത രീതിയിൽ ഭിന്നിപ്പിക്കാം. അങ്ങനെ കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു. അവർ പട്ടണം പണി ഉപേക്ഷിച്ചു. അതുകൊണ്ടാണ് ആ സ്ഥലത്തിന് ബാബേൽ എന്ന പേരായത്. അവിടെ വച്ചാണ് കർത്താവ് ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ചതും അവരെ നാടാകെ ചിതറിച്ചതും' ബൈബിൾ പഴയ നിയമത്തിലെ പതിനൊന്നാമദ്ധ്യായം ഒന്നു മുതൽ ഒൻപതുവരെയുള്ള ഈ വാക്യം മനുഷ്യ ചരിത്രത്തിലെ ഭാഷാ വൈവിധ്യത്തിന്റെ കഥയാണ് അവതരിപ്പിക്കുന്നത്.

മനുഷ്യൻ ദൈവത്തോളം ഉയരാൻ ഭാഷയും നിർമ്മാണ സാമഗ്രികളിലെ വൈവിധ്യവും കാരണമാകും എന്ന വിശ്വാസഭയമാണ് ഈ വചനങ്ങളുടെ ആന്തരാർഥം. ഐതിഹ്യമെങ്കിലും രസകരമായ ഈ ഭിന്നിപ്പിക്കലിന്റെ ഫലമാണ് മനുഷ്യനിൽ വിവർത്തന ചിന്തയുടെ ആദ്യാങ്കുരമുണ്ടാക്കുന്നത്. ഭാഷ ഒന്നാകുന്നോളം ആശയവിനിമയത്തിന് തടസ്സമില്ല. ഭാഷാ വൈവിധ്യം എന്നു തുടങ്ങിയോ അന്നു മുതൽ ഇതരഭാഷാ സംസ്കാരം അറിയാൻ ഏറ്റവും ഉചിതമായ ഭാഷാ മാധ്യമം വിവർത്തനമാണെന്നു വന്നു. അവിടെ തുടങ്ങുന്നു വിവർത്തനത്തിന്റെ പ്രാധാന്യവും പ്രസക്തിയും.

## Keywords

വിവർത്തന സങ്കലനം-വിവർത്തന സങ്കല്പം-നിർവചനങ്ങൾ-സ്രോതഭാഷ-ലക്ഷ്യഭാഷ-വിവർത്തന സിദ്ധാന്തങ്ങൾ

## Discussion

### വിവർത്തന സങ്കല്പനം

സ്വർഗ്ഗപ്രാപ്തിയുടെ ഗോപുര നിർമ്മാണത്തിനു പകരം പരസ്പര സഹകരണത്തിന്റെ പാലം മനുഷ്യൻ നിർമ്മിച്ചു തുടങ്ങിയത് വിവർത്തനത്തിലൂടെയാണ്. കാലാനുസൃതമായ മാറ്റങ്ങളുടെ ഫലമായി മനുഷ്യൻ ഭൂമിയുടെ വിവിധ ദേശങ്ങളിൽ സ്ഥിരമായും അല്ലാതെയും വാസമുറപ്പിച്ചു. അവരുടെ ഭാഷയിലും സംസ്കാരത്തിലും സ്വാഭാവികമായ പരിണാമങ്ങളുമുണ്ടായി. പിന്നീട് ജനസമുദായങ്ങൾ തമ്മിൽ പലവിധ കാരണങ്ങളാൽ ഇടപെടേണ്ടി വന്നപ്പോൾ ഭാഷയുടെ തടസ്സം നീക്കാനുള്ള ആശയവിനിമയ ഉപാധിയായി വിവർത്തനം വേണ്ടി വന്നു. കൂടുതലും വാണിജ്യ രാഷ്ട്രീയ ബന്ധങ്ങളിലൂടെയാണ് ഇത് ആരംഭിച്ചതെന്ന് പറയാം. വിവർത്തകൻ സാമാന്യമായി രണ്ടു ഭാഷകൾ അറിഞ്ഞിരിക്കണം. അപ്പോൾ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങൾ താമസിക്കുന്ന അതിർത്തി പ്രദേശത്തായിരിക്കണം ആദ്യമായി വിവർത്തനം രൂപം കൊണ്ടത്. മുൻപു സൂചിപ്പിച്ചതുപോലെ പ്രധാനമായും വാണിജ്യാവശ്യമായിരുന്നു പ്രഥമ പരിഗണന. കച്ചവടത്തിന്റെ തത്ത്വം, വാങ്ങുന്നവനും വിൽക്കുന്നവനും പരസ്പരം ഭാഷ അറിയുന്നവരായിരിക്കണം എന്നതാണ്. പ്രാചീന കാലത്ത് വിവർത്തനത്തിന്റെ പ്രയോക്താക്കൾ വാണിജ്യക്കാരായിരുന്നു എന്നതാണ് ശരി. വ്യാപാരബന്ധത്തിലൂടെ പരസ്പരം അറിഞ്ഞു തുടങ്ങിയ ലോകത്ത് രാഷ്ട്രീയം, സംസ്കാരം, കലകൾ തുടങ്ങിയ മാനവിക പ്രശ്നങ്ങളും പരസ്പരം കൈമാറിത്തുടങ്ങി. വ്യത്യസ്ത ഭാഷകളും ലിപികളും നിലനിന്നിരുന്നതിന്റെ പരിമിതികൾ മറികടക്കാൻ വിവർത്തനത്തിന്റെ വ്യാപ്തിയും വർദ്ധിച്ചുവന്നു. അങ്ങനെ കാലാതീതവും ദേശാതീതവുമായ കടമ്പകൾ മറികടക്കാനും പരസ്പരം അറിയാനും മനുഷ്യനെ വിവർത്തനം സഹായിച്ചു. ആധുനികയുഗമായപ്പോഴേയ്ക്കും ലോകം കരതലാമലകം പോലെ ചുരുങ്ങിയപ്പോഴേക്കും വിവർത്തനത്തിന്റെ മേഖല വിപ്ലവകരമായ പല മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു.

- വ്യത്യസ്ത ഭാഷകളും ലിപികളും നിലനിന്നിരുന്നതിന്റെ പരിമിതികൾ മറികടക്കാൻ വിവർത്തനത്തിന്റെ വ്യാപ്തിയും വർദ്ധിച്ചുവന്നു

പ്രാചീനകാലം മുതൽക്കുതന്നെ ലോകത്തിലെ വിവിധ ഭാഷകളിൽ വിവർത്തനം നടന്നുവന്നിട്ടുണ്ട്. വിവർത്തനം ചെയ്യുന്നതിനിടയ്ക്ക് ചിലർ അതിലെ പ്രധാനഘടകങ്ങളെപറ്റി സന്ദർഭവശാൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും വിവർത്തനം ഒരു സ്വതന്ത്ര ശാഖയായി വളർന്നത് താരതമ്യേന ആധുനികകാലത്താണ്. ആധുനിക കാലത്ത് വിവർത്തനത്തിന് അഭൂതപൂർവ്വമായ പ്രാധാന്യം വന്നുചേർന്നിരിക്കുന്നു. ലോകത്തിലെ ഏതു ജനവിഭാഗങ്ങളുമായും പരസ്പരം സഹകരണത്തിലേർപ്പെടുവാനുള്ള ഭൗതിക സാഹചര്യ

ങ്ങൾ ഇന്നു വളരെയധികമുണ്ട്. അതിനാൽത്തന്നെ ആശയവിനിമയത്തിനുള്ള ദൂരം ഇന്നൊരു പ്രശ്നമേയല്ല. ലോകത്തിന്റെ ഏതു കോണിനെ സംബന്ധിച്ചും അറിവിന്റെയും ആശയത്തിന്റെയും വിതരണം വിവേചനമില്ലാതെത്തന്നെ സാധ്യമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ ഉള്ള വിവേചനം ഇന്ന് അപ്രസക്തമാണ്. വിജ്ഞാന വിതരണത്തിന്റെ കാര്യത്തിൽ ലോകത്തിലെ പല പ്രധാന ഭാഷകളും വലിയ മാധ്യമത്തിന്റെ പങ്ക് വഹിക്കുന്നു. അതിൽ ഇംഗ്ലീഷിന്റെ കാര്യം എടുത്തു പറയേണ്ടതാണ്. നമ്മെ സംബന്ധിച്ചിടത്തോളം അന്യ ഭാഷയിലുള്ള ആശയങ്ങളെ ഇംഗ്ലീഷിലെന്നതുപോലെ മാതൃഭാഷകളിലേയ്ക്ക് മാറ്റുക എന്നത് സാംസ്കാരികമായ ഒരു അനിവാര്യതയായിത്തീർന്നിരിക്കുന്നു. ആധുനിക കാലത്ത് വിവർത്തനം അനിവാര്യമെന്നതിനേക്കാൾ എത്രയും പെട്ടെന്ന് ലഭ്യമാകേണ്ട ഒന്നായിത്തീർന്നിരിക്കുന്ന സാഹചര്യമാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രത്തലവന്മാർ തമ്മിലുള്ള ആശയവിനിമയങ്ങൾ, ലോകസമ്മേളനങ്ങൾ, ബഹുസ്വരമായ ഭാഷകളുള്ള രാജ്യങ്ങളിലെ പാർലമെന്റ് നടപടികൾ, വിവര സാങ്കേതികമേഖലയിലെയും, നവമാധ്യമങ്ങളിലെയും ഇടപെടലുകൾ എന്നിങ്ങനെ സമകാലിക ലോകത്ത് വിവിധ വിഷയങ്ങളിൽ മനുഷ്യർക്ക് സഹകരണം സാധ്യമാകേണ്ടതിനാൽ വിവർത്തനം സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നായി മാറുന്നു. ജനങ്ങൾക്ക് താല്പര്യമുള്ള വിഷയങ്ങൾ പെട്ടെന്ന് തന്നെ വാർത്താ മാധ്യമങ്ങൾ(ബഹുജന മാധ്യമങ്ങൾ)വഴി ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടത് ആവശ്യം വേണ്ട പ്രവർത്തിയാണ്. നിമിഷങ്ങൾക്കകം വസ്തുതകൾ വിവർത്തനം ചെയ്ത് മറ്റുള്ളവരെ അറിയിക്കുവാനുള്ള ഉത്തരവാദിത്വം ഇന്നുണ്ടായിത്തീർന്നിരിക്കുന്നു. കമ്പ്യൂട്ടർ വിവർത്തനം പോലുള്ള ആധുനിക വിവർത്തന വിദ്യകളുടെ പ്രാധാന്യം ഒഴിച്ചു കൂടാനാവാത്ത ഒന്നായിത്തീരുന്നത് ഈ സാഹചര്യത്തിലാണ്.

- ആധുനിക കാലത്താണ് വിവർത്തനം ഒരു സ്വതന്ത്ര ശാഖയായി വളർന്നത്

## നിർവചനങ്ങൾ

വിവർത്തനത്തെ പലരും നിർവചിക്കാൻ ശ്രമിച്ചിട്ടുണ്ട്. പല നിർവചനങ്ങൾ ഒരു കാര്യത്തിനുണ്ടാകുന്നു എന്നതിനർത്ഥം ഒന്നും കൃത്യമല്ല എന്നതാണ്. അതിവ്യാപ്തിയോ അവ്യാപ്തിയോ ആയ ദോഷം ഇന്നുവരെയുള്ള എല്ലാ വിവർത്തന നിർവചനത്തിലും കടന്നു കൂടിയിട്ടുണ്ട്. സൈദ്ധാന്തികമായ വസ്തുത എന്നതിനേക്കാൾ പ്രയോഗികമാണ് വിവർത്തനം എന്നതുകൊണ്ടാണ് നിർവചനങ്ങൾ അപര്യാപ്തമായിത്തീർന്നത്. ഒരു ഭാഷയിൽ പറയപ്പെട്ടതോ എഴുതപ്പെട്ടതോ ആയ കാര്യങ്ങളുടെ അർത്ഥം മറ്റൊരു ഭാഷയിലേയ്ക്ക് ആവിഷ്കരിക്കുന്നതാണ് വിവർത്തനം എന്നാണ് നിഘണ്ടുക്കളിൽ വിവർത്തനം എന്ന പദത്തിന്റെ വാച്യാർത്ഥം. തർജമ/തർജ്ജുമ, പരിഭാഷ, ഭാഷാന്തരണം, മൊഴിമാറ്റം, Translation എന്നിങ്ങനെ നിരവധി പദങ്ങൾ വിവർത്തനത്തിനു തുല്യമായി നമ്മുടെ ഭാഷയിൽ പ്രചാരത്തിലുണ്ട്. തർജിമ അറബി പദമാണ്. പരിഭാഷയും, വിവർത്തനവും, ഭാഷാന്തരണവും സംസ്കൃത പദമാണ്. ശുദ്ധ ദ്രാവിഡ പദമായി മൊഴി മാറ്റത്തെ കരുതാം. ഇന്ന് വിവർത്തനം, **Translation** എന്നീ പദങ്ങൾക്കാണ് കൂടുതൽ പ്രയോഗ സാധ്യതയുള്ളത് എന്ന് കാണാം. **Transla-**

- ഒരു ഭാഷയിൽ പറയപ്പെട്ടതോ എഴുതപ്പെട്ടതോ ആയ കാര്യങ്ങളുടെ അർത്ഥം മറ്റൊരു ഭാഷയിലേയ്ക്ക് ആവിഷ്കരിക്കുന്നതാണ് വിവർത്തനം

▶ തർജമ /തർജ്ജുമ, പരിഭാഷ, ഭാഷാന്തരണം, മൊഴിമാറ്റം, Translation എന്നിങ്ങനെ നിരവധി പദങ്ങൾ

tion എന്ന പദം നിരുക്തി പ്രകാരം ഫ്രഞ്ച് പദമാണ്. ഓക്സ്ഫോർഡ് നിഘണ്ടുവിൽ ഈ പദത്തിനർത്ഥം 'ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി അല്ലെങ്കിൽ അതിന്റെ ഫലം, ഭിന്ന ഭാഷയിലുള്ള പാഠം'എന്നാണ്. Translation എന്ന ഇംഗ്ലീഷ് വാക്കിന് ഒരിടത്ത് നിന്ന് മറ്റൊരിടത്തിലേയ്ക്ക് മാറ്റുക, ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് സംക്രമിപ്പിക്കുക തുടങ്ങിയ അർത്ഥങ്ങൾ നൽകിയിരിക്കുന്നു. Translatum എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് Translation നിരുക്തി. Trans (across) Latum (to bear) എന്നീ രണ്ടു പദങ്ങൾ ചേർന്ന് 'ആശയങ്ങളെ മറുകരയിലേയ്ക്ക് കൊണ്ടു പോകുക' എന്ന അർത്ഥം കൽപ്പിച്ചിരിക്കുന്നു.

1. ഇതര ഭാഷയിൽ പ്രകാശിപ്പിക്കുക.

2. മറ്റു രൂപത്തിൽ പ്രകാശിപ്പിക്കുക

3. വിശേഷപ്പെട്ട അർത്ഥം പ്രകാശിപ്പിക്കുക എന്ന് മൂന്ന് അർത്ഥങ്ങൾ മുഖ്യമായും Translation എന്ന പദത്തിന്റെ വിശദീകരണത്തിൽ അടങ്ങിയിട്ടുണ്ട്. അതായത് ഭാഷാന്തരം, പരാവർത്തനം, വ്യാഖ്യാനം എന്നീ മൂന്നു പ്രക്രിയകൾ വിവർത്തനത്തിൽ നടക്കുന്നു എന്നർത്ഥം. ഭാഷാന്തരം എന്ന സംസ്കൃത വാക്കിനർത്ഥം മൂല ഭാഷയിലെ ആശയം മറ്റു ഭാഷയിലേയ്ക്ക് മാറ്റുക എന്നതാണ്. ആശയത്തെയോ ഭാവത്തെയോ മറ്റു വാക്കുകളിൽ വിശദമാകുന്നതാണ് പരാവർത്തനം, ആശയവിശദീകരണമാണ് വ്യാഖ്യാനം.

മുമ്പ് സൂചിപ്പിച്ചതുപോലെ തർജമ, മൊഴിമാറ്റം, ഭാഷാന്തരണം, അനുവാദനം, തുടങ്ങിയ പദങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും വിവർത്തനം എന്ന പദത്തിനാണ് ഇന്ന് കൂടുതൽ പ്രസക്തി. ഭാഷാന്തരണം എന്നുപറഞ്ഞാൽ ഒരു ഭാഷയിൽ ആവിഷ്ക്കരിച്ച ആശയത്തെ മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കലാണ് ഭാഷാന്തരണത്തിനു പകരം വയ്ക്കാവുന്ന ശുദ്ധമലയാള പദമാണ് മൊഴിമാറ്റം. മൊഴി എന്നാൽ ഭാഷ എന്നാണർത്ഥം. ആശയം ചോർന്നു പോകാതെ മൊഴി മാറ്റുന്നതാണ് മൊഴിമാറ്റം.

▶ വിവർത്തനം എന്ന പദത്തിനാണ് ഇന്ന് കൂടുതൽ പ്രസക്തി

അർത്ഥം നിലനിർത്തിക്കൊണ്ട് ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റുന്നതാണ് വിവർത്തനം എന്ന് സാമുവൽ ജോൺസൺ വിവർത്തനത്തെ നിർവചിക്കുന്നു. (To translate is to change into another language retaining the sense) അർത്ഥം പൂർണ്ണമായി നിലനിർത്തുക എന്നത് മിക്കപ്പോഴും സാധ്യമല്ല ആയതിനാൽ അർത്ഥത്തെ ആവുന്നത്ര നിലനിർത്തിക്കൊണ്ട് ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേയ്ക്കുള്ള മാറ്റം എന്ന് ഡോ. ജോൺസന്റെ വിവർത്തന നിർവചനത്തെ മാറ്റാമെന്ന് എ.എച്ച്.സ്മിത്ത് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. വിവർത്തനത്തെപ്പറ്റി സർവ്വാദരണീയമായ ഒരു നിർവചനം ഉണ്ടായിട്ടില്ലെന്ന് സൂചിപ്പിച്ചുവല്ലോ. എങ്കിലും വിവർത്തനത്തെപ്പറ്റിയുള്ള ചില നിർവചനങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. നിരവധി വിഷയങ്ങളിൽ -ഭാഷാശാസ്ത്രം, സാഹിത്യം, സാങ്കേതിക വിദ്യ, മതം, ദർശനം, നിയമം, സംഗീതം എന്നിങ്ങനെ രചനകൾ ലോകത്ത് വിവർത്തനവിധേയമായിട്ടുള്ളതുപോലെ ആയിരിക്കണക്കിനു നിർവചനങ്ങൾ വിവർത്തന വിഷയമായും ഉണ്ടായിട്ടുണ്ട്.

▶ വിവർത്തനത്തി നുണ്ടായിട്ടുള്ള പ്രധാന നിർവച നങ്ങൾ

- വിവർത്തനം ഒരു കലയാണ് – തിയഡോർ സവാരി
- വിവർത്തനം ഒരു കരകൗശലമാണ് – എറിക് ജാക്സൺ
- വിവർത്തനം ഒരു ശാസ്ത്രമാണ് – യൂജിൻ നെഡെ
- വിവർത്തനം സർഗ്ഗാത്മകമായ ഒരു കലയോ അനുകരണ കലയോ അല്ല. അതിനു രണ്ടിനും മധ്യേയാണ് അതിന്റെ നില - ഹോഴ്സ്റ്റ് പ്രിൻസ്
- ഒരു ഭാഷയിൽ അർത്ഥം കഴിയുന്നിടത്തോളം സംരക്ഷിച്ച് കൊണ്ട് മറ്റൊരു ഭാഷയിലേക്കുള്ള മാറ്റമാണ് വിവർത്തനം – എ. എച്ച്. സ്മിത്ത്
- സ്രോതഭാഷയിലെ പാഠത്തെ ലക്ഷ്യ ഭാഷയിലെ സദൃശ്യമായ പാഠത്തിന് പകരം വയ്ക്കലാണ് വിവർത്തനം – സി. സ്റ്റർട്ട്
- ഭിന്നഭാഷകൾക്കിടയിൽ സൗഹൃദത്തിന്റെ പാലം പണിയുന്ന സാംസ്കാരിക പ്രവർത്തനമാണ് വിവർത്തനം – ഹരിവംശ റായ് ബച്ചൻ
- പുഴുങ്ങിയ സ്ട്രോബറി പഴം പോലെ അരുചികരമായ വിഭവമാണ് വിവർത്തനം – സ്മിത്ത്
- മിനുത്ത പരവതാനിയുടെ പരുക്കൻ പ്രതലമാണ് വിവർത്തനം – ക്രാച്
- മണ്ണിൽ വീണ പഞ്ചസാര പൂർണ്ണമായും തിരിച്ചെടുക്കുന്നതുപോലെ ശ്രമകരമായ പ്രവൃത്തിയാണ് വിവർത്തനം – വടക്കുംകൂർ രാജരാജ വർമ്മ
- സോഡ പൊട്ടിച്ച് മറ്റൊരു പാത്രത്തിലേയ്ക്ക് ഒഴിക്കുന്നതുപോലെ ശക്തി ചോരുന്നതാണ് വിവർത്തനം – സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
- വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത – റോബർട്ട് ഫ്രോസ്റ്റ്
- വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടാത്തതെന്തോ അതാണ് കവിത – ഡോ. അയ്യപ്പണിക്കർ

വിവർത്തന പ്രക്രിയ വൈവിധ്യമാർന്നതാകുമ്പോൾ അതിനെപ്പറ്റിയുള്ള നിർവചനങ്ങളിലും വ്യത്യസ്ത സംഭവിക്കുന്നത് സ്വാഭാവികമാണ്. ഈ നിർവചനങ്ങളൊന്നും സമ്പൂർണ്ണമാണെന്നും പറയാൻ സാധിക്കില്ല. വിവർത്തന പ്രക്രിയയുമായി ഇവ ഭാഗികമായോ സാന്ദർഭികമായോ ഒത്തുപോകുന്നതേയുള്ളൂ. എന്നിരുന്നാലും വിവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. മുൻ കാലങ്ങളിൽ ജിജ്ഞാസ ശമിപ്പിക്കാനും അറിവുനേടാനുമായിരുന്നു വിവർത്തനം ചെയ്തിരുന്നതെങ്കിലും ഇന്നത് അവശ്യഘടകമായി മാറിയിരിക്കുന്നു. ശാസ്ത്ര സാങ്കേതികയുടെ വളർച്ചയും സാഹിത്യത്തിലെ വൈവിധ്യവും, പുതിയ ജീവിത ക്രമത്തിന്റെ അനിവാര്യതയും, ഭാഷയുടെ വൈവിധ്യത്തെയും, ഇതരസംസ്കാരത്തെ അംഗീകരിക്കാനുള്ള വിശാല മനസ്കതയും വിവർത്തനത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നു. നവ മാധ്യമങ്ങളുടെയും, പുതിയ ലോക ക്രമത്തിന്റെ ഫലമായി ലോകം ഇന്ന് കരതലാമലകമായി മാറി കൊണ്ടിരിക്കുന്നു. സാംസ്കാരികമായ ഇടപെടലുകളിലൂടെ ഒരു ഏകലോകക്രമം (വിശ്വസാഹിത്യദർശനം) സാധിക്കുന്നതിനുള്ള ഏക തടസ്സം ഇന്ന് ഭാഷയു

▶ വിവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഇന്ന് വർദ്ധിച്ചിരിക്കുകയാണ്

ടെ വൈവിധ്യമാണ്. ഈ തടസ്സം മാറ്റാനുള്ള ഏക പരിഹാര മാർഗ്ഗം വിവർത്തനമാണ്.

ഈ നിർവചനങ്ങളിലെ ചില വസ്തുതകൾ പരിശോധിക്കുന്നത് നല്ലതായിരിക്കും. നിർവചനങ്ങളിൽ പലതും കേൾക്കുമ്പോൾ ലളിതമാണ്. എങ്കിലും ഇതിൽ പലതും വിവർത്തന സ്വാഭാവങ്ങളിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നു. നിർവചനങ്ങളിൽ പ്രധാനമായും കൃത്യത, സ്വതന്ത്രത, വിശ്വസ്തത എന്നീ കാര്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത്. ഗ്രീക്ക് സാഹിത്യ ചിന്തകനായ ഹോരസ് പദാനുപദത്തിനുപരിയായി സ്വതന്ത്രമായിരിക്കണം വിവർത്തനം എന്ന അഭിപ്രായക്കാരനാണ് (**Translation should be free rather than word for word**). **"A good Translation should be rather faithful exacat"** എന്ന് പറയുന്ന ടി. എം. വാരൻ എന്ന പണ്ഡിതൻ കൃത്യതയെക്കാൾ വിശ്വാസത്തിനു പ്രാധാന്യം നൽകുന്നു. ഗ്രീക്ക് ഇതിഹാസമായ ഇലിയഡിന്റെ പഠന മുഖവരയിൽ വില്യം കൂപ്പർ എന്ന പണ്ഡിതൻ **Fidelity is the very essence of translation and the form itself implies it** എന്ന് പറയുമ്പോൾ വിശ്വാസതയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. **A translator is to be like his another it is not his business to excel him** (മൂല ഗ്രന്ഥകാരനെ അതിശയിപ്പിക്കുക എന്നത് വിവർത്തകന്റെ ജോലിയല്ല) എന്ന് സാമുവൽ ജോൺസനും സൂചിപ്പിച്ചിരിക്കുന്നു. വിവർത്തനം മൂല ഗ്രന്ഥത്തെ അനുസരിക്കുന്നതായിരിക്കണമെന്ന വിശ്വസമാണ് ഈ നിർവചനകൾക്കെല്ലാമടിസ്ഥാനം.

- കൃത്യത, സ്വതന്ത്രത, വിശ്വസ്തത

ഭാഷാശാസ്ത്രപരമായ വ്യാഖ്യാനങ്ങൾക്കു വിധേയമായിട്ടുള്ള മേഖലയാണ് വിവർത്തനത്തിന്റേത്. ഭാഷയുടെ പരിമിതിയെ ഇല്ലാതാക്കുക എന്നതാണ് വിവർത്തനത്തിന്റെ ആത്യന്തികലക്ഷ്യം. ഭാഷകൾ തമ്മിലുള്ള ആശയകൈമാറ്റമാണ് വിവർത്തനം എന്നതുകൊണ്ട് വിവർത്തനത്തിലെ ഏതു കാര്യത്തിനും ഭാഷാശാസ്ത്രവുമായും ബന്ധമുണ്ട്. ഭാഷാശാസ്ത്രത്തി(**Linguistics**)ന്റെ ഒരു ഉപശാഖയായ പ്രയുക്തഭാഷാശാസ്ത്ര(**Applied Linguistics**) ത്തിന്റെ ഒരു ഭാഗമാണ് വിവർത്തനം. അതിനാൽ വിവർത്തനത്തെ പലപ്പോഴും ഭാഷാശാസ്ത്രതത്വങ്ങളുമായി സമീപിക്കേണ്ടിവരും.

- ഭാഷയുടെ പരിമിതിയെ ഇല്ലാതാക്കുക

വിവർത്തനത്തിന്റെ ഭാഷാശാസ്ത്രവശങ്ങൾ എന്ന പ്രബന്ധത്തിൽ പ്രശസ്ത ഭാഷാശാസ്ത്രകാരനായ റോമൻ യാക്കൂബ്സൺ വ്യാഖ്യാനാത്മകമായ രീതിയിലാണ് വിവർത്തനരീതിയെ സമീപിക്കുന്നത്. അദ്ദേഹം അതിനു മൂന്നുപാധികൾ വിശദമാക്കുന്നു.

1. **അന്തർഭാഷാവിവർത്തനം** (**Intralingual translation**)
2. **ഭാഷാന്തരവിവർത്തനം** (**Interlingual translation**)
3. **ചിഹ്നനാന്തരവിവർത്തനം** (**Intersemiotic translation**)

എന്നിവയാണീ മൂന്നു വസ്തുതകൾ. ഒരു ഭാഷയിലെ തന്നെ പദചിഹ്നങ്ങളെ ആ ഭാഷയിലെ മറ്റൊരു കാലഘട്ടത്തിലെ പദചിഹ്നങ്ങളായി പരിവർത്തനപ്പെടുത്തുന്നതാണ് അന്തർഭാഷാവിവർത്തനം.

ഉദാഹരണമായി രാമചരിതത്തിലെ പാട്ടുകളെ ഇന്നത്തെ ഭാഷയിലെ പദഘടനയ്ക്കനുസരിച്ച് മാറ്റുന്ന രീതിയാണിത്. 'കാനനങ്കളിലരൻ..... ;. (കാനനങ്ങളിൽ ഹരൻ.. എന്നാക്കിമാറ്റുന്നരീതി) പുതിയ തലമുറയിലെ ആൾക്കാർക്ക് അക്കാലത്തെ ഭാഷ പരിചിതമല്ലാത്തതിനാൽ ഇന്നത്തെ ഭാഷയിലാവിഷ്ക്കരിക്കുന്നു. ശാസനങ്ങളും മറ്റും ഇന്നത്തെ ഭാഷയിലേക്ക് മാറ്റിയാൽ ഭാഷാവിദ്യാർഥികൾക്ക് ഇത്തരം വിവർത്തനഭേദം വളരെ ഉപകാരപ്രദമായിരിക്കും.

▶ അന്തർഭാഷാവിവർത്തനം

രണ്ടാമതായി പറയുന്ന ഭാഷാന്തരവിവർത്തനം നാമിന്നു വിവക്ഷിക്കുന്ന അർത്ഥത്തിലുള്ള വിവർത്തനമാണ്. ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരുഭാഷയിലെ തത്തുല്യമായ പാഠ്യവസ്തുവായി മാറ്റുന്ന പ്രക്രിയയാണത്.

▶ ഭാഷാന്തരവിവർത്തനം, ചിഹ്നനാന്തര വിവർത്തനം

ചിഹ്നനാന്തരവിവർത്തനം എന്നതുകൊണ്ടുദ്ദേശിച്ചത് ഒരു ഭാഷയിലെ ചിഹ്നവ്യവസ്ഥയെ മറ്റൊരു ചിഹ്നവ്യവസ്ഥയിലേക്ക് മാറ്റുക എന്നതാണ്. അനുകല്പനങ്ങളിലും, ആനിമേഷനിലും ഒക്കെ സംഭവിക്കുന്നത് ഇത്തരം പ്രക്രിയയാണ്. മലയാളത്തിൽ ആട്ടക്കഥയുടെ സാഹിത്യരൂപത്തെ കഥകളിയുടെ ദൃശ്യചിഹ്നമായി ഉപയോഗിക്കുന്നതും ഷേക്സ്പിയറുടെ ഒഥല്ലോ എന്ന നാടകരൂപം 'കളിയാട്ടം' എന്ന സിനിമയായതുമെല്ലാമിതിനു നിദർശനമാണ്.

▶ വ്യത്യസ്തഭാഷകളിൽപ്പെട്ട സാഹിത്യകൃതികളുടെ പാരസ്പര്യബന്ധത്തെപ്പറ്റിയുള്ള പഠനമാണ് താരതമ്യ സാഹിത്യം

ഭാഷാപഠനത്തിലെ സുപ്രധാനമായ ഒരു മേഖലയാണ് താരതമ്യ സാഹിത്യപഠനം. വിവർത്തനത്തിന്റെ പ്രാധാന്യമുള്ള ഏറ്റവും വലിയ മേഖലകളിൽ ഒന്നാണിത്. ഏകലോക സങ്കൽപ്പത്തിലേക്കുള്ള യാത്ര സുഗമമാക്കുന്ന വിശ്വസാഹിത്യദർശനത്തിന്റെ ആണിക്കല്ലാണ് താരതമ്യസാഹിത്യമേഖല. ഇതിന്റെ വിജയത്തിൽ അടിസ്ഥാനമായി വർത്തിക്കുന്നത് വിവർത്തനമാണ്. വ്യത്യസ്തഭാഷകളിൽപ്പെട്ട സാഹിത്യകൃതികളുടെ പാരസ്പര്യബന്ധത്തെപ്പറ്റിയുള്ള പഠനമാണ് താരതമ്യ സാഹിത്യം. ഇത് ദേശാതീതമായ സാംസ്കാരിക ഐക്യം സാധ്യമാക്കുന്നു. അതിന് തടസമായി നിൽക്കുന്നത് ഭാഷാ വൈവിധ്യമാണ്. ഈ കടമ്പ കടക്കാനുള്ള ഏക പോംവഴി വിവർത്തനവുമാണ്. മാതൃഭാഷയിൽ മാത്രം പരിചിതമായ ഒരു വ്യക്തിക്ക് വിശ്വഭാഷാസംസ്കാരത്തോളം വളരാൻ അന്യഭാഷാസ്വാധീനമുണ്ടാകുകയോ അന്യഭാഷാപ്രവീണനായ വിവർത്തകനെ ആശ്രയിക്കേണ്ടതായോ വരുന്നു.

## സ്രോതഭാഷയും ലക്ഷ്യഭാഷയും

▶ സ്രോതഭാഷയും ലക്ഷ്യഭാഷയും

വിവർത്തനത്തിന്റെ അടിസ്ഥാനപരമായ രണ്ട് സംജ്ഞയാണ് സ്രോതഭാഷ, ലക്ഷ്യഭാഷ എന്നത്. വിവർത്തനം ചെയ്യുന്ന ആൾ ബഹുഭാഷാപണ്ഡിതനായിരിക്കണമെന്നത് അത്യാവശ്യമാണ്. കുറഞ്ഞത് രണ്ടുഭാഷകളിലെങ്കിലും അയാൾ പ്രവീണനായിക്കണം. വിവർത്തനത്തിൽ പ്രാഥമികമായി രണ്ടുഭാഷകളാണ് പങ്കെടുക്കുന്നത്. ആ രണ്ടുഭാഷകളെയാണ് സ്രോതഭാഷ **(Source Language)**, ലക്ഷ്യഭാഷ **(Target Language)** എന്ന് വിളിക്കുന്നത്.

ഏതുഭാഷയിൽ നിന്നാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ സ്രോതഭാഷ എന്ന് വിളിക്കുന്നു. സ്രോതസ്സ് എന്നാൽ ഉത്ഭവസ്ഥാനം, മൂലസ്ഥാനം എന്നാണർത്ഥം. സ്രോതഭാഷ എന്ന പറയു

▶ ഏതുഭാഷയിൽ നിന്നാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ സ്രോതഭാഷ

▶ മൂലഭാഷ ഏതുഭാഷയിലേക്കാണോ വിവർത്തനം ചെയ്യപ്പെടുന്നത് അതാണ് ലക്ഷ്യഭാഷ

▶ ആന്തരികസത്ത മനസ്സിലാക്കാനുള്ള ഭാവുകത്വം

▶ ശൈലിയും വിവർത്തനവും

മ്പോൾ മൂലഭാഷ എന്നർത്ഥം കൂടി ലഭിക്കുന്നു. മൂലഭാഷ ഏതുഭാഷയിലേക്കാണോ വിവർത്തനം ചെയ്യപ്പെടുന്നത് അതാണ് ലക്ഷ്യഭാഷ. ഉദാഹരണമായി ചന്തുമേനോന്റെ 'ഇന്ദുലേഖ' എന്ന മലയാളം നോവൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്താൽ മലയാളഭാഷ സ്രോതഭാഷയും ഇംഗ്ലീഷ് ലക്ഷ്യഭാഷയുമായി മാറുന്നു. സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും പ്രാവീണ്യമുള്ളവനായിരിക്കണം വിവർത്തകൻ. എന്നാൽ ഈ രണ്ടു ഭാഷകളിലെ പ്രാവീണ്യം മാത്രം പോരാ ഉത്തമ വിവർത്തകനാകാൻ.

മൂലഭാഷയുടെ ആന്തരികസത്ത മനസ്സിലാക്കാനുള്ള ഭാവുകത്വം കൂടി വിവർത്തകനുണ്ടായിരിക്കണം. അതായത് മൂലകൃതിയുടെ സംസ്കാരവും സാഹചര്യവും ഉൾക്കാമ്പും അറിയുന്ന മികച്ച സഹൃദയൻ കൂടിയായിരിക്കണം വിവർത്തകൻ എന്ന് സാരം. ഇപ്രകാരം ചെയ്യുന്ന വിവർത്തനം മൂലകൃതിയോട് കൂടുതൽ നീതിപുലർത്തുന്നതായിരിക്കും. അത് ലക്ഷ്യഭാഷയിലെ കൂടി മൗലികകൃതിയായി പോലും വായിക്കാൻ ഇടവന്നു എന്ന് വരാം. ഇതുതന്നെയാണ് മികച്ച വിവർത്തനത്തിന്റെ കാതലായ അംശം.

ഓരോ ഭാഷയ്ക്കും ഓരോ ശൈലിയും അത് സംസാരിക്കുന്ന ജനതയ്ക്ക് ഒരു സാംസ്കാരിക പശ്ചാത്തലവും ഉണ്ടായിരിക്കും.

അതിനാൽ സ്രോതഭാഷയിലെ പദങ്ങൾക്ക് സമാനമായ പദങ്ങൾ ശൈലികൾ എന്നിവ കണ്ടെത്താൻ ലക്ഷ്യഭാഷയിൽ ഏറെ പരതേണ്ടി വരും. ചിലപ്പോൾ ഉചിതമായതു കിട്ടിയെന്നും വരില്ല. ഉദ്ധരിച്ച അർത്ഥം ഉൾക്കൊള്ളുന്ന പദം ഏതെന്ന അന്വേഷണം ഒരു മൗലിക രചന എന്ന പോലെ തർജ്ജിമയിലും പ്രസക്തമാണ്. ഒരു ഉദാഹരണം: കേരളീയ കർഷകജീവിതവുമായി ബന്ധപ്പെട്ട പ്രചാരത്തിലുള്ള ഒരു പ്രാദേശിക പദമാണ് 'തിരുവാതിര ഞാറ്റുവേല'. ഇതേ അർത്ഥം പൂർണ്ണമായി പകരാൻ പറ്റിയ പദം കാർഷികസംസ്കൃതിയുള്ള മറ്റു ഭാഷകളിലോ സംസ്കാരത്തിലോ ഉണ്ടായെന്നു വരില്ല. അപ്പോൾ വിവർത്തകൻ സമാനമായ ഏകദേശ പദം തെരഞ്ഞെടുക്കാൻ നിർബന്ധിതനാകുന്നു. പാശ്ചാത്യർ കുരുളക് വിദേശത്തേക്ക് കൊണ്ടുപോയപ്പോൾ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാൻ കഴിഞ്ഞില്ല എന്ന് കോഴിക്കോട്ടു സാമൂതിരി പറഞ്ഞതായി ഒരു ഐതിഹ്യമുണ്ട്. അതിന് പിന്നിലെ കഥാസത്യം എന്തുതന്നെയായാലും വിവർത്തനത്തിൽ എന്നും നിലനിൽക്കുന്ന മൂലഭാഷ, ലക്ഷ്യഭാഷ പ്രശ്നം തന്നെയാണത്. മൂലഭാഷാശൈലിയും ഇതേ പ്രശ്നം ഉണ്ടാക്കുന്നു. 'Unity is strength' എന്നതിന് നൽകുന്ന മലയാള വിവർത്തനം 'ഐക്യമത്യം മഹാബലം' എന്നാണ്. എന്നാൽ അത് തികച്ചും സംസ്കൃത ലക്ഷ്യഭാഷാ പ്രവർത്തനമാണ്. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം എന്ന ശൈലിയാണ് മലയാള ലക്ഷ്യ ഭാഷയ്ക്ക് ഇണങ്ങുന്നത്. അതുപോലെതന്നെ uncle, cousin എന്നിവയ്ക്ക് തുല്യമായ ഭാഷ പദങ്ങളും, നാലുകെട്ട്, അമ്യതേത്ത്, തറവാട്ടമ്മ എന്നിവയുടെ അന്യഭാഷാപദങ്ങളും കണ്ടെത്തുക പ്രയാസമാണ്.

ഒരു ഭാഷയുടെ ശൈലി സവിശേഷതകളുടെയും ആശയ സംരചനകളുടെയും പരിമിതിക്കകത്തു നിന്നു മാത്രമേ ആ ഭാഷയ്ക്കു പെ

രുമാറാൻ കഴിയൂ. സ്രോതഭാഷാപഠനത്തിന് അർത്ഥ തുല്യത കണ്ടെത്താനുള്ള ശ്രമവും ഓരോ ഭാഷയുടെയും തനിമയ്ക്കകത്തു നിന്നു കൊണ്ടായിരിക്കണമെന്നർത്ഥം. ഇതു മുന്നിൽ കണ്ടു കൊണ്ടാകണം പ്രശസ്ത ഭാഷാ ചിന്തകനായ ജെ. സി. ക്യാറ്റ് ഫോർഡ് വിവർത്തനത്തെ 'ഒരു ഭാഷയിലെ പാഠ്യവസ്തുവിന് സമാനമായി മറ്റൊരു ഭാഷയിലെ പാഠ്യവസ്തു പകരം വയ്ക്കലാണ് വിവർത്തനം'. എന്നു നിർവചിച്ചത്. (The Replacement of textual material in another language by equivalent textual material in another language) അതുകൊണ്ട് വിവർത്തന പ്രക്രിയയുടെ മുഖ്യ പ്രശ്നം ലക്ഷ്യ പാഠത്തിലെ വിവർത്തന തുല്യത കണ്ടെത്തലാണ്. 'സ്രോതഭാഷയിൽ ആവിഷ്കരിക്കപ്പെടുന്ന ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യ ഭാഷയുടെ ആവിഷ്ക്കരണ രീതിയ്ക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ ആവിഷ്ക്കരിക്കാനുള്ള പ്രേരണയാണ് വിവർത്തനം. ഈ പ്രയത്നത്തിൽ ആവിഷ്ക്കരിക്കപ്പെടുന്ന അർത്ഥത്തിനെന്നപോലെ ആവിഷ്ക്കരിക്കുന്ന ഭാഷകളുടെ ശൈലികൾക്കും കഴിയുന്നത്ര സമാനതയുണ്ടാകുന്നത് ആശാസ്യമാണ്' എന്ന് മലയാളത്തിലെ പ്രശസ്ത ഭാഷാപണ്ഡിതനും നിരൂപകനും കവിയുമായ എൻ. വി. കൃഷ്ണവാര്യർ വിശദമാക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

- ജെ. സി. ക്യാറ്റ് ഫോർഡ് നൽകുന്ന നിർവചനം
- എൻ. വി കൃഷ്ണവാര്യരുടെ വ്യാഖ്യാനം

## ഉത്തമവിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

വിവർത്തനം ഒരു കലയാണ് അതുകൊണ്ട് അതിൽ പ്രാവീണ്യമുള്ളവർക്കു മാത്രമേ നല്ല വിവർത്തകനാകാൻ സാധിക്കുകയുള്ളൂ. 'ദ്വിത്രായേവ കവയ; :ദ്വിത്രാണ്യേവ്യ കാവ്യാനി'. ഉത്തമ കവികൾ രണ്ടോ മൂന്നോ ആയതിനാൽ ഉത്തമ കവിതകളും രണ്ടോ മൂന്നോ എന്നാണിതിനർത്ഥം. ഇതിന്റെ താല്പര്യാർത്ഥം വിവർത്തനത്തിനുകൂടി യോജിക്കുന്നതാണ്. ഈ പറഞ്ഞ തത്ത്വം പക്ഷെ സാഹിത്യ വിവർത്തനത്തിലാണ് കൂടുതൽ സാധ്യതയുള്ളത്. എന്നാലിന്ന് വിവർത്തന ജ്ഞാനവിജ്ഞാനമണ്ഡലങ്ങളിലെല്ലാം നടന്നു കൊണ്ടിരിക്കുന്ന പ്രക്രിയയാണ്. ലോകത്തിലെ മിക്ക സർവ്വകലാശാലകളിലും സാംസ്കാരിക രാഷ്ട്രീയ മേഖലകളിലും വിവർത്തനം പാഠ്യവിഷയമോ, പ്രയുക്തശാസ്ത്രമോ ആയ കാലഘട്ടമാണിത്. ആയതിനാൽ കലയെന്നതിനുപരിയായി പ്രയത്നം കൊണ്ട് കൂടി നേടിയെടുക്കേണ്ട കലയായി വിവർത്തനത്തെ പരക്കെ അംഗീകരിച്ചിരിക്കുന്നു.

- വിവർത്തനം ഒരു കലയാണ്

ഒരു ഉത്തമ വിവർത്തകന്റെ ഗുണങ്ങളിൽ സർവ്വപ്രധാനമായത് സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും അയാൾക്കുണ്ടായിരിക്കേണ്ട വൈദഗ്ദ്യമാണ്. രണ്ടു ഭാഷകളിലും ശരിയായ അറിവും, സ്വാധീനവും ഉള്ള വ്യക്തിക്ക് മാത്രമേ ഉത്തമ വിവർത്തകനാകാൻ കഴിയൂ. ഇതര ഭാഷ പഠിച്ച് അതിൽ നിന്ന് മാതൃഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യുകയാണ് സഹജവും സ്വാഭാവികവുമായ പ്രവണത. സ്രോതഭാഷയിലുള്ള പരിജ്ഞാനത്തെക്കാൾ ലക്ഷ്യഭാഷയിലുള്ള സ്വാധീനത്തിനാണ് വിവർത്തനത്തിന്റെ പ്രാധാന്യം.

- ഒരു ഉത്തമ വിവർത്തകന്റെ ഗുണങ്ങൾ

പൊതുവായുള്ളതും, സാധാരണവുമായ പാണ്ഡിത്യം മതിയാവുകയില്ല വിവർത്തകന്. നിരവധി വിഷയങ്ങളാണ് ഒരു ഭാഷയിൽ ആവിഷ്കരിക്കപ്പെടുന്നത്. സാഹിത്യത്തിലായാലും ശാസ്ത്രത്തിലാ

യാലും നിരവധി അവാന്തര വിഭാഗങ്ങളും അതിനുതന്നെ ഉപവിഭാഗങ്ങളും ഇന്നത്തെ കാലത്ത് നിലവിലുണ്ട്. അതിൽത്തന്നെ ശാസ്ത്ര സാങ്കേതികയിൽ സാങ്കേതിക പദങ്ങളും പദബന്ധങ്ങളും സവിശേഷമാണ്. ശാസ്ത്ര വിഷയത്തിൽ സാമാന്യജ്ഞാനം മാത്രമുള്ള ആളിന് അതിലെതന്നെ പ്രത്യേക ശാസ്ത്ര വിഷയത്തിലെ ഗ്രന്ഥങ്ങളുടെ തർജ്ജിമ ദുഷ്കരമായിരിക്കും ഫിസിക്സിനെപ്പറ്റി പൊതുവിൽ അറിയാവുന്ന ആളിന് **Astrophysics** ഉം മറ്റും കൃതഹസ്തമായി കൈകാര്യം ചെയ്യാൻ അറിയണമെന്നില്ല. സാഹിത്യത്തിലും സമകാലികത്തിൽ ഈ പ്രവണത കുറച്ചൊക്കെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പൊതു സാഹിത്യത്തിൽ മാത്രം അഭിരുചിയുള്ള ഒരാൾക്ക് പരിസ്ഥിതി, ദളിത്, ഫെമിനിസ്റ്റ് സാഹിത്യത്തിന്റെ ആന്തരാർത്ഥത്തിലേയ്ക്ക് പോകാനുള്ള വൈഷമ്യം നാം മനസ്സിലാകേണ്ടതാണ്.

▶ പൊതുവായുള്ളതും, സാധാരണവുമായ പാണ്ഡിത്യം മതിയാവുകയില്ല

ഒരു ഉത്തമ വിവർത്തകന് വേണ്ട സമത്വഗുണങ്ങളിൽ ഒന്ന് പ്രത്യുല്പന്നമതിത്വമാണ്. സന്ദർഭമനുസരിച്ച് കാര്യം ഗ്രഹിക്കാനും അതിനുപറ്റിയ രീതിയിൽ വിവർത്തനം നടത്താനും കഴിയണം. ദീർഘകാല സാധനയും അനുഭവവുമുള്ളവർക്കു മാത്രമേ ഈ ഗുണം കിട്ടാറുള്ളൂ. വളരെ ഗഹനവും വ്യാപകവുമായ വായനയിൽ നിന്നാണ് ഈ പദ സമ്പത്ത് കൈവരുന്നത്. തുറന്ന മനസ്സും കണ്ണുകളുമാണ് പുതിയ അറിവുകൾ കൈവരിക്കാൻ സഹായിക്കുന്നത്. പരിശ്രമമാണ് മുഖ്യം. എത്രമാത്രം പരിശ്രമം ഉണ്ടാകുന്നുവോ വിവർത്തനത്തിന് അത്രമാത്രം ഭംഗിയും സൂക്ഷ്മതയും കൈവരുന്നു. ആയതിനാൽ അധ്വാനിക്കാൻ മടിയില്ലാത്തവർക്ക് മാത്രമേ വിവർത്തനത്തിൽ വിജയിക്കാൻ കഴിയൂ. ദിവസങ്ങളോളമുള്ള അന്വേഷണത്തിൽ നിന്നും ചിന്തയിൽ നിന്നും മാത്രമേ ചിലപ്പോൾ സമാന പദങ്ങൾ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

▶ പ്രത്യുല്പന്നമതിത്വവും ഉത്തമ വിവർത്തകനും

ശ്രോതകൃതിയുടെ ലക്ഷ്യമെന്തെന്ന് മനസിലാക്കുക എന്നതാണ് വിവർത്തകന്റെ മറ്റൊരു ലക്ഷ്യം. വിഷയത്തിന്റെ സ്വഭാവം, സമീപന രീതി എന്നിവയിലൂടെ ശ്രോതകൃതിയുടെ ലക്ഷ്യം മനസ്സിലാക്കാം.

എല്ലാ എഴുത്തുകാർക്കും ബാധകമാണെങ്കിലും, വിവർത്തകൻ കൂടുതൽ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. നാം ചെയ്യുന്ന വിവർത്തനം അച്ചടി മഷി പുരണ്ടു കഴിഞ്ഞാൽ അത് പിന്നെ തിരുത്തുക സാധ്യമല്ല. ആയതിനാൽ ആകാവുന്നത്ര ശ്രദ്ധിച്ച് എല്ലാ മിനുക്കു പണികളും കഴിഞ്ഞേ വിവർത്തകൻ കൃതി കൈയ്യിൽ നിന്നു മോചിപ്പിക്കാവൂ.

### വിവർത്തനപ്രക്രിയ

ഒരു നല്ല വിവർത്തകൻ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട ചില വസ്തുതകളുണ്ട്. കാലഘട്ടത്തിനനുസരിച്ച് വിവർത്തനത്തിന്റെ രീതി മാറി വരാം. ഭാഷയിൽ ഏതെങ്കിലുമൊക്കെ കാലഘട്ടത്തിൽ പ്രയോഗിച്ച വിവർത്തനം ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്നൊന്നും നിർബന്ധമില്ല ഭരണരംഗം, സാമ്പത്തിക ശാസ്ത്രം, നിയമം, ശാസ്ത്രം തുടങ്ങിയ പല വിഷയങ്ങളിലും വിവർത്തനം വസ്തു നിഷ്ഠവും കൃത്യവുമായിരിക്കണം. അതിൽ നൽകുന്ന വിവരങ്ങൾ ഒന്നും തന്നെ അതിശയോക്തിയുള്ളതാകരുത്. മാധ്യമങ്ങളിലെ പരസ്യത്തിന്റെ മാന

ദണ്ഡമാണിവിടെയും ആവർത്തിക്കേണ്ടത്. ഉപഭോഗ വസ്തുക്കളുടെ പരസ്യത്തിലെ അതിശയോക്തി, സർക്കാർ പരസ്യത്തിൽ പാടില്ലല്ലോ. സൗന്ദര്യവർദ്ധക വസ്തുക്കളുടെ പരസ്യ വിപണനതന്ത്രമല്ല ട്രാഫിക് നിയമങ്ങൾ അനുസരിക്കേണ്ടതിന്റെയും നികുതികൾ കൃത്യമായി അയക്കേണ്ടതിന്റെയും പരസ്യത്തിൽ കാണിക്കേണ്ടതെന്ന് നമുക്കറിയാമല്ലോ? പദാനുപദ രീതിയല്ല ഇത്തരം വിവർത്തന സാഹചര്യത്തിൽ വേണ്ടത്. വിവർത്തനം എല്ലായ്പ്പോഴും യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതായിരിക്കണം. വിവർത്തനത്തെ ധ്വനി, ലിപി, പദം, അർത്ഥം മുതലായ പല തലങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നത് സാമാന്യമായി എല്ലാ വിവർത്തനങ്ങൾക്കും ബാധകമാണ്. ഇക്കാര്യത്തിൽ വിവർത്തകൻ പ്രത്യേകം ശ്രദ്ധിക്കണം.

> ▶ വിവർത്തനം എല്ലായ്പ്പോഴും യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതായിരിക്കണം

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോൾ പല ഘടകങ്ങളിലും മാറ്റമുണ്ടാക്കാൻ പാടില്ല. ഭൗതികശാസ്ത്രം, രസതന്ത്രം, എൻജിനീയറിങ് തുടങ്ങിയ വിഷയങ്ങളിലെ ഗ്രന്ഥങ്ങൾ തെറ്റുകൂടാതെയും വസ്തുനിഷ്ഠമായും മൂല കൃതിയോട് നീതി പുലർത്തിക്കൊണ്ട് വേണം വിവർത്തനം ചെയ്യാൻ. അങ്ങനെ ആയാൽ മാത്രമേ അത്തരം ഗ്രന്ഥങ്ങൾ ശാസ്ത്ര ഗ്രന്ഥങ്ങളായിത്തന്നെ അംഗീകാരം നേടുകയുള്ളൂ.

> ▶ വസ്തുനിഷ്ഠമായും മൂല കൃതിയോട് നീതി പുലർത്തിക്കൊണ്ട് വേണം വിവർത്തനം ചെയ്യാൻ

വിവർത്തനം ഒരു ബുദ്ധിപരമായ വ്യാപാരം കൂടിയാണ്. മനുഷ്യബുദ്ധിയുടെ പ്രവർത്തനത്തിന്റെ സൂക്ഷ്മ പ്രവണതകൾ അയാളുടെ വാക്കുകളിൽ പ്രതിഫലിക്കുന്നതുപോലെ വിവർത്തനത്തിലും പ്രതിഫലിക്കും. വിവർത്തനം ഏതെല്ലാം വിധത്തിലായിരിക്കണമെന്ന് ചിന്തിച്ചിട്ടുള്ള പണ്ഡിതന്മാരാണ് ജെ. സി. ക്യാറ്റ്ഫോർഡ്, നൈഡ തുടങ്ങിയവർ. വിവർത്തന പ്രക്രിയയിൽ മൂല രചനയിലെ ആശയങ്ങൾ വിവർത്തകൻ വിസങ്കേതനം ചെയ്യുകയും അനന്തരം അത് ലക്ഷ്യഭാഷയിലേയ്ക്ക് അടയാളപ്പെടുത്തുകയും ചെയ്യും. അങ്ങനെ ചെയ്യുന്ന ഭാഗമാണ് പിന്നീട് വാചിക-ലിഖിത രൂപത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നത് എന്നതാണ് ക്യാറ്റ് ഫോർഡിന്റെ പക്ഷം.

> ▶ വിവർത്തനം ഒരു ബുദ്ധിപരമായ വ്യാപാരം കൂടിയാണ്

അതുപോലെ തന്നെ സാങ്കേതിക രൂപവലിയുടെ കാര്യത്തിൽ വിവർത്തന പദം നിശ്ചിത രൂപത്തിലേ പ്രയോഗിക്കാവൂ എന്നു നിയമമുണ്ട്. ഉദാഹരണമായി 'ആസിഡ്' എന്ന സാങ്കേതിക പദത്തിന് 'അമ്ലം' എന്ന പദം സർവ്വ സാധാരണമായതിനാൽ പലപ്പോഴും പ്രയോഗ സാധ്യതയുണ്ട്. എന്നാൽ 'സ്വിച്ച്' എന്ന പദത്തിൽ 'വൈദ്യുതാഗമന നിഗമനയന്ത്രം' എന്ന പരിഭാഷ ഉചിതമല്ല. ചിലപ്പോൾ സാങ്കേതിക പദത്തിന്റെ വിവർത്തന പദം കാലക്രമത്തിൽ ഖില രൂപമായും തീർന്നിട്ടുള്ളതായി കാണാം. വാസനാ വികൃതി എന്ന കഥയിൽ 'എൻജിനീയർ' എന്ന പദത്തിനു പകരം 'തച്ചുശാസ്ത്രി' എന്നു പ്രയോഗിച്ചു കാണുന്നു. അക്കാലത്ത് അതിന് പ്രചാരം ഉണ്ടായിരുന്നിരിക്കാം. എന്നാലിപ്പോൾ ഈ വിവർത്തന പദം ഭാഷയിൽ പ്രചാരത്തിൽ ഇല്ല. വിവർത്തകൻ ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിക്കുന്നത് നല്ലതാണ്.

> ▶ വിവർത്തന പദവും പ്രക്രിയയും

## വിവർത്തന സിദ്ധാന്തങ്ങൾ

വിവർത്തനത്തെക്കുറിച്ച് ആദ്യമായി ഒരു സിദ്ധാന്തം അവതരി

പ്പിച്ചത് പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് പണ്ഡിതനായ ഏറ്റിയൻ ഡോലെ **(Etienne Dolet)** ആണ്. അദ്ദേഹം വിവർത്തനത്തിൽ പ്രസിദ്ധമായ പഞ്ചതത്ത്വങ്ങൾ ആവിഷ്ക്കരിച്ചു(എ. ഡി. 1540ൽ )

1.Understand the content of source text

2.be proficient in both the source and target language

3.Avoid translating 'word forward'

4.Use common, everyday language

5.Produce the target text in an eloquent and harmonious style.

എന്നിവയാണ് ഡോലറ്റിന്റെ പഞ്ചതത്ത്വങ്ങൾ എന്നറിയപ്പെടുന്നത്. മൂല കൃതിയുടെ ഉദ്ദേശത്തിൽ അനുസൃതമാവണം വിവർത്തനമെന്നും, വിവർത്തകന് സ്രോത ഭാഷയിൽ അവഗാഹം ഉണ്ടായിരിക്കണമെന്നും പദാനുപദതർജ്ജിമ ഒഴിവാക്കണമെന്നും സാധാരണവും സമകാലികവുമായ ഭാഷയായിരിക്കണം വിവർത്തനവുമെന്ന ലക്ഷ്യഭാഷാപ്രധാനമായ വിവർത്തന സിദ്ധാന്തങ്ങളായിരുന്നു ഈ പഞ്ചതത്ത്വങ്ങളിൽ അടങ്ങിയിക്കുന്നത്. ഇതിനുശേഷം വിവർത്തനത്തെപ്പറ്റിയുള്ള ചില സിദ്ധാന്തങ്ങൾ അവതരിപ്പിച്ചത് **Principles of Translation (1791)** എന്ന ഗ്രന്ഥം എഴുതിയ അലക്സാണ്ടർ ബെറ്റ്ലർ ആണ്. വിവർത്തനം മൂല കൃതിയെ കൃത്യമായി പിന്തുടരുന്നതായിരിക്കണമെന്നും സ്രോതപാഠത്തിന്റെ ശൈലിയും ആശയവും വിവർത്തനത്തിൽ നിലനിർത്താൻ ശ്രമിക്കണമെന്നുമായിരുന്നു ടൈറ്റ്ലറുടെ വാദം. **Fidelity**(വിശ്വസ്തത) **clarity** (വ്യക്തത) **elegance**(ചാരുത)എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തായിരുന്നു ഇദ്ദേഹത്തിന്റെ വിവർത്തന സിദ്ധാന്തങ്ങൾ. തുടർന്ന് പാശ്ചാത്യ സാഹിത്യത്തിൽ സുപ്രധാനമായ പല വിവർത്തന സിദ്ധാന്തങ്ങളുമുണ്ടായി അതിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നു

▶ ഏറ്റിയൻ ഡോലെയുടെ പഞ്ചതത്ത്വങ്ങൾ

**1.പണ്ഡിത പരിതോഷ വാദം-മാത്യു ആർനോൾഡ് (Theory of Scolar Satisfaction)**

സാഹിത്യ നിരൂപണത്തെക്കുറിച്ചും വിവർത്തനത്തെപ്പറ്റിയും സ്വന്തമായ ചില ധാരണകൾ വച്ചു പുലർത്തിയിരുന്ന ആഗ്ലേയ കവിയും നിരൂപകനുമായിരുന്നു മാത്യു ആർനോൾഡ്. ഗ്രീക്ക് മഹാകവിയായ ഹോമറിന്റെ 'ഇലിയഡ്' എന്ന കൃതിയുടെ വിവിധ വിവർത്തനങ്ങൾ പരിശോധിച്ച് വിവർത്തനത്തെപ്പറ്റിയും അതിന്റെ മൂല്യനിർണയത്തെപ്പറ്റിയും ചില അഭിപ്രായങ്ങൾ പറഞ്ഞുവയ്ക്കുകയായിരുന്നു ആർനോൾഡ്. **On Translation Homer** എന്ന ലേഖനത്തിലാണ് ഇക്കാര്യം അദ്ദേഹം സമർത്ഥിച്ചത്. 'ഹോമറിന്റെ രചനയുടെ ഫലം പുനഃസൃഷ്ടിക്കുകയാണ് വിവർത്തനത്തിന്റെ ധർമ്മം. ഗ്രീക്കിൽ പരിജ്ഞാനവും, കാവ്യാഭിരുചിയും ആസ്വാദനക്ഷമതയുള്ള പണ്ഡിതന്മാർക്ക് വിവർത്തനം തൃപ്തികരമായി അനുഭവപ്പെടുമ്പോൾ മാത്രമേ നല്ല വിവർത്തനമാവുകയുള്ളൂ, കാരണം പണ്ഡിതന്മാർക്ക് മാത്രമാണ് വിവർത്തനത്തെ വിലയിരുത്താൻ അർഹതയുള്ളത്' ഇതാണ് പണ്ഡിത പരിദോഷവാദം. ഈ വാദഗതി കേൾക്കുമ്പോൾ

▶ പണ്ഡിത പരിതോഷ വാദം

യുക്തിസഹമെന്നു തോന്നുമെങ്കിലും ചില പ്രശ്നങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. കാരണം പണ്ഡിത സഭ അഭിപ്രായത്തിൽ ഏകസ്വരം പ്രകടിപ്പിക്കണമെന്നില്ല അതിനാൽ ഏതു തരം പണ്ഡിതന്മാരെയാണ് തൃപ്തിപ്പെടുത്തേണ്ടതെന്ന പ്രശ്നം ഇവിടെ അവശേഷിപ്പിക്കുന്നു

▶ നികഷോപല സിദ്ധാന്തം

മാത്യു ആർനോൾഡ് സാഹിത്യ വിമർശനവുമായും വിവർത്തനവുമായും ബന്ധപ്പെട്ട അവതരിപ്പിച്ച മറ്റൊരു സിദ്ധാന്തമാണ് നികഷോപല സിദ്ധാന്തം(Touchstone Theory) ഒരു ക്ലാസ്സിക് കൃതിയുടെ മൂലരൂപവുമായി വിവർത്തനത്തെ തട്ടിച്ചു നോക്കണം എന്ന അഭിപ്രായമാണ് ഈ സിദ്ധാന്തത്തിൽ അടങ്ങിയിട്ടുള്ളത്. ഇതിൽ എല്ലായ്പ്പോഴും സ്രോതഭാഷാ പ്രാധാന്യം വരുന്നു എന്ന പരിമിതി നിലനിൽക്കുന്നു.

**2.മൂലാനുസാരിത്വവാദം-** എഫ്. ഡബ്ല്യൂ. **ന്യൂമാൻ (Francis William Newman)**

▶ മൂലാനുസാരിത്വ വാദം

സ്രോതഭാഷ(മൂലകൃതി)യുടെ സർവ്വ സവിശേഷതകളും വിവർത്തനത്തിൽ കൃത്യമായി നിലനിർത്തണമെന്ന വിവർത്തന സിദ്ധാന്തത്തിന്റെ വക്താവാണ്. എഫ്. ഡബ്ല്യൂ. ന്യൂമാൻ **(Translator should retain every peculiarity of the original so far as he is able with greater care the more foreign it may be)** വിവർത്തനത്തെ മൂലകൃതിയോടടുപ്പിക്കാനുള്ള ശ്രമം വിവർത്തനത്തെ തുലോം അന്യമാണെന്ന് തോന്നിപ്പിക്കും. അതിനാൽ ഇത്തരത്തിലുള്ള വിവർത്തനമാണ് അഭികാമ്യം എന്നാണ് ന്യൂമാന്റെ പക്ഷം. വിക്ടോറിയൻ കാലഘട്ടത്തിലെ വിവർത്തന സിദ്ധാന്തമാണിത്. മൂലകൃതിയുടെ പശ്ചാത്തലവും കാലഘട്ടം പോലും വിവർത്തനത്തിൽ നിലനിർത്തണം എന്ന നിർബന്ധം ഈ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നു. ഇതു തന്നെയാണ് ഈ വാദഗതിയുടെ ദോഷവും. പതിനാറാം നൂറ്റാണ്ടിലെ ഷേക്സ്പിയറുടെ കൃതി മലയാളത്തിൽ വിവർത്തനം ചെയുമ്പോൾ പതിനാറാം നൂറ്റാണ്ടിലെ മലയാളം തന്നെ ഉപയോഗിക്കണം എന്നതിലെ അപ്രായോഗികത തന്നെയാണ് ഈ സിദ്ധാന്തത്തിന്റെ പരിമിതി. പ്രശസ്ത ഭാഷാ പണ്ഡിതനായ പ്രൊഫ. റിയൂ ഈ സിദ്ധാന്തത്തെ പരിഹസിക്കുന്നണ്ട്.

**3) വിവർത്തന സമമൂല്യത (Principles of Correspondence)**

ലോകത്തിലെ രണ്ടു ഭാഷകൾ തമ്മിൽ പൂർണ്ണമായും സമാനതയും കൃത്യതയും ഉണ്ടാകില്ല. വിവർത്തന കാര്യത്തിൽ രണ്ടു ഭാഷകൾ മുന്നിൽ വരുമ്പോൾ പദങ്ങളിലെ തുല്യത ഒരു പ്രശ്നമായി വരുന്നു. ഈ സന്ദർഭത്തിൽ വിവർത്തന തുല്യത കണ്ടെത്തേണ്ടിയിരിക്കുന്നു. ഇത്തരം അന്വേഷണമാണ് വിവർത്തന സമമൂല്യതയുടെ അടിസ്ഥാനം. വിവർത്തന സമമൂല്യത കണ്ടെത്തുകയാണ് വിവർത്തനത്തിന്റെ പ്രധാന ലക്ഷ്യം. ഒരു സ്രോത പഠനത്തിന്റെ വിവർത്തന സമമൂല്യത എന്നാൽ അതിനു തുല്യമായ ലക്ഷ്യ പാഠം സൃഷ്ടിക്കുക എന്നതുതന്നെയാണ്. ഇത് കണ്ടെത്താൻ ഒരു ദ്വിഭാഷിയുടെയോ നല്ല ഒരു വിവർത്തകന്റെയോ സഹായം വേണ്ടി വരുന്നു.

▶ വിവർത്തന സമമൂല്യതയുടെ അടിസ്ഥാനം

വിവർത്തന സമമൂല്യത കണ്ടെത്താൻ 'ആദേശ പരീക്ഷണം' എന്ന സമ്പ്രദായം സഹായകരമാകുന്നു. മൂലപാഠത്തിന്റെ പദത്തിനോ പദ സമൂഹത്തിനോ പകരമായി തത്തുല്യമായ ലക്ഷ്യഭാഷാപാഠം പ

കരം വയ്ക്കലാണ് ആദേശപരീക്ഷണം.

▶ വിവർത്തന സമമൂല്യതയുടെ അടിസ്ഥാനം

സ്രോതപാഠവും ലക്ഷ്യപാഠവും തമ്മിലുള്ള തുലനം ഏതുവിധത്തിലായിരിക്കണം എന്നതിനെ സംബന്ധിച്ച് അടിസ്ഥാനപരമായി വ്യത്യസ്തമായ രണ്ടുതരം വീക്ഷണങ്ങൾ ഉണ്ട്. അതിനെ രൂപതുല്യതാവാദം(**formal equivalence**) എന്നും ചലനാത്മക തുല്യത(**dynamic equivalence**) എന്നും പറയുന്നു

**രൂപതുല്യതാവാദം**

വിവർത്തന സ്വാഭാവത്തിലെ പ്രഥമ പ്രവണതയാണിത്. മൂലഭാഷയിലെ ഒരു ഭാഗത്തിന് ആ ഭാഷയിലെ സ്വരൂപത്തോടു ആവുന്നത്ര തുല്യമായ സ്ഥാനം കല്പിക്കാവുന്ന ഒരു ലക്ഷ്യഭാഷാഭാഗമുണ്ടെങ്കിൽ അതിന് രൂപപരമായ തുല്യത ഉണ്ടെന്ന് കാണാം. മൂലഭാഷയിലെ പദവാക്യ ഛന്ദോലങ്കാരങ്ങളെല്ലാം നിലനിർത്തിക്കൊണ്ടാണ് ഇത്തരം വിവർത്തനം നിർവ്വഹിക്കപ്പെടുന്നത്. പദാനുപദ, വാക്യനുവാക്യ രീതിയിലുള്ള വിവർത്തനമാണിത്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം വിവർത്തനം ചെയ്തത് ഏകദേശം ഈ സ്വഭാവത്തിലാണ്. ഈ വിവർത്തനത്തിനുള്ള പ്രധാന പ്രശ്നം മൂലഭാഷാകൃതിയിലെ സംസ്കാരത്തെ തന്നെയായിരിക്കും ലക്ഷ്യഭാഷയിലും കാണാൻ സാധിക്കുക എന്നതാണ്. അങ്ങനെ വരുമ്പോൾ വിവർത്തനത്തിലെ പല വസ്തുതകളും ലക്ഷ്യഭാഷയിൽ മനസ്സിലാക്കാൻപറ്റിയെന്ന് വരില്ല. ഉദാഹരണത്തിന് വിശുദ്ധ ബൈബിളിലെ **'great one another with a Holy Kiss'** എന്നൊരു അഭിവാദ്യം ഉണ്ട്. അതിനെ വിശുദ്ധ ചുംബനത്താൽ പരസ്പരം അഭിവാദ്യം പറയൂ എന്ന മലയാള തർജ്ജിമയാണ് നൽകിയിട്ടുള്ളത്. ഇത് അക്കലത്തെ ഒരു അഭിവാദനരീതിയാണെന്ന അടിക്കുറിപ്പ് നൽകിയാലേ ലക്ഷ്യഭാഷ വായനക്കാർക്ക് മനസ്സിലാക്കാൻ പറ്റുകയുള്ളൂ. രാമായണ മഹാഭാരത സീരിയലുകളുടെ 'കനിഷ്ഠ സഹോദരാ', 'ജ്യേഷ്ഠഭ്രാതാവേ', 'മാതാശ്രീ', 'പിതാശ്രീ' എന്നിങ്ങനെയൊക്കെയുള്ള സംബോധനയുടെ കാര്യവും ഇതുതന്നെയാണ്.

▶ രൂപപരമായ തുല്യത

**ചലനാത്മക തുല്യത (Dynamic equivalence or principle of equivalent effect)**

മൂലകൃതി അതിന്റെ സമകാലികരിൽ സൃഷ്ടിച്ച പ്രതികരണമോ ഫലമോ വിവർത്തനകാലത്തെ വായനക്കാരിലും സൃഷ്ടിക്കുവാൻ കഴിഞ്ഞുവെങ്കിലും അതാണ് മികച്ച വിവർത്തനരീതിയെന്നു സ്ഥാപിക്കുന്ന വിവർത്തന സ്വഭാവമാണ് ചലനാത്മക തുല്യതാവാദം. പ്രശസ്ത വിവർത്തക പണ്ഡിതനായിരുന്ന പ്രൊഫ. റീയൂവാണീ വാദഗതിയുടെ ശക്തനായ വക്താവ്. ലക്ഷ്യഭാഷയുടെ സംസ്കാരത്തിനിണങ്ങുന്ന വിധത്തിൽ തികഞ്ഞ സ്വാഭാവികതയോടെ നിർവഹിക്കപ്പെടുന്ന വിവർത്തനമാണിത്. ഇതിലും വലിയ ഒരു വിവർത്തനവും വിഭാവനം ചെയ്യാൻ സാധ്യമല്ല. എന്നാണ് റിയൂ വിവർത്തന രീതിയെപ്പറ്റി പറയുന്നത്. നേരത്തെ സൂചിപ്പിച്ച **'great one another with a Holy kiss'** എന്ന ബൈബിൾ വാക്യത്തിന് മുമ്പ് പറഞ്ഞതുകൂടാതെ സമകാലികഭാഷ്യത്തിൽ 'shakehand warmly with each other' എന്നും 'give one another a hearty shakehand all around' എന്നും പല വിധത്തിലുള്ള വിവർത്തനമുണ്ടായിട്ടുണ്ട്. ഓരോ സംസ്കാരത്തിനനുസരിച്ച് വിവർത്തന സ്വരൂപം മാറുന്ന ചലനാത്മകത തുല്യതയാണിത്. 'ഒരു സംസ്കാരത്തിൽ നിന്നും മറ്റൊരു

സംസ്കാരത്തിലേക്കുള്ള  വിവർത്തനം' എന്നാണ് വില്യം എ. കൂപ്പർ ചലനാത്മകത തുല്യതയെ വിശേഷിപ്പിക്കുന്നത്.

▶ ചലനാത്മക തുല്യതാവാദത്തിന്റെ സമീപനരീതികൾ

ചലനാത്മകത തുല്യതയിലും ചില പരിമിതികൾ കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് ഭാരതീയ ഇതിഹാസങ്ങളായ രാമായണ മഹാഭാരതാദികൾ അത് എഴുതിയ കാലത്തെ സംസ്കാരത്തിലും സമൂഹത്തിലും എങ്ങനെയാണ് സ്വീകരിച്ചതെന്ന് അറിയാൻ നിർവാഹമില്ല. അക്കാര്യം ഊഹിക്കാനേ പറ്റൂ.  മറ്റൊന്ന് സാഹിത്യ കൃതികൾ ഒരോകാലത്തും ഓരോ രീതിയിലാണ് ആസ്വദിക്കപ്പെടുന്നത്. അപ്പോൾ ഈ സമാന ഫലവാദം ഊഹത്തിൽ അധിഷ്ഠിതമാണെന്ന് പറയേണ്ടിവരുന്നു.

▶ രൂപതുല്യതയും ചലനാത്മക തുല്യതയും

രൂപതുല്യതയും ചലനാത്മക തുല്യതയും വിവർത്തനത്തിലെ രണ്ടു സ്വഭാവങ്ങളാണ്, അവ പരസ്പര ഭിന്നമാണ്. ഒന്ന് പദാനുപദ വിവർത്തനത്തിന്റെ രീതി പിന്തുടരുമ്പോൾ, മറ്റൊരു ആശയസംസ്കാര പുനഃസൃഷ്ടിയുടെ മാർഗ്ഗം അവലംബിക്കുന്നു. പദാനുപദ വിവർത്തനത്തെ കേസരി കൃഷ്ണപിള്ള സൂക്ഷ്മ വിവർത്തനം എന്നാണ് വിശേഷിപ്പിക്കുന്നത്. അതിനുദാഹരണമായി നാലപ്പാട്ടു നാരായണമേനോന്റെ പാവങ്ങൾ എന്ന കൃതി അദ്ദേഹം എടുത്തു കാട്ടുന്നു. അതിലെ വിവർത്തന രീതി പ്രായോഗികമല്ല എന്നുകൂടി പറഞ്ഞുവയ്ക്കുന്നു.  മലയാളി വായനക്കാർക്ക് അപ്രാപ്യമായ ഫ്രഞ്ച് സംസ്കാരത്തെ അതേപടി പുനഃസൃഷ്ടിക്കുക വഴി വായനക്കാരെ കൃതി അകറ്റി നിർത്തുന്നതായി കാണാം. ആദ്യ കാലത്ത് മതഗ്രന്ഥങ്ങളുടെ വിവർത്തനത്തിലും ഇത്തരം സ്വഭാവം ഉണ്ടായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ പദഘടന മാറ്റിയാൽ ദോഷം സംഭവിക്കും എന്നൊരു അന്ധവിശ്വാസം നില നിന്ന കാലഘട്ടമായിരുന്നു അക്കാലം. സഗോത്രഭാഷയിൽ പദാനുപദ വിവർത്തനം ചില കാര്യങ്ങളിൽ രൂപതുല്യത നേടിയേക്കാം. എന്നാൽ മറ്റു ഭാഷകളിലേയ്ക്ക് മൊഴിമാറ്റുമ്പോൾ ഉദ്ദിഷ്ടപദത്തിന് വിപരീതഫലം ഉണ്ടാകാനിടയുള്ളത്,  ഘടകപദത്തിന്റെ അർത്ഥം കിട്ടില്ല. **Touch me not** എന്നതിന് 'എന്നെ തൊടരുത്' എന്നല്ലല്ലോ അർത്ഥം 'തൊട്ടാവാടി' എന്നല്ലേ. പദാനുപദവിവർത്തനത്തിൽ ഇത് സാധ്യമല്ല. **daughter in law** നിയമത്തിന് പഠിക്കുന്ന മകളല്ല, **Call one** 'വിളിയു' മല്ല എന്ന് വിവർത്തകൻ അറിഞ്ഞിരിക്കണമെന്നു മാത്രം.

▶ പദാനുപദവിവർത്തനത്തിനും രൂപതുല്യതാ സിദ്ധാന്തവും

പദാനുപദവിവർത്തനത്തിനു പ്രാധാന്യം നൽകുന്ന രൂപതുല്യതാ സിദ്ധാന്തം സർക്കാർ അറിയിപ്പുകൾ, ശാസ്ത്ര ലേഖനങ്ങൾ, സാങ്കേതിക വിവരങ്ങൾ, ഉടമ്പടികൾ തുടങ്ങിയ മേഖലയിലെ വിവർത്തനത്തിന് അനുയോജ്യമാണ്. ഇത്തരം വിവർത്തന സാഹചര്യങ്ങളിലാണ് യന്ത്ര പരിഭാഷയ്ക്ക് പ്രാധാന്യം കൈവരുന്നത്. എന്നാൽ മൂലകൃതിയുടെ രൂപപരമായ കടുംപിടിത്തത്തിൽ നിന്ന് മുക്തമായതും, ഉള്ളടക്കത്തിനു പ്രാധാന്യം കൊടുത്തു കൊള്ളുന്നതുമായ വിവർത്തനമാണ് ചലനാത്മകത തുല്യതയ്ക്കടിസ്ഥാനം. ചലനാത്മകത തുല്യതയെ കേസരി രണ്ടായി വിഭജിക്കുന്നു. സ്വതന്ത്രം എന്നും തത്വാനുരൂപം എന്നുമാണത്. പ്രൊഫ. എസ്. ഗുപ്തൻ നായർ  ഇവയെ ഏകദേശ തർജ്ജമ(**free translation**), പുനഃസൃഷ്ടി(**re-creation**) എന്നീ പേരിട്ടാണ് വിളിക്കുന്നത്. കവിതാ വിവർത്തനത്തിലാണ് ഇക്കാര്യം കൂടുതൽ യോജിക്കുന്നത്.

ആശയവിവർത്തനത്തിൽ വിവർത്തകന് കൂടുതൽ സ്വാതന്ത്രമുണ്ട്. ആശയത്തെ ഏകദേശം ആവിഷ്ക്കരിക്കണമെന്നേയുള്ളൂ വിവർത്തകന്റെ ശൈലിക്കനുസരിച്ച് വേണ്ട മാറ്റങ്ങൾ വരുത്താൻ ഇത്തരം വിവർത്തനത്തിനു കഴിയുന്നു. ഏതു രീതിയാണ് വിവർത്തകന് അനുയോജ്യം എന്നതിനെപ്പറ്റി എൻ. വി. കൃഷ്ണ വാര്യർ പറഞ്ഞിട്ടുള്ള തിങ്ങനെയാണ് 'വികാരപ്രധാനമായ കൃതികളിൽ ഉള്ളടക്കം പോലെ തന്നെയോ അതിലധികമോ പ്രധാനമാണ് രൂപം. ഇവിടെ മൂലാധിഷ്ഠിതമായ പദാനുപദ വിവർത്തനത്തെക്കാൾ ഉചിതമായിരിക്കുക മൂലയുക്തമായ അർത്ഥപ്രത്യർത്ഥ വിവർത്തനമോ ഖണ്ഡികാനുഖണ്ഡികാ വിവർത്തനമോ, ആയിരിക്കും. മൂലകൃതി ഉദാത്തമോ അതിപ്രാചീനമോ, ഗ്രാമ്യഭാഷാ നിബദ്ധമോ ആകുമ്പോൾ അതനുസരിച്ച് വിവർത്തനത്തിന്റെ ഭാഷയിലും വ്യത്യാസം വരുത്തേണ്ടി വരും. മൂലകൃതി വിചാരപ്രധാനമാകുമ്പോൾ കഴിവതും പദാനുപദവിവർത്തനമായിരിക്കും ഉചിതം'. വിവർത്തന വിചാരം എന്ന ഗ്രന്ഥത്തിൽ എൻ. ഇ. വിശ്വനാഥ അയ്യർ പറയുന്നതിപ്രകാരമാണ് 'വിവർത്തനം മൂലകൃതിയിൽ ആശയങ്ങളുടെ സമ്പൂർണ്ണമായ പുനർ ലേഖനം നിർവഹിക്കണം. വിവർത്തനത്തിന്റെ ശൈലിയും രീതിയും മൂലകൃതിയിലേതിനു തുല്യമായിരിക്കണം. സ്രോതഭാഷയുടെ സ്വച്ഛന്ദത പൂർണ്ണമായും വിവർത്തനത്തിനു കൈവരികയും വേണം'.

▶ ആശയവിവർത്തനത്തിൽ വിവർത്തകന് കൂടുതൽ സ്വാതന്ത്രമുണ്ട്

ഈ പറഞ്ഞ അഭിപ്രായങ്ങളെല്ലാം ചലനത്മകതാ തുല്യവിവർത്തനത്തിന്റെ പ്രസക്തിയെ അടിവരയിടുന്നതാണ്.

ഇതുവരെ പറഞ്ഞ തത്ത്വങ്ങളിൽ നിന്നും മനസ്സിലാക്കാവുന്ന ചില പൊതുരീതികൾ വിവർത്തനത്തിലുണ്ടെന്ന് കാണാം. വിവർത്തന സാഹിത്യത്തിൽ ഇക്കാര്യങ്ങൾ പൊതുവെ അംഗീകരിക്കപ്പെട്ടവയാണ്.

1. മൂലപാഠത്തിന്റെ രൂപഘടന പാടേ തകർക്കാതിരിക്കുക
2. മൂലപാഠത്തിന്റെ ദർശനം മാറ്റിമറിക്കാതിരിക്കുക
3. മൂലപാഠാംശങ്ങൾ സമ്പൂർണ്ണമായി പരിഭാഷ ചെയ്യുക
4. മൂലപാഠത്തിന്റെ അർത്ഥവും ആശയവും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ലക്ഷ്യ പാഠത്തിന്റെ തനതു ശൈലിയിൽ ആവിഷ്കരിക്കുക.
5. ഒരേ ഗോത്ര ഭാഷയിലുള്ള പരസ്പര വിനിമയത്തിൽ മൂലഭാഷാപദബന്ധം കഴിവതും നിലനിർത്തുക.

സ്രോതഭാഷയിലെ കൃതിയുടെ രൂപം തകർക്കരുത് എന്നതിനർത്ഥം അതിന്റെ ഘടന മാറ്റി മറിക്കരുത് എന്നാണ്. നോവൽ, നാടകം, കഥ, കവിത എന്നിവ വിവർത്തനം ചെയ്യുമ്പോൾ അത് നോവലായും, നാടകമായും, കഥയായും, കവിതയായും നിലനിർത്തണം. ചില വിവർത്തനത്തിൽ മറിച്ചു സംഭവിക്കാറുണ്ട്. ഉദാഹരണത്തിന് മലയാളത്തിലെ ആദ്യ നാടകരചനകളിൽപ്പെടുന്ന 'ആൾമാറാട്ടം'(കല്ലൂർ ഉമ്മൻ ഫിലിപ്പോസ്) ഷേക്സ്പിയറുടെ **comedy of errors** എന്ന കൃതിയു

> ▶ മൂലകൃതിയുടെ ഘടന മാറ്റിമറിയ്ക്കരുത്

ടെ വിവർത്തനമായിരുന്നു. എന്നാൽ വിവർത്തിത മലയാള രചന നോവലിന്റെ സ്വഭാവമായിപ്പോയെന്ന് പരക്കെ ആക്ഷേപമുണ്ട്. ആയില്യം തിരുനാൾ മഹാരാജാവ് ശാകുന്തളം വിവർത്തനം ചെയ്തപ്പോഴും സംഭവിച്ചതിതാണ്. എന്നാൽ പുതിയ കാലഘട്ടത്തിൽ അനുകല്പനം **(Adaptation)** എന്ന സ്വഭാവം സ്വീകരിച്ച് കൃതികളെ രൂപം മാറ്റി അവതരിപ്പിക്കാറുണ്ട്.

മൂലകൃതിയുടെ ദർശനം മാറ്റിമറിക്കരുത് എന്നതാണ് മറ്റൊരു വസ്തുത : സ്രോതഭാഷാഗ്രന്ഥകാരന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കാതെ വിവർത്തനം ചെയ്യുമ്പോഴാണിത് സംഭവിക്കുന്നത്. ഒ. എൻ. വി. കുറുപ്പിന്റെ ഭൂമിയ്ക്കൊരു ചരമഗീതം എന്ന കവിത 'ഇനിയും മരിക്കാത്ത ഭൂമി, നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി'..... എന്നാണാരംഭിക്കുന്നത്. പരിസ്ഥിതി നാശത്തിന്റെ സങ്കടമാണ് കവിയെക്കൊണ്ടിങ്ങനെയൊരുവരി എഴുതിച്ചത്. ഭൂമി മരിച്ചു കഴിഞ്ഞാൽ ചരമഗീതം എഴുതാൻ ആരും അവശേഷിക്കുകയില്ല എന്നതാണ് കവിയുടെ സങ്കടം. ഈ പരിസ്ഥിതി ദർശനം മനസ്സിലാക്കാതെ 'ഭൂമി ഇനിയും മരിച്ചില്ലേ' എന്ന് സങ്കടപ്പെടുന്ന അർത്ഥത്തിൽ വിവർത്തനം ചെയ്താലുണ്ടാകുന്ന അപകടവും സംഭവിക്കാവുന്നതാണ്. തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്നകഥയ്ക്ക് ആധുനിക ദളിത് കാലത്തുണ്ടായ മാറ്റം ഇത്തരത്തിലൊന്നായി കാണാം.

> ▶ സ്രോതഭാഷാഗ്രന്ഥകാരന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കാതെ വിവർത്തനം ചെയ്യരുത്

മൂലകൃതിയിലെ പ്രസക്തമായ ഭാഗങ്ങൾ ഒന്നും വിടുകയരുത് എന്ന കാര്യം വിവർത്തകൻ പ്രത്യേകം ശ്രദ്ധിക്കണം. ആശയ ചോരണം സംഭവിക്കാതെ ചിലതുവേണമെകിൽ ത്യജിക്കാം. കൃതിയുടെ ജൈവ ഘടനയെ തകർക്കുന്ന യാതൊന്നും വിവർത്തനത്തിലുണ്ടാകരുതെന്നർത്ഥം. സംസ്കൃത നാടക വിവർത്തനത്തിൽ പ്രസ്താവന, നാന്ദി, പ്രവേശകം, ആകാശഭാഷിതം, ആത്മഗതം തുടങ്ങിയ രചനാസങ്കേതങ്ങൾ ഒഴിവാക്കാനാകില്ല, എന്നാൽ എഴുത്തച്ഛൻ മഹാഭാരത വിവർത്തനത്തിൽ ഭക്തിപ്രസ്ഥാനത്തിന് നിരക്കുന്നതല്ലാത്തതിനാൽ ശീലാവതി ചരിതവും, ഹരിശ്ചന്ദ്രചരിതവും വിട്ടു കളഞ്ഞു എന്നിട്ടും കൃതിയുടെ സമഗ്ര ശോഭയ്ക്ക് ഒട്ടും കുറവു സംഭവിച്ചതുമില്ല.

> ▶ മൂലകൃതിയിലെ പ്രസക്തമായ ഭാഗങ്ങൾ

മൂലഗ്രന്ഥത്തിന്റെ അർത്ഥവും ആശയവും പൂർണ്ണമായി ഉൾക്കൊള്ളുക എന്നത് ശൈലിയെയും, ഭാഷാസവിശേഷതയെയും പ്രധാനമായി കണ്ടുള്ളതാണ്. ഓരോ ഭാഷയ്ക്കും ശൈലിയും വ്യാകരണപരമായ സവിശേഷതകളുമുണ്ട്. ചെമ്മീൻ എന്ന കൃതിയിൽ 'വള്ള'ത്തിന്റെ പരിഭാഷ Boat എന്നാണ്. നമ്മെ സംബന്ധിച്ച് ബോട്ട് യന്ത്രസഹായത്താൽ ചലിക്കുന്ന ജലവാഹനമാണ് എന്നാൽ ഇംഗ്ലീഷിൽ തത്തുല്യപദം അതു മാത്രമേയുള്ളൂ. എന്നാൽ 'എന്റെ പൊന്നുങ്കുടമേ' എന്നതിന് പകരം '**oh !my gold pot**' എന്ന വിവർത്തനം പരിഹാസ്യമാവുന്നു. 'പൗരസ്ത്യ ദീപ'ത്തിന്റെ രചനയിൽ 'Rainy cat and dog'എന്നൊരു പ്രയോഗത്തെ 'പട്ടിയായും പൂച്ചയായും മഴ പെയ്തു' എന്ന് വിവർത്തനം ചെയ്തു അബദ്ധമാക്കിയതിനെ സ്വദേശാഭിമാനി പരിഹസിക്കുന്നുണ്ട്. 'ചന്നം പിന്നം മഴ പെയ്തു' എന്നതാണ് ശരിയായ ശൈലി വിവർത്തനം.

> ▶ മൂല ഗ്രന്ഥത്തിന്റെ അർത്ഥവും ആശയവും പൂർണ്ണമായി ഉൾക്കൊള്ളുക

അവസാനം പറഞ്ഞ കാര്യം സഗോത്ര ഭാഷകളെപ്പറ്റിയുള്ളതാ

ണ്. ഓരോ ഗോത്രത്തിൽപ്പെട്ട ഭാഷകളിലേയ്ക്ക് വിവർത്തനം ചെയുമ്പോൾ പരമാവധി അർത്ഥലോപം സംഭവിക്കാത്ത അതേ പദം തന്നെ ഉപയോഗിച്ചാൽ വിവർത്തനം എളുപ്പമാകും. ലീലാതിലകത്തിൽ ഭാഷാന്തരസമം എന്ന ഭാഗത്തു പൊൻ, നാളെ, ഉടൽ എന്നീ പദങ്ങളെകുറിച്ച് പറയുന്നുണ്ട്. ദ്രാവിഡ ഭാഷകൾക്കെല്ലാം പൊതുവിലുള്ള പദമാണിത്. ഇത്തരം പദങ്ങൾക്ക് വിവർത്തനത്തിൽ പകരം പദം വയ്ക്കേണ്ട കാര്യമില്ല. എന്നാൽ ഇവിടെയും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ചില പദങ്ങൾ രണ്ടു ഭാഷയിലും ഉണ്ടായിരുന്നെങ്കിലും കാലാന്തരത്തിൽ അർത്ഥഭേദം വന്നിട്ടുണ്ടാകാം. അത്തരം പദത്തെ അതുപോലെ എടുത്തുപയോഗിക്കുന്നത് അബദ്ധമാകും. ഉദാഹരണത്തിന് 'സംസാരം' എന്ന ദ്രാവിഡ പദത്തിൽ ഭാര്യ എന്നാണ് തമിഴിൽ അർഥം. എന്നാൽ ഇതേ ഗോത്ര ഭാഷയായ മലയാളത്തിൽ 'വർത്തമാനം' എന്നാണർത്ഥം 'കഴിക്കുക' എന്ന വാക്കിന് മലയാളത്തിൽ ആഹാരം കഴിക്കുക, വിവാഹം കഴിക്കുക എന്നൊക്കെ പ്രയോഗമുണ്ട്. തമിഴിൽ 'വിസർജ്ജിക്കുക' എന്നാണർത്ഥം. 'കഴിപ്പിടം' അവർക്ക് ഭക്ഷണ ശാലയല്ല കക്കൂസാണ്.

> ▶ അർത്ഥലോപം സംഭവിക്കാത്ത അതേ പദം തന്നെ ഉപയോഗിച്ചാൽ വിവർത്തനം എളുപ്പമാകും

## വിവർത്തന ഭേദങ്ങൾ

സ്രോത ഭാഷയിൽ ആവിഷ്ക്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിലുകൾ കൂടാതെയും, ലക്ഷ്യഭാഷയുടെ ആവിഷ്ക്കരണരീതിയ്ക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ അവതരിപ്പിക്കാനുള്ള പ്രയത്നമാണ് വിവർത്തനം എന്ന് എൻ. വി.കൃഷ്ണ വാര്യർ അഭിപ്രായപ്പെടുന്നു. വിവർത്തനത്തിൽ കൃത്യത അഭിലഷണീയമാണ്. അത് പൂർണ്ണമായും നിർവഹിക്കാൻ കഴിയുകയില്ല. ഏതു തരത്തിലുള്ള സമാനതയാണ് ലക്ഷ്യമാകുന്നത് എന്നതിനെ അടിസ്ഥാനമാക്കി വിവർത്തനരീതിയും വ്യത്യസ്തമാക്കാം. അതായത് വിവർത്തനത്തിന്റെ ലക്ഷ്യം വൈവിധ്യമുള്ളതായതുകൊണ്ട് അതിന്റെ വിവർത്തന സ്വഭാവങ്ങളും വ്യത്യസ്തമായിരിക്കും.

> ▶ ഏതു തരത്തിലുള്ള സമാനതയാണ് ലക്ഷ്യമാകുന്നത് എന്നതിനെ അടിസ്ഥാനമാക്കി വിവർത്തനരീതിയും വ്യത്യസ്തമാക്കാം

വിവർത്തന വിഭജനത്തിന്റെ ആദ്യ കാല പ്രണേതാക്കളിൽ ഒരാൾ പാശ്ചാത്യഗദ്യത്തിന്റെയും നിരൂപണത്തിന്റെയും പിതാവായി കരുതുന്ന ഡ്രൈഡനാണ്. METAPHRASE(പദാനുപദം), Paraphrase(ഭാവാനുവാദം), imitation(അനുകരണം) എന്നിങ്ങനെ മൂന്നായി തിരിക്കുന്നു. ജെ. സി. ക്യാറ്റ് ഫോർഡ് **Word for word, Literaral, Free** എന്നിങ്ങനെ മൂന്നായി വിവർത്തനത്തെ ഭേദപ്പെടുത്തുന്നു. ഈ രണ്ടു പേരുടെയും വ്യാഖ്യാനങ്ങൾ ഏറെക്കുറെ ഒന്ന് തന്നെയാണ്. പദാനുപദവിവർത്തനം, സ്വതന്ത്ര വിവർത്തനം, വ്യാഖ്യാനം, പരാവർത്തനം, ലിപ്യന്തരണം, അനുകല്പനം, സംഗ്രഹീതപുനരാഖ്യാനം എന്നിങ്ങനെയെല്ലാം വിവർത്തന പ്രകാരങ്ങൾ ഉണ്ട്.

> ▶ വിവർത്തന പ്രകാരങ്ങൾ

### 1. പദാനുപദവിവർത്തനം

പദാനുപദവിവർത്തനത്തിൽ സ്രോതഭാഷയിലെ പദങ്ങൾക്ക് തുല്യമായ പദങ്ങൾ ലക്ഷ്യഭാഷയിൽ കണ്ടെത്തണം രൂപതുല്യതയാണിവിടെ പ്രാധാന്യം. ശാസ്ത്രം, നിയമം, മതം തുടങ്ങിയ വിഷയങ്ങളുടെ വിവർത്തനത്തിനാണിത് കൂടുതൽ ഉപയോഗിക്കുക. സാഹിത്യത്തിൽ ഈ രീതി ചിലപ്പോൾ മാത്രം വിജയിച്ചുവെന്നു

വരാം. പലപ്പോഴും പദാനുപദ വിവർത്തനം ഇക്കാര്യത്തിൽ വിരൂപ മായിത്തീരാൻ ഇടയുണ്ട്. എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണം മൂലത്തിലെ

"ഭോഗാമേഘ വിതാനസ്ഥ വിദ്യുല്ലേഖേവ ചഞ്ചലാ;

ആയുപര്യഗ്നി സന്തപ്തലോഹസ്ഥ ജലബിന്ദുവത്!" എന്ന ശ്ലോകത്തെ

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ, ചഞ്ചലം

വേഗേന നഷ്ടമാമയുസ്സുമോർക്കനീ

വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ

സന്നിഭം മർത്യ ജന്മം ക്ഷണഭംഗുരം......." എന്ന് വിവർത്തനം ചെയ്തത് പദാനുപദ വിവർത്തനത്തിന്റെ വിജയമായി കണക്കാക്കാം.

**Our rural economy was progressively deteriorating** എന്ന വാക്യത്തെ പ ദാനുപദ വിവർത്തനം ചെയ്താൽ 'നമ്മുടെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥ പുരോഗമനപരമായി അധഃപതിച്ചുക്കൊണ്ടിരിക്കുന്നു' എന്നായിത്തീരും. ഇത് വികൃതമായ രീതിയാണ് 'നമ്മുടെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥ ക്രമാനുഗതമായി അധഃ പതിച്ചുക്കൊണ്ടിരിക്കുന്നു' എന്നതാണ് ശരിയായ വിവർത്തനം.

▶ ചില സന്ദർഭങ്ങ ളിൽ പദാനുപദ വിവർത്തനം വിരൂ പമായിത്തീരുന്നു

**2.സ്വനിമിക വിവർത്തനം (Phonemic Translation)**

മൂലഭാഷയിലെ സ്വനിമ വ്യവസ്ഥയ്ക്കുപകരം ഏറെക്കുറെ സമമൂല്യമായ ലക്ഷ്യഭാഷാ സ്വനിമ വ്യവസ്ഥ അംഗീകരിക്കലാണ് സ്വ നിമിക വിവർത്തനം. ഇംഗ്ലീഷിലെ sulthan Battery സുൽത്താൻ ബത്തേരി ആയതും, Thrissur തൃശിവ പേരൂർ ആയതും തിരുവനന്തപുരം Trivandrum ആയതും സ്വനിമിക വിവർത്തനത്തിന്റെ ഫലമായാണ്. ഇത്തരം സ്വനി മിക വിവർത്തനസ്വഭാവം പക്ഷേ സർഗ്ഗാത്മക കൃതികളിൽ പലപ്പോ ഴും കണ്ടുവെന്നു വരില്ല. കാരണം ഗോത്ര കക്ഷ്യബന്ധങ്ങളിൽ ഭാഷ കളിലെ വൈരുദ്ധ്യം വളരെ വലുതാണ്. ചങ്ങമ്പുഴയുടെ കവിതയായ കാവ്യനർത്തകിയിലെ രാഗതാള അക്ഷരവ്യവസ്ഥ മറ്റൊന്നിലേക്ക് പകരാൻ കഴിയുകയില്ലല്ലോ.

▶ സ്വനിമിക വിവർ ത്തനം

**3.വൃത്താനുവൃത്ത വിവർത്തനം (Metrical Translation)**

പദാനുപദവിവർത്തനത്തോടുചേർന്നുനിൽക്കുന്നതെങ്കിലും മൂലകൃതിയിലെ വൃത്തത്തിന്റെ സ്വാധീനവുമായി ബന്ധപ്പെട്ട വിവർ ത്തനമാണിത്. ചില വിവർത്തക സ്വഭാവത്തിൽ ഇതിനെയും പദാ നുപദവിവർത്തനത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. മൂല കൃതിയിലെ വൃത്തം ലക്ഷ്യഭാഷയിലേയ്ക്ക് സംക്രമിപ്പിക്കുന്ന സ്വഭാവമാണിത്. കു ഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത തർജ്ജമ മേൽ സൂചിപ്പിച്ച രണ്ടു സ്വഭാവവും പ്രകടമാകുന്നുണ്ടെങ്കിലും വൃത്ത സ്വീകരണത്തിലാണ് കൂടുതൽ ശ്രദ്ധ കാട്ടിയിട്ടുള്ളത്.

'ധർമ്മക്ഷേത്രേകുരുക്ഷേത്രേ

സമവേതായുയുത്സവ;

മാമകാ പാണ്ഡവാ ശ്ചൈവ

കിം അകുർവ്വത സഞ്ചയ ;'

എന്ന ഭഗവത് ഗീതാ ശ്ലോകം കുഞ്ഞിക്കുട്ടൻ തമ്പുരാൻ സംസ്കൃത ഇതിഹാസ വൃത്തമായ അനുഷ്ഠിപ്പിൽ

'ധർമ്മക്ഷേത്രം കുരുക്ഷേത്രം

പുക്കു പോരിനൊരുങ്ങിയൊർ

എൻ മക്കൾ പാണ്ഡവന്മാരും

എന്തേ ചെയ്തിതു സഞ്ജയാ'

എന്ന് വൃത്താനുവൃത്തമായാണ് വിവർത്തനം ചെയ്തത്. അതിൽ വലിയ നിരപ്പു കേടുതോന്നാനുമിടയില്ല. എന്നാൽ **Light of Asia** പാശ്ചാത്യ **classic** വൃത്തത്തിൽ നിന്ന് ഭാരതീയ ക്ലാസിക് വൃത്തത്തിലേയ്ക്ക് നാലാപ്പാട് നാരായണ മേനോൻ മാറ്റിയപ്പോൾ അമ്പേ പരാജയമായിപ്പോയെന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള സൂചിപ്പിച്ചിട്ടുണ്ട്. പൗരസ്ത്യ ദീപം കാകളിയിൽ വിവർത്തനം ചെയ്തെങ്കിൽ നന്നായേനെ എന്നാണദ്ദേഹത്തിന്റെ അഭിപ്രായം.

- ▶ വൃത്താനുവൃത്ത വിവർത്തനത്തിന്റെ സവിശേഷതകൾ

**4. ഗദ്യ വിവർത്തനം (Prose Translation)**

മൂലകൃതി കാവ്യ സ്വരൂപമാണെങ്കിൽ അതിന്റെ ലക്ഷ്യ കൃതി ഗദ്യത്തിലേയ്ക്ക് മാറ്റി വിവർത്തനം ചെയ്യുന്ന രീതിയാണിത്. മൂലകവിതയുടെ അർത്ഥത്തിനാണതിൽ പ്രാധാന്യം. ഗദ്യ വിവർത്തനം പലപ്പോഴും വ്യാഖ്യാനമായും പരാവർത്തനമായും മാറാനുള്ള സാധ്യതയുമുണ്ട്. മൂലഭാഷയിലെ വാക്യരചനാക്രമം ഇല്ലാതാകാനും ഈ രീതി വഴിവച്ചേക്കാം. അഭിജ്ഞാനശാകുന്തളം ആയില്യം തിരുനാൾ വിവർത്തനം ചെയ്തത് ഇവിടെ അനുസ്മരിക്കാവുന്നതാണ്. പുതിയ എഴുത്തുകാർ ലാറ്റിനമേരിക്കൻ ആഫ്രിക്കൻ കവിതകൾ മലയാളത്തിൽ വിവർത്തനം ചെയ്യുന്നതും ചിലപ്പോൾ ഈ പാത പിന്തുടർന്നാണ്.

- ▶ ഗദ്യ വിവർത്തനത്തിന്റെ സവിശേഷതകൾ

**5. താളനിബദ്ധമായ വിവർത്തനം (Rhymical )**

മൂല കവിതയുടെ താളലയങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ള വിവർത്തനമാണിത്. മൂല കവിതയുടെ പാരഡിരൂപത്തിലായിരിക്കും പലപ്പോഴും ഈ വിവർത്തനം വന്നുഭവിക്കുക. റോബർട്ട് ഫ്രോസ്റ്റിന്റെ 'Stopping by woods one nsowy evening' എന്ന കവിതയ്ക്ക് കടമ്മനിട്ട ചെയ്ത വിവർത്തനം ഏകദേശം ഈ സ്വഭാവം പ്രകടിപ്പിക്കുന്നുവെന്നു കാണാം.

- ▶ താളലയങ്ങളുടെ വിവർത്തനം

**6. മുക്തഛന്ദസ്സിലുള്ള വിവർത്തനം**

മൂലകൃതിയുടെ വൃത്തത്തെ അനുകരിക്കാതെയുള്ള വിവർത്തന

പ്രകാരമാണിത്. എന്നാൽ പാദത്തിലെ യതി, സംരചന എന്നിവ വിവർത്തനത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. പ്രാസദീക്ഷ കൃത്യമായി പാലിക്കാത്ത പാശ്ചാത്യ വൃത്തമായ ഇയാംബിക് പെന്റാമീറ്ററിനെയാണ് സാധാരണയായി **Blank verse** എന്ന് പറയുന്നത്. ഷേക്സ്പിയരുടെ **Hamlet**, ജോൺ മിൽട്ടന്റെ **Paradise Lost** എന്നിവ പ്രസിദ്ധമായ മുക്തഛന്ദ സൃഷ്ടികളാണ്. മലയാളത്തിലെ കേകാവൃത്തത്തിലെഴുതിയ സ്വതന്ത്ര കവിതകൾ ഈ ഗണത്തിൽപ്പെടുന്നവയാണ്. പല മട്ടുകളിൽ എഴുതുകയും നിയതമായ താളാത്മകതയും, വൈകാരികതയും പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് ഇത്തരം രചനയുടെ സവിശേഷതയാണ്.

▶ മുക്തഛന്ദസ്സിലുള്ള വിവർത്തനം

**7. വ്യഖ്യാനരീതിയിലുള്ള വിവർത്തനം (Interpretation Translation)**

ആശയവിനിമയം സുഗമമാക്കുന്നതിൽ പലപ്പോഴും വ്യാഖ്യാനത്തെ ആശ്രയിക്കേണ്ടിവരും. ആശയവിനിമയം ലഘൂകരിക്കാനാണ് വ്യാഖ്യാനത്തിന്റെ സഹായം തേടുന്നത്. പദാനുപദമായിട്ടല്ലാതെയുള്ള ഭാവാത്മക വിവർത്തനമാണ് വ്യാഖ്യാനാത്മക വിവർത്തനം. വിശദീകരണ വിവർത്തനം എന്നു കൂടി ഇതിനെ വിളിക്കാം. പ്രഭാഷണത്തിന്റെ തത്സമയ വിവർത്തനത്തിൽ നടക്കുന്നതിതാണ്. മൂലകൃതിയുമായി ഒരിക്കലും നേരിട്ട് സംവദിക്കാൻ സാധ്യതയില്ലാത്ത അവസ്ഥ പലപ്പോഴുമുണ്ട്. ഭാഷയുടെയും സംസ്കാരത്തിന്റെയും അപരിചിതത്വമാണിതിന്റെ പ്രധാന കാരണം. അത്തരത്തിലുള്ള ലക്ഷ്യഭാഷാ വായനക്കാർക്കുവേണ്ടിയുള്ള വിവർത്തനമാണ് വ്യാഖ്യാനാത്മക വിവർത്തനം. മഹാഭാരതത്തിന് വിദ്വാൻ ആർ. പ്രകാശം നടത്തിയ പത്തു വാല്യങ്ങളായുള്ള ഗദ്യ വിവർത്തനം ഇതിനുദാഹരണമാണ്.

▶ വ്യാഖ്യാനാത്മക വിവർത്തനത്തിന്റെ സവിശേഷതകൾ

**8. അനുകല്പനം (Adaptation )**

വിവർത്തനത്തിന്റെ ഒരു ശാഖയാണ് അനുകല്പനം അഥവാ അഡാപ്റ്റേഷൻ. റോമൻ യാക്കൂബ് സൺ അനുകല്പനത്തെ ചിഹ്നാന്തര വിവർത്തനം എന്ന് വിശേഷിപ്പിച്ച കാര്യം മുൻപ് സൂചിപ്പിച്ചുവല്ലോ. ഒരു കൃതി വ്യത്യസ്തമായ മറ്റൊരു മാധ്യമത്തിലേയ്ക്ക് മാറ്റി വിവർത്തനം ചെയ്യുന്ന രീതിയാണിത്. അക്ഷരത്തിലെഴുതിയ കവിത ആലാപനത്തിലൂടെ ശ്രവ്യ കാവ്യമായി മാറുന്നു. ആട്ടക്കഥാ സാഹിത്യം കഥകളിയായി മാറുന്നു. സാഹിത്യം എന്ന മാധ്യമത്തിൽ നിന്ന് കല എന്ന മാധ്യമത്തിലേയ്ക്കുള്ള മാറ്റമായിക്കൂടി ഇതിനെ പരിഗണിക്കാം. ഷേക്സ്പിയറുടെ ഒഥല്ലോ മലയാളത്തിലെ 'കളിയാട്ടം' എന്ന സിനിമയായി മാറിയതും അനുകല്പനമാണ്.

▶ വിവർത്തനത്തിന്റെ ഒരു ശാഖയാണ് അനുകല്പനം

അനുകല്പനത്തിന് ചില പൊതുതത്ത്വങ്ങൾ ഉണ്ട്. സ്വീകരിക്കപ്പെടുന്ന കൃതി ലക്ഷ്യ ഭാഷകാരന്റെ അഭിരുചി പ്രധാനമായിരിക്കും. മൂല കൃതിയിൽ തന്നെ ആകർഷിച്ച പ്രത്യേക സ്വഭാവങ്ങൾ തന്റെതായ രീതിയിൽ വ്യാഖ്യാനിച്ച് പുതുമ നൽകുന്നതിലും അനുകല്പനക്കാരൻ ശ്രദ്ധിക്കുന്നു.

**9. പിൻവിവർത്തനം (Back Translation /Round trip translation )**

ഒരു ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട ഒരു പദത്തെയോ പ്രയോഗത്തെയോ, പാഠത്തെയോ, അതിന്റെ മൂല കൃതിയിൽ

ഒരിക്കലും ശ്രദ്ധിക്കാതെ മൂലഭാഷയിലേയ്ക്ക് തിരിച്ചു വിവർത്തനം ചെയ്യുന്ന സ്വഭാവമാണ് പിൻവിവർത്തനം. വിവർത്തനത്തിന്റെ സൂക്ഷ്മത പരിശോധിക്കാനുള്ള ഏറ്റവും നല്ല ഭാഷാശാസ്ത്രരീതിയാണിത്. ബൈബിളിന്റെ മൂല ഭാഷ 'അർമായിക്' ആണെന്നു തെളിയിക്കാൻ ഏറ്റവും പ്രയോജനപ്പെട്ട വിവർത്തന രീതിയാണിത്. മലയാളത്തിലെ ഒരു കൃതി ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തിട്ട് ആ വിവർത്തന കൃതിയായ ഇംഗ്ലീഷ് മൊഴി മാത്രം നോക്കി വീണ്ടും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുകയാണ് പിൻവിവർത്തകൻ.
ഇത് മികച്ച ഒരു വിവർത്തന മാതൃകയായി കരുതുന്നില്ല.

▶ പിൻവിവർത്തനത്തിന്റെ സവിശേഷതകൾ

**10. ലിപ്യന്തരണം (translitation)**

മൂലഭാഷയിലെ പദത്തിന്റെ ലിപി മാറ്റി ലക്ഷ്യ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യുന്നതാണിത്. ഉദാഹരണം ;'തിരുവനന്തപുരം'എന്നത് 'തിരുവനന്തപുരം' എന്നെഴുതുന്നു. Transilvania എന്നത് ട്രാൻസിൽവാനിയ എന്നാകുന്നു, 'oxygen' ഓക്സിജനാകുന്നു. വാക്കോ ഉച്ചാരണവോ മാറുന്നില്ല എന്നർത്ഥം. ഇന്ന് സമസ്ത വിവർത്തന മേഖലയിലും വാമൊഴി ആശയവിനിമയത്തിലും ഇത്തരം പ്രവണതകൾ സർവ്വ സാധാരണമാണ്.

▶ ലിപ്യന്തരണത്തിന്റെ സവിശേഷതകൾ

# Summarised Overview

വിവർത്തനത്തെ പലരും നിർവചിക്കാൻ ശ്രമിച്ചിട്ടുണ്ട്. തർജമ /തർജ്ജുമ, പരിഭാഷ, ഭാഷാന്തരണം, മൊഴിമാറ്റം, Translation എന്നിങ്ങനെ നിരവധി പദങ്ങൾ വിവർത്തനത്തിനു തുല്യമായി നമ്മുടെ ഭാഷയിൽ പ്രചാരത്തിലുണ്ട്. എങ്കിലും വിവർത്തനം എന്ന പദത്തിനാണ് ഇന്ന് കൂടുതൽ പ്രസക്തി. അർത്ഥം നിലനിർത്തിക്കൊണ്ട് ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റുന്നതാണ് വിവർത്തനം എന്ന് സാമുവൽ ജോൺസൺ വിവർത്തനത്തെ നിർവചിക്കുന്നു. വിവർത്തന പ്രക്രിയ വൈവിധ്യമാർന്നതാകുമ്പോൾ അതിനെപ്പറ്റിയുള്ള നിർവചനങ്ങളിലും വ്യത്യസ്ത സംഭവിക്കുന്നത് സ്വാഭാവികമാണ്. ആ നിലയിൽ വിവർത്തനത്തിനുണ്ടായിട്ടുള്ള നിർവചനങ്ങളൊന്നും സമ്പൂർണ്ണമാണെന്നും പറയാൻ സാധിക്കില്ല. നിർവചനങ്ങളിൽ പ്രധാനമായും കൃത്യത, സ്വതന്ത്രത, വിശ്വസ്തത എന്നീ കാര്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത്. ഭാഷാശാസ്ത്രപരമായ വ്യാഖ്യാനങ്ങൾക്കു വിധേയമായിട്ടുള്ള മേഖലയാണ് വിവർത്തനത്തിന്റേത്. ഭാഷയുടെ പരിമിതിയെ ഇല്ലാതാക്കുക എന്നതാണ് വിവർത്തനത്തിന്റെ ആത്യന്തികലക്ഷ്യം. സ്രോതഭാഷ, ലക്ഷ്യഭാഷ എന്നിവ വിവർത്തനത്തനത്തിന്റെ അടിസ്ഥാനപരമായ സംജ്ഞകളാണ്. ഏതുഭാഷയിൽ നിന്നാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ സ്രോതഭാഷ എന്ന് വിളിക്കുന്നു. മൂലഭാഷ ഏതുഭാഷയിലേക്കാണോ വിവർത്തനം ചെയ്യപ്പെടുന്നത് അതാണ് ലക്ഷ്യഭാഷ.

ഓരോ ഭാഷയ്ക്കും ഓരോ ശൈലിയും അത് സംസാരിക്കുന്ന ജനതയ്ക്ക് ഒരു സാംസ്കാരിക പശ്ചാത്തലവും ഉണ്ടായിരിക്കും. അതിനാൽ സ്രോതഭാഷയിലെ പദങ്ങൾക്ക് സമാനമായ പദങ്ങൾ ശൈലികൾ എന്നിവ കണ്ടെത്താൻ ലക്ഷ്യഭാഷയിൽ ഏറെ പരതേണ്ടിവരും.

വിവർത്തനം ഒരു കലയാണ് അതുകൊണ്ട് അതിൽ പ്രാവീണ്യമുള്ളവർക്കു മാത്രമേ നല്ല വിവർത്തകനാകാൻ സാധിക്കുകയുള്ളൂ. സ്രോത ഭാഷയിലും ലക്ഷ്യ ഭാഷയിലും ശരിയായ അറിവും, സ്വാധീനവും ഉള്ള വ്യക്തിക്ക് മാത്രമേ ഉത്തമ വിവർത്തകനാകാൻ കഴിയൂ. സന്ദർഭമനുസരിച്ച് കാര്യം ഗ്രഹിക്കാനും അതിനുപറ്റിയ രീതിയിൽ വിവർത്തനം നടത്താനും ഉത്തമ വിവർത്തകന് കഴിയണം.സന്ദർഭമനുസരിച്ച് കാര്യം ഗ്രഹിക്കാനും അതിനുപറ്റിയ രീതിയിൽ വിവർത്തനം നടത്താനും കഴിയണം. കാലഘട്ടത്തിനനുസരിച്ച് വിവർത്തനത്തിന്റെ രീതി മാറിവരാം.വിവർത്തനം എല്ലായ്പ്പോഴും യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതായിരിക്കണം. വസ്തുനിഷ്ഠമായും മൂല കൃതിയോട് നീതി പുലർത്തിക്കൊണ്ട് വേണം വിവർത്തനം ചെയ്യാൻ. വിവർത്തനം ഒരു ബുദ്ധിപരമായ വ്യാപാരം കൂടിയാണ്.

തർജ്ജുമയിൽ വരാവുന്ന അപാകതകൾ സൂക്ഷ്മം മനസ്സിലാക്കേണ്ടതുണ്ട്. സാരള്യം(simplicity), കൃത്യത(exactness), വിവർത്തനം ഭാഷയുടെ ജീനിയസ്സുമായുള്ള ഇണക്കം എന്നിങ്ങനെ മൂന്നു ഗുണങ്ങൾ ഒരു മാതൃകാ വിവർത്തനത്തിന് ഉണ്ടായിരിക്കേണ്ടതാണ്. ദുർഘടവും, ദുർഗ്രാഹ്യവുമായ വാക്യഘടന വിവർത്തനം ചെയ്യുമ്പോൾ ഒഴിവാക്കേണ്ടതാണ്. നല്ലൊരു വിവർത്തകൻ നല്ല പാണ്ഡിത്യത്തിനുടമയായിരിക്കണം.പണ്ഡിത പരിതോഷവാദം,മൂലാനുസാരിത്വവാദം, വിവർത്തനസമമൂല്യത, രൂപതുല്യതാവാദം, ചലനാത്മക തുല്യത തുടങ്ങിയവ വിവർത്തനവുമായി ബന്ധപ്പെട്ട പ്രധാന സമീപന രീതികളാണ്.

## Assignments

1. വിവർത്തനം എന്ന പദത്തിന് സമാനമായ പദങ്ങൾ എന്തെല്ലാം ?
2. വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതാണ് കവിത-എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനമെന്ത് ?
3. അനുകൽപ്പനം എന്നാലെന്ത് ?
4. ലിപ്യന്തരണം എന്നാലെന്ത് ?
5. സ്രോതഭാഷ, ലക്ഷ്യഭാഷ-ഇവ നിർവചിക്കുക.
6. നികഷോപല സിദ്ധാന്തം എന്ത് ?
7. പണ്ഡിതപരിതോഷവാദം എന്നാലെന്ത് ?
8. വിവർത്തന തുല്യത എന്നാലെന്ത് ?
9. വിവർത്തനത്തിലെ പഞ്ചതത്ത്വങ്ങൾ ഏതെല്ലാം ?
10. സ്വനിമിക വിവർത്തനം എന്നാലെന്ത് ?
11. വിവർത്തനഭേദങ്ങൾ പരിചയപ്പെടുത്തുക
12. പിൻവിവർത്തനം എന്നാലെന്ത്?

## Suggested Readings


1. ഭാഷയും പരിഭാഷയും-സദാശിവൻ എം. പി
2. വിവർത്തന വിചിന്തനം-ഡോ. ആർസു
3. വിവർത്തനത്തിന്റെ ഭാഷാ ശാസ്ത്ര ഭൂമിക-ഡോ പി. ആർ. പ്രബോധചന്ദ്രൻ
4. A Linguistic Theory of Translation - J. C Catford
5. പ്രായോഗിക വിവർത്തന വിചിന്തനം-ഡോ. വിജയകുമാരൻ സി. പി. വി
6. വിവർത്തനം- ഒരു സംഘം ലേഖകൻ-ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
7. ഭാഷയും ഭാഷാന്തരണവും-ഡോ. കെ. എ. കോശി
8. വിവർത്തനവും ആശയ വിനിമയവും-ഡോ. കെ. വി തോമസ്


## References


1. വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. പ്രബോധന ചന്ദ്രൻ നായർ, വിവർത്തനചിന്തകൾ
3. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം
4. സച്ചിദാനന്ദൻ, കവിത വിവർത്തനം ചെയ്യുന്ന മൂന്നു വഴികൾ, പച്ചക്കുതിര, മാർച്ച് 21 2022
5. ഡോ. ആർ. വി. എം. ദിവാകരൻ, യന്ത്രവിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 2

# വിവർത്തനവും സംസ്കാരവും

## Learning Outcomes

- വിവർത്തനത്തിൽ പങ്കെടുക്കുന്ന ഭാഷകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- വിവർത്തനവും സംസ്കാരവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു
- വിവർത്തനത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- വിവർത്തനവും മാധ്യമവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു
- യന്ത്രവിവർത്തനത്തെക്കുറിച്ച് അറിവ് നേടുന്നു

## Background

സമകാലിക ലോകത്തിലെ അനിവാര്യമായ ഒരു ബൗദ്ധിക -സർഗാത്മക പ്രവർത്തനവുമായി വിവർത്തനത്തെ പരിഗണിച്ചു വരുന്നു. ലോകം ഇന്നു കൈകുമ്പിളോളം ചെറുതായപ്പോൾ അറിവിന്റെ വ്യാപനം അനിതരസാധാരണമായ വേഗതയിൽ വേണമെന്നായി. അറിവുകൾ ലോകത്തിന്റെ ഒട്ടുമിക്ക ജനസമൂഹത്തിന്റെയും സംഭവനയിലൂടെ സൃഷ്ടിക്കപ്പെടുന്നതാണ്. അതു അടയാളപ്പെടുത്തുന്നതാകട്ടെ അവരവരുടേതായ ഭാഷയിലും. ഈ ഭാഷാ വൈവിധ്യം മാത്രമാണ് ശാസ്ത്ര സാങ്കേതികമായി അഭൂതപൂർവ്വമായ നേട്ടങ്ങളിലൂടെ കടന്നുപോകുമ്പോഴും മനുഷ്യ വിനിമയത്തിനുള്ള തടസ്സം. ഈ തടസ്സം പരിഹരിക്കാൻ ഒറ്റ മാർഗ്ഗമേ ലോകത്തിനുമുന്നിലുള്ളൂ. അത് വിവർത്തനം മാത്രമാണ്. വിവർത്തനം ഭാഷകളുടെയും ഒപ്പം സംസ്കാരത്തിന്റെയും കൈമാറ്റമായി മാറുന്നതിതു കൊണ്ടാണ്. ഏതൊരു ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കും, വികാസത്തിനും ഏറെ സഹായകമായ പ്രവർത്തനമാണ് വിവർത്തനം. ഒരു ഭാഷയിലെ വിവർത്തന സമ്പത്ത് ആ ഭാഷ കൈകാര്യം ചെയ്യുന്ന ഒരു വിഭാഗത്തിന്റെ പുരോഗതിയുടെയും, സാംസ്കാരികമായ ഔന്നത്യത്തിന്റെയും സൂചകങ്ങളാണ്.

## Keywords

വിവർത്തനം എന്ന പരികൽപ്പന-സാംസ്കാരിക വിഭവം എന്ന നിലയിൽ-വിവർത്തനവും സംസ്കാരവും-മലയാള ഭാഷയും വിവർത്തന ചരിത്രവും-വിവർത്തനവും മാധ്യമവും-യന്ത്രവിവർത്തനം-കവിത, നോവൽ, ചെറുകഥ-നാടകം എന്നിവയുടെ വിവർത്തനം

## Discussion

### വിവർത്തനവും സംസ്കാരവും

കാലഘട്ടം ആവശ്യപ്പെടുന്ന വിവിധ തരം ഇടപെടലുകളിലൂടെ ലോകം പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്നു. അതിന്റെ പ്രധാന മാധ്യമമായി വർത്തിക്കുന്നത് ഭാഷയാണ്. അങ്ങനെ പരസ്പര സഹകരണം ഭാഷയുടെ വികാസപരിണാമത്തിനും പരസ്പര വിനിമയത്തിനും കൂടി വഴിതെളിക്കുന്നു. ഇന്നുള്ള ലോകഭാഷകളുടെയെല്ലാം വളർച്ച അന്യഭാഷകളുമായുള്ള ആദാനപ്രദാനങ്ങളിലൂടെയാണ് സാധ്യമായിട്ടുള്ളത്. അപ്പോൾ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരെ ഒന്നാക്കിമാറ്റാനും, അതുവഴി അവരുടെ സംസ്കാരങ്ങൾ വിനിമയം ചെയ്യപ്പെടാനും ഇടവരുന്നു. ഇന്ത്യയെ സംബന്ധിച്ച് ഒരുകാലത്ത് പ്രധാന ഭാഷയായിരുന്ന സംസ്കൃതത്തിന്റെ ശ്രേഷ്ഠമായ സാഹിത്യ സമ്പത്തിന്റെ വിവർത്തനമാണ് ഭാരതീയ സംസ്കാരമെന്ന ആശയം തന്നെ രൂപപ്പെടാൻ കാരണം. ഭാരതീയ ഭാഷാ സാഹിത്യങ്ങളുടെ പരസ്പര വിവർത്തനം ഇന്ത്യയിൽ ഒരു സാംസ്കാരിക സമന്വയത്തിന് വഴിതെളിയിച്ചു. അതുപോലെ തന്നെ വിദേശ ഭാഷകളും നമ്മുടെ ഭാഷകളും തമ്മിലുള്ള വിവർത്തനം ഭാരതത്തെ ലോകത്തോടടുപ്പിക്കുന്നതിനു വഴിതെളിച്ചു. രാജ്യങ്ങൾ തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കാനും ഭാഷാപരമായ സങ്കുചിതത്വം ഏറെക്കുറെ ഇല്ലാതാക്കാനും വിവർത്തനം വഴി സാധ്യമായിട്ടുണ്ട്.

> ▶ ഭാഷാപരമായ സങ്കുചിതത്വം ഇല്ലാതാകുന്നതിന് വിവർത്തനം വഴി സാധ്യമായിട്ടുണ്ട്

മൂല ഭാഷയിലെ സാംസ്കാരിക രൂപം (കല, ശാസ്ത്രം തുടങ്ങിയവ) ലക്ഷ്യ ഭാഷ എന്ന മാധ്യമത്തിലൂടെ ഗൗരവബുദ്ധിയോടുകൂടി ചിത്രീകരിക്കുകയാണ് ഒരു വിവർത്തകൻ ചെയ്യുന്നത്. സമർത്ഥനായ ഒരു വിവർത്തകനിലൂടെ മാത്രമേ ഇത്തരം സാംസ്കാരിക പ്രവർത്തനം സാധ്യമാകുകയുള്ളൂ. എന്തൊക്കെ പറഞ്ഞാലും യഥാർത്ഥത്തിൽ ഒരു ഭാഷയിലെ തനതു സംസ്കാരം പല സവിശേഷതകൾ ഉൾക്കൊള്ളുന്നതിനാൽ അതിനെ മറ്റൊരു ഭാഷയിലേയ്ക്കു പൂർണ്ണമായി അവതരിപ്പിക്കാൻ കഴിയുകയില്ല. ഭിന്നസംസ്കാരങ്ങളെ ബന്ധിപ്പിക്കുവാനുള്ള ഒരു പാലമായിട്ടാണ് വ്യത്യസ്ത സംസ്കാരങ്ങൾ ഇപ്പോൾ വിവർത്തനത്തെ കാണുന്നത്.

> ▶ ഭിന്നസംസ്കാരങ്ങളെ ബന്ധിപ്പിക്കുവാനുള്ള ഒരു പാലമായിട്ടാണ് വ്യത്യസ്ത സംസ്കാരങ്ങൾ ഇപ്പോൾ വിവർത്തനത്തെ കാണുന്നത്

പരിഭാഷയിൽ സംസ്കാരത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഗഹനമായി ചിന്തിച്ച പണ്ഡിതനാണ് ഇസഡോർ പിഞ്ചക്. അദ്ദേഹം സംസ്കാരം എന്ന പദത്തെ വിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ അഞ്ചായി തിരിക്കുന്നു. പരിസര വിജ്ഞാനം, സാമൂഹിക ബന്ധങ്ങൾ, സാങ്കേതിക വിദ്യ, വിശ്വാസങ്ങളും മൂല്യങ്ങളും, ഭാഷയും കലയും എന്നിവയാണ് സംസ്കാരത്തിന്റെ അടിസ്ഥാന ശിലകൾ. ഇപ്പറഞ്ഞ അഞ്ചു വസ്തുതകൾ ചേർന്നാണ് ഒരു ഭാഷ സംസാരിക്കുന്ന ജനവിഭാഗത്തിന്റെ സംസ്കാരത്തിന് രൂപം കൊടുക്കുന്നത്. ആയതിനാൽ ഇതിലോരോന്നിലുമുള്ള കാതലായ പദങ്ങളും പ്രയോഗങ്ങളും വിവർത്തകന് എത്രത്തോളം ഫലവത്തായി തർജ്ജിമ ചെയ്യാൻ സാധിക്കും എന്നതിനെ അടിസ്ഥാനമാക്കിയാണ് വിവർത്തനത്തിന്റെ സാംസ്കാരിക മൂല്യം അടയാളപ്പെടുത്താൻ കഴിയുക. സംസ്കാര വിഷയത്തിൽ ഭാരതീയ

ഭാഷകൾക്ക് പരസ്പര അടുപ്പം കൂടും. കാരണം ഭാഷാ വൈവിധ്യങ്ങളുടെ നാടാണ് ഭാരതമെങ്കിലും വൈദിക സംസ്കാരത്തിന്റെയും ബുദ്ധ-ജൈന സംസ്കാരത്തിന്റെയും ഒരു സ്വാധീനം ഭാരതീയരിൽ അന്തർധാരയായി വർത്തിക്കുന്നുണ്ട്. ഭാരതത്തിലെ എല്ലാ പ്രാദേശിക ഭാഷകളും പ്രാചീന സംസ്കാരത്തിൽനിന്ന് ആശയങ്ങൾ സ്വീകരിച്ചാണ് വളർന്നിട്ടുള്ളത്.'പല ഭാഷകളിൽ എഴുതപ്പെടുന്നുണ്ടെങ്കിലും ഭാരതീയ സാഹിത്യം ഒന്നാണ്'. എന്ന കേന്ദ്ര സാഹിത്യ അക്കാദമിയുടെ മുഖമുദ്രാവാക്യം തന്നെ ഈ സാംസ്കാരികമായ പരസ്പര വിനിമയത്തിന്റെ സ്വാധീനതയുടെ തെളിവാണ്. അപ്പോഴും അവരവരുടേതായ സാംസ്കാരിക മുദ്രകൾ നഷ്ടപ്പെടാതെ സംരക്ഷിക്കാനും ഭാരതീയ ഭാഷകൾക്കാവുന്നു. തനതു സംസ്കാരത്തിന്റെ ചില അടയാളങ്ങൾ വിവർത്തനത്തിനു വഴങ്ങാതെ നിൽക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം പഠിക്കാൻ. സംസകാരത്തെപ്പറ്റി ആദ്യം സൂചിപ്പിച്ച പരിസരവിജ്ഞാനം തന്നെ പരിശോധിച്ചു നോക്കിയാൽ ഈ സവിശേഷത ബോധ്യമാകും. നമ്മുടെ നാട്ടിലെ കായലുകൾ, തോടുകൾ, മലയോരം, പുഞ്ചപ്പാടം, പുരയിടം, പടിപ്പുര, പൂമുഖം, ഗാർഹിക പരിസരങ്ങളും, ഞാറ്റുവേല, ഇടവപ്പാതി, കോള്, തുലാവർഷം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളും നമുക്ക് മാത്രം സ്വന്തമാണ്. അത് തത്തുല്യമായ വിവർത്തന പദത്തിനു വഴങ്ങാതെ വരും. അതുപോലെ കേരളത്തിലുണ്ടാകുന്ന പൂക്കൾ, പഴങ്ങൾ, ചെടികൾ, മരങ്ങൾ എന്നിവ മറ്റെവിടെയും കണ്ടെന്നു വരില്ല. ഇതിനു പറ്റിയ വിവർത്തന പദങ്ങൾ ലഭ്യമാകാത്തിടത്തോളം വിവർത്തനം കീറാമുട്ടിയായിത്തീരും. എന്നാലും ഏകദേശം വിവർത്തന സാധ്യത വെച്ച് നമ്മൾ ഈ സാംസ്കാരിക കടമ്പകൾ കടക്കുകയാണ് പതിവ്. ഇതേ സവിശേഷത മറ്റു ഭാഷകൾക്കുമുണ്ടാകും. അവിടെയെല്ലാം നേരിടുന്ന പ്രശ്നം ഒന്നു തന്നെയാണ്.

- സംസ്കാരം എന്ന പദത്തെ വിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ അഞ്ചായി തിരിക്കുന്നു

## ആഗോളീകരണവും സാംസ്കാരിക വ്യാപനവും

ലോകത്തിന്റെ സാംസ്കാരിക ഭൂമികയിൽ വമ്പിച്ച മാറ്റം വരുത്താൻ വിവർത്തനത്തിന് സാധിച്ചിട്ടുണ്ട്. ഇന്ത്യൻ പൈതൃക ഗ്രന്ഥങ്ങൾ ലോകത്തിന്റെ മുമ്പിൽ വിവർത്തന രൂപത്തിൽ അവതരിപ്പിച്ചത് അറബികളാണെന്ന് പറയപ്പെടുന്നു. നമ്മുടെ സുഗന്ധ ദ്രവ്യങ്ങളോടൊപ്പം സാംസ്കാരികോല്പന്നമായ പുരാണേതിഹാസ ശാസ്ത്ര ഗ്രന്ഥങ്ങളുടെ സുഗന്ധവും അറബികൾ പാശ്ചാത്യർക്കു പകർന്നു നൽകി. ഭാരതത്തിൽ തന്നെ തത്തുല്യമായ വിവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഔറഗസീബിന്റെ സഹോദരനായ ദാരവ് ഭാരതീയോപനിഷത്തുകൾ അറബി ഭാഷയിലേയ്ക്കും വിവർത്തനം ചെയ്തിട്ടുണ്ട്. ഭഗവത്ഗീതയും, ശാകുന്തളവുമെല്ലാം യൂറോപ്യർ വിവർത്തനം ചെയ്തത് പാശ്ചാത്യ പൗരസ്ത്യ സാംസ്കാരിക വിനിമയത്തിന് ശക്തി നൽകിയ സംഗതികളാണ്. ഒരു കാലത്ത് അന്ധകാരയുഗത്തിലായിരുന്ന യൂറോപ്പിനെ നവോന്ഥാനത്തിലേയ്ക്കും യുക്തിയുടെ യുഗത്തിലേയ്ക്കും വഴി മാറ്റിയത് ഗ്രീക്ക് ഭാരതീയ സാംസ്കാരിക ഗ്രന്ഥങ്ങളുടെ വിവർത്തങ്ങളാണെന്ന് പറയപ്പെടുന്നു.

- ലോകത്തിന്റെ സാംസ്കാരിക ഭൂമികയിൽ വമ്പിച്ച മാറ്റം വരുത്താൻ വിവർത്തനത്തിന് സാധിച്ചിട്ടുണ്ട്

വിവർത്തകന്മാർ ആദ്യകാലങ്ങളിൽ സാഹിത്യ വിവർത്തനത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഒരു ഭാഷാശാസ്ത്ര രീതിയാണ്

അവലംബിച്ചിരുന്നത്. എന്നാൽ പില്ക്കാലത്തും, ഇന്നും പ്രധാനമായി സാംസ്കാരികമായ പരികല്പനകൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. വിവർത്തന പ്രക്രിയയെ പ്രാഥമികമായി ഒരു പ്രവൃത്തിയായി കണക്കാക്കാനാകില്ലെന്നും ഓരോ വിവർത്തനകൃതിയുടെയും പശ്ചാത്തലമായ സാമൂഹിക -സാംസ്കാരിക പശ്ചാത്തലം കൂടി പരിഗണിക്കേണ്ടതുണ്ടെന്ന ധാരണ ഇന്നു ബലവത്താണ്.

നരവംശ ശാസ്ത്രകാരന്മാർ ഇന്ന് വിവർത്തനത്തിന്റെ ഈ സാംസ്കാരിക അടിത്തറയ്ക്ക് പ്രാധാന്യം നൽകുന്നു. വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ ഇടപെടാൻ തന്ത്രപരമായ ഇടനിലയായി ഇന്ന് വിവർത്തനത്തെ കാണാം. ഭാഷ സംസ്കാരത്തിന്റെ ഉല്പന്നമാകയാലും, രണ്ടും തമ്മിൽ വേറിട്ടൊരു പഠനം സാധ്യമല്ലാത്തതിനാലും വിവർത്തനം ഒരു സാംസ്കാരിക പ്രവർത്തനമായി മാറുന്നു. **The Ends of Translation** എന്ന ഗ്രന്ഥത്തിന്റെ കർത്താവായ **J. B. Casagrande** വിവർത്തനത്തിന്റെ സാംസ്കാരിക പ്രാധാന്യത്തെപ്പറ്റി പറയുന്നതിങ്ങനെയാണ് 'ചുരുക്കത്തിൽ വിവർത്തകൻ ഭാഷകളെയല്ല സംസ്കാരത്തെയാണ് വിവർത്തനം ചെയ്യുന്നത്. സംസ്കാരത്തിന്റെ സാർവ്വത്രികത, മനുഷ്യവംശത്തിന്റെ ഭാഗ്യനിർഭാഗ്യങ്ങളുടെ പൊതു സ്വഭാവം, ഭൂമിയിലെമ്പാടുമുള്ള മനുഷ്യരുടെ സിദ്ധികളുടെ സമാനത, സർവ്വോപരി ഭാഷയുടെയും ആശയവിനിമയ പ്രക്രിയയുടെയും സഹജസ്വഭാവം എന്നിവകൊണ്ടാണ് ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള വിവർത്തനം സാധ്യമാകുന്നത്.

> ▶ വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ ഇടപെടാനുള്ള ഇടനിലയായി ഇന്ന് വിവർത്തനത്തെ കാണാം

## വിവർത്തന ചരിത്രം

വിവർത്തനത്തിന്റെ ചരിത്രം ഭാഷയുടെ ചരിത്രത്തോളം തന്നെ ചേർത്തു വായിക്കണമെന്ന അഭിപ്രായം പ്രബലമാണ്. ഭാഷ കൈവന്നതിനു വളരെ നാളുകൾക്കുശേഷമായിരിക്കണം വിവർത്തന സ്വഭാവങ്ങൾ ആരംഭിച്ചതെന്ന അഭിപ്രായവുമുണ്ട്. മനുഷ്യ കുലത്തിൽ ഒരു ഭാഷമാത്രമായിരുന്ന കാലത്ത് വിവർത്തനത്തിന്റെ ആവശ്യമില്ലാതിരുന്നിരിക്കാം. എന്നാൽ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെ ഗതിവിഗതികളിലെ മാറ്റം മനുഷ്യ ഭാഷയ്ക്ക് വൈവിധ്യമുണ്ടാക്കി. ഗോത്രസമൂഹ വ്യവസ്ഥകളും യുദ്ധങ്ങളും പലായനങ്ങളുമൊക്ക വ്യത്യസ്ത സംസ്കാരങ്ങളും ഭാഷകളും ഉണ്ടാകുന്നതിനു കാരണമായിട്ടുണ്ട്. ഈ സാഹചര്യമായിരിക്കണം വിവർത്തനത്തിന്റെ പശ്ചാത്തലം. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ തന്നെ ഒരേ സമൂഹത്തിന്റെ ഭാഗമായി മാറുന്നിടത്ത് ഭരണപരമായും മറ്റുമുള്ള ആശയവിനിമയത്തിന് വിവർത്തനം അത്യന്താപേക്ഷിതമായിട്ടുണ്ടാകണം. ഈ സാഹചര്യം വിവർത്തനത്തിന്റെ സാംഗത്യം ബോധ്യപ്പെടുത്തിത്തരുന്നതാണ്. മൂലകൃതിയോളം (ഭാഷ)തന്നെ പഴക്കം വിവർത്തനത്തിന് ഉണ്ടെന്ന് പ്രസിദ്ധ ഭാഷാ പണ്ഡിതനായ തിയോഡർസവാരിയെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നു. മൂലകൃതിയുടെ ചരിത്രത്തെപ്പോലെ വിവർത്തനത്തിന്റെ ചരിത്രവും ദീർഘിച്ചതാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പ്ലേറ്റോയുടെ അനുകരണവാദം വിവർത്തന ചരിത്രവുമായി ബന്ധപ്പെട്ട് വിശദീകരിക്കാവുന്നതാണ്. മൂലകൃതി തന്നെ പ്രകൃതിയുടെ അനുകരണമാണെന്നാണല്ലോ പ്ലേറ്റോ പറഞ്ഞത്.

> ▶ വിവർത്തനത്തിന്റെ ചരിത്രവും ഭാഷയുടെ ചരിത്രവും

‘റോസറ്റാ’ എന്ന ശിലാരേഖ

ലഭ്യമായതിൽവച്ച് ഏറ്റവും പഴക്കമുള്ള വിവർത്തന സ്വഭാവം ബി.സി. രണ്ടാം ശതകത്തിൽ ഉണ്ടായ ’റോസറ്റാ’ എന്ന ശിലാരേഖയാണ് എന്ന് ചരിത്ര പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സാഹിത്യ സൃഷ്ടിയുടെ ഉൽഭവം മുതൽ തന്നെ വിവർത്തനവും ആരംഭിച്ചിരിക്കാം എന്നതാണ് ഇത് നൽകുന്ന സൂചന. പുരാതന ബാബിലോണിയയിൽ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നവരിൽ അധികവും ബഹുഭാഷാപണ്ഡിതൻമാരായിരുന്നുവത്രെ! ക്രിസ്തുവിനു മൂവായിരം വർഷങ്ങൾക്കു മുൻപ് അസീറിയൻ ചക്രവർത്തിയായിരുന്ന ആർഗോൺ പുറപ്പെടുവിച്ചിരുന്ന ശാസനകൾ അസീറിയൻ ഭാഷ അറിയാത്ത നാട്ടുകാർക്കായി വിവർത്തനം ചെയ്തു വന്നിരുന്നു. ബാബിലോണിയൻ ചക്രവർത്തിയായിരുന്ന ഹമുറാബിയുടെ ഉത്തരവുകളും ഇത്തരത്തിൽ പരിഭാഷപ്പെടുത്തി നല്കിയിരുന്നുവെന്നു പറയപ്പെടുന്നു. ഇതൊന്നും ചരിത്രപരമായി ലഭ്യമായിട്ടില്ല. ലഭ്യമായതിൽവെച്ച് അതിപ്രാചീനമാണ് മുമ്പ് സൂചിപ്പിച്ച റോസറ്റാ ശിലാശാസനങ്ങൾ.

ബൈബിളും വിവർത്തനവും

വിവർത്തനത്തിന്റെ പ്രാചീനമായ സമഗ്രചരിത്രം ആരംഭിക്കുന്നത് ബൈബിൾ വിവർത്തനത്തിലൂടെയാണ്. ലോകഭാഷകളിൽ ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥവും ബൈബിളാണ്. ഹീബ്രു ഭാഷയിലോ, അരാമ്യ ഭാഷയിലോ എഴുതപ്പെട്ട ബൈബിൾ പഴയനിയമം അക്കാലത്തെ യഹൂദർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അത് അവർക്കായി ഗ്രീക്കു ഭാഷയിലേയ്ക്ക് പരിഭാഷ ചെയ്യപ്പെടുകയുണ്ടായി. പുതിയ നിയമവും ഇതുപോലെ അലക്സാൻഡ്രിയ, ഗ്രീസ് തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് വിവർത്തനം വഴി വ്യാപിച്ചു. തുടർന്ന് ബൈബിൾ വിവർത്തനത്തിൽ വിപ്ലവം തന്നെ സംഭവിച്ചു. 1832ൽ വൈക്ലിഫ് തയ്യാറാക്കിയ ബൈബിളിന്റെ ഇംഗ്ലീഷ് വിവർത്തനം വരികയുണ്ടായി. 1526ൽ കത്തോലിക്കമതപുരോഗമനവാദിയായ മാർട്ടിൻ ലൂഥറിന്റെ ശിഷ്യനായ ട്രിൻസയർ പുതിയ നിയമവും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. തുടർന്ന് ബൈബിൾ ലോകത്തിലേ ഒട്ടു മിക്ക ഭാഷകളിലേക്ക് വിവർത്തനത്തിന് വിധേയമായി ഇന്നും ഈ പ്രക്രീയ തുടർന്നു കൊണ്ടിരിക്കയാണ്.

സർഗ്ഗാത്മക സാഹിത്യമെന്ന നിലയിൽ ഹോമറിന്റെ ഇതിഹാസങ്ങളായ ഇലിയഡ്, ഒഡിസി എന്നിവയാണ് വ്യാപകമായി മൊഴി മാറ്റത്തിന് ആദ്യമായി വിധേയമായത്. B. C. 130 ൽ ഒഡിസി ഗ്രീക്ക് ഭാഷയിൽ നിന്നും ലാറ്റിൻ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തതായി കണക്കാക്കുന്നുണ്ട്. ക്രിസ്തുവിന് രണ്ടായിരം വർഷം മുമ്പ് രചിച്ചതായി പറയപ്പെടുന്ന ’ഗിൽഗമേഷ്’ എന്ന സുമേറിയൻ ഇതിഹാസത്തിന്റെ വിവർത്തനം പല ഏഷ്യൻ ഭാഷകളിൽ നടന്നതായിട്ടുള്ള തെളിവുകൾ കിട്ടിയിട്ടുണ്ട്. ഗ്രീക്കുകാർ ആദ്യകാലത്ത് വിവർത്തനത്തോടു ആഭിമുഖ്യം കാണിച്ചിരുന്നില്ല. പ്രതിഭാ ദാരിദ്ര്യത്തിന്റെ സന്തതിയായിട്ടാണ് പ്രാചീന ഗ്രീക്കുകാർ വിവർത്തനത്തെ കണ്ടിരുന്നത്. സർഗ്ഗാത്മക രചനകളിലായിരുന്നു അവരുടെ ശ്രദ്ധ. എന്നാൽ റോമക്കാർ ഇതിൽ നിന്നു ഭിന്നമായി ഗ്രീക്ക് സാഹിത്യ കൃതികൾ റോമൻ ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തി വന്നിരുന്നു. ഇങ്ങനെ പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിൽ കണ്ടുവന്ന വിവർത്തന പ്രവണത ശക്തമായത് അറബികളിലാണ്. ഗ്രീക്ക്-ഭാരതീയ സംസ്കാരത്തിന്റെ ഈടുവയ്പുകൾ

അറബികൾ പരിഭാഷ രൂപത്തിൽ ലോകത്തിനു മുന്നിൽ പ്രചരിപ്പിച്ചു. യഥാർത്ഥത്തിൽ അറിവിന്റെ ചക്രവാളം വിവർത്തനത്തിലൂടെ ലോക ജനതയ്ക്കു മുമ്പിൽ വ്യാപകമായി അവതരിപ്പിച്ചത് അറബികളാണെന്നു പറയാം. അറബിഭാഷകളുമായി ബന്ധപ്പെട്ട ഇത്തരം ശ്രമങ്ങൾ നടന്നത്. പുരാതന ബാഗ്ദാദിലാണ്. വിജ്ഞാനകേന്ദ്രമെന്ന നിലയിൽ പ്രാചീനകാലത്ത് ഏറെ പ്രസിദ്ധമായിരുന്നു ഇന്നത്തെ ഇറാക്കിന്റെ ഭാഗമായ ബാഗ്ദാദ് നഗരം. വിവിധ ഭാഷകളിലെ വിശ്രുത ഗ്രന്ഥങ്ങൾ ധാരളമായി അറബിയിലേക്ക് മാറ്റപ്പെട്ടു. A. D. 8, 9, 10, നൂറ്റാണ്ടുകളിൽ പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ കൃതികളും, ഭാരതീയമായ അങ്കഗണിതം, വൈദ്യശാസ്ത്രം, ജ്യോതിഷം, തർക്കശാസ്ത്രം തുടങ്ങിയ വിഷയങ്ങളും, സാഹിത്യ കൃതികളും അറബിഭാഷയിലേയ്ക്ക് മൊഴിമാറി. സുശ്രുത സംഹിതയും, ചരക സംഹിതയും, പഞ്ചതന്ത്ര കഥകളും, മഹാഭാരതത്തിന്റെ ചില ഭാഗങ്ങളും ഇത്തരത്തിൽ പരിഭാഷയ്ക്ക് വിധേയമായ ഭാരതീയ രചനകളാണ്. 'കലീലദമന' എന്നായിരുന്നു പഞ്ചതന്ത്രത്തിന്റെ അറബി പരിഭാഷ.അറബി ഭാഷയിൽ നിന്നാണ് യൂറോപ്യൻ ഭാഷകളിലേയ്ക്ക് മധ്യകാലയുഗങ്ങളിൽ ഈ കൃതികൾ കൈമാറ്റം ചെയ്യപ്പെടുന്നത്.

> ▶ പ്രതിഭാ ദാരിദ്ര്യത്തിന്റെ സന്തതിയായിട്ടാണ് പ്രാചീന ഗ്രീക്കുകാർ വിവർത്തനത്തെ കണ്ടിരുന്നത്

യൂറോപ്പിൽ നവോത്ഥാനമാണ് വിവർത്തനത്തിന് ശക്തമായ അടിത്തറ നൽകിയ കാലഘട്ടം. നവോത്ഥാന കാലത്ത് സാംസ്കാരികപരമായി ഉണർവിനൊപ്പം ദേശീയ ഭാഷകളുടെ വീണ്ടെടുപ്പും സംഭവിച്ചു. സ്വന്തം ഭാഷയിലൂടെ പുതിയതും പഴയതുമായ അറിവുകൾ സ്വാംശീകരിക്കാനുള്ള യൂറോപ്പ്യരുടെ അഭിവാഞ്ച വിവർത്തനത്തെ ശക്തമായ മാധ്യമമാക്കി മാറ്റി. ഇതോടൊപ്പം സാഹിത്യരംഗത്തു സംഭവിച്ച പുതിയ പ്രവണതകളും, രാഷ്ട്രീയവും, സാമൂഹികവുമായ വിപ്ലവകരമായ ചലനങ്ങളും വിവർത്തനത്തിന് ആക്കം കൂട്ടി. പാരീസ്, ഓക്സ്ഫോർഡ്, പാദുവാ, നേപ്പിൾസ് തുടങ്ങിയ സർവ്വകലാശാലകൾ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നവീന വിജ്ഞാന സമ്പത്തുകൾ ദേശീയഭാഷകളിലേയ്ക് വിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ലാറ്റിൻ, ഗ്രീക്ക്, ഇറ്റാലിയൻ, സംസ്കൃതം, ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിൽ ഉണ്ടായ വിജ്ഞാനസമ്പത്തുകൾ യൂറോപ്പ്യൻ ദേശീയ ഭാഷകളിലേയ്ക്ക് വിവർത്തന രൂപത്തിൽ വന്നു ചേർന്നു. സംസ്കൃതത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള സർ വില്യം ജോൺസിന്റെ അഭിപ്രായം യൂറോപ്പിന് പുതിയ ഉന്മേഷം നൽകി. ഭൗതിക ജീവിത സാഹചര്യങ്ങളെയും ചിന്തകളെയും സ്വാധീനിക്കുന്നതിനും പരിവർത്തിപ്പിക്കുന്നതിനും ഇതു സഹായിച്ചു. സാഹിത്യം, കല, ശാസ്ത്രം എന്നിങ്ങനെ വിവിധ മേഖലകളുടെ വളർച്ചയ്ക്ക് വിവർത്തങ്ങൾ വഴികാട്ടികളായി.

> ▶ യൂറോപ്പിൽ നവോത്ഥാനമാണ് വിവർത്തനത്തിന് ശക്തമായ അടിത്തറ നൽകിയ കാലഘട്ടം

ചുരുക്കത്തിൽ ലോകം ഇന്നേവരെ കൈവരിച്ച ഭൗതികവും ആത്മീയവുമായ എല്ലാ നേട്ടങ്ങൾക്കു പിന്നിലും വിവർത്തനത്തിന്റെ സ്വാധീനം ഉണ്ടെന്നു പറയാം. ഭാഷകളും അതിന്റെ ഉൽപ്പന്നങ്ങളും പരസ്പരം കൈമാറ്റം ചെയ്യപ്പെട്ടതിലൂടെയാണ് ലോക ക്രമം തന്നെ മാറ്റിയെഴുതപ്പെട്ടത്. ഏക ലോക - വിശ്വസാഹിത്യ സങ്കല്പത്തിലേക്കുള്ള ദർശനം വരെ പരിഭാഷയുടെ സ്വാധീനഫലമാണ്. വിവർത്തനം ഇല്ലാതായാൽ ലോക ക്രമം തന്നെ ഇല്ലാതാകുന്ന സ്ഥിതിയിലേ

▶ വിവർത്തനത്തിന്റെ നേട്ടങ്ങൾ

യ്ക്ക് വിവർത്തനത്തിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. എന്തെല്ലാം പോരായ്മകളുണ്ടായാലും ലോകത്ത് സർവ്വ പ്രധാനവും സമാദരണീയവുമായ പ്രവർത്തങ്ങളിലൊന്നാണ് വിവർത്തണമെന്ന് ജർമ്മൻ മഹാകവിയും വിശ്വസാഹിത്യകാരനുമായ ഗോയ്ഥേ പറഞ്ഞത് ശ്രദ്ധേയമായ വസ്തുതയാണ്.

▶ സെലെക്ടഡ് വൺ ആക്റ്റ് പ്ലേയ്സ്, മലയാളം പോയട്രീ ടുഡേ എന്നീ സമാഹാരങ്ങൾ

## ദൃശ്യ ശ്രാവ്യ മാധ്യമവിവർത്തനങ്ങൾ

കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകൃതമായ സെലെക്ടഡ് വൺ ആക്റ്റ് പ്ലേയ്സ്, മലയാളം പോയട്രീ ടുഡേ എന്നീ സമാഹാരങ്ങൾ മലയാള നാടകങ്ങളും കവിതകളും ഇംഗ്ലീഷ് വായനക്കാർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. തുഞ്ചത്തെഴുച്ഛൻ മലയാള സർവ്വകലാശാല മലയാളത്തിലെ സർഗ്ഗാത്മക രചനകളിൽ ചിലത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

മലയാളത്തിലെ പ്രശസ്തങ്ങളായ നോവലുകൾക്കും മറ്റു ഭാഷകളിലേക്ക് തർജ്ജുമകൾ ഉണ്ടായിട്ടുണ്ട്. തകഴി ശിവശങ്കരപിള്ളയുടെ ചെമ്മീൻ പല യൂറോപ്പ്യൻ ഭാഷകളിലേയ്ക്കും തർജ്ജുമചെയ്യപ്പെട്ടിട്ടുണ്ട്. മലയാള ഭാഷയിൽനിന്ന് ഏറ്റവും കൂടുതൽ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതിയും ചെമ്മീൻ ആണ്. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ ഡബ്ല്യൂ. ഡൂമർഗ്ഗ്, ആർ. ലീലാദേവി, അനിതാ ദേവസ്യ എന്നിവർ മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. തകഴിയുടെ കയർ എൻ. ശ്രീകണ്ഠൻ നായരും, കേശവദേവിന്റെ ഓടയിൽനിന്ന് ഇ. എം. ജെ. വെണ്ണിയൂരും അയൽക്കാർ പി. കെ. രവീന്ദ്രനാഥും, ബഷീറിന്റെ ന്റുപ്പുപ്പയ്ക്കൊരാനേണ്ടാർന്നു, ബാല്യകാലസഖി, പാത്തുമ്മയുടെ ആട് എന്നിവ പാശ്ചാത്യനായ ആർ. ഇ. ആഷ്റും, മാന്ത്രീകപ്പൂച്ച, എൻ. കുഞ്ചുവും പൊറ്റക്കാടിന്റെ വിഷകന്യക, വി. അബ്ദുള്ളയും, കോവിലന്റെ എ മൈനസ് ബി. എൻ. കുഞ്ചുവും ഉറൂബിന്റെ അമ്മിണി സുശീലമിശ്രയും, വി.കെ. എന്നിന്റെ ആരോഹണം അദ്ദേഹം സ്വയവും വിവർത്തനം ചെയ്തു. എം. ടി. യുടെ മഞ്ഞ്, അസുരവിത്ത് എന്നിവ വി. അബ്ദുള്ളയും, പി. കെ. ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ കെ.സി. സരസമ്മയും, ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി, വാസന്തി ശങ്കരനാരായണനും, മാടമ്പ് കുഞ്ഞിക്കുട്ടന്റെ അശ്വത്ഥാമാവ് പ്രേമമേനോനും. ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം എന്നിവ അദ്ദേഹം സ്വയവും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു.

▶ ചെമ്മീനിന്റെ വിവർത്തനം

മലയാളത്തിലെ സമകാലനോവലുകൾ മറ്റുഭാഷകളിലേയ്ക്ക് മൊഴിമാറ്റം ചെയ്യപ്പെടുന്നുണ്ട്. സുഭാഷ്ചന്ദ്രന്റെ മനുഷ്യന് ഒരാമുഖം എന്ന കൃതി ഫാത്തിമ മായനും, എസ്.ഹരീഷിന്റെ മീശ എന്ന നോവൽ, മൊസ്റ്റാഷ് എന്നപേരിൽ ജയശ്രീ കളത്തിലും, ടി. ഡി. രാമകൃഷ്ണന്റെ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി പ്രിയ കെ. നായരും, ബെന്യാമന്റെ ആടു ജീവിതം, ഗോട്ട് ഡേയ്സ് എന്ന പേരിൽ ജോസഫ് കൊയ്പ്പള്ളിയും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ആടുജീവിതം, അയാമുൽമാളസ് എന്ന പേരിൽ സുഹൈർ വാഫി അറബിയിലേയ്ക്കും വിവർത്തനം ചെയ്തിട്ടുണ്ട്. വിനോയ് തോമസിന്റെ 'പുറ്റ്' എന്ന നോവൽ നന്ദകുമാർ 'anthill'എന്ന പേരിൽ ഈയടുത്ത നാളുക

▶ മലയാളത്തിലെ സമകാലനോവലുകൾ മറ്റുഭാഷകളിലേയ്ക്ക് മൊഴിമാറ്റം ചെയ്യപ്പെടുന്നുണ്ട്

ളിൽ വിവർത്തനം ചെയിതിട്ടുണ്ട്.

വിവർത്തനരംഗത്ത് സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തിയതോടെ മനുഷ്യപ്രയത്നവും സമയവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനാവും എന്ന ചിന്തയാണ് യന്ത്രവിവർത്തനത്തിന്റെ വികാസത്തിന് പിന്നിലുണ്ടായത്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ സ്രോതഭാഷയെ ലക്ഷ്യഭാഷയിലേയ്ക്ക് മാറ്റുകയാണ് യന്ത്രവിവർത്തനം. യന്ത്രവിവർത്തനത്തെക്കുറിച്ചുള്ള വൈജ്ഞാനികഗ്രന്ഥം അതേ പേരിൽത്തന്നെ ആർ. വി. എം.ദിവാകരൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിൽ എക്കാലത്തും വിവർത്തനഗ്രന്ഥങ്ങൾക്ക് വായനക്കാരേറെയാണ്. ഇന്ത്യയിൽ അന്യഭാഷ കൃതികളെയും അവരുടെ സംസ്കാരത്തെയും അടുത്തറിയുവാനുള്ള മലയാളിയുടെ വായനത്വരയായിരിക്കണം ഇതിനുകാരണം. മാത്രമല്ല ഇതര ഇന്ത്യൻ ഭാഷകളിൽ നിന്ന് വായനയിലും ഗ്രന്ഥാലോകങ്ങളുടെ ഇടപെടലുകളിലും നമ്മൾ മലയാളികൾ വേറിട്ടു നിൽക്കുകയും ചെയ്യുന്നു.

- യന്ത്രവിവർത്തനത്തെക്കുറിച്ചുള്ള വൈജ്ഞാനിക ഗ്രന്ഥം

## നവമാധ്യമ വിവർത്തന സംസ്കാരം

വിജ്ഞാനം എത്രത്തോളം കൃത്യമായി കൈമാറാൻ കഴിയുന്നോ അതാണ് വിനിമയത്തിന്റെ പ്രധാന ഉദ്ദേശ്യം. വൈകിക്കിട്ടുന്ന അറിവിന് മൂല്യം നഷ്ടപ്പെടുകയും അത് അറിവല്ലാതായി മാറുകയും ചെയ്യുന്നു. മാധ്യമരംഗത്ത് സംബന്ധിച്ചിടത്തോളം ഇത് എറെ അനിവാര്യമാണ്. വിവർത്തനത്തിന് വേഗത വേണ്ടത് ഈയൊരു സന്ദർഭത്തിൽ വേണം പരിശോധിക്കാൻ. യന്ത്രവിവർത്തനത്തിന്റെ പ്രാധാന്യം ഇവിടെ സംഗതമാകുന്നു. ഇത് കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തുന്നത്. അപ്പോൾ യന്ത്രവിവർത്തനവും കമ്പ്യൂട്ടർ വിവർത്തനവും ഒന്നു തന്നെയെന്നു പറയാം. മാധ്യമരംഗത്ത് മാത്രമല്ല, ലോകസമ്മേളന വേദികളിലും, ഭാഷാവൈവിധ്യമുള്ള രാജ്യത്തിലെ ഭരണനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം കമ്പ്യൂട്ടർ വിവർത്തനം ഇന്ന് ഒഴിച്ചു കൂടാനാവാത്ത ഒന്നായി തീർന്നിരിക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാമനുസരിച്ച് വിവർത്തനം നടത്തുന്ന രീതിയാണ് യന്ത്രവിവർത്തനം. ഇതിലൂടെ മനുഷ്യപ്രയത്നവും സമയവും ചുരുക്കി വിവരങ്ങൾ ഞൊടിയിടയിൽ വിവർത്തനം ചെയ്ത് ലക്ഷ്യ ഭാഷാപ്രദേശത്ത് എത്തുന്നു.

- കമ്പ്യൂട്ടർ പ്രോഗ്രാമനുസരിച്ച് വിവർത്തനം നടത്തുന്ന രീതിയാണ് യന്ത്ര വിവർത്തനം

കമ്പ്യൂട്ടർ വിവർത്തനത്തിന് വേണ്ടി ആദ്യം ശ്രമിച്ച ആൾ റഷ്യക്കാരനായ സ്മീർണ്ണോവ് ട്രോയ്ൻസ്കിയാണ്. 1933ൽ ഇത്തരമൊരു യന്ത്രത്തിന്റെ പേറ്റന്റിനായി അദ്ദേഹം ശ്രമിച്ചതായി കാണുന്നു. 1954ൽ IBM ന്റെ സഹായത്തോടെ അമേരിക്കയിലെ ജോർജ്ജ് ടൗൺ സർവ്വകലാശാലയിലെ ഭാഷാശാസ്ത്ര പണ്ഡിതന്മാർ കമ്പ്യൂട്ടർ വിവർത്തനം വിജയകരമായി പൂർത്തിയാക്കി. റഷ്യൻ ഭാഷയിലെ 250 വാക്കുകളാണ്, ആദ്യമായി യന്ത്രതർജ്ജമയ്ക്ക് വിധേയമായത്. ശീതയുദ്ധത്തിന്റെ ഭാഗമായി റഷ്യൻരഹസ്യങ്ങൾ ചോർത്തുന്നതിന്റെ ശ്രമഫലമായാണ് ഈ യത്നം അവർ ആരംഭിച്ചത്. 1970കൾ ആയതോടെ യൂറോപ്പിൽ കമ്പ്യൂട്ടർ വിവർത്തനം സാർവ്വത്രികമായിത്തീർന്നു. ഫ്രഞ്ചിൽ നിന്നും ഇംഗ്ലീഷിലേയ്ക്കും മറ്റു യൂറോപ്പ്യൻ ഭാഷകളിലേയ്ക്കും വിവിധ വിഷയങ്ങൾ വിവർത്തനം ചെയ്യാമെന്നായി.

- റഷ്യക്കാരനായ സ്മീർണ്ണോവ് ട്രോയ്ൻസ്കിയും കമ്പ്യൂട്ടർ വിവർത്തനവും

കമ്പ്യൂട്ടർ വിവർത്തനത്തിനായി പല പ്രോഗ്രാമുകളും ഇന്ന്

പ്രയോഗത്തിലായിട്ടുണ്ട്. ആദ്യകാലത്ത് കോബോൾ, പാസ്കൽ തുടങ്ങിയ പ്രോഗ്രാം ഭാഷകളായിരുന്നു ഉപയോഗിച്ചിരുന്നത് കമ്പ്യൂട്ടറിൽ വിവർത്തനം ചെയ്യുന്ന രീതി ഇങ്ങനെയാണ്. വിവർത്തനത്തിനാവശ്യമായ software തയ്യാറാക്കലാണ് ആദ്യം. തുടർന്ന് കമ്പ്യൂട്ടറിന്റെ പ്രധാന ഭാഗങ്ങളിലൊന്നായ ഇൻപുട്ടിൽ വിവർത്തനം ചെയ്യേണ്ട ഭാഗം ഫീഡ് ചെയ്യുന്നു. അത് കംപ്യൂട്ടറിനകത്ത് പ്രോസസ്സ് ചെയ്ത് ഔട്ട്പുട്ടിൽ ലക്ഷ്യഭാഷയായി പുറത്തു വരുന്നു. വിവർത്തനത്തിനുവേണ്ട ദ്വിഭാഷാ നിഘണ്ടുക്കൾ, വ്യാകരണനിയമങ്ങൾ, വാക്യഘടനാ രീതികൾ, ശൈലികൾ എന്നിവ പ്രോഗ്രാമുകളിൽ ഉൾക്കൊള്ളിക്കണം. തുടർന്ന് വിവിധഘട്ടങ്ങളായാണ് പ്രവർത്തിക്കുന്നത്. ഓരോ വാക്യവുമെടുത്ത് അതിലെ പദങ്ങൾ വിഭജിച്ച് അതിന്റെ അർത്ഥം കണ്ടുപിടിക്കുന്നു. സമസ്ത പദങ്ങളും (വലിയ പദങ്ങളും) ഉപവർഗ്ഗങ്ങളും (ധാതുവിന് മുന്നിൽ ചേർക്കുന്നത്) പ്രത്യയങ്ങളും (പിന്നിൽ ചേർക്കുന്നത്). വേർപിരിച്ച് മൂല ധാതു കണ്ടുപിടിക്കുന്നു. കാരണം മൂലധാതുവിന്റെ ഘടനയാണ് കമ്പ്യൂട്ടറിൽ പ്രോഗ്രാം ചെയ്തുവെച്ചിട്ടുള്ളത്. ഇങ്ങനെ ചിട്ടപ്പെടുത്തിയെടുക്കുന്ന മൂലഭാഷാ വാക്യഘടനയാണ് കമ്പ്യൂട്ടറിൽ നിന്ന് ലക്ഷ്യ ഭാഷയിലേയ്ക് എത്തപ്പെടുന്നത്.

- കോബോൾ, പാസ്കൽ തുടങ്ങിയ പ്രോഗ്രാം ഭാഷകൾ
- ദ്വിഭാഷാ നിഘണ്ടുക്കൾ, വ്യാകരണനിയമങ്ങൾ, വാക്യഘടനാ രീതികൾ, ശൈലികൾ തുടങ്ങിയവ ഉൾപ്പെട്ട പ്രോഗ്രാമുകൾ

കൃത്യമായ അർത്ഥമുള്ള പദങ്ങളോടുകൂടിയ വാക്യങ്ങൾ മാത്രമേ വിവർത്തനം ചെയ്യാൻ കഴിയുകയുള്ളൂ. ശാസ്ത്ര വിഷയങ്ങൾക്കും ഒരളവുവരെയും പ്രഭാഷണങ്ങൾക്കും ഇതു യോജിക്കുന്നു. എന്നാൽ സർഗ്ഗാത്മക കൃതികളിൽ കമ്പ്യൂട്ടർ വിവർത്തനം പൂർണ്ണമായി വിജയിച്ചിട്ടില്ല. അതിനുള്ള പ്രയത്നത്തിലാണ് ശാസ്ത്രലോകം. സാഹിത്യം ധ്വനി പ്രധാനമായതാണിതിനു കാരണം. ഇത്തരം വിവർത്തനത്തിൽ മൂല കൃതിയുടെ ആശയ വിവർത്തനത്തിൽ കണ്ടെന്നു വരില്ല. മറ്റെന്തെങ്കിലുമായിരിക്കും ലഭിക്കുക. **The spirit is willing but the flesh is wrak** (മനസ്സ് തയ്യാറാണെങ്കിലും ശരീരം അതിനനുസരിച്ച് വഴങ്ങില്ല) എന്നർത്ഥത്തിലുള്ള റഷ്യൻ വാക്യം കമ്പ്യൂട്ടറിൽ വിവർത്തനം ചെയ്തു വന്നത്. **The vodka is agreeable but the meat has been bad** എന്നാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നത് വിവർത്തിക കൃതി പ്രീ എഡിറ്റിംഗിന് വിധേയമാക്കുക എന്നതാണ്. ലളിതരീതിയിലുള്ള വാക്യക്രമവിവർത്തനമാണ് ഈ സന്ദർഭത്തിൽ നടക്കുന്നത്. വിവർത്തനം ചെയ്യപ്പെട്ട പാഠം ലക്ഷ്യഭാഷാ വിദഗ്ദ്ധർ ശ്രദ്ധയോടെ എഡിറ്റു ചെയ്താണ് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നത്.

- കൃത്യമായ അർത്ഥമുള്ള പദങ്ങളോടുകൂടിയ വാക്യങ്ങൾ മാത്രമേ വിവർത്തനം ചെയ്യാൻ കഴിയുകയുള്ളൂ

ഇന്ന് ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകാനുള്ള പുതിയ ശ്രമങ്ങൾ നടക്കുകയാണ്, കുറെയൊക്കെ വിജയിച്ചിട്ടുമുണ്ട്. ഭാരതീയ ഭാഷകളുടെ വിവർത്തന പ്രോഗ്രാമുകൾ സംവിധാനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്ന സ്ഥാപനം നടത്തുന്നുണ്ട്. ഇംഗ്ലീഷ് -ഹിന്ദി തർജ്ജുമകൾക്കാവശ്യമായ സോഫ്റ്റ്‌വെയർ അവർ തയ്യാറാക്കിക്കഴിഞ്ഞു. മറ്റു ഭാഷകളെ തമ്മിൽ ബന്ധപ്പെടുത്താനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.

- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും വിവർത്തന പ്രോഗ്രാമുകളും

## വിവർത്തനവും മാധ്യമവും

ഭാഷ ആശയവിനിമയത്തിനുള്ളതാണ്. ആശയവിനിമയത്തിന് മാധ്യമം ആവശ്യമാണ്. ഈ സാഹചര്യത്തിൽ മാധ്യമത്തിന് ഇടനില എന്നു മാത്രമേ അർത്ഥമുള്ളൂ. എന്നാൽ വിവർത്തനവും മാധ്യമവും

എന്ന ശീർഷകം ഇന്ന് അച്ചടി. ദൃശ്യരംഗത്തെ മാധ്യമങ്ങളും വിവർത്തനവും എന്ന സമഗ്രമായ പശ്ചാത്തലത്തിലുള്ളതാണ്. സമകാലിക ലോകത്തിൽ വിവർത്തനത്തിന് സർവ്വ പ്രധാനമുള്ള മേഖലയാണ് മാധ്യമരംഗം, ലോകം വേൾഡ് വൈഡ് വെബ് (www)ലൂടെ കരതലാമലകമായി മാറിയിരിക്കുന്നു. പുതിയ ലോക ക്രമത്തിൽ ലോകത്തിന്റെ ഏതു കോണിലുള്ള വാർത്തയും വിവരങ്ങളും തത്സമയം തങ്ങളിൽ എത്തിക്കാത്ത മാധ്യമങ്ങളെ മനുഷ്യൻ മുഖവിലയ്ക്കെടുക്കാത്ത കാലമാണിത്. വിവർത്തന ചരിത്രത്തിൽ സൂചിപ്പിച്ചതുപോലെ ഭാഷാവൈവിധ്യം ഈ ലോകക്രമത്തിന്റെ ഏകീകരണത്തിൽ കാതലായ വിഘ്നം സൃഷ്ടിച്ചുകൊണ്ട് നിൽക്കുന്നു. അതിനു പരിഹാരം എപ്പോഴും സൂചിപ്പിച്ചതുപോലെ വിവർത്തനമാണ്. ഒരേ സമയം കോടാനുകോടി മനുഷ്യരിൽ വിവരങ്ങൾ എത്തിക്കേണ്ട ചുമതല മാധ്യമങ്ങളാണ് വഹിക്കുന്നത്. അവരിലെ താല്പര്യങ്ങളും പക്ഷപാതിത്വങ്ങളും ഇവിടെ ചർച്ച ചെയ്യുന്നതിൽ അസാംഗത്യമുണ്ട്. പല ഭാഷകളിൽ, പല സംസ്കാരങ്ങളിൽ നിന്ന് ലഭിക്കുന്ന അന്തമായ വിജ്ഞാന സമ്പത്ത് അപ്പോൾ തന്നെ അറിയാൻ ലോക ജനത ഔൽസുക്യം പ്രകടിപ്പിക്കുന്നു സമകാലികമാണിന്ന്. ഈ വിജ്ഞാന ദാഹത്തെ ശമിപ്പിക്കാനുള്ള ഏക പോംവഴി കൃത്യമായ ഭാഷാന്തരണീകരണമാണ്.

- വിവർത്തനത്തിന് സർവ്വ പ്രധാനമുള്ള മേഖലയാണ് മാധ്യമരംഗം
- ഭാഷാന്തരണീകരണം

ആയതിനാൽ മാധ്യമങ്ങളിലെ ഭാഷാരീതി കൃത്യവും വിശ്വസനീയവും, ശക്തവും ഉദ്ദേശ്യ ശുദ്ധിയിൽ അധിഷ്ഠിതവുമായിരിക്കണം. ജനങ്ങളുടെ വിജ്ഞാന തൃഷ്ണ ശമിപ്പിക്കുന്നതിനും, സാർവ്വത്രികവും, സാമൂഹികവുമായ ഉയർച്ചയ്ക്ക് വേണ്ടിയുള്ളതായിരിക്കണം മാധ്യമഭാഷ. ഇന്നത്തെ അടിസ്ഥാന മാധ്യമം അച്ചടി മാധ്യമങ്ങളാണ്. ഒരു പത്രപ്രവർത്തകന് അയാൾക്കിഷ്ടമുള്ള രീതിയിൽ വിവർത്തന സ്വഭാവം പ്രകടിപ്പിക്കാൻ കഴിയില്ല. തത്സമയ വിവർത്തനം സാധ്യമാകേണ്ട മേഖലയാണിത്. ഭാഷയിലെ പദഘടനയും വ്യാകരണവും, അർത്ഥവ്യാപ്തിയുമെല്ലാം പ്രത്യുൽപ്പന്നമതിത്വത്തോടെ കൈകാര്യം ചെയ്യുന്നതായിരിക്കണം വിവർത്തന മാധ്യമ ഭാഷ. മാധ്യമ വിവർത്തന ചരിത്രത്തിലെ പരിഹാസ്യമായ ഒരു സംഭവമായി മിക്ക ഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്ന രസകരമായ ഒരനുഭവമുണ്ട്. **zoo sleepers lost in the flood** വിദേശ വാർത്ത മലയാള പത്രപ്രവർത്തകൻ വിവർത്തനം ചെയ്തപ്പോൾ 'ഉറങ്ങിക്കിടന്ന രണ്ടായിരം പേർ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയി' എന്നായി മാറിയത്രേ. ഇത് കേട്ടു കേൾവി മാത്രം. എന്നാൽ ഈയടുത്ത സമയത്ത് കീരവാണി എന്ന സംഗീതജ്ഞന് ഓസ്കാർ അവാർഡ് ലഭിച്ചപ്പോൾ തനിക്ക് പ്രചോദനമായത് 'Carpenters'ആണ് എന്ന് അദ്ദേഹം ഓസ്കാർ വേദിയിൽ പറയുകയുണ്ടായി. അതിന് ചില മലയാള മാധ്യമങ്ങൾ കൊടുത്ത പരിഭാഷ ആശാരിമാരുടെ പ്രവൃത്തി ശബ്ദം കേട്ടാണ് താൻ സംഗീതം പഠിച്ചതെന്ന് കീരവാണി അഭിമാനത്തോടെ പറഞ്ഞതെന്ന് വിവർത്തനം ചെയ്യുകയുണ്ടായി. 'Carpenters' ഒരു പഴയ കാല സംഗീത ട്രൂപ്പാണെന്ന സാമാന്യജ്ഞാനമില്ലാത്തതുകൊണ്ടുള്ള വിവർത്തനപ്പിഴവാണിത്. പത്രഭാഷ തർജ്ജമ ചെയ്യുന്ന വ്യക്തിയ്ക്ക് മിക്ക വിഷയങ്ങളിലും സാമാന്യജ്ഞാനമില്ലാത്തതുകൊണ്ട് സംഭവിക്കുന്ന പിഴവുകളാണിത്.

- ഭാഷാരീതി കൃത്യവും വിശ്വസനീയവും, ശക്തവും ഉദ്ദേശ്യ ശുദ്ധിയിൽ അധിഷ്ഠിതവുമായിരിക്കണം
- സാർവ്വത്രികവും, സാമൂഹികവുമായ ഉയർച്ചയ്ക്ക് വേണ്ടിയുള്ളതായിരിക്കണം മാധ്യമഭാഷ

മാധ്യമവിവർത്തന ഭാഷ ചുരുക്കം വാക്കുകളിൽ ഒതുക്കുന്നതും ചുറുചുറുക്കും ഓജസ്സും ഉള്ളതായിരിക്കണം. വിവർത്തനത്തിലൂടെ

> ▶ ചുരുക്കം വാക്കുകളിൽ ഒതുക്കുന്നതും ചുറുചുറുക്കും ഓജസ്സും ഉള്ളതായിരിക്കണം

ആവിഷ്ക്കരിച്ച് ചുരുക്കാൻ ശ്രമിക്കുമ്പോൾ ആശയ ഗരിമ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. ഭാഷയില്ലാത്ത നിരവധി പദങ്ങൾ പ്രയോഗങ്ങളും നിമിഷം പ്രതിയെന്നോണം തത്ഭവങ്ങളായും തത്സമങ്ങളായും വന്നുക്കൊണ്ടേയിരിക്കും. അതിനനുരൂപമായ പദങ്ങൾ കണ്ടെത്താനുള്ള പ്രത്യുത്പന്നമതിത്വമാണ് മാധ്യമം വിവർത്തകഭാഷ്യകാരന് വേണ്ടത്.

ദൃശ്യ മാധ്യമ രംഗത്ത് ഇന്നിത് ഏറെ പ്രായോഗികമായ അംശമായി മാറിയിരിക്കുന്നു. വായനയേക്കാൾ കാഴ്ചയടക്കം അതിലൂടെ ആശയവിനിമയത്തിനും പ്രാധാന്യം നൽകുന്ന ദൃശ്യമാദ്ധ്യമ രംഗത്തെ വാർത്താ പ്രസാധകർ ആശയം വ്യക്തമായും കൃത്യമായും പ്രകടിപ്പിക്കുമ്പോൾ അതിന് കൃത്യമായി വിവർത്തന മാനദണ്ഡങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്. മലയാള ദൃശ്യ മാധ്യമ രംഗത്ത് ഇതൊരളവുവരെ സംഭവിക്കുന്നില്ല എന്നതാണ് സത്യം. അന്യ ഭാഷാ പദങ്ങൾക്ക് തുല്യമായ സ്വഭാഷാ പദങ്ങൾ ഉള്ളപ്പോൾ അത് ഗണിക്കാതെ കൃത്രിമ ഭാഷാ സ്വഭാവത്തിന്റെ വികല പ്രയോഗങ്ങൾ ദൃശ്യ മാധ്യമ രംഗത്ത് കടന്നു വരുന്നതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. തനിക്ക് ലഭ്യമായ പുറം അറിവുകൾ ഏറ്റവും ലളിതമായ വാക്യങ്ങളിലൂടെ മിതമായ വാക്കുകൾ ഉപയോഗിച്ച് ആശയം പ്രകടിപ്പിക്കാനാണ് ഒരു മാധ്യമ ഭാഷാ വിവർത്തകൻ ശ്രദ്ധിക്കേണ്ടത്.

> ▶ ആശയം വ്യക്തമായും കൃത്യമായും പ്രകടിപ്പിക്കണം

## Summarised Overview

രാജ്യങ്ങൾ തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കാനും ഭാഷാപരമായ സങ്കുചിതത്വം ഏറെക്കുറെ ഇല്ലാതാക്കാനും വിവർത്തനം വഴി സാധ്യമായിട്ടുണ്ട്. മൂല ഭാഷയിലെ സാംസ്കാരിക രൂപം (കല, ശാസ്ത്രം തുടങ്ങിയവ ) ലക്ഷ്യ ഭാഷ എന്ന മാധ്യമത്തിലൂടെ ഗൗരവബുദ്ധിയോടുകൂടി ചിത്രീകരിക്കുകയാണ് ഒരു വിവർത്തകൻ ചെയ്യുന്നത്.

പരിസര വിജ്ഞാനം, സാമൂഹിക ബന്ധങ്ങൾ, സാങ്കേതിക വിദ്യ, വിശ്വാസങ്ങളും മൂല്യങ്ങളും, ഭാഷയും കലയും എന്നിവയാണ് സംസ്കാരത്തിന്റെ അടിസ്ഥാന ശിലകൾ. ഇപ്പറഞ്ഞ അഞ്ചു വസ്തുതകൾ ചേർന്നാണ് ഒരു ഭാഷ സംസാരിക്കുന്ന ജനവിഭാഗത്തിന്റെ സംസ്കാരത്തിന് രൂപം കൊടുക്കുന്നത് (ഇസഡോർ പിഞ്ചക് ). ലോകത്തിന്റെ സാംസ്കാരിക ഭൂമികയിൽ വമ്പിച്ച മാറ്റം വരുത്താൻ വിവർത്തനത്തിന് സാധിച്ചിട്ടുണ്ട്. വിവർത്തകന്മാർ ആദ്യകാലങ്ങളിൽ സാഹിത്യ വിവർത്തനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ഭാഷാശാസ്ത്ര രീതിയാണ് അവലംബിച്ചിരുന്നത്.വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ ഇടപെടാനുള്ള ഇടനിലയായി ഇന്ന് വിവർത്തനത്തെ കാണാം.

ഭാഷയുടെ ചരിത്രത്തോളം തന്നെ പഴക്കം വിവർത്തന പ്രക്രിയയ്ക്കുമുണ്ട്. വിവർത്തനത്തിന്റെ പ്രാചീനമായ സമഗ്രചരിത്രം ആരംഭിക്കുന്നത് ബൈബിൾ വിവർത്തനത്തിലൂടെയാണ്.പ്രതിഭാ ദാരിദ്ര്യത്തിന്റെ സന്തതിയായിട്ടാണ് പ്രാചീന ഗ്രീക്കുകാർ വിവർത്തനത്തെ കണ്ടിരുന്നത്. യൂറോപ്യൻ നവോത്ഥാനകാലമാണ് വിവർത്തനത്തിന് ശക്തമായ അടിത്തറ നൽകിയ കാലഘട്ടം. ചുരുക്കത്തിൽ ലോകം ഇന്നേവരെ കൈവരിച്ച ഭൗതികവും ആത്മീയവുമായ എല്ലാ നേട്ടങ്ങൾക്കു പിന്നിലും വിവർത്തനത്തിന്റെ സ്വാധീനം ഉണ്ടെന്നു പറയാം. മലയാള സാഹിത്യ ചരിത്രത്തിന്റെ 'ചരിത്രം' തന്നെ വിവർത്തനവുമായി ബന്ധപ്പെട്ടുള്ളതാണ്. സംസ്കൃതപുരാണേതിഹാസങ്ങളുടെ സ്വതന്ത്ര്യമോ, ആശയാവിഷ്കൃതമോ, പദാനുപദമോ, സംക്ഷേപണപരമോ ആയ വിവർത്തന മാതൃകകളാണ് മലയാളത്തിലെ ആദ്യ കാലപദ്യരചനകൾ. തമിഴ്, ബംഗാളി, ഹിന്ദി ഭാഷകളിൽ നിന്നും നിരവധി കൃതികളുടെ പരിഭാഷ മലയാളത്തിലുണ്ടായിട്ടുണ്ട്. കവിതയുടെ ചരിത്രം പരിശോധിച്ചാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലീഷ് കവികളായ ടെന്നിസൺ, വേർഡ്സ് വർത്ത്. ബ്രൗണിംഗ്. ഷെല്ലി, കീറ്റസ്, ഗോൾഡ് സ്മിത്ത്, തോമസ് ഗ്രേ തുടങ്ങിയവരുടെ കവിതകൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യാൻ ശ്രമം നടന്നിട്ടുണ്ട്. ആധുനിക സാഹിത്യ മാതൃകകളായ നോവൽ ചെറുകഥ തുടങ്ങിയവ മലയാളത്തിൽ ആരംഭിക്കുന്നതു തന്നെ വിവർത്തനത്തിലൂടെയാണ്. മലയാളത്തിലെ മികച്ച കൃതികൾ ഇംഗ്ലീഷിലേയ്ക്കും മറ്റ് ലോകഭാഷകളിലേയ്ക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. യന്ത്രവിവർത്തനത്തിന്റെ സാധ്യതകൾ നാം ഇന്ന് പ്രയോജനപ്പെടുത്തി വരികയാണ്. കമ്പ്യൂട്ടർ വിവർത്തനത്തിനായി പല പ്രോഗ്രാമുകളും ഇന്ന് പ്രയോഗത്തിലായിട്ടുണ്ട്. ശാസ്ത്ര വിഷയങ്ങൾക്കും ഒരളവുവരെയും പ്രഭാഷണങ്ങൾക്കും ഇതു യോജിക്കുന്നു. എന്നാൽ സർഗ്ഗാത്മക കൃതികളിൽ കമ്പ്യൂട്ടർ വിവർത്തനം പൂർണ്ണമായി വിജയിച്ചിട്ടില്ല. സർഗ്ഗാത്മക കൃതികളുടെ വിവർത്തനം ഒരു സംഘം ലേഖകർ (വിവർത്തകർ)ചെയ്യുന്നത്  ഉചിതമായിരിക്കില്ല.

'വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത' എന്ന് പ്രശസ്ത കവിയായ റോബർട്ട് ഫ്രോസ്റ്റ് അഭിപ്രായപ്പെടുന്നുണ്ട്. ഉചിതമായ പദങ്ങൾ തദനുരൂപമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിതയുടെ രചനാതന്ത്രം. കവിതയെ പദ്യമായും ഗദ്യമായും വിവർത്തനം ചെയ്യുന്ന സ്വഭാവമുണ്ട്. കവിതാ വിവർത്തനത്തിൽ വിവർത്തകന് നേരിടേണ്ടിവരുന്ന ധാരാളം പ്രതിബന്ധങ്ങളുണ്ട്. കവിതയിലെ പദഘടന, ധ്വനിപ്രധാനമായ അർത്ഥ വൈചിത്ര്യങ്ങൾ, അലങ്കാരങ്ങൾ, പ്രതീകങ്ങൾ തുടങ്ങിയവയെല്ലാം വിവർത്തകൻ കണക്കിലെടു

ക്കേണ്ടതുണ്ട്. മലയാള സാഹിത്യത്തെ സംബന്ധിച്ച് നാടകവിവർത്തങ്ങൾ നമ്മുടെ സാഹിത്യ ചരിത്രവുമായി ഇഴചേർന്ന് നിൽക്കുന്നു. ഭാഷാപരവും സാംസ്കാരികപരവുമായ അന്തരം വിവർത്തകന് എന്നും വെല്ലുവിളി ഉയർത്തുന്നു.സാഹിത്യവിവർത്തനത്തെ അപേക്ഷിച്ചും ശാസ്ത്ര വിവർത്തകന് സ്വാതന്ത്ര്യം കുറവാണ്. പദാനുപദമോ വാക്യാനുവാക്യമോ ആയ വിവർത്തന രീതി സ്വീകരിക്കാം. സ്രോതഭാഷയിലെ പദത്തിന്റെ വിചാരമൂല്യം അതേ അളവിൽ ലക്ഷ്യ ഭാഷയിൽ നൽകണം. സാങ്കേതിക പദങ്ങളുടെ വിവർത്തനത്തിൽ സംക്ഷിപ്തതയും കൃത്യതയും ഉണ്ടായിരിക്കണം. മാധ്യമവിവർത്തന ഭാഷ ചുരുക്കം വാക്കുകളിൽ ഒതുക്കുന്നതും ചുറുചുറുക്കും ഓജസ്സും ഉള്ളതായിരിക്കണം.

# Assignments

1. വിവർത്തനത്തിന് മാധ്യമ രംഗത്തുള്ള പ്രാധാന്യമെന്ത് ?
2. യന്ത്രപരിഭാഷയെക്കുറിച്ച് വിവരിക്കുക.
3. ബൈബിൾ തർജ്ജിമയുടെ സവിശേഷതകൾ എന്ത് ?
4. സ്വതന്ത്രവിവർത്തനമെന്നാലെന്ത് ?
5. വിവർത്തകർ നടത്തുന്നത് ഭാഷാ സേവനമാണ് - വിശദമാക്കുക.
6. ഒരു തരത്തിലുള്ള അപോദ്ഗ്രഥന(Deconstruction)മാണ് വിവർത്തനത്തിൽ നടക്കുന്നത്- സമർത്ഥിക്കുക ?
7. ആഗോളവൽക്കരണ കാലത്ത് വിവർത്തനത്തിനുള്ള പ്രാധാന്യമെന്ത് ?
8. ലക്ഷ്യപാഠത്തിന്റെ വിവർത്തനതുല്യത കണ്ടെത്തുക എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത് ?
9. സ്വതന്ത്ര സാഹിത്യകാരനെക്കാൾ പാണ്ഡിത്യവും, ഭാഷാ സംസ്കാര പരിചയവും വിവർത്തകനുണ്ടായിരിക്കണമെന്ന് പറയുന്നതെന്തുകൊണ്ട് ?
10. ഇന്ത്യയെ പോലൊരു ബഹുഭാഷാരാഷ്ട്രത്തിൽ സാംസ്കാരികമായ ഏകത്വത്തിന് വിവർത്തനം അത്യാവശ്യമാണ്-സമർത്ഥിക്കുക ?

# Suggested Readings


1. ഭാഷയും പരിഭാഷയും-സദാശിവൻ എം. പി
2. വിവർത്തന വിചിന്തനം-ഡോ. ആർസു
3. വിവർത്തനത്തിൻറെ ഭാഷാ ശാസ്ത്ര ഭൂമിക-ഡോ പി. ആർ. പ്രബോധചന്ദ്രൻ
4. A Linguistic Theory of Translation - J. C Catford
5. പ്രായോഗിക വിവർത്തന വിചിന്തനം-ഡോ. വിജയകുമാരൻ സി. പി. വി
6. വിവർത്തനം-ഒരു സംഘം ലേഖകൻ-ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
7. ഭാഷയും ഭാഷാന്തരണവും-ഡോ. കെ. എ. കോശി
8. വിവർത്തനവും ആശയ വിനിമയവും-ഡോ. കെ. വി തോമസ്


# References


1. വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. പ്രബോധന ചന്ദ്രൻ നായർ, വിവർത്തനചിന്തകൾ
3. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം
4. സച്ചിദാനന്ദൻ, കവിത വിവർത്തനം ചെയ്യുന്ന മൂന്നു വഴികൾ, പച്ചക്കുതിര, മാർച്ച് 21 2022
5. ഡോ.ആർ വി എം ദിവാകരൻ, യന്ത്രവിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
6. Bassenet Susan, Translation Studies,1988, London, Routledge
7. Lawrence Venuti(Ed), Translation Studies Reader,2004, Routledge

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 3

# വിവർത്തനം മലയാളത്തിൽ

## Learning Outcomes

- വിവർത്തനം  രണ്ടു ഭാഷകളുടെ സാംസ്കാരിക വിനിമയം കൂടിയാണെന്ന് ബോധ്യപ്പെടുന്നു.
- മലയാളത്തിലെ ആദ്യകാല വിവർത്തന മാതൃകകൾ പരിചയപ്പെടുന്നു
- മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് വിവർത്തനം വളരെയധികം സഹായിച്ചു എന്ന് ബോധ്യപ്പെടുന്നു.
- മലയാള ഗദ്യത്തിന്റെയും പദ്യത്തിന്റെയും പുരോഗമനം തന്നെ വ്യത്യസ്ത കാലഘട്ടങ്ങളിലെ വിവർത്തന സ്വഭാവത്തെ ആശ്രയിച്ചാണെന്നു മനസ്സിലാക്കാൻ കഴിയുന്നു.
- സാഹിത്യവും സാഹിത്യേതരവുമായ വ്യവഹാരങ്ങളുടെ വികാസത്തിൽ വിവർത്തനം പ്രധാനപ്പെട്ട പങ്കുവഹിച്ചു എന്ന് മനസിലാക്കുന്നു.

## Background

വ്യത്യസ്ത ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾ പരസ്പരം ഇടപഴകേണ്ടി വരുന്ന സാഹചര്യത്തിലാണ് വിവർത്തനത്തിന്റെ ആവശ്യകത വരുന്നത്. ഈ ഇടപെടലുകൾ പല കാരണങ്ങളാൽ സംഭവിക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിലൂടെ സംഭവിക്കുന്ന സാംസ്കാരികമായ വിനിമം സാഹിത്യവും സാഹിത്യേതരവുമായ കൈമാറ്റത്തിനു കൂടി  കാരണമാകുന്നു. ഇത് പലപ്പോഴും ബന്ധഭാഷകളുടെ സാംസ്കാരികവും സാഹിത്യപരവുമായ വളർച്ചയ്ക്കും കാരണമാകുന്നുണ്ട്. മലയാളത്തെ സംബന്ധച്ചിടത്തോളം വിവർത്തനം അത്തരത്തിലുള്ള സമൃദ്ധി ലഭ്യമാക്കിയ പ്രവർത്തനമാണ്.  ലഭ്യമായിടത്തോളം മലയാള ഭാഷയിലെ ഏറ്റവും പഴക്കമുള്ള സാഹിത്യ സമ്പത്തുകൾ 12-ാം നൂറ്റാണ്ടിലെഴുതപ്പെട്ടു എന്നു കരുതാവുന്ന രാമചരിതവും, ഏകദേശം അതേ കാലത്തു തന്നെയുണ്ടായിട്ടുള്ള ഭാഷാകൗടലീയം ഗദ്യവുമാണ്. നമ്മുടെ സാഹിത്യ ചരിത്രഗ്രന്ഥങ്ങളാകെ പരിശോധിച്ചാലും ഇതുതന്നെയാണ് മനസിലാകുന്ന വസ്തുത. അതിനു ശേഷമുള്ള ഭാഷാ സാഹിത്യത്തിന്റെ  സ്വഭാവം പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടു വ്യത്യസ്ത ധാരകളിലൂടെയാണ് മുന്നേറിയതെന്ന് കിട്ടിയിടത്തോളം കൃതികൾ ബോധ്യപ്പെടുത്തുന്നു. ഇതിൽ പാട്ട് സാഹിത്യത്തിലെ ഒട്ടു മിക്ക കൃതികളും, മണിപ്രവാളത്തിലെ ചില കൃതികളും വിവർത്തന സ്വഭാവം പ്രകടിപ്പിക്കുന്ന മാതൃകകളാണ്. സംസ്കൃത ഭാഷയിലെ പുരാണേതിഹാസങ്ങളുടെ പലതരത്തിലുള്ള വിവർത്തന സ്വഭാവങ്ങളാണിവ പ്രകടിപ്പിക്കുന്നത്. പദാനുപദം, വൃത്താനുവൃത്തം, ഭാഗിക കഥാഖ്യാനം, സംക്ഷിപ്ത വിവരണം എന്നിങ്ങനെ ബന്ധ ഭാഷകളിൽ നിന്ന് അതതു കാലഘട്ടത്തിന്റെ അഭിരുചിക്കനുസരിച്ച് വിവർത്തന മാതൃകകളായാണ് മലയാള ഭാഷയിൽ രചനകൾ നടന്നിട്ടുള്ളത്. അന്യഭാഷാ കൃതികളുടെ വിവർത്തനത്തിലൂടെ നേടുന്ന 'ശ്രേയസ്' എന്നു അഭിമാനമായി കണ്ടിരുന്നവരാണ് മലയാളികൾ.

## Keywords

പ്രായോഗികതലം-മലയാള വിവർത്തന ചരിത്രം-ആദ്യകാല വിവർത്തന കൃതികൾ-മിഷണറിമാരും വിവർത്തനവും-വിവർത്തനത്തിന്റെ സാധ്യതകൾ -ആധുനിക സാഹിത്യവും വിവർത്തനവും

## Discussion

### വിവർത്തനത്തിന്റെ പ്രായോഗികതലം

മലയാള സാഹിത്യ ചരിത്രത്തിന്റെ 'ചരിത്രം' തന്നെ വിവർത്തനവുമായി ബന്ധപ്പെട്ടുള്ളതാണ്. നമ്മുടെ ആദ്യകാല സാഹിത്യ പ്രസ്ഥാനരൂപങ്ങളായിരുന്ന പാട്ട്, മണിപ്രവാളം, എന്നിവയിൽ പാട്ട് പ്രസ്ഥാനം ഏതാണ്ട് പൂർണ്ണമായി തന്നെ വിവർത്തനാധിഷ്ഠിതമായിരുന്നു. സംസ്കൃതപുരാണേതിഹാസങ്ങളുടെ സ്വതന്ത്ര്യമോ, ആശയാവിഷ്കൃതമോ, പദാനുപദമോ, സംക്ഷേപണപരമോ ആയ വിവർത്തന മാതൃകകളാണ് മലയാളത്തിലെ ആദ്യകാലപദ്യരചനകൾ. മലയാളത്തിന്റെ അനർഘനിധിയെന്നു ഉള്ളൂർ വിശേഷിപ്പിച്ച 'ഭാഷാകൗടലീയം' ആദ്യത്തെ മലയാള ഗദ്യമാതൃകയാണ്. ഇത് കൗടില്യന്റെ അർത്ഥശാസ്ത്രത്തിന് ഭാരതീയ ഭാഷാകളിലുണ്ടായ ആദ്യ വിവർത്തനമാണ്. അങ്ങനെ വരുമ്പോൾ മലയാളത്തെ സംബന്ധിച്ച് പദ്യവും ഗദ്യവും വിവർത്തനത്തിന്റെ പിൻപറ്റി യാത്ര ചെയ്ത രൂപങ്ങളാണെന്ന് വരുന്നു. ആദ്യകൃതിയായ രാമചരിതം(ചീരാമകവി)വാല്മീകിരാമായണത്തിലെ യുദ്ധകാണ്ഡത്തിലെ വിവർത്തനാത്മക സ്വഭാവം ഉൾക്കൊള്ളുന്ന രചനയാണ്. കണ്ണശ്ശകൃതികളായ കണ്ണശ്ശരാമായണം, ഭാഷാഭാഗവത് ഗീത, കണ്ണശ്ശ ഭാരതം എന്നിവയെല്ലാം മൂലകൃതികളായ വാല്മീകി രാമായണത്തിന്റെയും വ്യാസഭാരതത്തിന്റെയും സംക്ഷേപണ വിവർത്തന മാതൃകകളാണ്. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ ഭാഗവതം ദശമ-ഏകാദശ സ്കന്ദങ്ങളുടെ ഛായാനുകരണ മാതൃകയാണ്. അതും ഒരുതരം വിവർത്തനത്തിൽപ്പെടുന്നു. ഭാഷാപിതാവായ എഴുത്തച്ഛന്റെ രചനകളെല്ലാം സ്വതന്ത്ര വിവർത്തനത്തിന്റെ ഉത്തമ മാതൃകകളാണ്. ഇതിനിടയ്ക്കുള്ള മണിപ്രവാള സാഹിത്യത്തിലെ മധ്യകാല ചമ്പുക്കളിൽ പൂനം നമ്പൂതിരിയുടെ ഭാഷാരാമായണം ചമ്പു മഴമംഗലത്തിന്റെ ഭാഷാ നൈഷധം ചമ്പു, കേരളവർമ്മ രാമായണം തുടങ്ങിയവയെല്ലാം മികച്ച വിവർത്തന മാതൃകകളായി കണക്കാക്കാവുന്ന രചനകളാണ്. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളെല്ലാം പുരാണേതിഹാസ രചനകളുടെ അപനിർമ്മിക്കപ്പെട്ട വിവർത്തന മാതൃകകളാണ്. കേരളീയ പശ്ചാത്തലത്തിലേയ്ക്ക് വിവർത്തനം ചെയ്തു മാറ്റപ്പെട്ടതാണ് നമ്പ്യാർ രചനകളെല്ലാം.

> ▶ സ്വതന്ത്ര്യമോ, ആശയാവിഷ്കൃതമോ, പദാനുപദമോ, സംക്ഷേപണപരമോ ആയ വിവർത്തന മാതൃകകളാണ് മലയാളത്തിലെ ആദ്യ കാലപദ്യരചനകൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ മലയാളത്തിലുണ്ടായ മഹാകാവ്യ പ്രസ്ഥാനം ഒട്ടേറെവും വിവർത്തന സ്വഭാവം പ്രകടിപ്പിക്കുന്നവയായിരുന്നു. ഭാരതീയ പുരാണേതിഹാസ രചനകൾ കൂടാതെ ക്രൈസ്തവ, മാഹമ്മദ ഇതിവൃത്ത രചനകൾ പോലും ഇക്കാലത്തുണ്ടായിട്ടുണ്ട്. അതത് മതഗ്രന്ഥങ്ങളുടെ വിവർത്തന സ്വ

ഭാവം പ്രകടിപ്പിക്കുന്നവയാണ് ഈ മഹാകാവ്യരചനകൾ. പന്തളം കേരളവർമ്മയുടെ വിജയോദയം. രുഗ്മാംഗദചരിതം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം, പി. മുഹമ്മദിന്റെ മാഹമ്മദം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. വിവർത്തനത്തിൽ അക്കാലത്ത് ശ്രദ്ധേയമായ രചന കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത വിവർത്തനമാണ്. പദാനുപദ വൃത്താനുവൃത്തരൂപത്തിൽ മൂന്നു വർഷത്തിനകമുള്ള സമയം കൊണ്ട് അദ്ദേഹം ചെയ്ത വിവർത്തനം മലയാള വിവർത്തന ചരിത്രത്തിലെ വിജയ വൈജയന്തിയായി കരുതപ്പെടുന്നു. അതുപോലെ തന്നെയാണ് മഹാകവി വള്ളത്തോളിന്റെ വിവർത്തനങ്ങൾ. ഭാസനാടകങ്ങൾ, സംസ്കൃതത്തിലെ രൂപകങ്ങൾ, ഋഗ്വേദം, വാല്മീകി രാമായണം, മാതംഗലീല, ശാകുന്തളം, ഗാഥാശപ്തശതി എന്നിവയാണ് വള്ളത്തോളിന്റെ പ്രധാന വിവർത്തനങ്ങൾ. ഇവയിൽ ഋഗ്വേദ വിവർത്തനവും മലയാളഭാഷയുടെയും, മലയാളികളുടെയും സാംസ്കാരികാവബോധത്തിന്റെയും വികാസത്തിന് വഹിച്ച പങ്ക് ശ്രദ്ധേയമാണ്. മഹാകവി ഉള്ളൂർ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മയൂര സന്ദേശം' എന്ന മലയാള കൃതി 'peacock messenger' എന്ന പേരിൽ ഇംഗ്ലീഷിൽ വിവർത്തനം ചെയ്യുകയുണ്ടായി. കുമാരനാശാൻ 'Light of Asia' ബുദ്ധചരിതം എന്ന പേരിൽ വിവർത്തനം ചെയ്തു. ഇതേ കൃതിയുടെ മറ്റൊരു പരിഭാഷയാണ് നാലപ്പാട്ട് നാരായണ മേനോന്റെ പൗരസ്ത്യ ദീപം.

▶ മലയാളത്തിലെ ആദ്യ കാലത്തെ വിവർത്തന മാതൃകകൾ

തമിഴ് ഭാഷകളിൽ നിന്നും നിരവധി കൃതികളുടെ മലയാള പരിഭാഷ ഉണ്ടായിട്ടുണ്ട്. ഇളങ്കോവടികളുടെ ചിലപ്പതികാരത്തിന് അഞ്ചിലധികം പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. തിരുക്കുറലിന്റെ ഏഴോളം പരിഭാഷകളാണുള്ളത്. എസ്. രമേശൻ നായരെപ്പോലുള്ള കവികൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചവരാണ്.

▶ തമിഴ് ഭാഷകളിൽ നിന്നും വിവർത്തനം ചെയ്യപ്പെട്ട കൃതികൾ

യൂറോപ്പ്യൻ കൃതികളുടെ വിവർത്തനങ്ങളും, മിഷണറിമാരുടെ സംഭാവനകളും മലയാള വിവർത്തന സാഹിത്യത്തിന് മറക്കാനാവാത്ത സംഭാവനകളാണ്. മതപ്രചരണാർത്ഥം ഇവിടെയെത്തിയ മിഷണറിമാർ പ്രധാനമായും ഗദ്യവിവർത്തനത്തിലാണ് ശ്രദ്ധിച്ചത്. ബൈബിൾ കഥകളും, നോവലികളുമൊക്കെയാണവർ വിവർത്തന വിധേയമാക്കിയത്. ക്ലോഡിയസ് ബുക്കാനനൻ എന്ന പാതിരിയാണ് മലയാളത്തിൽ ബൈബിൾ വിവർത്തനത്തിന് തുടക്കം കുറിച്ചത്. ഇംഗ്ലീഷിൽ നിന്ന് നാട്ടുഭാഷയിലേയ്ക്ക് ബെഞ്ചമിൻ ബെയ്‌ലി ബൈബിൾ സൻമാർഗ്ഗോപദേശങ്ങളാക്കി വിവർത്തനം ചെയ്തു. ഹെർമൻ ഗുണ്ടർട്ട്, അർണോസ് പാതിരി എന്നിവരുടെ സേവനങ്ങളും മറക്കാനാവാത്തതാണ്. **Imitation of christ** എന്ന കൃതി ക്രസ്ത്വനുകരണം എന്നപേരിൽ തോമാക്കത്തനാർ വിവർത്തനം ചെയ്തു. ആദ്യത്തെ പാശ്ചാത്യ നോവലായ പിൽഗ്രിംസ്പ്രോഗ്രസ്(ജോൺ ബനിയൻ)പരദേശി മോക്ഷയാത്ര എന്ന പേരിൽ ആർച്ച ഡീക്കൻ കോശി വിവർത്തനം ചെയ്തു. തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റിക്കുവേണ്ടി നിരവധി ബൈബിൾ കഥകൾ ഇവരിൽ പലരും വിവർത്തനം ചെയ്തു മലയാള വിവർത്തന ശാഖയെ സമ്പന്നമാക്കിയിട്ടുണ്ട്.

▶ വിവർത്തനവും മിഷണറിമാരും

1881ൽ ഫാ. ജരാർദ് എന്ന ആൾ രചിച്ച അലങ്കാര ശാസ്ത്ര ഗ്രന്ഥത്തിൽ ഹോരസിന്റെയും ഓവിസിന്റെയും കവിതകൾ വിവർത്ത

നം ചെയത് ചേർത്തിട്ടുള്ളതായി കാണാം. ടി. കണാരൻ എന്നയാൾ രചിച്ച **Comparative study of English and Malayalam as a guide to reciprocal translation** എന്ന പുസ്തകത്തിൽ വിഖ്യാത ഇംഗ്ലീഷ് ചരിത്ര നോവലിസ്റ്റായ സർ വാൾട്ടർ സ്കോട്ടിന്റെ **Lady of the Lake** എന്ന ഭാഗം 'സരോഭാമിനി വിലാപം' എന്ന പേരിൽ മൊഴി മാറ്റിയിട്ടുണ്ട്. ഇതേ കാലയളവിൽത്തന്നെയാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഡച്ച് കൃതിയായ അക്ബർ വിവർത്തനം ചെയ്തത്. ഇതിനെ തുടർന്ന് നിരവധി യൂറോപ്യൻ നാടകങ്ങൾ മലയാള വിവർത്തനത്തിന് വിധേയമായി. 'കലഹിനി ദമനകം' എന്ന പേരിൽ ഷേക്സ്പിയരുടെ 'Taming of the shrews' എന്ന നാടകം കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും, ആൾമാറാട്ടം, എന്നപേരിൽ ഷേക്സ്പിയറിന്റെ തന്നെ 'Commedy of errors' കല്ലൂർ ഉമ്മൻ ഫിലിപ്പോസും വിവർത്തനം ചെയ്തു. ഷേക്സ്പിയറിന്റെയും, ബർണാഡ്ഷായുടെയും ഇബ്സന്റെയുമെല്ലാം നാടകങ്ങൾ നിരവധി പേർ വിവർത്തനം ചെയ്തു. എ. ഗോവിന്ദപിള്ള മാക്ബത്ത്, ഹാംലറ്റ്, ഒഥല്ലോ, വെന്നിസിലെ വ്യാപാരി, എന്നിങ്ങനെയുള്ള നാടകങ്ങൾ വിവർത്തനങ്ങൾ ചെയ്തത് ശ്രദ്ധ നേടി. മിഷനറിയായ മിസ്. കോളിൻസിന്റെ 'സ്ലേയർ-സ്ലയിൻ' എന്ന നോവൽ മിസ്റ്റർ കോളിൻസ് 'ഘാതകവധം' എന്ന പേരിൽ വിവർത്തനം ചെയ്തത് നോവൽ ശാഖയിലെ പുതിയ പ്രവണതയായിരുന്നു. ഷേക്സ്പിയറുടെ 'സിമ്പലിൻ' നാടകത്തിന്റെ അനുവർത്തനമായാണ് അപ്പുനെടുങ്ങാടിയുടെ 'കുന്ദലത'യെ മലയാളികൾ കാണുന്നത്. അതുപോലെതന്നെ ഇന്ദുലേഖ എന്ന നോവലിൽ 'ഹെന്റടിറ്റാടെംപിൾ' എന്ന കൃതിയുടെ പരോക്ഷ സ്വാധീനം കാണാം. ലിയോ ടോൾസ്റ്റോയി. സർ വാൾട്ടർ സ്കോട്ട്, ഡോസ്റ്റയേവ്സ്കി, അലക്സാണ്ടർ ഡ്യൂമാ, വിക്ടർ ഹ്യൂഗോ, ഹെർമൻ ഹെസ്സേ, തോമസ്മൻ, ആൽബർട്ട് കാമു, കാഫ്ക തുടങ്ങിയ പാശ്ചാത്യ നോവലിസ്റ്റുകളുടെ രചനകൾ വിവർത്തനത്തിലൂടെ മലയാള വിവർത്തന ശാഖയെ സമ്പന്നമാക്കിയിട്ടുണ്ട്.

▶ ആധുനിക സാഹിത്യവും വിവർത്തനവും

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലീഷ് കവികളായ ടെന്നിസൺ, വേർഡ്സ് വർത്ത്, ബ്രൗണിംഗ്, ഷെല്ലി, കീറ്റ്സ്, ഗോൾഡ് സ്മിത്ത്, തോമസ് ഗ്രേ തുടങ്ങിയവരുടെ കവിതകൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യാൻ ശ്രമം നടന്നിട്ടുണ്ട്. പള്ളത്തു രാമൻ, മൂർക്കോത്ത് കുമാരൻ, രാജരാജവർമ്മ, ജി. രാമൻമേനോൻ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചവരാണ്. റുബയ്യിയാത്ത് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തത് അതിന്റെ സ്വീകാര്യത വർദ്ധിപ്പിച്ചു. മലയാളത്തിൽ ഇതിന് ഒന്നിലേറെ പരിഭാഷകൾ ഉണ്ടായി. സർദാർ കെ. എം.പണിക്കർ രാസികരസായനം. എം. പി. അപ്പൻ ജീവിതോത്സവം, ജി. ശങ്കരക്കുറുപ്പ് വിലാസലഹരി, ചങ്ങമ്പുഴ മദിരോത്സവം എന്നിങ്ങനെയാണ് ഈ കൃതി മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത്. ലോകപ്രശസ്ത കവികളുടെ കവിതകളുടെ തർജ്ജമ 'മയൂഖമാല' എന്ന പേരിൽ ചങ്ങമ്പുഴ വിവർത്തനം ചെയ്തത് വിവർത്തന സാഹിത്യത്തിലെ ഒരു നാഴികക്കല്ലാണ്.

▶ റുബയ്യിയാത്ത് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തു

ആധുനികകാലഘട്ടത്തിലും ഒട്ടേറെ വിദേശകവിതകൾ ഇംഗ്ലീഷ് വിവർത്തനങ്ങളുടെ സഹായത്തോടെ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെടുന്നുണ്ട്. ജാപ്പനീസ്, റഷ്യൻ, ആഫ്രിക്കൻ കവിതകൾക്കുള്ള വിവർത്തനങ്ങൾ ഉദാഹരണം. ടി. എസ്. എലിയട്ടിന്റെ വേസ്റ്റ് ലാന്റ്

തരിശു ഭൂമി എന്ന പേരിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. അയ്യപ്പപ്പണിക്കർ(മയക്കോവ്സികിയുടെ കവിതകൾ), ദേശമംഗലം രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ഒ.എൻ.വി. കുറുപ്പ്(കാറൽ മാർക്സിന്റെ കവിതകൾ) തുടങ്ങിയവർ ശ്രദ്ധേയമായ വിവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഫ്രഞ്ച് പ്രണയഗീതങ്ങൾ മംഗലാട്ട് രാഘവനും, ദാന്തയുടെ ഡിവൈൻ കോമഡി കിളിമാനൂർ രമാകാന്തനും ആഫ്രിക്കൻ കവിതകൾ ഡോ. പുതുശ്ശേരി രാമചന്ദ്രനും, ഖലീൽ ജിബ്രാൻ കവിതകൾ കെ. ജയകുമാറും, പുഷ്കിന്റെ കവിതകൾ ഒ. എൻ. വിയും, ഏംഗൽസിന്റെ കവിത നിലമ്പേരൂർ മധുസൂദനൻ നായരും, ഗ്രീക്ക് ഐറിഷ്, ജർമ്മൻ, സ്പാനിഷ്, റഷ്യൻ, ഇറ്റാലിയൻ തുടങ്ങി 'യൂറോപ്യൻ ഭാഷകളിലെ തിരഞ്ഞെടുത്ത കവിതകൾ പടിഞ്ഞാറൻ കവിതകൾ' എന്ന പേരിൽ സച്ചിദാനന്ദനും വിവർത്തനം ചെയ്തിട്ടുണ്ട്.

▶ ആധുനിക കാലവും കവിതാ വിവർത്തനവും

എൺപതുകൾക്കുശേഷം പല ലാറ്റിനമേരിക്കൻ നോവലുകളും മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെ ഏകാന്തതയുടെ നൂറ് വർഷങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യപ്പെട്ട ആദ്യ ലാറ്റിനമേരിക്കൻ കൃതിയാണ്. 2000ത്തിന് ശേഷമാണ് പൗലോ കൊയ്‌ലോയുടെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടത്. അദ്ദേഹത്തിന്റെ 'ആൽക്കമെസ്റ്റ്', 'സഹീർ', 'ഇലവൻ മിനിറ്റ്സ്,' 'വെറോണിക്ക മരിക്കാൻ തീരുമാനിക്കുന്നു' തുടങ്ങിയവ വായനക്കാരെ ആകർഷിച്ച മികച്ച വിവർത്തനങ്ങളാണ്. ഇന്ത്യക്കാരായ നോവലിസ്റ്റുകൾ ഇംഗ്ലീഷ് ഭാഷയിൽ രചിച്ചിട്ടുള്ള ജനപ്രിയ കൃതികളും മലയാളത്തിലേയ്ക്ക് മൊഴി മാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ചേതൻ ഭഗത്, ആനന്ദ് നീലകണ്ഠൻ, അമിഷ് ത്രിപാഠി തുടങ്ങിയവരുടെ കൃതികൾ മലയാള വിവർത്തനങ്ങളായി ശ്രദ്ധേയമായിത്തീർന്നിട്ടുണ്ട്.

▶ ലാറ്റിനമേരിക്കൻ നോവലുകളുടെ വിവർത്തനം

മറ്റു വിദേശഭാഷകളിൽ, റഷ്യൻ ഭാഷയിൽ നിന്നാണ് ഏറ്റവും കൂടുതൽ വിവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്. റഷ്യൻ വിവർത്തകരിൽ പ്രധാനികൾ ആദ്യകാലത്ത് ഇടപ്പള്ളികരുണാകരമേനോനും എൻ. കെ. ദാമോദരനുമാണ്. കേസരി എ ബാലകൃഷ്ണപിള്ളയും, എ. കെ. ഗോപാലപിള്ളയും ചേർന്ന് ഹെൻറിക് ഇബ്സന്റെ 'ഗോസ്റ്റ്' വിവർത്തനം ചെയ്തു. റോസമർഷോം എന്ന ഇബ്സൻ നാടകത്തിന്റെ സ്വാതന്ത്രാനുകരണമാണ് സി. നാരായണപിള്ളയുടെ മുല്ലയ്ക്കൽ ഭവനം, ആന്റിഗണി, ഈഡിപ്പസ്, ലിസ്ട്രാറ്റ, ഗോസ്റ്റ് എന്നീ നാടകങ്ങൾ സി. ജെ. തോമസും വിവർത്തനം ചെയ്തു. ഇത്തരത്തിലുള്ള വിവർത്തനങ്ങളെല്ലാം തന്നെ മലയാള നാടകഭാവുകത്വത്തെയും രചനാരീതിയെയും സ്വാധീനിച്ചു എന്നു കാണാം. ഇബ്സന്റെ സാങ്കേതികരീതി എൻ. കൃഷ്ണപിള്ളയുടെ പ്രശ്നനാടകങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലുണ്ടായ വിവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയം സാമുവൽ ബക്കറ്റിന്റെ വെയ്റ്റിങ് ഫോർ ഗോദയുടെ പരിഭാഷയായ 'ഗോദയെക്കാത്ത്' (കടമ്മനിട്ട )എന്ന കൃതിയാണ്.

▶ റഷ്യൻ ഭാഷയിൽ നിന്നുണ്ടായ വിവർത്തനങ്ങൾ

ആദ്യകാല മലയാള കഥാകൃത്തുക്കളെല്ലാം തന്നെ പാശ്ചാത്യ കഥകളെ അനുകരിച്ചാണ് കഥാരചന നടത്തിയത്. ഐവാൻ ബൂൺ, ആന്റൺ ചെഖോവ്, മോപ്പസാങ് തുടങ്ങിയവരുടെ കഥകൾ കേസരി എ ബാലകൃഷ്ണപിള്ള മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആൻഡേഴ്സന്റെ യക്ഷികഥകൾ, ബൊക്കാച്ചിയുടെ ഡെക്കാമറൺ

▶ ആൻഡേഴ്സന്റെ യക്ഷികഥകൾ, ബൊക്കാച്ചിയുടെ ഡെക്കാമറൺ കഥകൾ, അറബിക്കഥകൾ, ചൈനീസ്

കഥകൾ, എന്നിവ വിവർത്തനങ്ങളായി പ്രസിദ്ധീകരിച്ചു

കഥകൾ, അറബിക്കഥകൾ, ചൈനീസ് കഥകൾ, എന്നിവ വിവർത്തനങ്ങളായി പ്രസിദ്ധീകരിച്ചു. അറബിക്കഥകൾ എ. ബാലകൃഷ്ണപിള്ളയും, ഷേക്സ്പിയർ കഥകൾ ആനി ജോസഫും. ഇറ്റാലിയൻ കഥകൾ പോൾ. പി. കുന്നില്ലയും, ജർമ്മൻ കഥകൾ എൻ. വി. കൃഷ്ണവാര്യരും ഷെർലക് ഹോംസ് കഥകൾ മലയാറ്റൂർ രാമകൃഷ്ണനും വിവർത്തനം ചെയ്തിട്ടുണ്ട്.

ഭാരതീയ ഭാഷകളിൽ നിന്നുള്ള കഥകളുടെ മലയാള പരിഭാഷകളിൽ കൂടുതലും കിഷൻചന്ദ്, ടാഗൂർ, ഭാരതീയാർ, പ്രേംചന്ദ് തുടങ്ങിയവരുടെ കൃതികളുടേതായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമാണ് മറ്റ് ഇന്ത്യൻ ഭാഷകളിലെ കൃതികൾക്ക് മലയാളവിവർത്തനം ഉണ്ടാകാൻ തുടങ്ങിയത്. മലയാളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ പരിഭാഷകൾ ഉണ്ടായിട്ടുള്ളത് ബംഗാളി, ഹിന്ദി, തമിഴ്, കന്നഡ മുതലായ ഭാഷകളിൽ നിന്നാണ്. ബംഗാളി നോവലുകളുടെ വിവർത്തനമാണ് മറ്റൊന്ന്. ബങ്കിംചന്ദ്ര ചാറ്റർജി, ശരത് ചന്ദ്ര ചാറ്റർജി, രവീന്ദ്രനാഥ ടാഗൂർ, ബിഭൂതിഭൂഷൺ ബന്ദോപാധ്യായ, താരാശങ്കർ ബാനർജി എന്നിങ്ങനെ വിവിധ ബംഗാളി എഴുത്തുകാരുടെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടു. ബംഗാളി നോവലുകളുടെ മലയാളത്തിലേക്കുള്ളവിവർത്തന ചരിത്രം ആരംഭിക്കുന്നത് റവ. ജോസഫ് പിറ്റ് വിവർത്തനം ചെയ്ത കാതറൈന് ഹന്നമുള്ളൻസിന്റെ 'ഫുൽമോനി' എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥയോടുകൂടിയാണ്. ബങ്കിംചന്ദ്ര ചാറ്റർജിയുടെ 'ദുർഗേശനന്ദിനി' സി. എസ്. സുബ്രഹ്മണ്യൻ പോറ്റി വിവർത്തനം ചെയ്തു. താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതൻ 'ആരോഗ്യനികേതനം' എന്ന പേരിൽ നിലീന എബ്രഹാം പരിഭാഷപ്പെടുത്തി. ബങ്കിംചന്ദ്ര ചാറ്റർജിയുടെ 'ആനന്ദമഠ'വും ചന്ദ്രശേഖരനും മലയാളത്തിൽ യഥാക്രമം പാറയ്ക്കൽ വിശ്വനാഥമേനോനും തോലപ്പുറത്ത് നാരായൺ തമ്പിയും വിവർത്തനം ചെയ്തു. ബംഗാളി നോവലുകളുടെ വിവർത്തനം ആനുകാലികങ്ങളിൽ പരമ്പരയായി പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. ബിമൽ മിത്രയുടെ ബൃഹത്ത് നോവലുകൾ എം. എൻ. സത്യാർത്ഥി വിവർത്തനം ചെയ്ത് ജനയുഗം വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ആശാപൂർണ്ണാദേവിയുടെ നോവൽത്രയം-പ്രഥമ-പ്രതിശ്രുതി സുവർണലത, ബകുളിന്റെ കഥ മാതൃഭൂമിയിലും പ്രസിദ്ധീകരിച്ചു. പി. മാധവൻ പിള്ള ഹിന്ദിയിൽ നിന്നാണ് ഈ നോവലുകൾ വിവർത്തനം ചെയ്തത്. മലയാളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ ബംഗാളി നോവലുകൾ വിവർത്തനം ചെയ്തത് രവിവർമ്മയാണ്. ലീലാസർക്കാർ 23-ഉം എം. എൻ. സത്യാർത്ഥി 20 നോവലുകളും ബംഗാളിയിൽ നിന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

- മലയാളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ പരിഭാഷകൾ ഉണ്ടായിട്ടുള്ളത് ബംഗാളി, ഹിന്ദി, തമിഴ്, കന്നഡ മുതലായ ഭാഷകളിൽ നിന്നാണ്.

മാണിക് ബാനർജിയുടെ 'പാവകളിയുടെ കഥ', ടാഗോറിന്റെ 'ഗോര', വിഭൂതിഭൂഷൺ ബന്ദോപാധ്യയുടെ അപരാജിതോ', 'ആരണ്യക്', ശീർഷേന്ദുമുഖോപാധ്യായുടെ 'ചിതൽ', സതീനാഥ് ഭാദുരിയുടെ 'ഉറങ്ങാത്ത രാത്രി', സന്തോഷ് കുമാർ ഘോഷിന്റെ 'കിനുഗോയല തെരുവ്', സുനിൽ ഗംഗോപാധ്യയുടെ 'ആത്മപ്രകാശം' തുടങ്ങിയ കൃതികൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട ബംഗാളിനോവലുകളാണ്. ശരത് ചന്ദ്ര ചാറ്റർജിയുടെ നോവലുകളാണ് മലയാള വിവർത്തനങ്ങളിൽ എണ്ണം കൊണ്ട് മുന്നിൽ നിൽക്കുന്നത്. ആർ. നാരായണപ്പണിക്കർ, വത്സല രാമചന്ദ്രൻ, ടി. സി. ഭാസ്കരൻ മൂസത്,

- മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട ബംഗാളിനോവലുകൾ

എൻ. വി. കൃഷ്ണവാര്യർ തുടങ്ങിയവർ ബംഗാളി നോവലുകൾ വിവർത്തനം ചെയ്തിട്ടുണ്ട്.

ബംഗാളി കഴിഞ്ഞാൽ ഹിന്ദി സാഹിത്യമാണ് വിവർത്തനത്തിലൂടെ മലയാളത്തിലേയ്ക്ക് കൂടുതലായി ഉണ്ടായത്. ഹിന്ദിയിലെ ദുർഗ്ഗാപ്രസാദ് ഖത്രിയുടെ അപസർപ്പകനോവലുകളുടെ മലയാള വിവർത്തനത്തിന് പല പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. ഹിന്ദിയിൽ നിന്ന് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തവരിൽ രവിവർമ്മ, കെ. വി. മണലിക്കര, അഭയദേവ്, പി. മാധവൻപിള്ള, വി. ഡി. കൃഷ്ണവാധ്യാർ, പി. കൃഷ്ണവേണി മരുതായി തുടങ്ങിയവരുടെ സേവനങ്ങൾ അഭിനന്ദനാർഹമാണ്. വി. എസ്. ഖണ്ഡേക്കറുടെ മറാഠി നോവലായ യയാതിയുടെ ഹിന്ദി വിവർത്തനമാണ് രവിവർമ്മ മലയാള വിവർത്തനത്തിന് സ്വീകരിച്ചത്. പ്രേംചന്ദിന്റെ ഗോദാൻ, രംഗഭൂമി ഏന്നിവയടക്കം എല്ലാ നോവലുകളും യശ്പാലിന്റെയും രാഹുൽ സാംകൃത്യായനന്റെയും ചില കൃതികളും മലയാളത്തിലേയ്ക്ക് പിൽക്കാലത്ത് വിവർത്തനം ചെയ്തിട്ടുണ്ട്.

▶ ഹിന്ദി സാഹിത്യ കൃതികളുടെ വിവർത്തനം

ആറ്റൂർ രവിവർമ്മയുടെ വിവർത്തനമായ ഒരു പുളിമരത്തിന്റെ കഥ (സുന്ദരരാമസ്വാമി)തമിഴിൽ നിന്നുള്ള ശ്രദ്ധേയ വിവർത്തനമാണ്. കന്നഡത്തിലെ പ്രസിദ്ധങ്ങളായ ചില നോവലുകൾ സി. രാഘവൻ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കന്നഡയിലെ ശ്രീകൃഷ്ണ ആലനഹള്ളിയും തമിഴിലെ ജയകാന്തനും മറാഠിയിലെ ലക്ഷ്മൺ ഗായ് ക്വദം. പഞ്ചാബിയിലെ അമൃതപ്രീതവും വിവർത്തന കൃതികളിലൂടെ മലയാളികൾക്ക് സുപരിചിതമാണ്.

▶ കന്നടയിൽ നിന്നുള്ള നോവലുകൾ

മലയാളത്തിൽ ശാസ്ത്ര ഗ്രന്ഥങ്ങളും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. എം. രാജരാജവർമ്മ, മാത്യു എം. കുഴിവേലി. ഐ. സി. ചാക്കോ, ടി. കെ. ജോസഫ്, പി. കെ. കോരു, കെ.സി. ചാക്കോ, ഡോ. കെ. ഭാസ്കരൻ നായർ എന്നിവരാണ് ഈ രംഗത്ത് മികച്ച സംഭാവന നൽകിയവർ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, ദക്ഷിണ ഭാഷാ ബുക്ക് ട്രസ്റ്റ്, കേരള സാഹിത്യ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ ഇന്ത്യൻ ഭാഷകളിലെ പല കൃതികളുടെയും പരിഭാഷയ്ക്ക് മുൻകൈയെടുത്തിട്ടുണ്ട്.

▶ ശാസ്ത്ര ഗ്രന്ഥങ്ങളുടെ വിവർത്തനം

മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേയ്ക്ക് എന്നതുപോലെ മലയാളത്തിലെ മികച്ച കൃതികൾ ഇംഗ്ലീഷിലേയ്ക്കും മറ്റ് ലോകഭാഷകളിലേയ്ക്കും തർജ്ജമ ചെയ്തിട്ടുണ്ട്. കവിതകളുടെ ഇംഗ്ലീഷ് വിവർത്തനത്തിന് തുടക്കം കുറിച്ചത് ഉള്ളൂരാണ്. ഇദ്ദേഹം 'മയൂരസന്ദേശം', 'ദ് പീകോക്ക് മെസെഞ്ചർ' എന്ന പേരിൽ തർജ്ജുമ ചെയ്ത കാര്യം മുമ്പ് സൂചിപ്പിച്ചുവല്ലോ. ആശാന്റെ വീണപൂവ് പരിഭാഷപ്പെടുത്തിയത് കൈനിക്കര കുമാരപിള്ളയാണ്. 'കർണ്ണഭൂഷണം', 'ദ് ഓർണമെന്റ്സ് ഓഫ് കർണ്ണ' എന്ന പേരിലും 'സർഗസംഗീതം' 'സോങ് ഓഫ് ക്രീയേഷൻ' എന്ന പേരിൽ കെ. രാഘവൻപിള്ളയും വിവർത്തനം ചെയ്തു. ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ തുടങ്ങിയവ ജി. കുമാരപിള്ള തർജ്ജുമ ചെയ്തു. ആശാന്റെ കരുണ (കംപാഷൻ), ജി. യുടെ പഥികന്റെ പാട്ട' (ദ് വേഫേയറേഴ്സ് സോങ്), എൻ. വി. യുടെ ഗാന്ധിയും ഗോഡ്സെയും(മോഹൻദാസ് ഗാന്ധി & നാഥുറാം ഗോഡ്സെ) എന്നിവ കെ. അയ്യപ്പപ്പണി

ക്കർ വിവർത്തനം ചെയ്തു. ജി. യുടെ 'വിശ്വദർശനം', ചങ്ങമ്പുഴയുടെ 'മനസ്വിനി' തുടങ്ങിയ കൃതികൾ ജെ. എസ്. പിള്ളയും ആശാന്റെ ചിന്താവിഷ്ടയായ സീത, ആശാൻസ് സീത എന്നപേരിൽ എം. പി.ഭാസ്കരനും, ഉള്ളൂരിന്റെ പ്രേമസംഗീതം, Hyman of Love (ഹിം ഓഫ് ലൗവ്)എന്ന പേരിൽ എൻ. കെ. ശേഷനും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി. സർദാർ കെ. എം. പണിക്കർ, തന്റെ ചിന്താതരംഗിണി എന്ന സമാഹാരം 'ദ് വേവ്സ് ഓഫ് തോട്ട്' എന്ന പേരിൽ സ്വയം തർജ്ജുമ ചെയ്തു. ബാലാമണിയമ്മ സ്വന്തം കവിതകളും, 'തേർട്ട് പോയെംസ്'എന്ന പേരിൽ കെ. അയ്യപ്പപണിക്കർ സ്വന്തം കവിത സെലക്ടഡ് പോയംസ് ഓഫ് അയ്യപ്പപ്പണിക്കർ എന്നപേരിലും സ്വയം തർജ്ജുമ ചെയ്തു. കൂടാതെ അക്കിത്തം, ഓ. എൻ. വി, സച്ചിദാന്ദൻ, പി. കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി തുടങ്ങിയവരുടെ കൃതികളും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കയാണ്.

- മലയാളത്തിലെ മികച്ച കൃതികൾ ഇംഗ്ലീഷിലേയ്ക്കും മറ്റ് ലോകഭാഷകളിലേയ്ക്കും തർജ്ജമ ചെയ്തിട്ടുണ്ട്

## Summarised Overview

ഭാഷാമേഖലയിൽ നടക്കുന്ന ഏറ്റവും വലിയ പ്രവർത്തനങ്ങളിലൊന്നാണ് വിവർത്തനം. വ്യത്യസ്ത ഭാഷകൾ നിറഞ്ഞ ലോകക്രമത്തിൽ മനുഷ്യർ തമ്മിലുള്ള പരസ്പര സഹകരണം സാധ്യമാകുന്നത് പ്രധാനമായും ആശയ സംഹിതകളുടെ വിവർത്തനത്തിലൂടെയാണ്. സാഹിത്യത്തിലാണ് ഇത് കൂടുതൽ വ്യാപകമായിട്ടുള്ളതെന്നത് വസ്തുതയാണ്. ലോക ഭാഷകളിൽ പ്രധാന സ്ഥാനത്തു നിൽക്കുന്ന ഒരു ഭാഷയാണ് മലയാളം. നാലു കോടിയോളം പേർ മാതൃഭാഷയായും, സംസാരഭാഷയായും ഇന്ന് ഉപയോഗിക്കുന്ന മലയാളത്തിന്റെ നാളിതുവരെയുള്ള വളർച്ച പരിശോധിച്ചാൽ വിവർത്തനത്തിന് ഏറെ സ്വാധീനം ചെലുത്താൻ കഴിഞ്ഞ ഭാഷയാണ് മലയാളമെന്ന് മനസ്സിലാക്കാൻ കഴിയുന്നു. മറ്റു ഭാഷാ സംസ്കാരത്തേക്കാൾ ലോകക്രമത്തിന്റെ ഇടപെടലുകൾ മലയാളത്തിലാണ് കൂടുതലായി നടന്നിട്ടുള്ളതെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പ്രാചീന കാലം മുതൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്യാപാര ആവശ്യങ്ങൾക്കും മറ്റുമായി ഭാരതത്തിലെത്തിയ വൈദേശികർ പ്രധാനമായും തങ്ങളുടെ കച്ചവട കേന്ദ്രമാക്കിയത് കേരളത്തെയാണെന്ന് ചരിത്രം പറയുന്നു. ഗ്രീക്കുകാർ, അറബികൾ, ഫിനിഷ്യർ, പേർഷ്യക്കാർ, ആര്യൻമാർ തുടങ്ങീ പ്രാചീന കാലത്തും, ഡച്ച്, പോർട്ട്ഗീസ്, ഫ്രഞ്ച്, ഇംഗ്ലീഷ് ശക്തികൾ വരെ ആധുനിക കാലത്തും ഇന്ത്യയിൽ എത്തി അധികാരവും, സംസ്കാരവും വ്യാപിച്ചിട്ടുള്ളതും ചരിത്ര വസ്തുതയാണ്. ഇത്തരം സഹകരണം ഭാഷയിലും ചെലുത്തിയ സ്വാധീനം വിസ്മരിച്ചുകൂടാത്തതാണ്. നമ്മുടെ ഭാഷയിലെ പദസമ്പത്തിൽ ഇത്തരം വൈദേശിക ഭാഷാ സ്വഭാവങ്ങളുടെ സ്വാധീനം ഇന്നും നിലനിൽക്കുന്നുണ്ട്. അത് അക്കാലത്തുള്ള വിവർത്തന കൈമാറ്റത്തിന്റെ തെളുവുകളായി പരിഗണിക്കാം.

ലഭ്യമായിടത്തോളം തെളിവുകൾ പരിശോധിക്കുമ്പോൾ മലയാള സാഹിത്യ ചരിത്രം വിവർത്തന പ്രക്രിയയോടു ബന്ധപ്പെട്ടുകിടക്കുന്നതായി മനസ്സിലാക്കാം. സർഗ്ഗാത്മക സൃഷ്ടിക്കുള്ള അതേ പ്രാധാന്യം വിവർത്തന രചനകൾ ലഭിച്ച അപൂർവ്വം ഭാഷകളിലൊന്നാണ് മലയാളം. രാമചരിതം കൂടുതൽ സമകാലികം വരെയുള്ള മലയാള സാഹിത്യത്തിന്റെ സമ്പത്താകെ പരിശോധിച്ചാൽ ഇക്കാര്യം തീർത്തും ബോധ്യപ്പെടുന്നു. കവിത, നാടകം, നോവൽ, മഹാകാവ്യം, ചെറുകഥ, ഖണ്ഡകാവ്യം, ഉപന്യാസം, തുടങ്ങിയ ഏതു മേഖലകൾ എടുത്തു പരിശോധിച്ചാലും മലയാളത്തെ സംബന്ധിച്ച് വിവർത്തനത്തിന്റെ പലവിധ സ്വാധീനങ്ങളാണ് നമ്മുടെ സാഹിത്യ സമ്പൽ സമൃദ്ധിക്കു കാരണമെന്ന് ഉറപ്പിച്ചു തന്നെ പറയാൻ സാധിക്കും.

## Assignments

1. മലയാള സാഹിത്യത്തിന്റെ ചരിത്രവും വിവർത്തന പ്രക്രിയയും-ഉപന്യാസം തയ്യാറാക്കുക.
2. മിഷണറി ഗദ്യവും മലയാള സാഹിത്യവും-ഉപന്യാസം തയ്യാറാക്കുക.
3. മലയാളത്തിലെ ആദ്യകാല വിവർത്തന കൃതികൾ പരിചയപ്പെടുത്തുക.
4. ആധുനിക കാലവും കവിതാവിവർത്തനവും സംഗ്രഹിച്ച്-ഉപന്യാസം തയ്യാറാക്കുക.
5. റഷ്യൻ ഭാഷയിൽ നിന്ന് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതികൾ പരിചയപ്പെടുത്തുക.
6. 'ബംഗാളി നോവലുകളും മലയാള സാഹിത്യവും'-സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
7. മലയാളത്തിലെ ശാസ്ത്രഗ്രന്ഥങ്ങളുടെ വിവർത്തനം-ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. ഡോ. മാത്യു മുട്ടത്ത്. ഡോ. കെ. വി. തോമസ്, വിവർത്തന വിചിന്തനം : ലിപി പബ്ലിക്കേഷൻ, കോഴിക്കോട്
2. A.V. Avadesh.K.Singh, Translation in theory and Practice-Creative Books, New Delhi


## References


1. വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. പ്രബോധന ചന്ദ്രൻ നായർ, വിവർത്തനചിന്തകൾ
3. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം
4. സച്ചിദാനന്ദൻ, കവിത വിവർത്തനം ചെയ്യുന്ന മൂന്നു വഴികൾ, പച്ചക്കുതിര, മാർച്ച് 21 2022
5. ഡോ. ആർ. വി. എം. ദിവാകരൻ, യന്ത്രവിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഭരണ ഭാഷ അകവും പുറവും-ചിന്താ പബ്ലിക്കേഷൻ, തിരുവനന്തപുരം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 4

# വിവർത്തനത്തിന്റെ പ്രശ്നങ്ങൾ

## Learning Outcomes

- വിവർത്തനം ഒരു കലയാണെന്ന് ബോധ്യപ്പെടുന്നു
- വിവർത്തനം ബുദ്ധിപരമായ വ്യാപാരം കൂടിയാണെന്നു തിരിച്ചറിവുണ്ടാകുന്നു.
- വിവർത്തകന് വിവിധ മേഖലയിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു
- വിവിധ മേഖലയിലെ വിവർത്തന സ്വഭാവങ്ങൾ പരിചയപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.
- സാഹിത്യവിവർത്തനത്തിലുപരിയായ വിവിധ വിവർത്തന മേഖലകളെ ബോധ്യപ്പെടുത്തുന്നു.
- വിവിധ വിവർത്തന മാതൃകകൾ പരിശീലിക്കാൻ സഹായിക്കുന്നു.
- ഭരണ ഭാഷാ വിവർത്തന മാതൃകകളെ പരിചയപ്പെടുന്നു.

## Background

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് ആശയ സംവേദനം നടത്താനുള്ള മാർഗ്ഗമാണ് വിവർത്തനം. ഇരു ഭാഷകളിലും അറിവ് നേടിയിട്ടുള്ള ഒരാൾക്ക് മാത്രമേ ഇത് സാധ്യമാകൂ. ആശയങ്ങൾക്കാണ് വിവർത്തന പ്രക്രിയയിൽ പ്രാധാനം നൽകേണ്ടത്. ശൈലികൾക്കോ, അന്വയക്രമങ്ങൾക്കോ അവിടെ രണ്ടാം സ്ഥാനമേയുള്ളു. കാരണം രണ്ടു ഭാഷകളിലേയും ശൈലികളും, പദവിന്യാസങ്ങളും വ്യത്യസ്തമാണ്. അതിൽ ലക്ഷ്യഭാഷയിലെ ഭാഷാ ശൈലിക്കും സംസ്കാരത്തിനുമാണ് വിവർത്തകൻ പ്രാധാന്യം നൽകേണ്ടത്. ഒരു ഭാഷയിലെ ശൈലികൾ അതുപോലെ വിവർത്തനം ചെയ്യുന്നത് അനുചിതമാണ്. പദാനുപദ വിവർത്തനവും വാക്യാനുവാക്യ വിവർത്തനവും പ്രയാസമായി വരുന്ന ഘട്ടത്തിൽ ആശയ വിവർത്തനമാണ് ഉചിതമായിട്ടുള്ളത്. വിവർത്തനം പ്രായോഗികമാകുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായി വരും.

## Keywords

വിവർത്തനം-വിവർത്തനത്തിൽ വരാവുന്ന അപാകതകൾ-സർഗ്ഗാത്മക വിവർത്തനം-കവിതാ വിവർത്തനം-കവിയും വിവർത്തകനും-സാംസ്കാരിക സമന്വയം-നാടക വിവർത്തനം

## Discussion

### തർജ്ജിമയിൽ വരാവുന്ന അപാകതകൾ /വിവർത്തന ത്തിൽ അശ്രദ്ധ വരുത്തുന്ന അപകടങ്ങൾ

> ▶ മൂലഗ്രന്ഥകാരന്റെ ആശയ സീമയും വിവർത്തകന്റെ പ്രതിഭയും

'ദേവന്മാർ ഇക്കാണായ രൂപങ്ങളെല്ലാം ചമച്ചു അവയ്ക്കെല്ലാം പേരുകൾ കണ്ടത്തേണ്ടത് നമ്മളാണ്' എന്ന് വൈദിക കവി പറഞ്ഞത് സത്യമോ അസത്യമോ ആകാം. എന്നാൽ ഒരർത്ഥത്തിൽ തർജ്ജിമയിലേക്ക് ഒരുമ്പെടുന്ന ഒരാളുടെ ദുഃഖം ഇതു തന്നെയാണ്. മറ്റൊരാൾ സൃഷ്ടിച്ചു വച്ചിട്ടുള്ള ആശയ പ്രപഞ്ചം ഒരംശത്തിലും ഗൗരവം ചോർന്നു പോകാതെ വാക്കുകൾ തന്റെ ഭാഷയിൽ കണ്ടെത്തി പുനഃരാവിഷ്കരിക്കുകയാണ് തർജ്ജമക്കാരന് ചെയ്യാനുള്ളത്. സ്വതന്ത്രമായ രചനയിൽ സർഗ്ഗാത്മകതയുടെ അനുഭൂതിയെങ്കിലുമുണ്ട്. എന്നാൽ വിവർത്തനത്തിൽ മൂലഗ്രന്ഥകാരന്റെ ആശയ സീമയിൽ ഒതുങ്ങി നിന്നുകൊണ്ട് സ്വന്തം പ്രതിഭാ വ്യാപാരത്തെ നിയന്ത്രിച്ചു പ്രവർത്തിപ്പിക്കുക എന്ന ക്ലേശം വിവർത്തകൻ സഹിച്ചേതീരൂ.

> ▶ ശാസ്ത്രവിവർത്തനം

സാഹിത്യം, ചരിത്രം, തുടങ്ങിയ മാനവിക വിഷയങ്ങളെപ്പോലെ ശാസ്ത്ര വിഷയങ്ങളിൽ വിവർത്തനം ക്ലേശകരമല്ലെന്ന് പൊതുവെ ഒരു ധാരണയുണ്ട്. ഈ ധാരണ തീർത്തും ശരിയല്ല. വൈകാരിക-ആത്മാംശങ്ങളുടെ പ്രശ്നം ശാസ്ത്ര തർജ്ജിമയിലില്ലെങ്കിലും, ഏറ്റകുറച്ചിലില്ലാതെ ആശയം പ്രകടമാക്കേണ്ട പ്രയാസം ശാസ്ത്ര തർജ്ജിമയിലുണ്ട്. ഇക്കാര്യങ്ങൾ വിവർത്തകന്മാർ ശ്രദ്ധിക്കാത്തതുകൊണ്ടാണ് പല ശാസ്ത്ര ഗ്രന്ഥങ്ങളുടെയും വിവർത്തനങ്ങൾ മൂലകൃതിയെക്കാൾ ദുർഘടമായിത്തീരുന്നത്.

> ▶ സാരള്യ(simplicity)വും കൃത്യത(exactness)യും ഭാഷയുടെ ജീനിയസ്സുമായുള്ള ഇണക്കം

സാരള്യം(simplicity), കൃത്യത(exactness) വിവർത്തനം ഭാഷയുടെ ജീനിയസ്സുമായുള്ള ഇണക്കം എന്നിങ്ങനെ മൂന്നു ഗുണങ്ങൾ ഒരു മാതൃകാ വിവർത്തനത്തിന് ഉണ്ടായിരിക്കേണ്ടതാണ്. ഏതുതരം വിവർത്തന സ്വഭാവത്തിലും ഈ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആശയ പ്രകാശനത്തിന് ഭാഷ തടസ്സമാകരുത്. ഗൗരവമുള്ള തത്ത്വങ്ങളും വസ്തുതകളും ചർച്ചചെയ്യുമ്പോൾ ഭാഷ എത്രത്തോളം സരളമാകാമോ അത്രയും നന്ന്. മഹാവാക്യങ്ങളും, സമസ്ത പദങ്ങളും, ചിഹ്നന കസർത്തുകളും ഒഴിവാക്കി ലഘുവാക്യങ്ങളിൽ വിഷയ പ്രതിപാദനം നിർവഹിക്കണം. കൃത്യത പാലിക്കൻ വേണ്ടി അംഗീകൃത പദമാതൃകകൾ മാത്രം സ്വീകരിക്കണം. ലക്ഷ്യഭാഷയുടെ മണവും രുചിയും വിവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ സ്വന്തം ഭാഷയിലെ കൃതി എന്ന പോലെ രചനയെ വായനക്കാർ സ്വീകരിച്ചുകൊള്ളും.

താനൊരു സാഹിത്യകാരനല്ല എന്ന അപകർഷതാബോധത്തിൽ നിന്ന് സാഹിത്യ രചനയ്ക്കുള്ള വൈഭവമുണ്ടെന്ന അധിക ധാരണയിൽ നിന്നോ ശാസ്ത്ര കൃതികളെ സാഹിത്യഭാഷയിൽ വിവർത്തനം ചെയ്യുന്ന ആൾക്കാരുണ്ട്. ദുർഘടവും, ദുർഗ്രാഹ്യവുമായ വാക്യഘടന ആപത്തു തന്നെയാണ്. 'എന്താണ് വീര ഹനുമാൻ താങ്കളുടെ മുഖ മണ്ഡലത്തിൽ ചിന്തയുടെ രേഖകൾ' എന്ന വാക്യം എന്താണ് ഹനുമാൻ വിഷമിച്ചിരിക്കുന്നത് എന്നതിന് പകരം വച്ചുണ്ടാകുന്ന പരിഹാസ്യത ഓർക്കാവുന്നതാണ്, വേഷത്തിലെന്നപോലെ ഭാഷയിലും

ആർഭാടം പൊള്ളത്തരത്തിന്റെ ലക്ഷണമാണെന്ന എം. പി. പോളിന്റെ അഭിപ്രായം വിവർത്തനത്തിനു ബാധകമാണ്. പ്രകടന വ്യംഗ്യതകളെ നിയന്ത്രിച്ച് മൂല ഗ്രന്ഥകാരന്റെ ഉദ്ദേശ്യത്തെ മാത്രം ഏറ്റക്കുറച്ചിൽ കൂടാതെ വിവർത്തനം ചെയ്യുകയാണ് ഉത്തമ വിമർശകന്റെ കടമ.

▶ ദുർഘടവും, ദുർഗ്രാഹ്യവുമായ വാക്യഘടന ആപത്തു തന്നെയാണ്

നല്ലൊരു വിവർത്തകൻ നല്ല പാണ്ഡിത്യത്തിനുടമയായിരിക്കണം. വിഷയബോധം, മൂലഭാഷാപരിചയം, സ്വഭാഷാപദബോധം, സ്വഭാഷാശൈലീപരിചയം എന്നിങ്ങനെയുള്ള പാണ്ഡിത്യത്തിന്റെ വ്യത്യസ്തമേഖലകൾ കരഗതമായിരിക്കണം വിവർത്തകന്. ഏത് വിഷയത്തിൽപെട്ട ഗ്രന്ഥം വിവർത്തനം ചെയ്യുന്നുവോ ആ വിഷയത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ അറിവാണ് വിഷയബോധം. മൂലകൃതിയിലെ വാക്കുകൾക്ക് വിവർത്തനത്തിൽ അർത്ഥഭേദമോ, അർത്ഥലോപമോ ഉണ്ടാകുമ്പോൾ വിവർത്തകന്റെ വിഷയബോധം അയാളെ രക്ഷിക്കുന്നുണ്ട്. വിഷയജ്ഞാനം ഇല്ലാതായാൽ മൂല ഗ്രന്ഥകാരൻ ഉദ്ദേശിച്ചതിന്റെ വിപരീതഫലമാണുണ്ടാവുക. നാലപ്പാട്ടു നാരായണ മേനോൻ, എഡ്വിൻ ആർനോൾഡിന്റെ **Light of Asia** എന്ന കൃതി 'പൗരസ്ത്യ ദീപം' എന്ന പേരിൽ വിവർത്തനം ചെയുമ്പോൾ ഇപ്രകാരം സംഭവിച്ച അബദ്ധങ്ങളെപ്പറ്റി സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പരിഹസിക്കുന്നത് ശ്രദ്ധേയമാണ്.

▶ വിഷയബോധം, മൂലഭാഷാപരിചയം സ്വഭാഷാപദ ബോധം, സ്വഭാഷാശൈലി പരിചയം

സ്വന്തം ഭാഷയിലെ വാക്കുകളെക്കുറിച്ചുള്ള ബോധമാണ് വിവർത്തകന്റെ പാണ്ഡിത്യത്തിന്റെ മറ്റൊരു ഘടകം, ഒരു പദത്തിന് സ്വന്തം ഭാഷയിൽ നിഘണ്ടുവിലുള്ള അർത്ഥം കൂടാതെ നിരവധി സാഹിത്യാർത്ഥങ്ങൾ ഉണ്ടായിരിക്കും. ഇതെല്ലാം കൃത്യമായി അറിഞ്ഞാൽ മാത്രമേ വിവർത്തകനാവൂ. കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിൽ

"മുടിയിൽ കൊതിചേർത്തു തൽപുത്രരെ
ജ്ജടിയാക്കും ചിലർ; തൽകുമാരരോ
മടിവിട്ടു മഹാവനത്തിലും വെടിയും
ദോഹദമാർന്ന പത്നിയെ"

▶ സ്വന്തം ഭാഷയിലെ വാക്കുകളെക്കുറിച്ചുള്ള ബോധം

എന്ന ശ്ലോകം വിവർത്തനം ചെയുമ്പോൾ 'മുടി' എന്ന പദത്തിന്റെ ധാതുത്വർത്ഥം തലമുടി എന്നാണെങ്കിലും കാര്യാർത്ഥം 'അധികാരം' എന്താണെന്ന ഔചിത്യപരമായ അവബോധം വിവർത്തകനുണ്ടായിരിക്കേണ്ടതാണ്.

▶ പദഘടനയും ശൈലിയും

വിവർത്തകന്റെ പാണ്ഡിത്യത്തിന്റെ മറ്റൊരു മുഖമാണ് സ്വഭാഷാശൈലിപരിചയം. പദഘടനയെയും ശൈലിയെയുംക്കുറിച്ച് നിശ്ചിതമായ ബോധമില്ലെങ്കിൽ വിവർത്തനം വിപരീത ഫലം ചെയ്യും. ഔചിത്യമാണിവിടെയെല്ലാം വിവർത്തകനെ നിയന്ത്രിക്കേണ്ടത്. ശൈലികൾ ഭാഷയുടെ തനിമ നിലനിർത്തുന്ന ഘടകമാണ്.

## സർഗ്ഗാത്മകവിവർത്തനം

സർഗ്ഗാത്മക വിവർത്തനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് സർഗ്ഗാത്മക സാഹിത്യത്തിന്റെ വിവർത്തനം എന്നാണ്. എല്ലാ സാ

ഹിത്യ രൂപങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഓരോ സാഹിത്യ രൂപത്തിന്റെയും വിവർത്തനത്തിന് സവിശേഷമായ സ്വാഭാവം ഉള്ളതിനാൽ ചില പൊതുതത്ത്വങ്ങൾ മാത്രമേ സർഗ്ഗാത്മക വിവർത്തനം എന്നതുകൊണ്ട് വിശദമാക്കൻ കഴിയുകയുള്ളൂ.

▶ സർഗ്ഗാത്മക സാഹിത്യത്തിന്റെ വിവർത്തനം

ഒരു രചന-അത് ലോകത്തെവിടെയായിരുന്നാലും അത് പ്രസിദ്ധമായിത്തീരുമ്പോൾ തങ്ങളുടെ ഭാഷയിൽ അത് ലഭ്യമായിരുന്നെങ്കിൽ എന്ന് ഏതൊരു സഹൃദയനായ വായനക്കാരനും ആഗ്രഹിച്ചു പോകും. നാൾതോറും വർദ്ധിച്ചു വരുന്ന പൊതുജനങ്ങളുടേതായ ഒരു ഭാവുകത്വ മണ്ഡലത്തെയാണ് ഇവിടെ വിവർത്തകൻ പ്രധാനമായും കണക്കാക്കേണ്ടത്. അല്ലാതെ പാണ്ഡിത്യ സമ്പന്നമായ ഒരാസ്വാദകവൃന്ദത്തെയല്ല. അതിനനുസരിച്ചുള്ള ലാളിത്യം സാഹിത്യ കൃതികളുടെ വിവർത്തനത്തിൽ പാലിക്കണം.

▶ ലാളിത്യം സാഹിത്യ കൃതികളുടെ വിവർത്തനത്തിൽ പാലിക്കണം

വിവർത്തനത്തിന് വിധേയമാക്കുന്നത് പലപ്പോഴും സുപ്രസിദ്ധങ്ങളായ രചനകളാണ്. അത്തരം വിവർത്തിക കൃതികൾക്കു മാത്രമേ ആസ്വാദകരുമുണ്ടാകൂ. മൂലഗ്രന്ഥകാരനോടും അയാളുടെ ഭാഷയോടും പ്രതിഭയോടും സംവദിക്കാനുള്ള പ്രതിഭാശാലിത്വം വിവർത്തകനുണ്ടായിരിക്കണം. 'സമാനഹൃദയം ഏവ:സഹൃദയ:' എന്ന ചൊല്ലിന് വിവർത്തനത്തിലും സാംഗത്യമുണ്ട്. മൂലഭാഷയിലെ ആശയത്തോടും പദവാക്യഘടനയോടും തോളോടുതോൾ ചേർന്നു പോകാനുള്ള ലക്ഷ്യ ഭാഷാ വൈവിധ്യം വിവർത്തകന് അനിവാര്യമാണ്. മൂലഗ്രന്ഥവുമായി തന്മയത്വം പ്രാപിയ്ക്കുവാൻ തക്കവണ്ണമുള്ള പ്രതിഭാശാലിത്വം വിവർത്തകനുമുണ്ടായിരിക്കണം.

▶ മൂലഗ്രന്ഥകാരനോടും അയാളുടെ ഭാഷയോടും പ്രതിഭയോടും സംവദിക്കാനുള്ള പ്രതിഭാശാലിത്വം

വിവർത്തനത്തിൽ മൂലഗ്രന്ഥത്തിലില്ലാത്ത ആശയവും പൊരുളും ഊതിവീർപ്പിക്കാൻ പാടില്ല. സംഗ്രഹണവും, ഛായാനുകരണവും അത്യാവശ്യത്തിന് ഉപകരിക്കുമെങ്കിലും അത് യഥാർത്ഥ വിവർത്തനത്തിന്റെ പരിധിയിൽ വരില്ല. മറ്റു ഗോത്രങ്ങളിൽപ്പെട്ടതാണ് മൂലഭാഷഗ്രന്ഥമെങ്കിൽ പദാനുപദ വിവർത്തനത്തെക്കാൾ ഭാവരൂപങ്ങളുടെ ചൈതന്യം വിടാതെയുള്ള സ്വതന്ത്ര വിവർത്തനത്തിന് പ്രാധാന്യം നൽകണം. കൂടാതെ വിവർത്തനകൃതിയുടെ മൂലഭാഷാ സ്വദേശക്കാരുടെ ഉപദേശങ്ങൾ സ്വീകരിക്കുന്നത് ശൈലിയുടെയും, പഴഞ്ചൊല്ലുകളുടെയും, പാരമ്പര്യ വസ്തുക്കളുടെയും വിവർത്തനത്തിൽ ഉപയുക്തമായിരിക്കും.

▶ മൂലഗ്രന്ഥത്തിലില്ലാത്ത ആശയവും പൊരുളും ഊതിവീർപ്പിക്കരുത്

സർഗ്ഗാത്മക കൃതികളുടെ വിവർത്തനം ഒരു സംഘം ലേഖകർ(വിവർത്തകർ)ചെയ്യുന്നത് ഉചിതമായിരിക്കില്ല. ബൃഹത്തായ ശാസ്ത്ര രചനകളിലും മറ്റും ഇത് വിജയിച്ചുവെന്ന് വരാം. സർഗ്ഗാത്മക രചനയയ്ക്ക് ഒറ്റയൊറ്റ ഗ്രന്ഥകാരൻമാരുടെ താൽപ്പര്യമാണ് കൂടുതൽ യോജിച്ചിട്ടുള്ളത്. സർഗ്ഗാത്മക കൃതികളുടെ വിവർത്തനമാണ് സാംസ്കാരികമായ സമന്വയത്തിന് കൂടുതൽ സഹായകരമായിത്തീരുന്നത്. മാനവികതയുടെ വേർതിരിവുകളോ ഭാഷാപ്രദേശങ്ങളുടെ അതിർവരമ്പുകളോ ഇല്ലാതെ മനുഷ്യൻ എന്ന ഒറ്റ വികാരത്തിൽ എത്തിച്ചേരുവാൻ എത്രയോ നൂറ്റാണ്ടുകളായി വിവർത്തനമല്ലാതെ വേറെ മാർഗ്ഗമില്ലാതായിത്തീർന്നിരിക്കുന്നു. ശാസ്ത്രവും സമൂഹവും എത്രത്തോളം വളർന്നാലും ബഹിരാകാശ യുഗത്തിന്റെ ഉത്തരാധുനിക സമയത്താ

യാലും ശാസ്ത്ര സാങ്കേതികയുടെ തികവിന്റെ കാലത്തായാലും ഭാഷ എന്ന സാംസ്കാരിക ഉൽപ്പന്നത്തെ മറികടക്കാനുള്ള യാതൊന്നും മനുഷ്യന് ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ലോകഭാഷ, ഐക്യരാഷ്ട്രഭാഷ എന്നിങ്ങനെ ഒത്തുതീർപ്പിലെത്താൻ ഒരുപാട് പ്രവർത്തനങ്ങൾ മനുഷ്യൻ ആധുനിക കാലത്ത് നടത്തി. പക്ഷേ, ഭാഷ എന്ന ഈ പ്രതിഭാസത്തെ മറികടക്കാനുള്ള യാതൊരു കണ്ടുപിടിത്തങ്ങളും ഇന്നുവരെ വിജയപ്രദമാക്കാൻ സാധിച്ചിട്ടില്ല. നവമാധ്യമങ്ങളും, ആധുനിക സങ്കേതങ്ങളും എത്ര ശ്രമിച്ചിട്ടും മനുഷ്യനെ ഭാഷയുടെ കാര്യത്തിൽ ഏകീകരിക്കുവാൻ ആർക്കും സാധിക്കാത്തിടത്തോളം കാലം വിവർത്തനമല്ലാതെ വേറെ മാർഗ്ഗമില്ലാതായിത്തീർന്നിരിക്കുന്നു. വിവർത്തനമെന്ന പഠനശാഖയുടെ വിജയവും ഈ പരിസ്ഥിതികൾ തന്നെയാണ്

▶ സർഗ്ഗാത്മക കൃതികളുടെ വിവർത്തനവും സാംസ്കാരികമായ സമന്വയവും

## കവിതാവിവർത്തനം

'വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത' എന്ന് പ്രശസ്ത കവിയായ റോബർട്ട് ഫ്രോസ്റ്റ് അഭിപ്രായപ്പെടുന്നുണ്ട്. 'വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടാത്തതെന്തോ അതാണ് കവിത' എന്ന് മലയാളത്തിലെ കവി ഡോ. അയ്യപ്പപ്പണിക്കരും പറയുന്നുണ്ട്. രണ്ടു അഭിപ്രായങ്ങളും പ്രത്യക്ഷത്തിൽ വിപരീത സ്വഭാവമാണ് പ്രകടിപ്പിക്കുന്നതെങ്കിലും രണ്ടുപേരുടെയും വാദഗതി ഉണർത്തുന്ന ധ്വനി ഒന്നുതന്നെയാണ്. വിവർത്തനം ചെയ്യുമ്പോൾ കവിതാംശം നഷ്ടപ്പെടരുതെന്നുതന്നെയാണ് രണ്ടു കവികളും അർത്ഥമാക്കുന്നത്. 'മൂലകൃതിയുടെ പിടിയിൽപെട്ടുഴലേണ്ടുന്നവനല്ല പരിഭാഷകൻ. അയാൾക്കു വേണമെങ്കിൽ അതിൽ നിന്നു സ്വന്തം കവിത സൃഷ്ടിക്കാം; അതാണ് പലപ്പോഴും നടക്കുന്നതും' എന്ന് ശ്രീ അരവിന്ദൻ പറഞ്ഞതിനർത്ഥം മൂലകൃതിയോടുള്ള വിശ്വസ്തത ഒഴിച്ചു നിർത്തിയാൽ ഒരു മികച്ച സൃഷ്ടിക്കുവേണ്ട എല്ലാ ഗുണങ്ങളും പരിഭാഷയ്ക്കുണ്ട് എന്നാണ്.

▶ വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത

വൈയക്തികാനുഭൂതിയും സാന്ദ്രീകൃത രൂപവും എന്ന നിലയിൽ കവിത അമൂർത്തവും, ആശയാതീതമായ വാക്കുകൾകൊണ്ട് ഭാവലോകത്തെ വ്യഞ്ജിപ്പിക്കുന്ന സ്വഭാവമുള്ള ഉല്പന്നമാണ്. ഉചിതമായ പദങ്ങൾ തദനുരൂപമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിതയുടെ രചനാതന്ത്രം. വൃത്തവും താളവും പ്രാസവുമെല്ലാം ഈ കവി കർമ്മകൗശലത്തിന്റെ അനുബന്ധ പ്രവർത്തങ്ങളാണ്. മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റപ്പെട്ടപ്പോൾ ആശയത്തിന് വലിയ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നില്ലെങ്കിലും മേൽപ്പറഞ്ഞ ഘടകങ്ങളിൽ പലതും വേർപിരിയുന്നു. ഉദാഹരണത്തിന് കുചേലവൃത്തം വഞ്ചിപ്പാട്ട് ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്യുമ്പോൾ കൃഷ്ണ കുചേല കഥയ്ക്ക് മാറ്റം സംഭവിക്കുന്നില്ലെങ്കിലും കേരളീയമായ നതോന്നതയും ഉയർച്ച താഴ്ച്ച ശിഥിലമാകുന്നുവെന്നുകാണാം. കാരണം 'കേവഞ്ചിയൂന്നുന്ന കേവലന്മാർ' കേരളക്കരയിലെ മാത്രം സംസ്കാരമാണല്ലോ. 'കവിത അനുഭൂതിയുടെ പ്രവാഹമാണ്. നാദവും ബിംബവും ചിന്തയും വികാരവും ഈ പ്രവാഹത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു' എന്ന A.C. ബ്രാഡ്‌ലി പറഞ്ഞതുപോലെ മുഴങ്ങുന്നു അർത്ഥവും അർത്ഥത്തിന്റെ മുഴക്കവുമാണ് കൂടുതലായി കവിതയ്ക്കുള്ളത്. പദാനുപദമായി കവിത വിവർ

> ▶ ഉചിതമായ പദങ്ങൾ തദനുരൂപമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിതയുടെ രചനാതന്ത്രം
> ▶ കവിതയുടെ വിവർത്തന തന്ത്രങ്ങൾ

ത്തനം ചെയ്താൽ വാച്യാർത്ഥം മാത്രമേ പകരാനാവൂ. മൂലകൃതിയോട് പരിപൂർണ്ണമായി വിശ്വാസ്യത പുലർത്താൻ കഴിയില്ലെന്നുസാരം. വിശ്വസ്തതപുലർത്താനൊരുങ്ങിയിറങ്ങിയാൽ പരിഭാഷ വികൃതമാകുകയും ചെയ്യും. വിശ്വസ്തത, സൗന്ദര്യം എന്ന രണ്ടു ഘടകങ്ങൾ കവിതാവിവർത്തനത്തിലുണ്ട്. രണ്ടിലേതെങ്കിലുമൊന്നിൽ മാത്രമേ വിവർത്തകന് നില്ക്കാൻ സാധിക്കുകയുള്ളൂ. മൂലകൃതിയുടെ സൗന്ദര്യത്തെ അതിശയിപ്പിക്കുന്ന വിവർത്തനവും ഉണ്ടായിട്ടുള്ളതായി വിവർത്തന ചരിത്രം പറയുന്നു. ഒമർ ഖയ്യാമിന്റെ റുബായിയാത്ത് എഡ്വേഡ് ഫിറ്റ് ജെറാർഡ് ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തപ്പോൾ സ്രോതകൃതിയെ അതിശയിപ്പിച്ചുവത്രേ!

> ▶ വിവർത്തകനും കവിയും

വിവർത്തകൻ കവിയായിത്തീരുമ്പോൾ കവിതാ വിവർത്തനത്തിൽ പുതിയൊരു പ്രവണത ഉടലെടുക്കുന്നതു കാണാം. വിവർത്തകനായ കവിയുടെ സവിശേഷതകൾ വിവർത്തനത്തിൽ കലരും. ഇതിന്റെ ഫലമായി രണ്ടു കവിത്വങ്ങളുടെ ചേർച്ചയിലൂടെയുള്ള മൂന്നാമതൊരുത്പന്നമാണ് വിവർത്തനമായി വരിക. വിവർത്തകനിലെ കാവ്യാസ്വാദകൻ സ്രോതകൃതിയുടെ സഹൃദയൻ കൂടിയായി മാറിയതിന്റെ ഫലമാണീ വിവർത്തനം. ഇതിൽപോലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. കാളിദാസന്റെ മേഘദൂതും എ. ആർ. രാജരാജവർമ്മ, ജി. ശങ്കരക്കുറുപ്പ്, കുമാരനാശാൻ, തിരുനല്ലൂർ കരുണാകരൻ തുടങ്ങി പലരും വിവർത്തനം ചെയ്തു. ഇവരെല്ലാം കവികളുമായിരുന്നു. എന്നാൽ തിരുനെല്ലൂരിന്റെ വിവർത്തനത്തിന്റെ സൗന്ദര്യം മറ്റാരുടെയും കൃതികൾക്കില്ലാതെ പോയി. കാളിദാസ ഹൃദയവുമായുള്ള താദാത്മ്യമാണ് ഈ വിവർത്തനത്തെ അനശ്വരമാക്കിത്തീർത്തത്.

> ▶ കവിതയെ പദ്യമായും ഗദ്യമായും വിവർത്തനം ചെയ്യുന്ന രീതികളുണ്ട്

കവിതയെ കവിതയായും ഗദ്യമായും വിവർത്തനം ചെയ്യുന്ന സ്വഭാവമുണ്ട്. മഹാഭാരതത്തെ പത്തു വാല്യങ്ങളിലായി വിദ്വാൻ ആർ. പ്രകാശം വിവർത്തനം ചെയ്തത് ഇതിനുദാഹരണമാണ്. പദ്യത്തെ പദ്യരൂപത്തിൽ വിവർത്തനം ചെയ്യുന്നതും വ്യത്യസ്ത സ്വഭാവങ്ങളിലാണ്. മൂലഭാഷയിലെ പദ്യം അതേ രീതിയിൽ ലക്ഷ്യഭാഷയിലാകുന്നതാണ് ഒരു രീതി. Light of Asia പൗരസ്ത്യ ദീപം എന്ന രീതിയിൽ വിവർത്തനം ചെയ്തത് ഏകദേശം ഈ രീതിയിലാണ്. പാശ്ചാത്യമായ ഇതിഹാസവൃത്തത്തെ ഭാരതീയ ഇതിഹാസ വൃത്തത്തിലേക്കാണ് നാലപ്പാട്ട് നാരായണ മേനോൻ വിവർത്തനം ചെയ്തത്. മൂല ഭാഷാ കൃതി ലക്ഷ്യഭാഷയിലെ വ്യത്യസ്ത വൃത്തങ്ങളിലേയ്ക്ക് വിവർത്തനം ചെയ്യുന്നതാണ് മറ്റൊരു സ്വഭാവം. എഴുത്തച്ഛന്റെ സ്വതന്ത്ര വിവർത്തനങ്ങളും. വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ തുളസീദാസ രാമായണ വിവർത്തനങ്ങളും ഇതിനുദാഹരണമാണ്. മൂലഭാഷയിലെ ഛന്ദസ് ഏതു തന്നെ ആയിരുന്നാലും ലക്ഷ്യ ഭാഷയിലെ മുക്തഛന്ദസിലോ, ഗദ്യ കവിതാരൂപത്തിലോ വിവർത്തനം ചെയ്യുന്നതാണ് മറ്റൊരു രീതി. പാശ്ചാത്യ കവിതകളുടെ മലയാള വിവർത്തങ്ങളിലധികവും ഇത്തരം വിവർത്തന സ്വഭാവം പുലർത്തുന്നവയാണ്. മൂലഭാഷാ കവിതയുടെ പദാനുപദതർജ്ജിമയും നടക്കുക സ്വാഭാവികമാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരത വിവർത്തനം ചെയ്തത് ഈ മാർഗ്ഗം അവലംബിച്ചാണ്.

റഷ്യൻ പണ്ഡിതനായ ലോട് മാൻ (**Juri Lotman**) കവിതാവിവർത്ത

ആശയ പ്രകാശന ശൈലി, സംരചനാ ശൈലി, ഭാഷാ പ്രധാന ശൈലി, സാഹിത്യേതര പ്രധാന ശൈലി

നത്തിൽ നാലു ശൈലികൾ ചൂണ്ടിക്കാണിക്കുന്നു. ആശയ പ്രകാശന ശൈലി, സംരചനാ ശൈലി, ഭാഷാ പ്രധാന ശൈലി, സാഹിത്യേതര പ്രധാന ശൈലി, എന്നിവയാണത്. ലഫേ വെറെ (Andre Lefevere)എന്ന പണ്ഡിതൻ സ്വനിമിക വിവർത്തനം, പദാനുപദവിവർത്തനം, വൃത്താനുവൃത്തവിവർത്തനം, പ്രാസയുക്തവിവർത്തനം, മുക്തഛന്ദസിലുള്ള വിവർത്തനം, ഗദ്യ വിവർത്തനം എന്നിങ്ങനെ കാവ്യ വിവർത്തനത്തെ വിഭജിക്കുന്നു. കവിത പല രൂപത്തിൽ വിവർത്തനം ചെയ്യാവുന്നതാണെന്നു ഇതിൽ നിന്നെല്ലാം നമുക്ക് മനസിലാക്കാം. ചുരുക്കം ചിലരെങ്കിലും കവിത വിവർത്തനക്ഷമമല്ല എന്നു വിശ്വസിക്കുന്നവരുമാണ്.

ഛായാവിവർത്തനം അല്ലെങ്കിൽ പ്രതിധ്വനി വിവർത്തനം

കാവ്യ വിവർത്തനത്തിൽ മറ്റൊരു വിഭാഗം കൂടിയുണ്ട് അതുകൂടി പരാമർശിക്കാതെ പോകുന്നത് ശരിയല്ല. ഛായാവിവർത്തനം അല്ലെങ്കിൽ പ്രതിധ്വനി വിവർത്തനം എന്നാണിതിന്റെ പേര്. മൂലകവിയെയും കവിതയെയും വെളിപ്പെടുത്താതെ വിവർത്തനം ചെയ്ത് സ്വന്തം സൃഷ്ടി എന്ന രീതിയിൽ അവതരിപ്പിക്കുന്നവരാണിവർ. ഇതൊരുതരം സാഹിത്യ മോഷണമാണ്. ഇത്തരം വിവർത്തനത്തിൽ ചുരുക്കം ചിലത് മനോഹരമായിട്ടുമുണ്ട്. സുകുമാർ അഴിക്കോട് ജി. ശങ്കരക്കുറുപ്പിന്റെ കവിതകളെപ്പറ്റി ഇത്തരമൊരു പരാതി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ എത്രത്തോളം വാസ്തവമുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. എന്നാൽ വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം എന്ന കൃതിയിൽ ഇംഗ്ലീഷ് വിലാപഗീതമായ **Elegy written in a country churchyard** എന്ന തോമസ് ഗ്രേയുടെ കവിതയുടെ ഛായാനുകരണം കാണാം.

കവിതയിലെ പദഘടന, ധ്വനിപ്രധാനമായ അർത്ഥ വൈചിത്ര്യങ്ങൾ, അലങ്കാരങ്ങൾ, പ്രതീകങ്ങൾ

കവിതാ വിവർത്തനത്തിൽ വിവർത്തകന് നേരിടേണ്ടിവരുന്ന ധാരാളം പ്രതിബന്ധങ്ങളുണ്ട്. കവിതയിലെ പദഘടന, ധ്വനിപ്രധാനമായ അർത്ഥ വൈചിത്ര്യങ്ങൾ, അലങ്കാരങ്ങൾ, പ്രതീകങ്ങൾ തുടങ്ങിയവയെല്ലാം വിവർത്തകൻ കണക്കിലെടുക്കേണ്ടതുണ്ട്. ശബ്ദനിഷ്ഠമായ അലങ്കാരങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെടുന്ന ആസ്വാദ്യത വിവർത്തനത്തിൽ നഷ്ടപ്പെട്ടു പോകുക സ്വാഭാവികമാണ്. വിവർത്തനം അർത്ഥം നിലനിർത്തിക്കൊണ്ട് ശബ്ദത്തെ മാറ്റിവയ്ക്കലാണ്. എന്നാൽ അലങ്കാരങ്ങളുടെ കാര്യത്തിൽ ശബ്ദം മാറ്റിവയ്ക്കുമ്പോൾ അർത്ഥം നഷ്ടപ്പെട്ടുപോകരുത്. ശ്ലേഷവും യമകവും ഉൾക്കൊള്ളുന്ന അലങ്കാരങ്ങളുടെ ആസ്വാദ്യത നിലനിർത്തിക്കൊണ്ട് വിവർത്തനം ചെയ്യുക സാധ്യമല്ല. മറ്റു ഭാഷകളിൽ നിന്ന് തിരിച്ചും ഇതുതന്നെയാണ് സ്ഥിതി.

“വരണം വരൻ മാത്രം ആസന്നമായിപ്പോയി

വരണം”----(ജി. ശങ്കരക്കുറുപ്പ് )എന്നതിലെ ‘വരണ’ശബ്ദത്തിന്റെ യമകവും

“മഹീപതേഭാഗവതോപമാനം

മഹാപുരാണം ഭവനം മദീയം

നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം

അർത്ഥങ്ങളില്ലൊന്നൊരു ഭേദമുണ്ട് ” എന്നതിലെ ‘പുരാണം’ വിരക്തി, അർത്ഥം എന്നീ വാക്കുകളിലെ ശ്ലേഷവും വിവർത്തനത്തിലൂ

ടെ പകർന്നു നല്കാൻ കഴിഞ്ഞെന്നു വരില്ല.

ആശയത്തിന്റെ കാര്യത്തിൽ രണ്ടു ഭാഷകളുടെ പശ്ചാത്തലത്തിന്റെ വ്യത്യാസം വിഷമം സൃഷ്ടിക്കാറുണ്ട് സംസ്കാരത്തിലും ചരിത്രത്തിലും സാദൃശ്യങ്ങളായ രണ്ടു ഭാഷകളിലെ ആശയം പരസ്പരം കൈമാറുന്നതിൽ ഏറെ ബുദ്ധിമുട്ടുണ്ടാവില്ല. ഒരേ ഗോത്രത്തിൽപ്പെട്ട കവിതകൾ വിവർത്തനം ചെയ്യുന്നതിൽ എളുപ്പമുണ്ട് ഉദാഹരണമായി ദ്രാവിഡ ഭാഷകളിലെ കവിതകൾ ഇംഗ്ലീഷ് ഭാഷയിലോ മറ്റോ വിവർത്തനം ചെയ്യുന്നത്ര പ്രയാസകരമല്ല ദ്രാവിഡത്തിലെ തന്നെ മറ്റൊരു ഭാഷയിലാക്കുന്നത്. സംസ്കൃതം ഇൻഡോ യൂറോപ്യൻഗോത്രമാണ്. പക്ഷെ സംസ്കൃത കവിതകൾ ദ്രാവിഡ ഭാഷകളിലേയ്ക്ക് മാറ്റുമ്പോൾ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ ഏറെയൊന്നും സംഭവിക്കുന്നതായി കാണുന്നില്ല. സമാനമായ സംസ്കാരിക പശ്ചാത്തലവും, വൈകാരിക സ്വഭാവവും സംസ്കൃത കവിതകൾക്കും വിശിഷ്യ മലയാള കവിതകൾക്കും തമ്മിലുണ്ട്, കൂടാതെ പരിചിതമായ പദാവലികളും ധാരാളമുണ്ട്. അതിനാൽ സംസ്കൃത ഭാഷാ രചനകൾ മലയാളത്തിന് കൂടുതലായി വഴങ്ങുന്നു. സ്വന്തം കവിത മറ്റൊരു ഭാഷയിലേയ്ക്ക് സ്വയം വിവർത്തനം ചെയ്യുന്ന എഴുത്തുകാരുമുണ്ട്. തന്റെ സൃഷ്ടികൾ മറ്റുള്ളവർ വിവർത്തനം ചെയ്താൽ പൂർണ്ണമാകില്ല എന്ന ധാരണയിൽ നിന്നാണ് ഇത്തരം വിവർത്തന സ്വഭാവം രൂപം കൊള്ളുന്നത്. ഇത്തരം വിവർത്തനവും സമ്പൂർണ്ണമാകാറില്ല എന്നതാണ് സത്യം. കാരണം ഭാഷകളിലെ വൈവിധ്യം തന്നെ.

- ആശയത്തിന്റെ കാര്യത്തിൽ രണ്ടു ഭാഷകളുടെ പശ്ചാത്തലത്തിന്റെ വ്യത്യാസം വിഷമം സൃഷ്ടിക്കാറുണ്ട്

ചുരുക്കത്തിൽ കവിതാ വിവർത്തനത്തിൽ യഥാർത്ഥ കവിത ചോർന്നു പോകുന്നു എന്നതിൽ സംശയമില്ല. എങ്കിലും അതൊരു വ്യർത്ഥവ്യായാമമായി മാറാറുമില്ല. സാഹിത്യത്തിന്റെ ആരംഭഘട്ടം മുതൽ ഈ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു. മലയാള ഭാഷയിലായാലും ഇതു തന്നെയാണ് വസ്തുത. മാത്രമല്ല പാശ്ചാത്യവും പൗരസ്ത്യവുമായ പരിചിതമായ ഭാഷകൾക്കുപരിയായി മറ്റു ഭാഷകളിൽ നിന്നുപോലും കാവ്യവിവർത്തന പ്രവർത്തനങ്ങൾ മലയാളത്തിലുണ്ടാകുന്നുണ്ട് എന്നത് ശുഭോദാർക്കമായ പ്രവർത്തിയാണ്.

- വിവർത്തനത്തിൽ യഥാർത്ഥ കവിത ചോർന്നു പോകുന്നു

## നാടകവിവർത്തനം

കാവ്യേഷു നാടകം രമ്യം, നാടകാന്തം കവിത്വം, ലോകവൃത്താനുകൃതിർനാട്യം എന്നിങ്ങനെയുള്ള ചൊല്ലുകൾ സാഹിത്യരൂപങ്ങളിൽ നാടകത്തിനുള്ള സർവ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നവയാണ്. ഭാരതീയമായി മാത്രമല്ല അരിസ്റ്റോട്ടിലിന്റെയും മറ്റും വ്യാഖ്യാനങ്ങളിലൂടെ പാശ്ചാത്യ ലോകത്തും നാടകത്തിന്റെ സ്ഥാനം അനിഷേധ്യമായിരുന്നുവെന്ന് കാണാം.

- കാവ്യേഷു നാടകം രമ്യം, നാടകാന്തം കവിത്വം, ലോകവൃത്താനുകൃതിർ നാട്യം

നാടകത്തിന്റെ വിവർത്തനത്തിൽ വിവർത്തകൻ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. ഒന്നാമതായി നാടകം എഴുതിയ കൃതിക്കാണോ ആവിഷ്കാരത്തിനാണോ പ്രാധാന്യം നല്കേണ്ടതെന്ന കാര്യത്തിലാണ്. നാടകം എഴുത്തുരൂപത്തിൽ ഒരു പൂർണ്ണ വസ്തുവാണെങ്കിലും അത് പൂർണ്ണത നേടുന്നത് അവതരണത്തിലാണ്. അപ്പോൾ ഈ രൂപത്തെ സാഹിത്യമായി കാണണോ, മറ്റൊരു കലാരൂപമായി കാണണമോ എന്നതാണ് പ്രശ്നം. ഒരു ഗദ്യ കൃതി പരിഭാഷപ്പെടുത്തുന്ന

ലാഘവത്തോടുകൂടി നാടകപരിഭാഷ നടത്താൻ പറ്റില്ലെന്നാണിതിനർത്ഥം. വിവർത്തനത്തിൽ ഉണ്ടായിട്ടുള്ള മിക്ക സിദ്ധാന്തങ്ങളിലും നാടകവിവർത്തനത്തിന് സർവ്വ പ്രാധാന്യം കൊടുക്കാതിരുന്നതിതുകൊണ്ടായിരിക്കാം. നാടകപരിഭാഷയ്ക്ക് മാത്രമായ ഒരു രീതിശാസ്ത്രം രൂപം കൊണ്ടതായിട്ടറിവില്ല.

▶ നാടക വിവർത്തനം

നാടകങ്ങൾ പൊതുവെ ചരിത്ര(പുരാണ)നാടകങ്ങൾ, സാമൂഹ്യ നാടകങ്ങൾ എന്നിങ്ങനെ രണ്ടു രീതിയിലാണ് പൊതുവിൽ ഗണിക്കപ്പെടുന്നത്. നാടകത്തിന്റെ ക്രിയയും പശ്ചാത്തലവും, സംസ്കാരവുമെല്ലാം സംഭാഷണം മാത്രം കൊണ്ട് ആവിഷ്കരിക്കുന്നതുമാണ്. അതായത് ഭാഷയുടെ യഥാർത്ഥ തനതു ആവിഷ്ക്കാരം നാടകത്തിലാണ് പ്രധാനമായും ദൃശ്യമാകുന്നത്. ഏതൊരു വസ്തുതയും സംഭാഷണം കൊണ്ടല്ലാതെ പ്രകടിപ്പിക്കാൻ നാടകത്തിനാവില്ല. ഇത് വിവർത്തകൻ നേരിടുന്ന പ്രധാന തടസ്സങ്ങളിലൊന്നാണ്. നാടകത്തിൽ, ആവിഷ്ക്കരിക്കപ്പെടുന്ന ജീവിതവുമായി അതിലെ ഭാഷ ബന്ധിക്കപ്പെട്ടിരിക്കുന്നു. ചരിത്ര നാടകത്തിൽ ഒരു നാടിന്റെ പ്രാചീന ചരിത്രവുമായി ബന്ധപ്പെട്ട ഭാഷാപദങ്ങളാണ് കാണുന്നത്. തത്തുല്യമായ ലക്ഷ്യഭാഷ പദങ്ങൾ അതേ കാലഘട്ടത്തിലെ ലക്ഷ്യ ഭാഷയിൽനിന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. സ്ഥല, വ്യക്തി, നാമങ്ങൾ അതേപടി തന്നെ നിലനിർത്തേണ്ടി വരുമ്പോഴുള്ള അപരിചിതത്വം ഒഴിവാക്കാൻ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രാചീന നാടകമായ ശൂദ്രകന്റെ മൃച്ഛകടികം ഈ കാലഘട്ടത്തിൽ K. P. A. C നാടകരൂപത്തിൽ അവതരിപ്പിച്ചപ്പോൾ ഇത്തരം പ്രശ്നങ്ങൾ നേരിട്ട് കുറെയൊക്കെ വിജയിപ്പിക്കാൻ കഴിഞ്ഞു. അതുപോലെ സംസ്കൃത നാടകങ്ങളിൽ സ്ത്രീ കഥാപാത്രങ്ങൾ പുരുഷ കഥാപാത്രങ്ങളെപ്പോലെ സംസ്കൃതഭാഷയിലല്ല സംസാരിക്കുന്നത് 'പ്രാകൃതം' എന്നൊരു ഭാഷയിലാണ്. അപ്പോൾ വിവർത്തകൻ മൂന്നു ഭാഷകളിൽ പ്രാവീണ്യം നേടിയെടുക്കേണ്ടതായി വരുന്നു.

▶ നാടകവും സംസ്കാരവും

സാമൂഹിക നാടകത്തിലെ സ്ഥിതി വ്യത്യസ്തമല്ല. നാടകത്തിന്റെ സാംസ്കാരികതലമനുസരിച്ചുള്ള ഭാഷാഭേദങ്ങൾ, ഭൂമിശാസ്ത്രപരമായ ഭാഷാവ്യത്യാസങ്ങൾ, സ്ത്രീപുരുഷഭേദമനുസരിച്ചുള്ള ഭാഷയിലെ വൈവിധ്യങ്ങൾ തുടങ്ങിയവയെല്ലാം പുനരവതരിപ്പിക്കുക ക്ലേശകരമാണ്. കെ. ടി. മുഹമ്മദിന്റെ മിക്ക നാടകങ്ങളുടെയും പശ്ചാത്തലം കോഴിക്കോടൻ ഗ്രാമങ്ങളാണ്. അത് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ തത്തുല്യമായ സംഭാഷണ ഭാഷ കണ്ടെത്തുന്നതിലെ പ്രയാസം മസ്സിലാക്കാവുന്നതാണ്. ഇതിലെല്ലാമുപരിയായി സംഭാഷണത്തിലെ വാക്യശൈലിയും പദങ്ങളിലുള്ള ഊന്നലും സ്വരവിന്യാസവും വളരെയധികം പ്രാധാന്യമർഹിക്കുന്നു. വാക്യത്തിനു പകരം വാക്യം പകർത്തിവച്ചാൽ പോരാ അത് മൂലഭാഷയിലേതുപോലെ ശക്തമായി ആശയസംപ്രേക്ഷണം ചെയ്യുന്നുണ്ടോ എന്ന് വിവർത്തകൻ ശ്രദ്ധിക്കണം. നാടകത്തിലെ 'ഹാസ്യം'വിവർത്തനം ചെയ്യുന്നതാണ് ഏറെ ശ്രമകരമെന്ന് പറഞ്ഞു കേൾക്കാറുണ്ട്. കാരണം 'തർജ്ജമയിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത'എന്നതുപോലെ 'തർജ്ജമയിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് ഹാസ്യം' എന്നൊരു ചൊല്ലുകൂടിയുണ്ട്. ഓരോ ഭാഷയിലും സംസ്കാരത്തിലും ഹാസ്യബോധത്തിന്റെ പ്രതീക-പ്രതീതി സാഹചര്യം വ്യത്യസ്തമാണ്. സംസ്കൃത നാടകത്തിലെ വിദൂഷകന്റെ ഹാസ്യം

> ▶ നാടകത്തിന്റെ സാംസ്കാരിക തലവും ഭാഷാഭേദങ്ങളും

ഇന്നത്തെ തർജ്ജമയ്ക്ക് പാകമാകണമെന്നില്ല. ചാർളി ചാപ്ലിന്റെയും, 'Mr. Bean' ന്റെയും ഹാസ്യം ഭാഷകൾക്കതീതമായിത്തിരുന്നത് അത് പ്രധാനമായും ഭാഷാതീതമായ പൊതുചിഹനങ്ങളിൽ നിബന്ധിക്കപ്പെട്ടിരിക്കുന്നതിനാലാണ്.

മലയാള സാഹിത്യത്തെ സംബന്ധിച്ച് നാടകവിവർത്തങ്ങൾ നമ്മുടെ സാഹിത്യ ചരിത്രവുമായിത്തന്നെ ഇഴചേർന്ന് നിൽക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ മലയാള സാഹിത്യലോകത്ത് നാടകവിവർത്തനം ചെയ്യാത്ത എഴുത്തുകാർ കുറവായിരുന്നു. കേരളവർമ്മയിൽ തുടങ്ങി കവിത്രയം വരെയുള്ള എല്ലാവരും വിവർത്തനരൂപത്തിൽ നാടകം സൃഷ്ടിച്ചവരാണ്. ഇന്ത്യൻ ഭാഷയിൽ അഭിജ്ഞാന ശാകുന്തളത്തിന് ഒരു പക്ഷേ ഏറ്റവും കൂടുതൽ വിവർത്തനം ഉണ്ടായിട്ടുള്ളത് മലയാളത്തിലായിരിക്കും. ഭാസൻ, കാളിദാസൻ, ഭവഭൂതി, ശൂദ്രകൻ., വിശാഖദത്തൻ തുടങ്ങിയ സംസ്കൃത നാടകകൃത്തുക്കളും ഷേക്സ്പിയർ, ഇബ്സൺ, ബർണാഡ് ഷാ തുടങ്ങി അയനസ്കോ വരെയുള്ള പാശ്ചാത്യ നാടകകൃത്തുക്കളും വിവർത്തന രീതിയിൽ കേരളീയർക്ക് സുപരിചിതരാണ് എന്നത് മലയാള സാഹിത്യ ചരിത്രത്തിൽ നാടകവിവർത്തനത്തിനുള്ള സവ്വ പ്രാധാന്യം എടുത്തുകാണിക്കുന്നു.

> ▶ മലയാള സാഹിത്യവും നാടകവിവർത്തനത്തിന്റെ ചരിത്രവും

## നോവൽ-ചെറുകഥാവിവർത്തനങ്ങൾ

ഇന്ന് സാഹിത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യരൂപങ്ങളാണ് നോവലും ചെറുകഥയും. രണ്ടു രൂപങ്ങളാണെങ്കിലും ഇവയ്ക്ക് പൊതുവായ ചില രചനാസവിശേഷതകളു ഉണ്ട്. അതിനാൽ ഇവയുടെ വിവർത്തനത്തിലും ചില പൊതു തത്ത്വങ്ങൾ ഉണ്ടാകുന്നു. ഇതിന്റെ വിവർത്തനം പ്രധാനമായും അഭിമുഖീകരിക്കുന്ന ഭാഷാപരവും സാംസ്കാരികപരവുമായ അന്തരം വിവർത്തകന് എന്നും വെല്ലുവിളി ഉയർത്തുന്നു. ജനങ്ങളുടെ ആചാരങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, ഭക്ഷണരീതികൾ, വേഷവിധാനങ്ങൾ, ഉപചാര പദങ്ങൾ, ബന്ധസൂചകമായവാക്കുകൾ തുടങ്ങിയവയെല്ലാം വിവർത്തനത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. തകഴിയുടെ ചെമ്മീൻ, ബഷീറിന്റെ നോവലുകൾ, അംബികാസുതൻ മങ്ങാടിന്റെ 'എൻമകജെ' തുടങ്ങിയുള്ള നോവലുകളിൽ പ്രാദേശിക വിശ്വാസങ്ങളും, ഭാഷാഭേദങ്ങളും, സാംസ്കാരിക വൈവിധ്യങ്ങളും നിറഞ്ഞതാണ്. അത് മറ്റു ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യുമ്പോൾ ലക്ഷ്യ ഭാഷാ തുല്യതയ്ക്ക് ശ്രമപ്പെടേണ്ടിവരും.

> ▶ ഭാഷാപരവും സാംസ്കാരികപരവുമായ അന്തരം വിവർത്തകന് എന്നും വെല്ലുവിളി ഉയർത്തുന്നു

ഒരു നോവലോ, കഥയോ വിവർത്തനം ചെയ്യുമ്പോൾ ഒരു പ്രമേയം മാത്രമല്ല മൊഴി മാറുന്നത്. നമ്മുക്ക് പരിചിതമല്ലാത്ത ഭാഷ സംസാരിക്കുന്ന ജനതയുടെ ജീവിതവും സംസ്കാരവും നമ്മുടെ ഭാഷയിലേയ്ക്ക് സംക്രമിപ്പിക്കുക കൂടിയാണ്. താരതമ്യസാഹിത്യത്തിന്റെ അടിസ്ഥാന ശീലയായ സംസ്കാരങ്ങളുടെ കൈമാറ്റം കൂടുതലും നടന്നിട്ടുള്ളത്, നോവൽ-ചെറുകഥാ വിവർത്തങ്ങളിലൂടെയാണ്. വിവർത്തനം ആശയപരിവർത്തനമല്ല. ഒരുഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിൽ പിറക്കുന്ന കല കൂടിയാണ്. വായനക്കാരന് അത് ഒരു മൊഴിമാറ്റമാണെന്ന് തോന്നാതിരിക്കത്തക്കവണ്ണമുള്ള സ്വാഭാവികത വിവർത്തനത്തിന് ഉണ്ടായിരിക്കണം. അങ്ങനെ വരുമ്പോൾ വിവർത്തനം മൗലികമായ പുനസൃഷ്ടിയായി മാറും.

> ▶ വിവർത്തനം മൗലികമായ പുനസൃഷ്ടിയായി മാറും

ചെറുകഥയിലെ ധ്വന്യാത്മകത വിവർത്തനത്തിന്റെ വിഷയമാണ്. കാച്ചിക്കുറുക്കിയ വാക്യങ്ങളും കുറിക്കുക്കൊള്ളുന്ന പദശൈലികളും പ്രയോഗങ്ങളും പകർന്നു കിട്ടുക ഏറെ പ്രയാസകരമാണ്. ഒ. വി. വിജയന്റെ 'കടൽത്തീരത്ത്' എന്ന കഥയിൽ ജയിലിലേക്ക് പോകുന്ന വെള്ളായിയപ്പനെ വഴിയിൽ വച്ച് കാണുന്ന മണ്ണാത്തിയും, നാട്ടുകാരനുമായുള്ള സംഭാഷണത്തിലെ പേരുമാത്രമായുള്ള സംബോധനയിലടങ്ങിയ സങ്കടക്കടൽ എങ്ങനെയാണ് വിവർത്തനത്തിലൂടെ പകരാൻ കഴിയുന്നത്.

- കാച്ചിക്കുറുക്കിയ വാക്യങ്ങളും കുറിക്കുക്കൊള്ളുന്ന പദശൈലികളും

എങ്കിലും നാമിന്നു ഏറെ ഇഷ്ടപ്പെടുന്ന വിവർത്തന കൃതികളാണ് നോവലും ചെറുകഥയും. മലയാള നോവലിന്റെയും ചെറുകഥയുടെയും ഉൽപ്പത്തി തന്നെ വിവർത്തനകൃതികളിലൂടെയാണ്. മിസിസ് കോളിൻസിൽ തുടങ്ങിയ ഈ വിവർത്തന സ്വീകാര്യത പാവ്‌ലോ കോയ്‌ലോയുടെയും മറ്റും കൃതികൾ തങ്ങളുടെ സ്വന്തമായി കരുതുന്ന ഭാവുകത്വ പരിസരത്തിലേയ്ക്ക് മലയാളിയെക്കൊണ്ടെത്തിച്ചിരിക്കുന്നു.

- മലയാള നോവലിന്റെയും ചെറുകഥയുടെയും ഉൽപ്പത്തി തന്നെ വിവർത്തനകൃതികളിലൂടെയാണ്

## ശാസ്ത്രപരിഭാഷ

വിവർത്തന വിഷയത്തിൽ സർഗ്ഗാത്മകകൃതികളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശാസ്ത്രകൃതികളുടെ വിവർത്തനം. സർഗ്ഗാത്മക കൃതികളിൽ ഭാഷയ്ക്കും വികാരത്തിനുമായിരിക്കും പ്രാധാന്യം. എന്നാൽ ശാസ്ത്ര കൃതികളിൽ ഭാഷയെക്കാൾ വിഷയത്തിനാണ് മുൻതൂക്കം ഭാഷയ്ക്ക് പരിമിതമായ സ്ഥാനമാണുള്ളത്. ശാസ്ത്രവിവർത്തനത്തിൽ വിഷയ സ്ഥിരത അനിവാര്യമാണ്. ആലങ്കാരിക ഭാഷ തീർച്ചയായും ഒഴിവാക്കേണ്ടതാണ്. സൂക്ഷ്മതയാണ് ശാസ്ത്രവിവർത്തനത്തിന്റെ മുഖമുദ്ര. വച്ചുകെട്ടില്ലാത്തതും. സുശക്തവുമായ ഭാഷാ രീതി, ആകാവുന്നത്ര ലാളിത്യം എന്നിവ ശാസ്ത്ര വിവർത്തനത്തിൽ ഗൗരവതരമായി പരിഗണിക്കേണ്ട വസ്തുതയാണ്. ശാസ്ത്രം വിചാരപ്രധാനമായിരിക്കുകയാൽ ശാസ്ത്ര കൃതികളിൽ പദാനുപദവിവർത്തനമാണ് സാമാന്യമായി സ്വീകരിക്കേണ്ടത്. സാഹിത്യവിവർത്തനത്തെ അപേക്ഷിച്ചു ശാസ്ത്ര വിവർത്തകന് സ്വാതന്ത്ര്യം കുറവാണ്. ശാസ്ത്ര ഗ്രന്ഥങ്ങൾ രണ്ട് വിധമുണ്ട്.

- ശാസ്ത്രകൃതികളുടെ വിവർത്തനം

**1) പാഠപുസ്തകങ്ങൾ**

**2) പോപ്പുലർ സയൻസ് ഗ്രന്ഥങ്ങൾ.** പാഠപുസ്തകങ്ങളിൽ പദാനുപദമോ വാക്യാനുവാക്യമോ ആയ വിവർത്തനരീതി സ്വീകരിക്കാം. പോപ്പുലർ സയൻസ് ഗ്രന്ഥങ്ങളിലാവട്ടെ സ്വതന്ത്ര വിവർത്തനമാണ് സ്വീകരിച്ചുകാണുന്നത്.

ആശയ പ്രധാനമാണ് ശാസ്ത്രമെന്നതിനാൽ അതിന്റെ വിവർത്തനം വാക്യനിഷ്ഠവും പലപ്പോഴും പദനിഷ്ഠവുമാണ്. സ്രോതഭാഷയിലെ പദത്തിന്റെ വിചാരമൂല്യം അതേ അളവിൽ ലക്ഷ്യഭാഷയിൽ നൽകണം. വിചാരമൂല്യത്തെ കൃത്യമായി നിലനിർത്തിക്കൊണ്ട് ലക്ഷ്യപാഠത്തിന്റെ വാക്യഘടനയെ അനുസരിച്ചു കൊണ്ടുള്ള ഭാഷാന്തരമാണ് ശാസ്ത്രത്തിന്റെ ആവശ്യം. ഒരു സ്രോതഭാഷാപദത്തിന് തുല്യമായ പദം ലക്ഷ്യഭാഷയിൽ ഉണ്ടാകണമെന്നില്ല. സ്രോതഭാഷാ

പദത്തിന്റെ അർത്ഥ കൃത്യത ലക്ഷ്യഭാഷാപദത്തിന് ഉണ്ടാവണം എന്നത് പലപ്പോഴും സാധിക്കുകയില്ല. അപ്പോൾ വിവർത്തകന്റെ മുൻപിൽ മുഖ്യമായും രണ്ടു മാർഗ്ഗമാണുള്ളത്. 1) മൂല ഭാഷാപദം തത്സമരീതിയിൽ സ്വീകരിക്കുന്ന സമീപനം. ഇത് ഇംഗ്ലീഷിന്റെ കാര്യത്തിലും നടപ്പിലാക്കാവുന്നതാണ്. ഭാഷാപ്രത്യയങ്ങൾ, തദ്ധിതങ്ങൾ, കൃതികൃത് പ്രത്യയങ്ങൾ തുടങ്ങിയവും ഉപയോഗിച്ച് പുതിയ പദങ്ങൾ നിർമ്മിക്കാവുന്നതാണ്. ഉദാഹരണം; മെഷീനിമ **(Mechanicability)**, വാർക്കലിമ **(castability )**, ജ്യാമിതി**(Geometry)**, വോൾട്ടത**(voltage)**, റേഡിയോ ആക്ടിവത **(Radio Activity)**, കൊയാഗുലനം**(coagulation)**, ഓക്സീകരണം**(Oxidation)**, അയോണീകരണം **(Ionisation)**. സ്രോതഭാഷ പദം അതേപോലെ തന്നെ ഉപയോഗിക്കുന്നതിനു ഉദാഹരണമായി സൈറ്റോപ്ലാസം, സൈറ്റ്, ഗോൾഡൻ ഹാംസ്റ്റർ, ഹോർമോൺ. റെറ്റിന, ഏരിയൽ എന്നിവ ചൂണ്ടിക്കാട്ടാം. 2) ലക്ഷ്യ ഭാഷയിലെ പദ നിഷ്പത്തി ക്രമത്തെ അനുസരിച്ച് ഒരു പുതിയ പദം നിർമ്മിക്കുക. ഉദാഹരണം; **orbit**-ഭ്രമണപഥം, **Boiling point**-തിളനില, **freezing point**-ഉറയൻ നില, **who is who** -പരിചയ കോശം, **Resonance** - അനുനാദം. ഇങ്ങനെ സ്വീകരിക്കുന്ന പദങ്ങൾ പൊതുവായി അംഗീകാരം നേടേണ്ടതുണ്ട്. അതിനായി ആധികാരിക തലത്തിൽ സാങ്കേതിക പദങ്ങൾ നിർമ്മിക്കപ്പെടുകയും അംഗീകാരം നേടുകയും വേണം. ഇന്ന് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ പോലെയുള്ള സ്ഥാപനങ്ങൾ പല ശാസ്ത്രശാഖകൾക്കും ഗ്ലോസറികൾ നിർമ്മിച്ചിട്ടുണ്ട്. അവ സ്വീകരിച്ചിട്ടുള്ള ലക്ഷ്യ പാഠപദങ്ങൾ വിവാദമുക്തമല്ല.

- പദാനുപദമോ വാക്യാനുവാക്യമോ ആയ വിവർത്തന രീതി സ്വീകരിക്കാം
- സ്രോതഭാഷയിലെ പദത്തിന്റെ വിചാരമൂല്യം അതേ അളവിൽ ലക്ഷ്യഭാഷയിൽ നൽകണം

സാങ്കേതിക പദങ്ങളുടെ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട മുഖ്യകാര്യം സംക്ഷിപ്തതയും കൃത്യതയും ഉണ്ടായിരിക്കണം എന്നതാണ്. സ്രോത ഭാഷ പദങ്ങളിലെ സൂക്ഷ്മത മനസ്സിലാക്കുകയും ആ സൂക്ഷ്മബോധം വായനക്കാർക്കു പകർന്നു കൊടുക്കുകയും വേണം. ഉദാഹരണത്തിന് ഊർജതന്ത്രത്തിൽ **power -force** എന്നിവ വ്യത്യസ്തമായ ആശയം ഉൾക്കൊള്ളുന്നതിനാൽ വ്യത്യസ്തമായ പദങ്ങൾ തന്നെ ആവശ്യമാണ്.

- സാങ്കേതിക പദങ്ങളുടെ വിവർത്തനത്തിൽ സംക്ഷിപ്തതയും കൃത്യതയും ഉണ്ടായിരിക്കണം

സാങ്കേതിക പദങ്ങൾ ലക്ഷ്യ ഭാഷയിലേയ്ക്ക് കൃത്യമായി വിവർത്തനം ചെയ്യപ്പെടുന്നു എന്നതുകൊണ്ടു മാത്രം ശാസ്ത്ര വിവർത്തനത്തിന്റെ പ്രശ്നങ്ങൾ തീരുന്നില്ല. വാക്യം കൊണ്ടേ ഒരാശയം പൂർണ്ണമാവൂ എന്നതിനാൽ വാക്യം വ്യക്തവും കൃത്യവും ആയിരിക്കണം. അവിടെ വ്യാകരണം, വാക്യഘടനാബോധം, ഔചിത്യം ഇവയൊക്കെ ആവശ്യമാണ്. വാക്യവിവർത്തനം ലക്ഷ്യഭാഷാ ശൈലിക്ക് ഒത്തവിധമാണ് വേണ്ടത്. ഉദാഹരണം:

(1) Our rural economy was progressively deteriorating - 'നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥ പുരോഗമനപരമായി അധഃപതിച്ചുകൊണ്ടിരിക്കുന്നു' എന്ന് ഇതിനെ പദാനുപദമായി വിവർത്തനം ചെയ്യാം. എന്നാൽ വികൃതമായ വിവർത്തനമാണ് ഇത് എന്ന കാര്യത്തിൽ സംശയമില്ല. 'നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥ ക്രമത്തിൽ അധഃപതിച്ചു കൊണ്ടിരിക്കുന്നു'എന്നതാണ് മലയാള ശൈലി നിലനിർത്തി കൊണ്ടുള്ള കൃത്യമായ വിവർത്തനം.

**(2) Photo-Periodic influence alone cannot bring about flowering hormonal, genetical and nutritional factors have a role in it** ഇതിലെ പദാനുപദ തർജ്ജ്മ ഇങ്ങനെ ആവാം.

'പ്രകാശകല സ്വാധീനം കൊണ്ട് മാത്രം പുഷ്പിക്കുന്നതു കണ്ടുവരികയില്ല; ഹോർമോണിയവും ജനിതകവും ആഹാരസംബന്ധവുമായ ഘടകങ്ങൾക്കും അതിൽ പങ്കുണ്ട്'. പക്ഷേ ആശയ വ്യക്തതയില്ലാത്തതും നല്ല മലയാളത്തിൽ എഴുതപ്പെടാത്തതുമാണ് ഈ പദാനുപദവാക്യ വിവർത്തനം. "പൂക്കുന്നത് പ്രകാശകാലത്തിന്റെ സ്വാധീനം കൊണ്ട് മാത്രമല്ല ഹോർമോണുകളുടെയും ജനിതക ഘടകങ്ങളുടെയും പങ്കാളിത്തം കൂടി അതിലുണ്ട്''. എന്നാകുമ്പോൾ ഇവിടെ വിവർത്തനം കൃത്യമാണ്; വ്യക്തവുമാണ്. ആശയത്തിന്റെ കൃത്യത, അവ്യക്തമാവാതെയും സാങ്കേതികത്വം കൈവിടാതെയും ലക്ഷ്യഭാഷയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുക എന്നതാണ് ശാസ്ത്ര വിവർത്തനത്തിന്റെ മൗലിക പ്രശ്നം.

- ▶ വ്യാകരണം, വാക്യഘടനാബോധം, ഔചിത്യം ഇവയൊക്കെ ആവശ്യമാണ്
- ▶ വാക്യവിവർത്തനം ലക്ഷ്യഭാഷാ ശൈലിക്ക് ഒത്തവിധമാണ് വേണ്ടത്
- ▶ വസ്തുനിഷ്ഠവും കൃത്യവുമായ വിവർത്തന രീതി
- ▶ ലിപ്യന്തരണവും ശാസ്ത്രവിവർത്തനവും

## ചില വിവർത്തന മാതൃകകളെ പരിചയപ്പെടുത്തുന്നു.

വിവർത്തന സ്വഭാവത്തിന്റെ വിവിധ സ്വഭാവങ്ങൾ മനസ്സിലാക്കിയതിനു ശേഷം ചില മാതൃകകൾ പരിചയപ്പെടുന്നത് ചില പഠിതാക്കൾക്ക് കൂടുതൽ സഹായകരമായി മാറുന്നതാണ്. അതിലേക്കായി ഗദ്യം പദ്യരൂപത്തിലുള്ള ചില ഉദാഹരണങ്ങളും, സർക്കാർ ഉത്തരവിന്റെ ഒരു മാതൃകയും താഴെ കൊടുക്കുന്നു. ഇന്ന് ഭരണ ഭാഷ മാതൃഭാഷയിലേക്ക് മാറുന്നതിന്റെ പ്രാധാന്യം ഏറെ ചർച്ച ചെയ്യപ്പെടുന്ന സാഹചര്യമാണുള്ളത്. സർക്കാർ ഓഫീസിലെ എഴുത്തുകുത്തുകൾ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ നിലവിലുള്ള ശൈലികളും അവയുടെ വിവർത്തന രൂപങ്ങളും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

'ഇംഗ്ലീഷ് ഭാഷാ രീതിയിക്കു യോജിച്ച വിധം തയ്യാറാക്കിയതും പണ്ടു മുതൽ നടപ്പിലിരിക്കുന്നതുമായ ഫാറങ്ങളും മറ്റു മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ മലയാള ഭാഷാ രീതിയ്ക്കു യോജിച്ച വിധം അവ മാറ്റുകയും ലളിതമാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനാൽ ഇപ്പോൾ നിലവിലിരിക്കുന്ന ഇംഗ്ലീഷിലുള്ള തർജ്ജമ തയ്യാറാക്കുന്നതിനു പകരം അവ മലയാളരീതിക്കു യോജിക്കുന്ന വിധം രൂപഭേദപ്പെടുത്തി സൂക്ഷമ പരിശോധനയ്ക്കായി ഔദ്യോഗിക ഭാഷാ വകുപ്പിന് അയച്ചു തരേണ്ടതാണ്. അതിനു ശേഷം മാറ്റം വരുത്തിയ രീതിയിലുള്ള ഫാറങ്ങളും മറ്റും സർക്കാരിൽ നിന്നും അംഗീകരം വാങ്ങി അവ പ്രയോഗത്തിൽ വരുത്തേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു (1983 ജൂൺ 27 ലെ സർക്കാർ വിജ്ഞാപനം).

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് ഭരണഭാഷ മേഖലയിലെ വിവർത്തനത്തിന്റെ പ്രാധാന്യം ഏടുത്തു കാണിക്കുന്നു.

**1 ഗദ്യവിവർത്തന മാതൃക**

"ചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കുന്ന ഒരേയൊരു കാര്യം അതിൽനിന്നു നാം യാതൊന്നും പഠിക്കുന്നില്ല" എന്നതാണ്. ഇങ്ങനെ പ്രസിദ്ധമായൊരു ചൊല്ലുണ്ട്. നാം അത്യന്തം ശ്രദ്ധിക്കുകയാണെങ്കിൽ ചരിത്രത്തിൽനിന്നും പഠിക്കാൻ കുറച്ചേറെയുണ്ട്. നമ്മുടെ കേന്ദ്രം ദുർബ്ബലമായിരുന്നപ്പോൾ, ആഭ്യന്തരമായ അഭിപ്രായവൈരുദ്ധ്യങ്ങൾ പ്രകടമായിരുന്നപ്പോൾ, ക്ഷാമവും രോഗവും പരക്കാനിടയായപ്പോൾ, ഭരണം അശുദ്ധവും, അഴിമതി നിറഞ്ഞതും, ആയിരുന്നപ്പോൾ– അപ്പോഴെല്ലാം നാം പരാജയപ്പെടുകയാണുണ്ടായതെന്നു പഴയ ചരിത്രം നമുക്ക് കാണിച്ചുതരുന്നുണ്ട്. സുശക്തമായ ഭരണക്രമത്തിനെതിരെ പ്രവർത്തിക്കുന്ന വിധ്വംസകശക്തികളെ ചെറുത്തു നില്ക്കേണ്ടതിന്റെ അത്യാവശ്യകതയെക്കുറിച്ചാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഇന്നത്തെ ആവശ്യം നല്ലൊരു ഭരണകൂടമാണ്. ദേശീയമായ ഐക്യമാണ്, സാമ്പത്തികമായ പുനർനിർമ്മാണമാണ്. നമ്മുടെ നേതാക്കന്മാരും ജനതയും ഈ ലക്ഷ്യങ്ങൾ മനസ്സിൽ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

There is a well-known saying that the only thing we learn from history is that we learn nothing from it. If we are carefull, we can learn a great deal from history. Our past history demonstrate that we failed whenever our centre weakend. When internal disension became prominent, when famine and disease were allowed to spread, when administration became unclean and corrupt. There indicate the great need for warding off the forces that are subversive of state order. National unity, economic reconstruction and good Government are the needs of the hour. I hope these ends will be kept in view by our leaders and people.

**2. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.**

1. In Naranath prandhan's village there lived a very rich Nair who had for some time been suffering from grievous stomach ailment. He had already spent a lakh of rupees on his treatment. One day, as he was walking down the street, he saw prandhan sitting and counting ants. "How many"? he asked
"A lakh has gone by and another will go. Only then will it be all right" prandhan murmured.
The puzzled villager at first thought that prandhan was talking about the ants. Later, on reflection he realised that he would have to spend another lakh on treatment before he was cured.
And that is just what happened. After treatment worth another lakh of rupees the villager was cured of his disease.

നാറാണത്ത് ഭ്രാന്തൻറെ ഗ്രാമത്തിൽ കുറച്ചുകാലമായി കഠിനമായ ഉദരരോഗംകൊണ്ട് കഷ്ടപ്പെട്ടു കഴിയുന്ന ധനികനായ ഒരു നായരുണ്ടായിരുന്നു. ചികിത്സക്കായി ഒരു ലക്ഷത്തിലേറെ പണം അയാൾ ചെലവിട്ടു കഴിഞ്ഞിരുന്നു. ഒരു ദിവസം അയാൾ തെരുവിലൂടെ നടക്കുമ്പോൾ, നാറാണത്ത് ഭ്രാന്തൻ ഒരിടത്തിരുന്ന് ഉറുമ്പുകളെ എണ്ണുന്നത് കണ്ടു. "എത്രയായി? അയാൾ ചോദിച്ചു. "ഒരു ലക്ഷം പോയിക്കഴിഞ്ഞു. ഇനി ഒന്നുകൂടി പോകാനിരിക്കുന്നു. അതിനു ശേഷമേ എല്ലാം ശരിയാവൂ. ഭ്രാന്തൻ പിറുപിറുത്തു. അന്ധാളിച്ചുപോയ ആ ഗ്രാമീണൻ ആദ്യം വിചാരിച്ചത്, ഭ്രാന്തൻ ഉറുമ്പുകളെക്കുറിച്ചാണ് സംസാരിക്കുന്നതെന്നായിരുന്നു. ചികിത്സയ്ക്ക് ഒരു ലക്ഷം കൂടി ചെലവിട്ടാലേ രോഗം ശമിക്കു എന്നാണ് ഭ്രാന്തൻ അർത്ഥമാക്കിയതെന്നു പിന്നീടാണയാൾക്കു വെളിവുണ്ടായത്.

അതുതന്നെയാണ് സംഭവിച്ചതും. ഒരു ലക്ഷംകൂടി ചികിത്സക്കായി ചെലവിട്ടശേഷം ഗ്രാമീണന്റെ അസുഖം മാറി.

**കവിതാ വിവർത്തന മാതൃക**

1. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഒരു പ്രണയഗീതം എന്ന കവിത ഡോ.കെ.എം. തരകൻ വിവർത്തനം ചെയ്തത്

"അന്ധകാരത്തിൽപ്പരസ്പരം കൊല്ലുന്ന
ബന്ധങ്ങൾതൻ മഹാഭ്രാന്താലയങ്ങളിൽ
കുന്തിരിക്കപ്പുക ഭ്രൂണബലിയുടെ
ഗന്ധം മറയ്ക്കും വിവാഹരംഗങ്ങളിൽ
എങ്ങുമൊടുങ്ങാത്ത ജീവിതാസക്തികൾ
തൂങ്ങിമരിച്ച വഴിയമ്പലങ്ങളിൽ
കാരമുള്ളിന്റെ കിരീടവും ചൂടി നാം
തേടി നടന്നതു സൗഖ്യമോ മൃത്യുവോ?"

ഡോ.കെ.എം. തരകന്റെ പരിഭാഷ

In the darkness
in lunatic asylums
where the patients
Each other kill
On the wedding scenes
Where embryos are made
Burnt offering
In the taverns where
Desires of the life never satisfied

Hang themselved to death
Wearing the crown of thrones.
What do we look for
Pleasure or death?

**2. കുമാരനാശാന്റെ സങ്കീർത്തനം എന്ന കവിത സുഗതകുമാരി വിവർത്തനം ചെയ്തത്**

ചന്തമേറിയ പൂവിലും

ശബള,ഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരു
ചിത്രചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തുവിൻ

പ്രശസ്ത കവി സുഗതകുമാരിയുടെ പരിഭാഷ

Praise be to the Lord
The skill of whose hand
Shows itself in the lovely flower
And the colourful wings of the butterfly
Whose glances extend
Down the rays of the sun
And whose dwelling is
In the mind of man.

GOVERNMENT OF KERALA
Public (Political "A" )Department
CIRCULAR MEMORANDUM
No. 69732/Pol, A7/72/PD. Dated, Trivandrum, 16-9-1972.

Sub: V.I.P. Functions-Power supply arrangements-instructions issued.

It has come to the notice of Government that at an important function held at the Kanakakunnu Palace, in which the Governor and the Chief Minister participated, the lights went off and the public address system failed. An emergency lamp or petromax or any other lamp was not available All offices arranging such functions should ensure that adequate emergency lighting facilities are provided. The Executive Engineer (Electrical) should arrange for periodical and regular inspection of the emergency lamps in Government buildings being conducted and should satisfy himself that they are in working condition. The executive engineer (Electrical) will also depute a Junior Engineer to be present at functions where V.I.Ps are present, when his presence is requested by the Convener of the meeting. The Secretary of the department convening the conference will be responsible for information being conveyed to all the departments affording the services, for all functions attended by a Minister/Chief Minister or Governor at the capital. In regard to similar functions in the Districts, the senior-most District Officer will be responsible for conveying the information to the officers concerned.

G. BHASKARAN NAIR,
Special Secretary to Government
(Public)

To

All Heads of Departments and District Collectors.
All Departments of the Secretariat (All Sections)
All Offices of the Secretariat

Forwarded/By order,
(Sd.)
Section Officer.

ഭരണഭാഷാ വിവിർത്തന മാതൃക

**കേരള സർക്കാർ**
**പബ്ലിക് (പൊളിറ്റിക്കൽ എ) വകുപ്പ്**
**സർക്കുലർ മെമ്മോറാണ്ടം**

നമ്പർ, 69732/ പൊളിറ്റിക്കൽ എ 7/72പ.വ. തിരുവനന്തപുരം, 16. 9. 1972

വിഷയം:- വളരെ പ്രധാനപ്പെട്ട വ്യക്തികൾ (VIP) പങ്കെടുക്കുന്ന ചടങ്ങുകൾ- വൈദ്യുതവിതരണ ഏർപ്പാടുകൾ- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കനകക്കുന്നു കൊട്ടാരത്തിൽ വച്ച് ഗവർണ്ണറും മുഖ്യമന്ത്രിയും പങ്കെടുത്ത ഒരു പ്രധാനപ്പെട്ട ചടങ്ങിൽ വൈദ്യുത വെളിച്ചം ഇല്ലാതാവുകയും ഉച്ചഭാഷിണിയുടെ പ്രവർത്തനം നിലച്ചുപോകയും ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. എമർജൻസിലാമ്പോ, പെട്രോമാസ്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും വിളക്കോ ഉണ്ടായിരുന്നില്ല. ഇത്തരത്തിലുള്ള ചടങ്ങുകൾ ഏർപ്പാടു ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥന്മാരും അടിയന്തിരാവശ്യത്തിലേക്ക് വെളിച്ചം കിട്ടുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പാടു ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ കെട്ടിടങ്ങളിൽ അടിയന്തിര സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന വിളക്കുകൾ, കാലാകാലങ്ങളിൽ കൃത്യമായി പരിശോധന നടത്തുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർ(ഇലക്ട്രിക്കൽ) ഏർപ്പാടു ചെയ്യേണ്ടതും, അവ പ്രവർത്തനയോഗ്യമാണെന്ന് സ്വയം ബോധ്യപ്പെടേണ്ടതുമാണ്. വളരെ പ്രധാനപ്പെട്ട വ്യക്തികൾ പങ്കുകൊള്ളുന്ന ചടങ്ങുകളിൽ എക്സിക്യൂട്ടിവ് എൻജിനിയറു(ഇലക്ട്രിക്കൽ)ടെ സാന്നിദ്ധ്യം യോഗഭാരവാഹി ആവശ്യപ്പെടുമ്പോൾ, ഒരു ജൂനിയർ എൻജിനീയറെ പ്രസ്തുത ചടങ്ങുകളിൽ പങ്കുകൊള്ളാൻ അദ്ദേഹം നിയോഗിക്കേണ്ടതാണ്. തലസ്ഥാനത്തുവച്ച് ഒരു മന്ത്രിയോ മുഖ്യമന്ത്രിയോ ഗവർണ്ണറോ പങ്കെടുക്കുന്ന എല്ലാ ചടങ്ങുകൾക്കും വേണ്ടുന്ന സേവനങ്ങൾ നൽകുന്ന എല്ലാ വകുപ്പുകൾക്കും വിവരങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് സമ്മേളനം വിളിച്ചുകൂട്ടുന്ന വകുപ്പിന്റെ സെക്രട്ടറി ഉത്തരവാദിയായിരിക്കും. ജില്ലകളിൽ നടക്കുന്ന അത്തരം ചടങ്ങുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരെയും വിവരം അറിയിക്കുന്നതിന് യോഗം വിളിച്ചുകൂട്ടുന്ന വകുപ്പിന്റെ ഏറ്റവും ഉയർന്ന ജില്ലാ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

ജി. ഭാസ്കരൻ നായർ
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി
(പബ്ലിക്)

1. എല്ലാ വകുപ്പുതലവൻമാർക്കും ജില്ലാ കലക്ടർമാർക്കും
2. സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും)
3. സെക്രട്ടേറിയേറ്റിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും,

ഉത്തരവുപ്രകാരം/ അയക്കുന്നത്
സെക്ഷൻ ആഫീസർ

## Summarised Overview

വിവർത്തനത്തിലൂടെ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്ന കാര്യം പ്രധാനമാണ്. കവിത(കാര്യം) മാത്രമല്ല പലപ്പോഴും വിവക്ഷിതം പോലും മാറിപ്പോകാറുണ്ട്. ഓരോ ഭാഷയ്ക്കും അതിന്റേതായ തനിമയും ശൈലീവിശേഷങ്ങളുമുണ്ടെന്നതാണ് ഇതിനടിസ്ഥാനം. വാക്യഘടനാരീതിയിലും, അർത്ഥാന്വയക്രമത്തിലുമെല്ലാം ഇത്തരം ദുർഘടങ്ങൾ വന്നുചേരാറുണ്ട്. എങ്കിലും ലോകത്തെവിടെയുമുള്ള സാഹിത്യ-സംസ്കാര സംഭാവനകൾ എല്ലായിടത്തുമെത്താൻ വിവർത്തനമല്ലാതെ മറ്റു മാർഗ്ഗമില്ലാതായിതീർന്നിരിക്കുന്നു. വിവർത്തനം ചെയ്ത ഭാഗം മറ്റൊരു ഭാഷയിൽ നിന്നും പകർത്തിയതാമണെന്ന തോന്നലുണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്. ആശയം ചോർന്നു പോകാതാരിക്കലാണ് ഏറെ അഭികാമ്യം. വിവർത്തന സ്രോതസ് ഒന്നിൽ കൂടുതൽ ഭാഗം വായിച്ചു നോക്കി വിവക്ഷിതം പൂർണ്ണമായും മനസ്സിലായതിനു ശേഷമേ ലക്ഷ്യഭാഷാ പ്രവർത്തനത്തിലേക്കു കടക്കാവൂ. തുല്യപദം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ലക്ഷ്യഭാഷാ സംസ്കാരസമാനപദങ്ങൾ തെരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും. സങ്കീർണ്ണവാക്യങ്ങളേക്കാൾ ലഘുവാക്യങ്ങൾക്ക് പ്രാധാന്യം നൽകണം അർത്ഥശങ്കയ്ക്കിടയില്ലാത്ത വാക്കും, രീതിയും പ്രയോഗിക്കുന്നതിൽ വിവർത്തകൻ പൂർണ്ണ ശ്രദ്ധാലുവായിരിക്കണം. പ്രൗഢപദങ്ങൾക്കു വേണ്ടി ഏറെ ക്ലേശിക്കാതെ വിവർത്തനത്തിൻ മാറ്റു കൂട്ടുന്ന ലളിതപദങ്ങൾ കഴിവതും ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ചുരുക്കത്തിൽ നല്ല വിവർത്തനത്തിന്റെ ലക്ഷണം അതു വിവർത്തനമാണെന്ന് തോന്നാതിരിക്കലാണ്. മൗലികമായി എഴുതിയപോലെ സ്വച്ഛവും പ്രസന്നവുമായിരിക്കണം ഉത്തമവിവർത്തനം

## Assignments

1. തർജ്ജമയിൽ വരാവുന്ന അപാകതകൾ എന്തെല്ലാം?
2. സർഗ്ഗാത്മക വിവർത്തനം എന്നാലെന്ത്?
3. കവിത വിവർത്തനം ചെയ്യുമ്പോൾ വിവർത്തകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
4. വിവർത്തകനും കവിയും ഒരാളായിരിക്കുന്നതിന്റെ ഗുണങ്ങൾ എന്തെല്ലാം?
5. 'വിവർത്തനത്തിൽ യഥാർത്ഥ കവിത ചോർന്നു പോകുന്നു'-വിശദമാക്കുക.
6. നാടക വിവർത്തനം-കുറിപ്പെഴുതുക.
7. നോവൽ വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
8. ശാസ്ത്രപരിഭാഷയും സാങ്കേതിക പദങ്ങളും-ഉപന്യാസം തയ്യാറാക്കുക.
9. ശാസ്ത്രകൃതികൾ വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

## Suggested Readings

1. ഭാഷയും പരിഭാഷയും-സദാശിവൻ എം. പി
2. വിവർത്തന വിചിന്തനം-ഡോ. ആർസു
3. വിവർത്തനത്തിന്റെ ഭാഷാ ശാസ്ത്ര ഭൂമിക-ഡോ പി. ആർ. പ്രബോധചന്ദ്രൻ
4. A Linguistic Theory of Translation - J. C Catford
5. പ്രായോഗിക വിവർത്തന വിചിന്തനം-ഡോ. വിജയകുമാരൻ സി. പി. വി
6. വിവർത്തനം-ഒരു സംഘം ലേഖകൻ-ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
7. ഭാഷയും ഭാഷാന്തരണവും-ഡോ. കെ. എ. കോശി
8. വിവർത്തനവും ആശയ വിനിമയവും-ഡോ. കെ. വി തോമസ്

## References


1. വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. പ്രബോധന ചന്ദ്രൻ നായർ, വിവർത്തനചിന്തകൾ
3. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം
4. സച്ചിദാനന്ദൻ, കവിത വിവർത്തനം ചെയ്യുന്ന മൂന്നു വഴികൾ, പച്ചക്കുതിര, മാർച്ച് 21 2022
5. ഡോ. ആർ. വി. എം. ദിവാകരൻ, യന്ത്രവിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
6. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഭരണ ഭാഷ അകവും പുറവും-ചിന്താ പബ്ലിക്കേഷൻ, തിരുവനന്തപുരം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മലയാളം കംപ്യൂട്ടിങ്

## BLOCK-02

# Unit 1

# ഭാഷാസാങ്കേതികവിദ്യയുടെ ഉപയോഗം

## Learning Outcomes

- ഭാഷയും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു
- മലയാളഭാഷാ സാങ്കേതികത സംബന്ധിച്ച് സാമാന്യധാരണ രൂപപ്പെടുന്നു
- മലയാളത്തിന് സാങ്കേതികവിദ്യാമേഖലയിലുള്ള സാധ്യതകൾ മനസ്സിലാക്കുന്നു
- സൈബർ ലോകത്തെ മലയാള വിനിമയത്തെക്കുറിച്ചുള്ള ധാരണ

## Background

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളേയും വിവരസാങ്കേതികവിദ്യ ഗണ്യമായ വിധത്തിൽ സ്വാധീനിച്ചിരിക്കുന്നു. എല്ലാ മേഖലകളിലുമെന്നപോലെ ഭാഷയുടെ മണ്ഡലത്തിലും സാങ്കേതികവിദ്യയുടെ സജീവ സാന്നിധ്യം പ്രകടമാണ്. മലയാളഭാഷയുടെ തലത്തിൽ സാങ്കേതികവിദ്യയുടെ പ്രയോഗം സംബന്ധിച്ചുള്ള സാമാന്യധാരണ രൂപപ്പെടേണ്ടതുണ്ട്. ഭാഷാസാങ്കേതികത കാലികപ്രസക്തമായ പഠനമേഖലയായി മാറിയിട്ടുണ്ട്. മനുഷ്യന്റെ മുന്നോട്ടുള്ള ജീവിതഗതിയിൽ ഭാഷയും സാങ്കേതികവിദ്യയും സമന്വയിച്ചുകൊണ്ടുള്ള പ്രയാണം പ്രസക്തമാണ്. എന്നാൽ മലയാളഭാഷയുടെ കാര്യത്തിൽ വലിയ പുരോഗതിയിലേക്കെത്താനായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഭാഷാശാസ്ത്രവും കമ്പ്യൂട്ടർ സയൻസും സമന്വയിക്കുന്ന കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ ഉപശാഖയായ മലയാളഭാഷാ കമ്പ്യൂട്ടിങ് ഒരു പ്രധാന പഠനവിഷയമായി പരിഗണിക്കുന്നത്.

ഡിജിറ്റൽ യുഗത്തിൽ വേണ്ടത്ര സാങ്കേതിക മുന്നേറ്റം നടത്താത്ത ഒരു ഭാഷ തിരിച്ചുവരാനാവാത്ത വിധം വിസ്മൃതിയിലായി പോകും എന്നുള്ളതാണ് യാഥാർത്ഥ്യം. അതിനാൽ സാങ്കേതിക വിദ്യയുടെ ഭാഗമായി മാറാൻ മലയാളത്തിന് കഴിവും പ്രാപ്തിയും നല്കേണ്ടത് ആ ഭാഷയിൽ ഇടപെടുന്നവരുടെ ഉത്തരവാദിത്വം കൂടിയാണ്. പരിമിതികളെ സാധ്യതകളായി കണ്ട് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭാഷയെ സൈബറിടങ്ങളിൽ ഉപയോഗപ്രദമായി പ്രയോഗിക്കാൻ തുടങ്ങിയിട്ടുണ്ട് എന്നത് മലയാളത്തിന്റെ പ്രതീക്ഷവർദ്ധിപ്പിക്കുന്നു.

## Keywords

വിവരസാങ്കേതികവിദ്യ- ഭാഷാസാങ്കേതികവിദ്യ- മലയാളഭാഷാസാങ്കേതികവിദ്യ- മലയാളം കമ്പ്യൂട്ടിങ്: സാമാന്യ പരിചയം- മലയാളഭാഷാ കമ്പ്യൂട്ടിങ് സംരംഭങ്ങൾ.

## Discussion

### വിവരസാങ്കേതികവിദ്യ

> ▶ വിവരസാങ്കേതിക വിദ്യയുടെ ലോകം വിശാലമാണ്

സാങ്കേതികവിദ്യയുടെ സഹായത്തോടെ നടക്കുന്ന ജ്ഞാനനിർമ്മിതി, വിവരവിനിമയം, ദത്താപഗ്രഥനം തുടങ്ങിയവയാണ് സാമാന്യാർത്ഥത്തിൽ വിവരസാങ്കേതികവിദ്യ എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഇത് വളരെ വിശാലമായ മേഖലയാണ്. വിവരസാങ്കേതികതയ്ക്ക് കമ്പ്യൂട്ടറുമായി മാത്രമല്ല ബന്ധമുള്ളത്. വിവരവിനിമയത്തിനുപയോഗിക്കുന്ന സാങ്കേതികോപാധികളെല്ലാം ഇതിന്റെ പരിധിയിൽവരും. വിവരസാങ്കേതികവിദ്യ വിശാലമായ അറിവിന്റെ ലോകം മനുഷ്യന് പ്രാപ്തമാക്കുന്നതോടൊപ്പം സാമൂഹിക വികാസത്തിന് സഹായകമാവുകയും ചെയ്യുന്നുണ്ട്.

> ▶ ഭാഷാസാങ്കേതിക വിദ്യ

ഭാഷയും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുന്നത് ഇലക്ട്രോണിക് യുഗത്തിലാണ്. ആശയവിനിമയത്തിനായുണ്ടായ ഇലക്ട്രോണിക് സാമഗ്രികളിൽ ഭാഷ ഉപയോഗിക്കേണ്ടിവന്നപ്പോഴാണ് ഭാഷാസാങ്കേതികതയെന്ന പുതിയ മേഖലക്ക് വഴിതുറന്നത്. കമ്പ്യൂട്ടർ യുഗത്തിൽ മനുഷ്യഭാഷയെ ചേർത്തുപിടിക്കാതെ സാങ്കേതിക മേഖലയ്ക്ക് മുന്നോട്ട് ചലിക്കാനാവാത്ത സ്ഥിതിയുണ്ടായി. കമ്പ്യൂട്ടറിനോട് സംവദിക്കാൻ സവിശേഷമായൊരു ഭാഷാവ്യവസ്ഥതന്നെ രൂപപ്പെട്ടു. യന്ത്രഭാഷയെന്നറിയപ്പെടുന്ന ബൈനറി വ്യവസ്ഥയാണിത്. കമ്പ്യൂട്ടറുമായുള്ള ആശയവിനിമയത്തിനായി പൂജ്യവും ഒന്നും ചേർത്ത് രൂപപ്പെടുത്തിയ സംഖ്യാ ചേരുവകൾ ആധാരമാക്കിയുള്ളതാണ് ബൈനറി ലാംഗ്വേജ്. കമ്പ്യൂട്ടറിന് 0, 1 എന്നിങ്ങനെയുള്ള രണ്ട് സംഖ്യാമൂല്യങ്ങൾ മാത്രമേ തിരിച്ചറിയാനാവൂ. പൂജ്യവും ഒന്നും യഥാക്രമം ഇല്ല, ഉണ്ട് എന്ന അവസ്ഥകളെ പ്രതിനിധാനം ചെയ്യുന്നു.

> ▶ പ്രോഗ്രാമിങ് ഭാഷകൾ

കമ്പ്യൂട്ടറുമായുള്ള വിനിമയത്തിന് മനുഷ്യഭാഷയെ യന്ത്രഭാഷയിലേക്ക് പരിവർത്തനം ചെയ്ത് ഉപയോഗിക്കണം. ഇങ്ങനെ മാറ്റുന്നതിനായി ബൈനറി ലാംഗ്വേജിൽ അക്കങ്ങൾ ആവർത്തിച്ച് കോഡ് ചെയ്യുന്നത് വളരെയേറെ സമയവും സൂക്ഷ്മതയും ആവശ്യമുള്ള കാര്യമായിരുന്നു. ഇതിലെ മനുഷ്യാദ്ധ്വാനം ലഘൂകരിക്കുന്നതിനുള്ള അന്വേഷണങ്ങളാണ് പ്രോഗ്രാമിങ് ലാംഗ്വേജ് എന്ന ആശയത്തിലേക്കെത്തിച്ചത്. സി, കോബോൾ, ഫോർട്രാൻ തുടങ്ങിയ പ്രോഗ്രാമിങ് ഭാഷകളുടെ പിറവിയിലേക്ക് നയിച്ചത് ഈ സാഹചര്യമാണ്. കമ്പ്യൂട്ടറിൽ വിവരവിനിമയം സാധ്യമാകുന്നതിനുള്ള പ്രോഗ്രാമുകൾ രൂപപ്പെടുത്തുന്നത് പ്രോഗ്രാമിങ് ഭാഷകൾ ആധാരമാക്കിയാണ്. ഇന്ന് പ്രോഗ്രാമിങ്ങിനായി മനുഷ്യഭാഷതന്നെ നേരിട്ട് ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുകയാണ് സാങ്കേതികലോകം.

വിവര സാങ്കേതികവിദ്യയുടെ പ്രധാന ഘടകങ്ങൾ സാങ്കേതികോപാധികളും ദത്തങ്ങളുമാണ്. ദത്തങ്ങളുടെ ശേഖരണത്തിനും വിനിമയത്തിനും അപഗ്രഥനത്തിനും സാങ്കേതികോപകരണങ്ങളെ

ആശ്രയിക്കുന്നു. ഇന്ന് വിദൂര വിവരവിനിമയത്തിനായി ആഗോള വിവരശൃംഖല രൂപപ്പെട്ടിരിക്കുന്നു. ഇതാണ് ഇന്റർനെറ്റ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആഗോളാടിസ്ഥാനത്തിൽ പരസ്പര ബന്ധിതമായ സാങ്കേതികോപകരണങ്ങളുടെയും വിവരശേഖരങ്ങളുടേയും ദത്തങ്ങളുടെയും ശൃംഖലയാണ് ഇന്റർനെറ്റ്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നതും കൃത്യമായ അതിര് നിശ്ചയിക്കാനാവാത്തതും ആദിമധ്യാന്തമില്ലാത്തതുമായ ഇന്റർനെറ്റ് മാനവരാശിക്ക് പ്രാപഞ്ചിക വിവരവിനിമയത്തിനുള്ള ശൃംഖലാ സംവിധാനമായി ഉപകരിക്കുന്നു. വിവരവിനിമയം ഉൾപ്പെടെ എല്ലാ പ്രക്രിയകളും തത്സമയം നടത്താനും വിവരാധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും വിവരവിനിമയശൃംഖല സഹായകമാണ്. വിവരങ്ങൾ എത്ര അളവിലും ദൂരപരിധിയില്ലാതെ തത്സമയം എത്തിക്കാൻ വിവരവിനിമയശൃംഖലയിലൂടെ കഴിയുന്നു. വിവരോത്പാദനവും വിതരണവും വിനിമയവും സേവനങ്ങളും ഉല്ലാസമാധ്യമങ്ങളുമെല്ലാം ഈ ശൃംഖലയിലൂടെ പുനഃസംഘടിപ്പിക്കപ്പെടുന്നു. മനുഷ്യന് കൂട്ടായ്മയ്ക്കായി യഥാർത്ഥ ലോകത്തിനുപുറമെ മറ്റൊരു പ്രതീതി ലോകം (Virtual World) സൃഷ്ടിക്കാൻ ഇൻഫർമേഷൻ ടെക്നോളജിയുടെ ഭാഗമായുണ്ടായ വിവരവിനിമയ ശൃംഖലയ്ക്ക് സാധിച്ചിരിക്കുന്നു. ഇത് ലോകത്തെ ഓഫ്‌ലൈൻ/ ഓൺലൈൻ എന്നിങ്ങനെ രണ്ടായി വേർതിരിക്കുന്നതിലേക്കെത്തിയിരിക്കുകയാണ്. പരിമിതികളില്ലാത്ത ആശയവിനിമയവ്യവസ്ഥ ജനാധിപത്യത്തിന്റെ ആഴത്തിലുള്ള വേരോട്ടത്തിന് പശ്ചാത്തലമൊരുക്കിയിരിക്കുന്നു.

- ▶ പരിമിതികളില്ലാത്ത ആശയവിനിമയ വ്യവസ്ഥ

### ഭാഷാസാങ്കേതികവിദ്യ

വിവരങ്ങൾ വിനിമയം ചെയ്യുന്നതിനും ഏതെങ്കിലും വിധത്തിൽ രേഖപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ആരംഭം മുതലുണ്ടായിരുന്നു. പ്രാക്തനയുഗത്തിൽ സുഘടിതമല്ലാത്ത ശബ്ദങ്ങളും പ്രതീകങ്ങളും അംഗവിക്ഷേപങ്ങളുമൊക്കെയാവാം വിവരവിനിമയത്തിനുപയോഗിച്ചിരിക്കുക. വളരെക്കാലത്തിനുശേഷമായിരുന്നിരിക്കാം നിയതമായ ഘടനയോടുകൂടിയ ഭാഷ എന്ന വ്യവസ്ഥ രൂപപ്പെട്ടിരിക്കുക. കാലത്തെയും ദൂരത്തെയും മറികടന്ന് വിവരങ്ങൾ കൈമാറാനുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോഴാണ് സങ്കേതങ്ങളുടെ സഹായം മനുഷ്യന് ആവശ്യമായി വന്നത്. ചിത്രണം, എഴുത്ത്, കൊത്തുവേലകൾ എന്നിവയൊക്കെ ആരംഭിക്കുവാൻ സാങ്കേതികതയുടെ സഹായം ആവശ്യമായി വന്നു. പ്രാക്തനയുഗത്തിൽ എഴുത്താണിയും കൂർത്ത കല്ലുകളും തൂവലുകളുമൊക്കെ സാങ്കേതികോപകരണങ്ങളായിരുന്നെങ്കിൽ ഇന്നത് കമ്പ്യൂട്ടറിലും സ്മാർട്ട് ഫോണിലുമെത്തിനിൽക്കുന്നു. അച്ചടിയന്ത്രങ്ങൾ, ടെലഗ്രാം, റേഡിയൊ, ടെലിവിഷൻ, ടെലിഫോൺ, കമ്പ്യൂട്ടർ, മൊബൈൽഫോൺ, ഇന്റനെറ്റ് തുടങ്ങിയ സാങ്കേതികോപാധികൾ ഇതിനിടയിലുള്ള കണ്ണികളാണ്. ഇന്റർനെറ്റ് എന്ന സങ്കേതത്തിലേക്ക് വിവരവിനിമയം വന്നെത്തുന്നത് മേൽപറഞ്ഞ കണ്ണികളിലൂടെയാണ്. അതിനാൽ ഇൻഫർമേഷൻ ടെക്നോളജി എന്നത് കേവലം കമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും മാത്രം ലോകമല്ല. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിൽ വിവരസാങ്കേതിക വിദ്യാരംഗത്ത് വലിയൊരു കുതിച്ചുചാട്ടംതന്നെ നടന്നു.

- ▶ വിവരങ്ങൾ കൈമാറാനുള്ള ശ്രമങ്ങൾ

- ഭാഷയും സാങ്കേതികവിദ്യയും ബന്ധം സ്ഥാപിക്കുന്നത് എഴുത്തിലൂടെ
- വിദൂര വിവരവിനിമയത്തിനായി രൂപപ്പെട്ട ആഗോള വിവരശൃംഖലയാണ് ഇന്റർനെറ്റ്
- ഓൺലൈൻ/ ഓഫ്‌ലൈൻ എന്ന വേർതിരിവിനാധാരം ഇന്റർനെറ്റ്
- ബൈനറി ലാംഗ്വേജ്, പ്രോഗ്രാമിങ് ലാംഗ്വേജ്

## മലയാളഭാഷാസാങ്കേതികവിദ്യ

- മലയാളഭാഷയും സാങ്കേതികവിദ്യയും

വളരെ സങ്കീർണമായ ലിപിവ്യവസ്ഥയുള്ള ഭാഷയാണ് മലയാളം. മലയാളഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്നത് അച്ചടിയുടെ ആരംഭത്തോടെയാണ്. മലയാളലിപികൾ ആദ്യമായി മുദ്രിതമാവുന്നത് 1768-ൽ ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിൽ അച്ചടിച്ച 'ഹോർത്തൂസ് മലബാറിക്കസ്സി'ലാണ്. കൈയെഴുത്ത് ലിപി മാതൃകയെ അനുകരിച്ചുള്ളതായിരുന്നു ഹോളണ്ടിലെ അച്ചടി. 1772-ൽ റോമിൽനിന്ന് അച്ചടിച്ച 'സംക്ഷേപവേദാർത്ഥ'മാണ് പൂർണമായും മലയാളത്തിൽ അച്ചടിച്ച ആദ്യ പുസ്തകം. ഇന്ത്യയിൽനിന്ന് ആദ്യമായി മലയാളം അച്ചടിക്കുന്നത് ബോംബെയിലെ കുറിയർ പ്രസ്സിലാണ് (1811). കേരളത്തിൽ മലയാളം അച്ചടിക്ക് തുടക്കമിടുന്നത് ബെഞ്ചമിൻ ബെയ്‌ലിയാണ് (1821). ലിപികളുടെ ലോഹനിർമ്മിത അച്ചുകൾ രൂപപ്പെടുത്തി കോട്ടയം സി. എം. എസ്. പ്രസ്സിൽനിന്ന് ബെയ്‌ലി മലയാളം അച്ചടിക്ക് അടിത്തറയൊരുക്കി. ബെയ്‌ലിക്കുശേഷം ഹെർമ്മൻ ഗുണ്ടർട്ട് ഉത്തരകേരളത്തിൽ മലയാളം അച്ചടിക്ക് നാന്ദി കുറിച്ചു. കല്ലച്ചിലാണ് ഗുണ്ടർട്ടിന്റെ മലയാളം അച്ചടി തുടങ്ങുന്നത്. ബെയ്‌ലിയും ഗുണ്ടർട്ടും രൂപപ്പെടുത്തിയ ലിപിമാതൃകകൾ ടൈപ് റൈറ്റർ പ്രചാരത്തിൽ വരുന്നതുവരെ വലിയ മാറ്റങ്ങളില്ലാതെ അച്ചടിയിലും എഴുത്തിലും തുടർന്നു.

അച്ചടിക്കുശേഷം മലയാളഭാഷയിൽ സാങ്കേതികവിദ്യയ്ക്കനുസരിച്ച് കാര്യമായ മാറ്റം ആവശ്യമായിവന്നത് ടൈപ്പ്റൈറ്റർ ഉപയോഗത്തിൽ വന്നപ്പോഴാണ്. അച്ചടിയിൽ ഉണ്ടായിരുന്ന അത്രയും ലിപികൾ ടൈപ്പ് റൈറ്ററിൽ ഉൾക്കൊള്ളിക്കാനാകുമായിരുന്നില്ല. അതിനാൽ ടൈപ്പ് റൈറ്ററിൽ ഉപയോഗിക്കുന്നതിനായി മലയാളലിപി പരിഷ്കരിക്കാൻ തീരുമാനിച്ചു. ഉ, ഊ, ഋ, റ/ര എന്നിവയുടെ ഉപലിപികൾ വ്യഞ്ജനങ്ങളിൽനിന്നും വേർപ്പെടുത്താനും പ്രചാരം കുറഞ്ഞ കൂട്ടക്ഷരങ്ങൾ ചന്ദ്രക്കലയിട്ട് പിരിച്ചെഴുതാനുമായിരുന്നു ലിപിപരിഷ്കരണ കമ്മിറ്റിയുടെ നിർദ്ദേശം. ഈ പരിഷ്കരണത്തെത്തുടർന്ന് മലയാളത്തിലെ ലിപിസംഖ്യ തൊണ്ണൂറിലൊതുങ്ങുകയും ടൈപ്പ് റൈറ്റർ ഉപയോഗം സാധ്യമാവുകയും ചെയ്തു. ഈ പരിഷ്കരണം ടൈപ്പ് റൈറ്ററിൽ ഉപയോഗിക്കാൻവേണ്ടി മാത്രമായിരുന്നതിനാൽ പഴയലിപിയും വ്യവഹാരത്തിൽ നിലനിന്നു. ഇതുകാരണം പഴയലിപിയും പുതിയലിപിയും രണ്ടും കൂടിക്കലർന്ന സങ്കരലിപിയും മലയാളം അച്ചടിയിലും

മലയാളലിപി പരിഷ്കരിച്ചു

എഴുത്തിലും നിലനിന്നു. ഇത് നിത്യവ്യവഹാരത്തിലും വിദ്യാർത്ഥികളുടെ ഭാഷാപഠനത്തിലും ആശയക്കുഴപ്പങ്ങളുണ്ടാക്കി. ടൈപ്പ് റൈറ്റർ സാങ്കേതികവിദ്യ മലയാളലിപിവ്യവസ്ഥയെ കലുഷിതമാക്കിയെന്ന വിമർശനം ഉയർന്നു.

കമ്പ്യൂട്ടർ പ്രചാരത്തിൽവരികയും ടൈപ്പ്റൈറ്റർ പ്രചാരലുപ്തമാവുകയും ചെയ്തെങ്കിലും ടൈപ്പ് റൈറ്ററിനുവേണ്ടി ഒരുക്കിയ ലിപിമാല ഭാഷയിൽ നിലനിന്നു. ടൈപ്പ് റൈറ്റർ ലിപിയാണ് ആദ്യകാലത്ത് കമ്പ്യൂട്ടറിലും ഉപയോഗിക്കുവാൻ ശ്രമിച്ചത്. എന്നാൽ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ അനുഭവിച്ചപ്പോൾ ലിപിപരിഷ്കരണത്തിനുള്ള ശ്രമങ്ങൾ വീണ്ടുമുണ്ടായി. 'മലയാളത്തനിമ' എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലിപിപരിഷ്കരണവും കമ്പ്യൂട്ടറിനുവേണ്ടി ശൈലീപുസ്തവും കൊണ്ടുവന്നെങ്കിലും അത് പ്രാവർത്തികമായില്ല. ്ര, ്വ എന്നിവയുടെ ചിഹ്നങ്ങൾ ഒഴിവാക്കുകയും പകരം അവയ്ക്കുവേണ്ടി പൂർണമായ ലിപിരൂപങ്ങൾതന്നെ ഉപയോഗിച്ചാൽ മതിയെന്നുമായിരുന്നു മലയാളത്തനിമയുടെ പ്രധാനവാദം (ഉദാ: കൃഷ്ണൻ- ക്റ്ഷ്ണൻ, പ്രവർത്തി- പ്റവർത്തി). എന്നാൽ 1999-ൽ രചന അക്ഷരവേദി മലയാളത്തിലെ കൂട്ടക്ഷരങ്ങൾ മുഴുവൻ കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിക്കാനാകുമെന്ന് തെളിയിച്ചതോടെ മലയാളത്തനിമയുടെ വാദങ്ങൾ അപ്രസക്തമായി. കമ്പ്യൂട്ടറിലെ ഭാഷാപ്രയോഗം മുന്നിൽകണ്ട് പിൽക്കാലത്തും ലിപിപരിഷ്കരണ നിർദ്ദേശങ്ങൾ ഉയർന്നുവന്നെങ്കിലും അവയൊന്നും പ്രാവർത്തികമായില്ല. ഭാഷയും സാങ്കേതികവിദ്യയും പ്രതിസന്ധിയിലാവുന്ന ഘട്ടങ്ങളിലാണ് പരിഷ്കരണ ശ്രമങ്ങൾ നടന്നത്. പിന്തിരിഞ്ഞ് നോക്കുമ്പോൾ അവ അപ്രസക്തമാവുന്നതായി അനുഭവപ്പെട്ടേക്കാം.

കൂട്ടക്ഷരങ്ങൾ മുഴുവൻ കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിക്കാം

മലയാളം കമ്പ്യൂട്ടിങ്ങിന്റെ തുടക്കം കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയിൽ നിന്നാണ്. അച്ചടിക്കുവേണ്ടി മലയാളം ടൈപ്പുചെയ്യാനാണ് കമ്പ്യൂട്ടറിനെ ആശ്രയിച്ചത്. ഓഫ്സെറ്റ് പ്രസ്സുകളിലും പിന്നീട് ഡി.ടി.പി സെന്ററുകളിലും മലയാളം ടൈപ്പുചെയ്ത് പ്രിന്റുചെയ്യുന്നതിന് കമ്പ്യൂട്ടർ ഉപയോഗിച്ചു. 1980-കളിലാണ് കമ്പ്യൂട്ടർ സഹായത്തോടെയുള്ള മലയാളം ഓഫ്സെറ്റ് പ്രിന്റിങ്ങിനും ഡി.ടി.പിക്കും തുടക്കമാകുന്നത്. ആദ്യകാലത്ത് വൻകിട പുസ്തക പ്രസാധകരും മാധ്യമ സ്ഥാപനങ്ങളുമാണ് കമ്പ്യൂട്ടറധിഷ്ഠിത മലയാളം അച്ചടി തുടങ്ങിയത്. 1990-കളിൽ കേരളത്തിൽ പേഴ്സണൽ കമ്പ്യൂട്ടറുകൾ പ്രചാരത്തിൽ വന്നതോടെയാണ് ഡി.ടി.പി സെന്ററുകൾ കണ്ടുതുടങ്ങുന്നത്. പെഴ്സണൽ കമ്പ്യൂട്ടർ, അതിനോട് ബന്ധിപ്പിച്ച ചെറിയ പ്രിന്റർ എന്നിവയുണ്ടെങ്കിൽ ഒരു മേശപ്പുറത്ത് അച്ചടി സാധ്യമാകുന്ന സാങ്കേതികവിദ്യയായിരുന്നു ഡി.ടി.പി അഥവാ ഡെസ്ക് ടോപ്പ് പബ്ലിഷിങ്. മലയാളം ഡി.ടി.പി കൂടുതൽ ജനകീയമാവുന്നത് ഇന്ത്യൻ ഭാഷകൾ ടൈപ്പുചെയ്യാനായി സി.ഡാക് രൂപപ്പെടുത്തിയ ഐ.എസ്.എം ലേ ഔട്ടിലുള്ള ഇൻസ്ക്രിപ്റ്റ് കീബോർഡിന്റെ വരവോടെയാണ്. സി.ഡാക് നിർമ്മിച്ച രേവതി, കാർത്തിക എന്നീ മലയാളം ഫോണ്ടുകളും അച്ചടിയിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ആസ്കി, ഇസ്കി എൻകോഡിങ് വ്യവസ്ഥകളെ ആധാരമാക്കിയാണ് അച്ചടിയുടെ ആരംഭത്തിൽ മലയാളഭാഷാ കമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ മുന്നേറിയത്.

സി.ഡാക് നിർമ്മിച്ച ഫോണ്ടുകൾ

1990-കൾക്കുശേഷം കമ്പ്യൂട്ടറുകളും സെർവ്വറുകളും പരസ്പരം ബന്ധിപ്പിച്ച് വിവരവിനിമയം ചെയ്യാവുന്ന വിധത്തിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ നിലവിൽവന്നു. ഇന്റർനെറ്റിന്റെ വരവോടെയാണ് മലയാള ലിപികൾക്ക് യൂണിക്കോഡിൽ ഇടംകിട്ടുന്നത്. 1999-ലാണ് മലയാളം യൂണിക്കോഡ് പേജ് നിലവിൽവരുന്നത്. യൂണിക്കോഡ് എൻകോഡിങ്ങിനെ അടിസ്ഥാനമാക്കി മലയാളം ഫോണ്ടുകൾ വരുന്നതോടെയാണ് ഇന്റർനെറ്റിൽ വ്യവഹരിക്കുന്ന ഭാഷയായി മലയാളം മാറുന്നത്. സൈബർ സ്പെയ്സിൽ മലയാളഭാഷയുടെ സാന്നിധ്യം പ്രകടമാകുന്നത് യൂണിക്കോഡ് കാലഘട്ടത്തിലാണ്. മലയാളം വെബ്സൈറ്റുകൾ, പോർട്ടലുകൾ, ബ്ലോഗുകൾ, സാമൂഹിക മാധ്യമങ്ങൾ, ഇ. പ്രസാധനം തുടങ്ങിയ മേഖലകളിൽ മലയാളഭാഷയുടെ സാന്നിധ്യം ശക്തമാകുന്നതിൽ ഇന്റനെറ്റും യൂണിക്കോഡും വലിയ പങ്കുവഹിച്ചു. വൈയക്തികമായ ആശയവിനിമയവും സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിലെ ആശയപ്രകാശനവും സംവാദങ്ങളുമെല്ലാം മാതൃഭാഷയായ മലയാളത്തിൽ സാധ്യമായത് ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ രണ്ടാം ഘട്ടമായ യൂണിക്കോഡ് കാലഘട്ടത്തിലാണ്.

- യൂണിക്കോഡ് ഘട്ടം

- ഇലക്ട്രോണിക് യുഗത്തിൽ മലയാളവും സാങ്കേതികതയും തമ്മിലുള്ള ബന്ധം ദൃഢമാവുന്നു
- മലയാളത്തിലെ ആദ്യത്തെ ഔദ്യോഗിക ലിപിപരിഷ്കരണം ടൈപ്പ് റൈറ്ററിനുവേണ്ടി
- കമ്പ്യൂട്ടറിനുവേണ്ടി ലിപിപരിഷ്കരണം നടത്തേണ്ട ആവശ്യമില്ല

## മലയാളം കമ്പ്യൂട്ടിങ്: സാമാന്യ പരിചയം

കമ്പ്യൂട്ടർ സഹായത്തോടെ ഭാഷാ സംസ്കരണ, ഉത്പാദക- വിവരവിനിമയ പ്രക്രിയകൾ സാധ്യമാകുന്നതോടെ സാങ്കേതികതയുടെ നവയുഗത്തിന് നാന്ദി കുറിക്കുന്നു. ഈ ഘട്ടത്തിൽ അച്ചടിയുടേയും വെബ് കണ്ടന്റിന്റെയും ഘട്ടങ്ങൾ പിന്നിട്ട് ഭാഷ സാങ്കേതികതയുടെ വിശാലമായ ലോകത്തേക്ക് പ്രവേശിക്കുന്നു. ഭാഷാ സംസ്കരണ-ഉത്പാദക പ്രക്രിയകൾക്ക് കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചു തുടങ്ങിയ കാലമാണിത്. ഇത്തരത്തിലുള്ള കമ്പ്യൂട്ടിങ് പ്രക്രിയകൾ വിവിധ തലങ്ങളിലായി ആരംഭിക്കുന്നു. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും വൈയക്തികവുമായ സംഭാവനകൾ മലയാളഭാഷാ കമ്പ്യൂട്ടിങ്ങിലുണ്ടായിട്ടുണ്ട്. ഇവയ്ക്ക് ഏകോപന സ്വഭാവമോ പൂർവ്വാപര ബന്ധമോ ഇല്ലാത്തതിനാൽ കൃത്യമായി രേഖപ്പെടുത്തുന്നത് ശ്രമകരമാണ്. ഇതുകൂടാതെ ഓപ്പൺ സോഴ്സിൽ സ്വതന്ത്ര സോഫ്റ്റുവെയറുകളെ അടിസ്ഥാനമാക്കിയും കുത്തക സോഫ്റ്റുവെയറുകളെ അടിസ്ഥാനമാക്കിയുമുള്ള കമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ നടക്കുന്നു. കീ ബോർഡ് ലേഔട്ട്, ടെക്സ്റ്റ് എഡിറ്റർ, ഫോണ്ട്, ഓൺലൈൻ ഡിക്ഷനറി, സ്പെൽ ചെക്കർ, സോർട്ടർ, സ്പീച്ച് ടു ടെക്സ്റ്റ്, ടെക്സ്റ്റ് ടു സ്പീച്ച്, ഹൈഫനേഷൻ, മെഷീൻ ട്രാൻസ്‌ലേഷൻ, മേഷീൻ ലേണിങ്, ഡാറ്റാ ബേസ്, മോർഫോളജിക്കൽ അനലൈസർ എന്നിവ

> ▶ മലയാളം കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

യിൽതുടങ്ങി ആർട്ടിഫിഷ്യൽ ഇന്റലിജെന്റസിന്റെ തലത്തിലേക്കുള്ള അന്വേഷണങ്ങളുടെ പാതയിലാണ് മലയാളഭാഷാ കമ്പ്യൂട്ടിങ്. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിൽ വലിയ സംഭാവനകൾ നൽകിയ ചില സംരംഭങ്ങളെക്കുറിച്ച് താഴെ വിവരിക്കുന്നു.

**1. സി.ഡാക്ക്**

> ▶ സി. ഡാക്ക് തയ്യാറാക്കിയ ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേഔട്ട്

മലയാളഭാഷാ കമ്പ്യൂട്ടിങ്ങിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കിയ ഔദ്യോഗിക സ്ഥാപനമാണ് സി.ഡാക്ക്. ഇന്ത്യൻ ഭാഷകൾക്ക് പൊതുവായി സി.ഡാക്ക് തയ്യാറാക്കിയ ഇൻസ്ക്രിപ്റ്റ് കീ ബോർഡ് ലേ ഔട്ടാണ് അച്ചടിക്കായി മലയാളം ടൈപ്പുചെയ്യാൻ സഹായകമായത്. കീ ബോർഡ് ലേ ഔട്ട് കൂടാതെ മലയാളം അച്ചടിക്കായി രേവതി, കാർത്തിക തുടങ്ങിയ ഫോണ്ടുകളും സി.ഡാക്ക് പുറത്തിറക്കി. ഇതിനുപുറമെ മലയാളത്തിനായി വിവിധോദ്ദേശ്യ പ്രോഗ്രാമുകളും സി.ഡാക്ക് പുറത്തിറക്കിയിട്ടുണ്ട്.

> ▶ മലയാളം ഓപ്പൺ ഓഫീസ് സോഫ്റ്റ്‌വെയർ

അതിൽ പ്രധാനപ്പെട്ടതാണ് മലയാളം ഓപ്പൺ ഓഫീസ് സോഫ്റ്റ്‌വെയർ. മൈക്രോസോഫ്റ്റ് ഓഫീസ് മാതൃകയിൽ ഓപ്പൺ സോഴ്സിൽ ലഭ്യമായ മലയാളം ഓഫീസ് സോഫ്റ്റ്‌വെയറാണിത്. വരമൊഴിയെ വാമൊഴിയിലേക്ക് മാറ്റുന്നതിനുള്ള സുഭാഷിണി എന്ന പ്രോഗ്രാമും സി.ഡാക്ക് വികസിപ്പിച്ചിട്ടുണ്ട്. നയന എന്ന പേരിലുള്ള ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ സിസ്റ്റമാണ് മറ്റൊരു സംഭാവന.

> ▶ സോഫ്റ്റ്‌വെയറുകൾ പുതുക്കാതിരുന്നത് പരിമിതിയാണ്

മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ആദ്യകാലങ്ങളിലാണ് സി.ഡാക്കിന്റെ പ്രവർത്തനങ്ങൾ കാര്യമായി നടന്നത്. പിൽക്കാലത്ത് കാലാനുസൃതമായി പ്രോഗ്രാമുകളിൽ പുതുക്കലുകൾ നടക്കാതിരുന്നതും മാറുന്ന സാങ്കേതികവിദ്യയ്ക്കനുസൃതമായി പുരോഗമിക്കാനാവാതിരുന്നതും സി.ഡാക്കിന്റെ സംരംഭങ്ങളെ പരിമിതപ്പെടുത്തി.

**2. രചന അക്ഷരവേദി**

മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ചരിത്രത്തിൽ വ്യക്തമായി അടയാളപ്പെടുത്തേണ്ടതാണ് രചന അക്ഷരവേദിയുടെ പ്രവർത്തനങ്ങൾ. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിനായി പ്രവർത്തിച്ച ആദ്യത്തെ സന്നദ്ധ സംഘടനയാണ് രചന അക്ഷരവേദി. കമ്പ്യൂട്ടറിൽ ഇംഗ്ലീഷ് മാത്രം ഉപയോഗിക്കാൻ സാധിച്ചിരുന്ന കാലത്ത് മാതൃഭാഷയായ മലയാളത്തിന്റെ വിനിമയംകൂടി സാധ്യമാക്കുകയെന്നതായിരുന്നു ഈ സന്നദ്ധസംഘത്തിന്റെ രൂപീകരണലക്ഷ്യം. 1999-ൽ കേരള സർവ്വകലാശാല ലെക്സിക്കൺ പഠനവിഭാഗത്തിലെ ആർ. ചിത്രജകുമാർ, എൻ. ഗംഗാധരൻ, പീച്ചി വനഗവേഷണകേന്ദ്രത്തിലെ കെ. എച്ച്. ഹുസൈൻ തുടങ്ങിയവർ ചേർന്നാണ് രചന അക്ഷരവേദിക്ക് തുടക്കം കുറിച്ചത്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ടൈപ്പ് റൈറ്റർ ലിപി കമ്പ്യൂട്ടറിൽ ഉപയോഗിക്കാനുള്ള മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കെയാണ് മലയാളത്തിലെ സമഗ്രലിപികളും കമ്പ്യൂട്ടറിൽ ഉപയോഗിക്കാനാവുമെന്ന വാദവുമായി രചന അക്ഷരവേദി വരുന്നത്. ആസ്കി എൻകോഡിങ്ങിന്റെ കാലഘട്ടത്തിൽതന്നെ മലയാളത്തിലെ മുഴുവൻ കൂട്ടക്ഷരലിപികളും എൻകോഡ് ചെയ്യുന്നതിൽ രചന അക്ഷരവേദി വിജയിച്ചു. ഈ ലിപികൾ ടൈപ്പുചെയ്യുന്നതിനായി രചന ടെക്സ്റ്റ് എഡിറ്ററും വികസിപ്പിച്ചു.

1999-ലാണ് മലയാളത്തിന്റെ പ്രഥമ യൂണിക്കോഡ് പേജ് നിലവിൽവരുന്നത്. അന്ന് മലയാളലിപികളുടെ യൂണിക്കോഡ് എൻകോഡിങ്ങിന് അടിത്തറയൊരുക്കിയത് രചന അക്ഷരവേദിയാണ്. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന് ഏറ്റവും അനുയോജ്യം ടൈപ്പ് റൈറ്റർ ലിപിപരിഷ്കരണത്തിനുമുമ്പ് മലയാളം അച്ചടിയിലും എഴുത്തിലും നിലനിന്നിരുന്ന ലിപികളാണെന്ന് വാദിച്ച രചന സമഗ്രലിപികൾ ഉൾക്കൊള്ളുന്ന യൂണിക്കോഡ് ഫോണ്ടുകൾ പുറത്തിറക്കി. രചന, മീര എന്നിവ ഇത്തരത്തിലുള്ള ആദ്യകാല മലയാളം യൂണിക്കോഡ് ഫോണ്ടുകളാണ്. രചന ഫോണ്ടിൽ ആദ്യമായി അച്ചടിച്ചത് നിത്യചൈതന്യയതിയുടെ 'തുമ്പപ്പൂ മുതൽ സൂര്യൻവരെ' എന്ന പുസ്തകമാണ്.

- രചന, മീര തുടങ്ങിയ യൂണിക്കോഡ് ഫോണ്ടുകൾ അവതരിപ്പിച്ചു

മലയാളലിപികളുടെ യൂണിക്കോഡ് എൻകോഡിങ്ങിന് അടിത്തറയൊരുക്കിയത് രചന അക്ഷരവേദിയാണ്. മലയാളത്തിലെ സമഗ്രലിപിസഞ്ചയം ഉൾക്കൊള്ളുന്ന ആദ്യത്തെ യൂണിക്കോഡ് ഫോണ്ടാണ് രചന (2005). മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് വെബ് പോർട്ടലാണ് രചന ഡോട്ട് കോം. യൂണിക്കോഡിന്റെ ഓരോ പുതിയ പതിപ്പുകൾ വരുമ്പോഴും കോഡ് പോയന്റ് ലഭിക്കാതിരുന്ന ലിപികൾക്ക് കോഡ് പോയന്റ് അനുവദിച്ചുകിട്ടാൻ നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടിരുന്നു. മലയാളത്തിലെ പ്രാചീന കൃതികളുടെ ഡിജിറ്റലൈസേഷൻ സുഗമമാക്കുന്നതിന് ഈ ഇടപെടൽ ഉപകരിച്ചു. മലയാളലിപികളുടെ യൂണിക്കോഡ് എൻകോഡിങ്ങിൽ സംഭവിക്കുന്ന അപാകങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലും രചന ശ്രദ്ധിച്ചു. യൂണിക്കോഡ് എൻകോഡിങ്ങിൽ മലയാളത്തിലെ ചില്ലക്ഷരങ്ങളുടെ ഡ്യുവൽ എൻകോഡിങ്ങിനാലുണ്ടായേക്കാവുന്ന സാങ്കേതിക പ്രശ്നങ്ങൾ (ആണവചില്ലുകൾ) ആദ്യം ചൂണ്ടിക്കാണിച്ചത് രചനയിലെ കെ. എച്ച്. ഹുസൈനാണ്. 2008-ലെ യൂണിക്കോഡ് 5.1 പതിപ്പിൽ മലയാളത്തിലെ ചില്ലക്ഷരങ്ങൾ രണ്ടുവിധത്തിൽ കോഡുചെയ്യുന്നതിലുള്ള സാങ്കേതികപ്രശ്നങ്ങൾ വലിയ ചർച്ചയാക്കുവാൻ രചന അക്ഷരവേദിക്ക് കഴിഞ്ഞു.

- മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് വെബ് പോർട്ടലാണ് രചന ഡോട്ട് കോം

രചന, മീര തുടങ്ങിയ യൂണിക്കോഡ് ഫോണ്ടുകളുടെ രൂപകല്പനയും പരിപാലനവും ഇവർ നിർവഹിക്കുന്നു. ഓപ്പൺ സോഴ്സിൽ ലഭ്യമായ ഫോണ്ടുകളായതിനാൽ മലയാളം അച്ചടിമേഖലയിലും സൈബർ മേഖലയിലും വ്യാപകമായി ഉപയോഗിക്കുന്നവയാണ് രചന, മീര തുടങ്ങിയ ഫോണ്ടുകൾ. ഭരണഭാഷ മലയാളമായപ്പോൾ സർക്കാർ രേഖകൾ അച്ചടിക്കാനായി മീര ഫോണ്ട് ഉപയോഗിക്കുന്നു.

- രചനയുടെ ഫോണ്ടുകൾ വ്യാപകമായി ഉപയോഗിക്കുന്നു.

രചന അക്ഷരവേദിയുടെ മിക്ക പ്രവർത്തനങ്ങളും ഓപ്പൺ സോഴ്സിലുള്ള സ്വതന്ത്ര സോഫ്റ്റുവെയർ പ്രസ്ഥാനത്തെ ആധാരമാക്കിയായിരുന്നു. കമ്പ്യൂട്ടറിൽ ഇംഗ്ലീഷിൽ സാധ്യമാവുന്നതെല്ലാം മലയാളത്തിലും സാധ്യമാവണമെന്ന ആഗ്രഹത്താലാണ് രചന ലിനക്സ് മലയാളം ഓപ്പറേറ്റിങ് സിസ്റ്റം വികസിപ്പിച്ചത്. സി.ഡാക്ക് രൂപപ്പെടുത്തിയ ഇൻസ്ക്രിപ്റ്റ് കീ ബോർഡ് ഗ്നു ലിനക്സിൽ ലഭ്യമാക്കിയത് രചനയാണ്. മലയാളത്തിൽ സെർച്ച് ചെയ്യാനായി നിത്യ എന്ന പ്രോഗ്രാം രചന വികസിപ്പിച്ചു. മലയാളത്തിന്റെ തനതുലിപിയിൽ ലൈബ്രറി കാറ്റലോഗ് തയ്യാറാക്കാനായി രചന അക്ഷരവേദി വികസിപ്പിച്ച പ്രോഗ്രാമാണ് മീര ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം. ഇതുപയോഗിച്ച്

കേരളത്തിലെ ഒട്ടേറെ ലൈബ്രറികളിൽ മലയാളം ഡിജിറ്റൽ കാറ്റലോഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രാചീന കൃതികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിലും മലയാളപുസ്തകങ്ങളുടെ ഇ. പ്രസാധനത്തിലും വ്യാപൃതരായിരിക്കുകയാണ് ഇപ്പോൾ രചന അക്ഷരവേദി. സായാഹ്ന ഫൗണ്ടേഷൻ എന്ന സംഘടനയാണ് ഇ. പ്രസാധനത്തിന് മേൽനോട്ടം വഹിക്കുന്നത്. 'ശബ്ദതാരാവലി'യുടെ ഡിജിറ്റൽ പതിപ്പും ഉള്ളൂരിന്റെ 'കേരളസാഹിത്യചരിത്ര'വുമൊക്കെ സായാഹ്ന പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം ടൈപ്പോഗ്രഫി പഠനത്തിനും ഭാവി മലയാളത്തിന്റെ ആവശ്യങ്ങൾക്കുതകുന്ന ഫോണ്ടുകൾ രൂപപ്പെടുത്തുന്നതിനുമായി ആരംഭിച്ച രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി രചനയുടെ നൂതന സംരംഭമാണ്. കേരളത്തിലെത്തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനമാണിത്. വിവിധ ആവശ്യങ്ങൾക്കായുള്ള സവിശേഷമായ മലയാളം ഫോണ്ടുകളും പഴയഫോണ്ടുകളുടെ പുതിയ പതിപ്പുകളും തയ്യാറാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ് രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി. പ്രാചീന രേഖകളുടെ ഡിജിറ്റലൈസേഷൻ തെറ്റുകുറ്റങ്ങളില്ലാതെ നടത്തുന്നതിനുള്ള സാങ്കേതിക അടിത്തറ ഒരുക്കുന്നതിലും ഈ സ്ഥാപനം കർമ്മനിരതമാണ്.

- മലയാളത്തിൽ സെർച്ച് ചെയ്യാനായി നിത്യ എന്ന പ്രോഗ്രാം രചന വികസിപ്പിച്ചു.

**രചന അക്ഷരവേദി**

- മലയാളത്തിലെ സമഗ്രലിപികൾ കമ്പ്യൂട്ടിങ്ങിനുപയോഗിച്ചു
- മലയാളലിപികളുടെ യൂണിക്കോഡ് എൻകോഡിങ്ങിന് അടിത്തറയൊരുക്കി
- മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട് രചന പുറത്തിറക്കി
- ആണവചില്ലുകൾ ഉയർത്തുന്ന സാങ്കേതികപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു
- രചന ഡോട്ട് കോം ആദ്യത്തെ മലയാളം യൂണിക്കോഡ് വെബ് പോർട്ടൽ
- രചന മലയാളം ഓപ്പറേറ്റിങ് സിസ്റ്റം ആവിഷ്കരിച്ചു
- സായാഹ്ന ഫൗണ്ടേഷൻ
- രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി
- ഓപ്പൺ സോഴ്സ് ലിനക്സ് ആധാരമാക്കി പ്രവർത്തിക്കുന്നു

### 3. സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

രണ്ടായിരത്തിന് ശേഷമാണ് സ്വതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനം കേരളത്തിൽ പ്രചരിക്കുന്നത്. ഇക്കാലത്ത് കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ പഠനത്തിനായി ആവിഷ്കരിച്ച ഐടി അറ്റ് സ്കൂൾ പദ്ധതി സ്വതന്ത്ര സോഫ്റ്റുവെയറിലുള്ളതായിരുന്നു. ഐടി അറ്റ് സ്കൂൾ പദ്ധതി സ്വതന്ത്രസോഫ്റ്റുവെയറിലായത് കേരളത്തിൽ സ്വതന്ത്ര സോഫ്റ്റുവെയർ ആശയത്തിന് പ്രചാരമേകി. ഇതേത്തുടർന്ന് ഭാഷാ സാങ്കേതികവിദ്യയും സ്വതന്ത്ര സോഫ്റ്റുവെയറിലധിഷ്ഠിതമാവണം എന്ന് ചിന്തിച്ച ഒരു കൂട്ടം സാങ്കേതിക വിദഗ്ധർ അതിനായുള്ള ശ്രമങ്ങളാരംഭിച്ചു. ഇതാണ് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്ന സന്നദ്ധസംഘത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. 2002-ൽ

കോഴിക്കോട് റീജ്യണൽ എൻജിനിയറിങ് കോളേജ് വിദ്യാർത്ഥിയായിരുന്ന ബൈജു സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്ന സംഘടന രൂപീകരിച്ചു. 2004-ൽ ഗ്നു പബ്ലിക് ലൈസൻസിലുള്ള രചന യൂണിക്കോഡ് ഫോണ്ട് സ്വതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനത്തിന്റെ അമരക്കാരൻ റിച്ചാർഡ് സ്റ്റാൾമാൻ മലയാളികൾക്ക് സമർപ്പിച്ചതോടെ ഇവരുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. 'എന്റെ കമ്പ്യൂട്ടറിന് എന്റെ ഭാഷ' എന്നതാണ് ഈ സംഘത്തിന്റെ ആപ്തവാക്യം.

▸ 2002-ൽ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്ന സംഘടന രൂപീകരിക്കപ്പെട്ടു.

ഭാഷയുടെ തനിമയിലൂന്നിയ സാങ്കേതികവിദ്യയ്ക്കായി രൂപംകൊണ്ട പ്രസ്ഥാനമായിരുന്നു സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്. സ്വതന്ത്ര ഓപ്പറേറ്റിങ്ങ് സിസ്റ്റമായ ഗ്നു ലിനക്സിൽ സാങ്കേതിക പരിമിതികളും പിഴവുകളുമില്ലാതെ മലയാളത്തിന്റെ ഉപയോഗം എസ്.എം.സിയുടെ പ്രവർത്തനങ്ങൾവഴി സാധ്യമായി. മലയാളഭാഷയുടെ സങ്കീർണ്ണമായ ലിപിവ്യവസ്ഥ സ്വതന്ത്ര സോഫ്റ്റുവെയറുകളിൽ സന്നിവേശിപ്പിക്കുന്നതിൽ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് പ്രവർത്തകർ വിജയിച്ചു. സന്തോഷ് തോട്ടിങ്ങൽ, കാവ്യ മനോഹർ, അനിവർ അരവിന്ദ്, മഹേഷ് മംഗലാട്ട് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഇന്ന് എസ്.എം.സിയുടെ പ്രവർത്തനം. എസ്.എം.സി മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന് നൽകിയ പ്രധാന സംഭാവനകൾ താഴെ വിവരിക്കുന്നു.

▶ മലയാള ഭാഷയുടെ സങ്കീർണമായ ലിപി വ്യവസ്ഥ സ്വതന്ത്ര സോഫ്റ്റുവെയറിൽ വിന്യസിക്കുന്നതിൽ ഇവർ പ്രധാന പങ്കുവഹിച്ചു

2006-ൽ രചന അക്ഷരവേദി തുടങ്ങിവെച്ച മലയാളം കമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് സംഘം മുന്നോട്ട് നയിച്ചു. വിദ്യാർത്ഥികളുടെ സ്വതന്ത്ര സോഫ്റ്റുവെയർ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ഗൂഗിളിന്റെ സമ്മർ ഓഫ് കോഡ് പദ്ധതിയിലേക്ക് 2007-ൽ ഇന്ത്യയിൽ നിന്നുള്ള ഏക അംഗമായി എസ്.എം.സി തിരഞ്ഞെടുക്കപ്പെട്ടു. ഈ പദ്ധതിയുടെ ഭാഗമായി ഹിരൺ വേണുഗോപാൽ ദ്യുതി എന്ന ആലങ്കാരിക തനതുലിപി ഫോണ്ട് വികസിപ്പിച്ചു.

▶ ദ്യുതി എന്ന തനതുലിപി

നിഘണ്ടു, അക്ഷരത്തെറ്റ് പരിശോധനയ്ക്കുള്ള ഗ്നു ആസ്പെൽ സ്പെൽചെക്കർ, വരമൊഴിയെ വാമൊഴിയിലേക്ക് മാറ്റാനുള്ള ധ്വനി പ്രോഗ്രാം, പദങ്ങൾ അകാരാദിക്രമത്തിൽ അടുക്കാനുള്ള സോർട്ടർ, നോൺ യൂണിക്കോഡ് ഫോണ്ടിനെ യൂണിക്കോഡിലേക്ക് മാറ്റുന്നതിനുള്ള പയ്യൻസ് കൺവെർട്ടർ തുടങ്ങിയവ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് സംഘം വികസിപ്പിച്ചെടുത്ത ചില പ്രോഗ്രാമുകളാണ്. അഞ്ജലി, രചന, മീര, സുറുമ, മഞ്ജരി, നൂപുരം, ചിലങ്ക, ധ്യുതി, ഗായത്രി തുടങ്ങിയവ എസ്.എം.സി വികസിപ്പിച്ചെടുത്ത മലയാളം യൂണിക്കോഡ് ഫോണ്ടുകളാണ്. ഇതിൽ മിക്കവയും രചന അക്ഷരവേദി തയ്യാറാക്കിയ സമഗ്രലിപികൾ ലഭ്യമായ ഫോണ്ടുകളാണ്. കൂട്ടക്ഷരങ്ങൾ കുറച്ചുമാത്രമുള്ള കല്യാണി, രഘുമലയാളം, സമ്യക് തുടങ്ങിയ യൂണിക്കോഡ് ഫോണ്ടുകളുടെയും രചന അക്ഷരവേദിയുടെ ഫോണ്ടുകളുടെയും പരിപാലനവും എസ്. എം. സി നിർവ്വഹിച്ചുവരുന്നു. ഗ്നു ലിനക്സിൽ ഇൻസ്ക്രിപ്റ്റ് മലയാളം കീ ബോർഡ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാക്കിയത് എസ്. എം. സിയാണ്. കേരള സർക്കാറിന്റെ മലയാളം കമ്പ്യൂട്ടിങ്ങ് പദ്ധതിയും സ്കൂളുകളിലെ മലയാളം ടൈപ്പിങ് പഠനവും എസ്. എം. സി പരിപാലിക്കുന്ന ഇൻസ്ക്രിപ്റ്റ് കീബോർഡ് ആധാരമാക്കിയാണ്.

▶ സമഗ്രമലയാളം ലിപി ലഭ്യമായവയാണ് ഇവരുടെ ഫോണ്ടുകൾ

▶ ലളിത, സ്വനലേഖ

▶ ഭാരതീയ ഭാഷകളുടെ സമ്പൂർണ്ണമായ പരിഷ്കരണം ലക്ഷ്യമിട്ടുള്ള പ്രൊജക്ടാണ് ശില്പ.

▶ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമായ കമ്പ്യൂട്ടിങ്ങ് പ്രോത്സാഹിപ്പിക്കുന്നു.

കീ ബോർഡ് ലേ ഔട്ട് അറിഞ്ഞിരിക്കാതെത്തന്നെ മലയാളം ടൈപ്പുചെയ്യാൻ കഴിയുന്ന ലളിത, സ്വനലേഖ തുടങ്ങിയ ഫൊണറ്റിക് കീ ബോർഡുകളും എസ്. എം. സി വികസിപ്പിച്ചിട്ടുണ്ട്.

ഭാരതീയ ഭാഷകളുടെ സമഗ്രമായ ഭാഷാ- സാങ്കേതികവിദ്യാ ഗവേഷണവും വികസനവും ലക്ഷ്യമിട്ടുള്ള മറ്റൊരു പ്രൊജക്ടാണ് ശില്പ. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് ഇന്ന് ഭാഷാ കമ്പ്യൂട്ടിങ്ങ് മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും സജീവമായ സംഘടനയാണ്. ഇതര ഇന്ത്യൻ ഭാഷകൾ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത ഭാഷാ കമ്പ്യൂട്ടിങ്ങിന് മാതൃകയാക്കുന്നത് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്ന സന്നദ്ധ സംഘടനയെയാണ്.

സർക്കാർ സ്ഥാപനങ്ങൾ വലിയ ഇടപെടലുകൾ നടത്താത്ത സന്ദർഭത്തിലാണ് മലയാളഭാഷാ കമ്പ്യൂട്ടിങ്ങിൽ എസ്. എം. സിയുടെ അവസരോചിതമായ നീക്കങ്ങൾ ശ്രദ്ധേയമാകുന്നത്. സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമായ മലയാളഭാഷാ കമ്പ്യൂട്ടിങ്ങ് പ്രോത്സാഹിപ്പിക്കുക, മലയാളം കമ്പ്യൂട്ടിങ്ങിൽ സാധാരണക്കാർക്ക് പരിശീലനം നൽകുക എന്നിവ ലക്ഷ്യമിട്ട് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് പ്രവർത്തകർ കേരളത്തിൽ ഒട്ടേറെ ശില്പശാലകൾ നടത്തിവരുന്നുണ്ട്. സർക്കാർ, പൊതുസ്ഥാപനങ്ങൾ എന്നിവയുമായി ഭാഷാ കമ്പ്യൂട്ടിങ് മേഖലയിൽ സഹകരിച്ചുള്ള പ്രവർത്തനങ്ങൾ എസ്. എം. സി നടത്തിവരുന്നു. മലയാള ഭാഷാസാങ്കേതികമേഖലയിൽ നടക്കുന്ന നൂതന ആശയങ്ങൾ പൊതുജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുന്ന ബ്ലോഗ് എസ്. എം. സിയുടെ മറ്റൊരു സംരംഭമാണ്.

- ▶ സ്വതന്ത്ര സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമിൽ പ്രവർത്തനം
- ▶ പ്രവർത്തനലക്ഷ്യം- എന്റെ കമ്പ്യൂട്ടറിന് എന്റെ ഭാഷ
- ▶ വിവിധ മലയാളം ഫോണ്ടുകളുടെ നിർമ്മാണവും പരിപാലനവും
- ▶ മലയാളം കമ്പ്യൂട്ടിങ്ങിനുതകുന്ന പ്രോഗ്രാമുകൾ തയ്യാറാക്കുന്നു

### 4. ഗൂഗിൾ പ്രൊജക്ടുകൾ

സോഫ്റ്റ്വെയർ ഭീമരായ ഗൂഗിൾ മലയാളത്തിന്റെ കമ്പ്യൂട്ടർ- മൊബൈൽഫോൺ ഉപയോഗത്തിനായി പ്രോഗ്രാമുകൾ, ഫോണ്ടുകൾ, കീ ബോർഡ് ലേ ഔട്ട്, ഫോണ്ടുകൾ തുടങ്ങിയവ വികസിപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പുചെയ്യുന്നതിനായി ഗൂഗിൾ ഇൻഡിക് മലയാളം ട്രാൻസ്‌ലിറ്ററേഷൻ പ്രോഗ്രാം വികസിപ്പിച്ചു. മൊബൈലിൽ മലയാളം ടൈപ്പുചെയ്യുന്നതിനായി ജിബോർഡിൽ മലയാളം ഉൾപ്പെടുത്തി. ഗൂഗിളിന്റെ ലാംഗ്വേജ് ലോക്കലൈസേഷൻ പ്രൊജക്റ്റിന്റെ ഭാഗമായി ഗൂഗിൾ വെബ്സൈറ്റിന്റെ മലയാളം പതിപ്പും മലയാളം സെർച്ച് എൻജിനും സാധ്യമായിരിക്കുന്നു. മൊബൈൽ ഫോണിലും കമ്പ്യൂട്ടറിലും ഉപയോഗിക്കാനാവുന്ന നോട്ടോ സാൻസ് മലയാളം,

സാൻസ് സെരിഫ് മലയാളം യൂണിക്കോഡ് ഫോണ്ടുകളും ഗൂഗിൾ വികസിപ്പിച്ചിട്ടുണ്ട്. ഗൂഗിൾ ഡോക്സ് ടെക്സ്റ്റ് എഡിറ്ററിൽ മലയാളം ടൈപ്പിങ്ങും ടെക്സ്റ്റ് എഡിറ്റിങ്ങും സാധ്യമാണ്. മൊബൈൽ ഫോണിലെ മലയാളവിനിമയം മുന്നിൽകണ്ട് രൂപപ്പെടുത്തിയ ഗൂഗിൾ ഹാന്റ് റൈറ്റിങ് ഇൻപുട്ട്, ഗൂഗിൾ വോയ്സ് ടൈപ്പിങ് എന്നിവ മൊബൈൽ ഫോണിലെ മലയാളവ്യവഹാരത്തിൽ വലിയ പുരോഗതിയുണ്ടാക്കി. ഒ.സി.ആർ സാങ്കേതികവിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഗൂഗിൾ ലെൻസ് മറ്റൊരു പ്രോഗ്രാമാണ്. ഗൂഗിൾ ബുക്സിൽ മലയാളത്തിലെ പ്രാചീന കൃതികളുടെ ഡിജിറ്റൽ പതിപ്പുകൾ ലഭ്യമാണ്.

▶ കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യുന്നതിനായി ഗൂഗിൾ ഇൻഡിക് മലയാളം ട്രാൻസ്ലിറ്ററേഷൻ

മലയാളത്തിൽനിന്ന് നൂറിലധികം ഭാഷകളിലേക്കും തിരിച്ചും തത്സമയ വിവർത്തനം സാധ്യമായ ഗൂഗിൾ ട്രാൻസ്‌ലേഷൻ പ്രോഗ്രാം ഭാഷകൾക്കിടയിലെ അതിരുകൾ മായ്ച്ചുകൊണ്ടിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനേയും മെഷീൻ ലേണിങ്ങിനേയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗൂഗിൾ ട്രാൻസുലേഷൻ ഇന്ന് മലയാളത്തിന്റെ ശബ്ദവിവർത്തനം ഉൾപ്പെടെ സാധ്യമാക്കിയിരിക്കുകയാണ്. ഗൂഗിളിന്റെ ഭാഷാ കമ്പ്യൂട്ടിങ് പ്രോഗ്രാമുകളിൽ പലതും ഓപ്പൺ സോഴ്സിൽ ലഭ്യമായതും സൗജന്യമായി ഉപയോഗിക്കാനാവുന്നതും ഉപയോക്താക്കളുടെ പങ്കാളിത്തത്തോടെ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമാണ്.

▶ ഗൂഗിൾ ട്രാൻസ്ലേഷൻ പ്രോഗ്രം ഭാഷയുടെ അതിർത്തികളെ ഒരു പരിധി വരെ ഇല്ലാതാക്കുന്നുണ്ട്.

- മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ തുടക്കം കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയിൽനിന്ന്
- അച്ചടി ജനകീയമാക്കിയ സാങ്കേതികവിദ്യയാണ് ഡിടിപി
- എൺപതുകളിൽ കമ്പ്യൂട്ടറധിഷ്ഠിത അച്ചടി
- തൊണ്ണൂറുകളിൽ ഡി.ടി.പി
- രണ്ടായിരത്തിൽ മലയാളം യൂണിക്കോഡിൽ
- സി.ഡാക്, രചന, എസ്.എം.സി, ഗൂഗിൾ- മലയാളഭാഷാ കമ്പ്യൂട്ടിങ് സംരംഭങ്ങൾ.

# Summarised Overview

ആശയവിനിമയത്തിനായുണ്ടായ ഇലക്ട്രോണിക് സാമഗ്രികളിൽ ഭാഷ ഉപയോഗിക്കേണ്ടി വന്നപ്പോഴാണ് ഭാഷാസാങ്കേതികതയെന്ന പുതിയ മേഖലക്ക് വഴിതുറന്നത്. ഭാഷയും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുന്നത് ഇലക്ട്രോണിക് യുഗത്തിലാണ്. വിവര സാങ്കേതികവിദ്യയുടെ പ്രധാന ഘടകങ്ങൾ സാങ്കേതികോപാധികളും ദത്തങ്ങളുമാണ്. ദത്തങ്ങളുടെ ശേഖരണത്തിനും വിനിമയത്തിനും അപഗ്രഥനത്തിനും സാങ്കേതികോപകരണങ്ങളെ ആശ്രയിക്കുന്നു. വിവരവിനിമയം ഉൾപ്പെടെ എല്ലാ പ്രക്രിയകളും തത്സമയം നടത്താനും വിവരാധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും വിവരവിനിമയശൃംഖല സഹായകമാണ്. മനുഷ്യന് കൂട്ടായ്മയ്ക്കായി യഥാർത്ഥ ലോകത്തിനുപുറമെ മറ്റൊരു പ്രതീതി ലോകം (Virtual World) സൃഷ്ടിക്കാൻ ഇൻഫർമേഷൻ ടെക്നോളജിയുടെ ഭാഗമായുണ്ടായ വിവരവിനിമയ ശൃംഖലയ്ക്ക് സാധിച്ചിരിക്കുന്നു.

കാലത്തെയും ദൂരത്തെയും മറികടന്ന് വിവരങ്ങൾ കൈമാറാനുള്ള ശ്രമങ്ങൾ ആരംഭിച്ചപ്പോഴാണ് സങ്കേതങ്ങളുടെ സഹായം മനുഷ്യന് ആവശ്യമായി വന്നത്. മലയാളഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്നത് അച്ചടിയുടെ ആരംഭത്തോടെയാണ്. അച്ചടിക്കുശേഷം മലയാള ഭാഷയിൽ സാങ്കേതികവിദ്യയ്ക്കനുസരിച്ച് കാര്യമായ മാറ്റം ആവശ്യമായിവന്നത് ടൈപ്പ്റൈറ്റർ ഉപയോഗത്തിൽ വന്നപ്പോഴാണ്. 1980-കളിലാണ് കമ്പ്യൂട്ടർ സഹായത്തോടെയുള്ള മലയാളം ഓഫ്സെറ്റ് പ്രിന്റിങ്ങിനും ഡി.ടി.പിക്കും തുടക്കമാകുന്നത്. 1990-കൾക്കുശേഷം കമ്പ്യൂട്ടറുകളും സെർവ്വറുകളും പരസ്പരം ബന്ധിപ്പിച്ച് വിവരവിനിമയം ചെയ്യാവുന്ന വിധത്തിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ നിലവിൽവന്നു. ഇന്റർനെറ്റിന്റെ വരവോടെയാണ് മലയാള ലിപികൾക്ക് യൂണിക്കോഡിൽ ഇടംകിട്ടുന്നത്. സൈബർ സ്പെയ്സിൽ മലയാളഭാഷയുടെ സാന്നിധ്യം പ്രകടമാകുന്നത് യൂണിക്കോഡ് കാലഘട്ടത്തിലാണ്.

കമ്പ്യൂട്ടർ സഹായത്തോടെ ഭാഷാ സംസ്കരണ, ഉത്പാദക- വിവരവിനിമയ പ്രക്രിയകൾ സാധ്യമാകുന്നതോടെ സാങ്കേതികതയുടെ നവയുഗത്തിന് നാന്ദി കുറിക്കുന്നു. ഈ ഘട്ടത്തിൽ അച്ചടിയുടേയും വെബ് കണ്ടന്റിന്റെയും ഘട്ടങ്ങൾ പിന്നിട്ട് ഭാഷ സാങ്കേതികതയുടെ വിശാലമായ ലോകത്തേക്ക് പ്രവേശിക്കുന്നു. സി.ഡാക്ക്, രചന അക്ഷരവേദി, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്, ഗൂഗിൾ എന്നിവയുടെ ഭാഷാ കമ്പ്യൂട്ടിങ് സംരംഭങ്ങൾ വിലമതിക്കാനാവാത്തതാണ്.

# Assignments

1. മലയാളഭാഷാ കമ്പ്യൂട്ടിങ് സംരംഭങ്ങളെക്കുറിച്ച് വിവരിക്കുക.
2. മലയാളഭാഷാ സാങ്കേതികതയുടെ ചരിത്രം വിശദമാക്കുക.
3. എന്താണ് വിവരസാങ്കേതികവിദ്യ?
4. ഭാഷയും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം ദൃഢമാവുന്നത് ഏത് സാഹചര്യത്തിലാണ്?
5. മലയാളഭാഷാ സാങ്കേതികവിദ്യയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?
6. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് മലയാളഭാഷയ്ക്ക് നൽകിയ സാങ്കേതിക സംഭാവനകൾ വിവരിക്കുക?
7. ഗൂഗിളിന്റെ മലയാളഭാഷാ പ്രൊജക്ടുകളെപ്പറ്റി കുറിപ്പെഴുതുക?
8. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിൽ രചന അക്ഷരവേദിയുടെ സംഭാവനകൾ വിവരിക്കുക?

## Suggested Readings


1. ഡോ. സ്മിത കെ. നായർ, മലയാളം കമ്പ്യൂട്ടിംഗ്സാധ്യതകളും പരിമിതികളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. നിസാർ അഹമ്മദ്, മലയാളം ഭാഷ - ലിപി-കമ്പ്യൂട്ടിംഗ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡി. പ്രദീപ് കുമാർ, സൈബർ ജാലകം, പരിധി പബ്ലിക്കേഷൻസ്
4. സുനീത ടി. വി., സൈബർ മലയാളം, കറന്റ് ബുക്സ്


## References


1. അച്യുത് ശങ്കർ എസ്. നായർ, ഇൻഫർമേഷൻ ടെക്നോളജി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997.
2. സുനീത ടി. വി., സൈബർ മലയാളം, കറന്റ് ബുക്സ്, 2009
3. ഡോ. മഹേഷ് മംഗലാട്ട്, വിവരസാങ്കേതികതയും മലയാളവും, മാളുബെൻ പബ്ലിക്കേഷൻസ്, 2022


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 2

# മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ വിവിധഘട്ടങ്ങൾ

## Learning Outcomes

- മലയാഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ചരിത്രം വിശദമായി മനസ്സിലാക്കുന്നു
- മലയാളഭാഷ കമ്പ്യൂട്ടിങ് പിന്നിട്ട സാങ്കേതിക ഘട്ടങ്ങൾ തിരിച്ചറിയുന്നു
- യൂണിക്കോഡ് കാലഘട്ടത്തിൽ മലയാളഭാഷയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ പര്യാപ്തമാക്കുന്നു
- മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ ഘട്ടവിഭജനം മനസ്സിലാക്കുന്നു

## Background

മലയാളഭാഷ കമ്പ്യൂട്ടറിലുപയോഗിച്ചുതുടങ്ങിയിട്ട് മൂന്ന്- നാല് ദശകങ്ങൾ പിന്നിടുന്നു. അച്ചടിയാവശ്യാർത്ഥം വൻകിട പ്രസാധകരാണ് ആദ്യകാലത്ത് മലയാളം കമ്പ്യൂട്ടറിലുപയോഗിച്ചത്. പിൽക്കാലത്താണ് വൈയക്തികമായ ആവശ്യങ്ങൾക്ക് കമ്പ്യൂട്ടറിൽ ഭാഷ ഉപയോഗിച്ചുതുടങ്ങുന്നത്. മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ വിശദമായ ചരിത്രം രേഖപ്പെടുത്തുക ശ്രമകരമാണ്. പലകാലങ്ങളിൽ വിഭിന്ന ദേശങ്ങളിൽ നടന്ന കമ്പ്യൂട്ടിങ് സംരംഭങ്ങൾക്ക് ഏകോപന സ്വഭാവമോ പൂർവ്വാപര ബന്ധങ്ങളോ ഇല്ലാത്തതാണ് ആധികാരിക ചരിത്രരചനയ്ക്കുള്ള വൈഷമ്യം.

പഠനസൗകര്യാർത്ഥം മലയാളഭാഷാ കമ്പ്യൂട്ടിങ്ങിനെ ആസ്കി ഘട്ടം, ഇസ്കി ഘട്ടം, യൂണിക്കോഡ് ഘട്ടം എന്നിങ്ങനെ മൂന്നായി വേർതിരിക്കാറുണ്ട്. 'സൈബർ മലയാളം' എന്ന ഗ്രന്ഥത്തിൽ 'മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ചരിത്രം' എന്ന ലേഖനത്തിലൂടെ മഹേഷ് മംഗലാട്ടാണ് ആദ്യമായി ഇങ്ങനെയൊരു ഘട്ടവിഭജനം അവതരിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മൂന്ന് ഘട്ടങ്ങളിലൂടെ മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ ചരിത്രം മനസ്സിലാക്കാവുന്നതാണ്. കൂടാതെ യൂണിക്കോഡ് കാലഘട്ടത്തിൽ മലയാളഭാഷാ കമ്പ്യൂട്ടിങ്ങിലുണ്ടായ പുരോഗതിയും ഭാഷാ സംസ്കരണ- ഉത്പാദക സാങ്കേതികതയുടെ ചരിത്രവും വർത്തമാനവും നിരീക്ഷിക്കേണ്ടതുണ്ട്. അവ പ്രായോഗിക ജ്ഞാനത്തിലൂടെ അടുത്തറിയേണ്ടതുമുണ്ട്.

## Keywords

മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ തുടക്കവും ചരിത്രവും- കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയുടെ ചരിത്രം- ഘട്ടവിഭജനം: ആസ്കി, ഇസ്കി, യൂണിക്കോഡ്.

# Discussion

### മലയാളം കമ്പ്യൂട്ടിങ്- ആരംഭം, ചരിത്രം

ഭാഷാശാസ്ത്രവും കമ്പ്യൂട്ടർ സയൻസും സമന്വയിക്കുന്ന വിജ്ഞാനമേഖലയാണ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് (Computational Lingustics). കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ പ്രായോഗികവശമാണ് ഭാഷാകമ്പ്യൂട്ടിങ്. മനുഷ്യഭാഷയുടെ സവിശേഷതകൾ തിരിച്ചറിയാനും ഭാഷോത്പാദനത്തിനും വ്യവഹാരത്തിനും സാധിക്കുന്ന വിവരസാങ്കേതികവിദ്യയുടെ ശാഖയാണ് ഭാഷാകമ്പ്യൂട്ടിങ്. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സഹായത്തോടെ മനുഷ്യഭാഷയുടെ വിവിധ തലങ്ങളിലുള്ള വ്യവഹാരവും വിനിമയവും സാധ്യമാക്കുകയാണ് ഭാഷാകമ്പ്യൂട്ടിങ്ങിന്റെ ലക്ഷ്യം.

► കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്

കമ്പ്യൂട്ടറധിഷ്ഠിതമായുള്ള മനുഷ്യഭാഷാവ്യവഹാരങ്ങൾ സംബന്ധിച്ച ഗവേഷണമേഖലകൂടിയാണ് ഭാഷാകമ്പ്യൂട്ടിങ്. നാച്വറൽ ലാംഗ്വേജ് പ്രൊസസിങ് (NLP - Natural Language Processing) എന്ന ആശയത്തിലൂന്നി പ്രാദേശികഭാഷകളുടെ കമ്പ്യൂട്ടിങ് സംരംഭങ്ങൾ വിവിധതലങ്ങളിൽ പുരോഗമിക്കുന്നു. മനുഷ്യഭാഷയുടെ അടിസ്ഥാനസ്വഭാവങ്ങൾ കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുന്നതിനായി നിയമാവലികൾ രൂപപ്പെടുത്തുക, വിവരവ്യവസ്ഥകൾ നിർമ്മിക്കുക, ഭാഷാസംസ്കരണത്തിനും ഉത്പാദനത്തിനും വിനിമയത്തിനുമുതകുന്ന പ്രോഗ്രാമുകൾ തയ്യാറാക്കുക തുടങ്ങിയവയെല്ലാം ഈ പഠനശാഖയുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രായോഗിക സമീപനങ്ങളാണ്.

► ഭാഷാകമ്പ്യൂട്ടിങ്

മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ തുടക്കം കമ്പ്യൂട്ടർ സഹായത്തോടെയുള്ള അച്ചടിയിൽനിന്നാണെന്ന് ഡോ. മഹേഷ് മംഗലാട്ട് (സൈബർ മലയാളം, 2009:13) നിരീക്ഷിക്കുന്നു. മലയാളം ടൈപ്പ്റൈറ്റർ ഉപയോഗത്തിലിരിക്കെയാണ് കേരളത്തിൽ കമ്പ്യൂട്ടർ പ്രചാരത്തിലെത്തുന്നത്. ടൈപ്പ്റൈറ്ററിന്റെ പരിഷ്കൃതരൂപമാണ് കമ്പ്യൂട്ടറെന്ന ധാരണ ആദ്യകാലങ്ങളിലുണ്ടായിരുന്നു. എന്നാൽ കമ്പ്യൂട്ടറുപയോഗിച്ച് ഫോട്ടോ ടൈപ്പ്സെറ്റിങ് (Photo Typesetting) അച്ചടിയും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും (DTP) ആരംഭിച്ചതോടെ ആ ധാരണ മാറുകയും ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുകയുമുണ്ടായി. 1970-ന് ശേഷമാണ് കമ്പ്യൂട്ടർ സഹായത്തോടെയുള്ള അച്ചടിക്ക് കേരളത്തിൽ തുടക്കമാകുന്നത്. ഫോട്ടോ ടൈപ്പ്സെറ്റിങ് അച്ചടിക്കും ഡി.ടി.പിക്കുമാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിച്ചുതുടങ്ങുന്നത്.

► കമ്പ്യൂട്ടർ സഹായത്തോടെയുള്ള അച്ചടി

കമ്പ്യൂട്ടറിന്റെ സഹായത്തോടെ അച്ചടിക്കുവേണ്ടി ലിപിവിന്യാസം നടത്തുന്ന സാങ്കേതികവിദ്യയാണ് ഫോട്ടോടൈപ്പ്സെറ്റിങ്. ഡെസ്ക്ടോപ്പ് പബ്ലിഷിങ് ആരംഭിക്കുന്നതിനുമുമ്പ് അച്ചടിശാലകളും പത്രസ്ഥാപനങ്ങളും അച്ചടി നടത്തിയിരുന്നത് ഫോട്ടോടൈപ്പ്സെറ്റിങ്ങ് സാങ്കേതികവിദ്യയിലൂടെയായിരുന്നു. മാതൃഭൂമി, മലയാള മനോരമ, ദീപിക തുടങ്ങിയ സ്ഥാപനങ്ങൾ ആദ്യകാലത്ത് ഈ സാങ്കേതികവിദ്യ ഉപയോഗിച്ചിരുന്നു. ഫോട്ടോടൈപ്പ് സെറ്റിങ്ങിൽ ലിപികൾ

ടൈപ്പുചെയ്യാനാണ് കമ്പ്യൂട്ടറുപയോഗിച്ചിരുന്നത്. ഫോട്ടോടൈപ്പ് സാങ്കേതികവിദ്യയിൽ കീബോർഡ് ഉപയോഗിച്ച് ടൈപ്പുചെയ്ത ലിപി രൂപങ്ങൾ ഫോട്ടോപ്രിന്റുകൾ എന്നപോലെ ബ്രോമൈഡ് കടലാസിൽ പതിപ്പിക്കുന്നു. ഇവ ഓഫ്സെറ്റ് യന്ത്രമുപയോഗിച്ച് അച്ചടിക്കുകയാണ് ചെയ്തിരുന്നത്. ഫോട്ടോടൈപ്പ് സെറ്റിങ്ങിലെ ലിപികൾക്ക് ഡിജിറ്റൽ സ്വഭാവം ഉണ്ടായിരുന്നില്ല. ലിപികളുടെ ക്രമീകരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനം ഫോട്ടോടൈപ്പ് സെറ്റിങ്ങിലുണ്ടായിരുന്നില്ല. 1980- കളോടെ ഫോട്ടോടൈപ്പ്സെറ്റിങ് പൂർണമായും കമ്പ്യൂട്ടറധിഷ്ഠിതമായി. സി.ആർ.ടി മോണിറ്ററിൽ ലിപിരൂപങ്ങൾ ദൃശ്യമാക്കുന്നതിനുള്ള സാങ്കേതികവിദ്യ പ്രചാരത്തിൽവന്നു. ഇത് സി. ആർ.ടി ഫോട്ടോടൈപ്പ് സെറ്റർ എറിയപ്പെട്ടു. എന്നാൽ ഡെസ്ക്ടോപ്പ് പബ്ലിഷിങ് പ്രചാരത്തിൽവന്നതോടെ ഫോട്ടോടൈപ്പ് സെറ്റിങ്ങിന്റെ കാലം അവസാനിക്കുകയായിരുന്നു.

▶ ഫോട്ടോടൈപ്പ് സെറ്റിങ്ങിലെ ലിപികൾക്ക് ഡിജിറ്റൽ സ്വഭാവം ഉണ്ടായിരുന്നില്ല

കമ്പ്യൂട്ടർ, പ്രിന്റർ, ടെക്സ്റ്റ് എഡിറ്റിങ് പ്രോഗ്രാം എന്നിവയുടെ സഹായത്തോടെ നടക്കുന്ന അച്ചടിയാണ് ഡെസ്ക്ടോപ്പ് പബ്ലിഷിങ്. ഒരു മേശപ്പുറത്ത് അനായാസം സാധ്യമായ അച്ചടി എന്ന അർത്ഥത്തിലാണ് ഈ സാങ്കേതികവിദ്യ ഡെസ്ക്ടോപ്പ് പബ്ലിഷിങ് എന്നറിയപ്പെടുന്നത്. വേഡ് പ്രൊസസർ (Word Processor) പ്രോഗ്രാമിന്റെ സഹായത്തോടെയാണ് ഡി.ടി.പിയിൽ അച്ചടി സാധ്യമാകുന്നത്. കമ്പ്യൂട്ടറിൽ ലിപികൾ ടൈപ്പുചെയ്യുന്നതിനും ടെക്സ്റ്റ് എഡിറ്റുചെയ്യുന്നതിനുമായി രൂപപ്പെടുത്തിയ പ്രത്യേക പ്രോഗ്രാമാണ് വേഡ് പ്രൊസസർ. ഡി.ടി.പിയുടെ ഭാഗമായാണ് വേഡ് പ്രൊസസർ പ്രവർത്തിക്കുന്നത്. ഡി.ടി.പിയുടെ ആദ്യഘട്ടത്തിൽ വേഡ് പ്രൊസസറിൽ അച്ചടിക്കാനാവശ്യമായ കാര്യങ്ങൾ ടൈപ്പുചെയ്തുണ്ടാക്കുന്നു.

▶ മേശപ്പുറത്ത് അനായാസം സാധ്യമായ അച്ചടി

മലയാളത്തിൽ ഡി.ടി.പിക്ക് തുടക്കമാകുന്നത് ആപ്പിൾ കമ്പനിയുടെ മക്കിന്റോഷ് പേഴ്സണൽ കമ്പ്യൂട്ടറിന്റെ വരവോടെയാണ് (Apple Macintosh). മക്കിന്റോഷിലുണ്ടായിരുന്ന ആൽഡസ് പേജ്മേക്കർ (Aldus Page Maker) പ്രോഗ്രാമും ലേസർറൈറ്റർ പ്രിന്ററുമാണ് (Laser Writer Printer) ഡി.ടി.പിക്കായി ആദ്യഘട്ടത്തിലുപയോഗിച്ചിരുന്നത്. 1980-കളോടെ ഐ.ബി.എം കമ്പനി പേഴ്സണൽ കമ്പ്യൂട്ടറുകൾ (Personal Computer) നിർമ്മിക്കുകയും അവ ഡി.ടി.പിക്കായി ഉപയോഗിക്കുകയും ചെയ്തതോടെ കേരളത്തിൽ ഡി.ടി.പിക്ക് പ്രചാരമേറി. ഡി.ടി.പി സാർവത്രികമായതോടെ 1985-ൽ കേരളത്തിൽ മിനി ഓഫ്സെറ്റ് പ്രസ്സുകൾ (Mini Offset Press) നിലവിൽവന്നു. ഇന്ത്യയിലെ പ്രാദേശികഭാഷകൾക്കുവേണ്ടി ഫോണ്ടുകളും ടെക്സ്റ്റ് എഡിറ്റിങ് പ്രോഗ്രാമുകളും ഉണ്ടാക്കാനായി ആദ്യം രംഗത്തുവന്നത് ബോംബെയിലെ അബാക്കസ്, ഹൈദരാബാദിലെ വിഷൻലാബ്, പ്രകാശക്, സി.ഡാക് എന്നീ സ്ഥാപനങ്ങളാണ്.

▶ പേഴ്സണൽ കമ്പ്യൂട്ടറുകൾ ഡി. ടി. പി.ക്കായി ഉപയോഗിക്കാൻ തുടങ്ങി

ഫോട്ടോകമ്പോസിങ്ങിലേതിനേക്കാൾ ലിപികളുടെ മിഴിവ് ഡി.ടി.പിയിൽ പ്രകടമായി. ഡി.ടി.പി പ്രചാരത്തിൽവന്നതോടെ മലയാളം അച്ചടി ഫോട്ടോടൈപ്പ്സെറ്റിങ്ങിന്റെ പരിമിതികളിൽനിന്ന് മോചിതമായി. ലിപികൾക്ക് ഡിജിറ്റൽ സ്വഭാവമുണ്ടായി എന്നതാണ് ഡി.ടി.പിയുടെ പ്രധാന സവിശേഷത. ലിപികളുടെ രൂപം, വലിപ്പം, ആകൃതി, ലേഔട്ട് (Layout) എന്നിവ ഡിജിറ്റൽ സ്ക്രീനിൽ ആയാസരഹിതമായി മാറ്റാ

നുള്ള സൗകര്യം ഡി.ടി.പിയിലൂടെ കൈവന്നു. മിഴിവും വൈവിധ്യവുമുള്ള ലിപിരൂപങ്ങൾ മലയാളത്തിനുണ്ടായി. സാവയവപ്പൊരുത്തമുള്ള ലിപിരൂപങ്ങൾ അച്ചടിയിലൂടെ പുറത്തുവന്നു. ലിപികൾക്കിടയിലും പദങ്ങൾക്കിടയിലും വരികൾക്കിടയിലുമുള്ള അകലത്തിന് നിയതരൂപമുണ്ടായി. ഒരേസമയം വിവിധഭാഷകളിലെ ലിപികൾ ഒരുമിച്ചുപയോഗിച്ച് അച്ചടിനിർവഹിക്കാൻ ഡി.ടി.പിയിൽ സാധിക്കും. ചുരുങ്ങിയ ചെലവിലും വേഗത്തിലും അച്ചടി യാഥാർത്ഥ്യമായി. പത്രപ്രവർത്തനരംഗത്തും പരസ്യമേഖലയിലും പുസ്തകപ്രസാധനത്തിലും വലിയ വിപ്ലവം സൃഷ്ടിക്കാൻ ഡി.ടി.പി സാങ്കേതികവിദ്യക്ക് കഴിഞ്ഞു. അച്ചടി ജനകീയമായത് ഡി.ടി.പി യുഗത്തിലാണ്. അതോടെ വലിയ സാങ്കേതികപരിജ്ഞാനമില്ലാത്തവർക്കുപോലും പേഴ്സണൽ കമ്പ്യൂട്ടർ ഉപയോഗിച്ച് അച്ചടി നടത്താമെന്നായി. ഡി.ടി.പിയിൽനിന്ന് കമ്പ്യൂട്ടറധിഷ്ഠിത അച്ചടി ഇപ്പോൾ സി.ടി.പി (കമ്പ്യൂട്ടർ ടു പ്ലെയ്റ്റ്- Computer to Plate) യിലേക്കെത്തിയിരിക്കുകയാണ്. മലയാളഭാഷയുടെ അച്ചടിയിൽ കാര്യമായ പുരോഗതിയുണ്ടാക്കാൻ കമ്പ്യൂട്ടർ സാങ്കേതികതകൊണ്ട് സാധ്യമായി.

- ലിപികൾ ഡിജിറ്റൽ സ്വഭാവത്തിലേക്ക് മാറി

മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തനങ്ങൾ ഇന്ന് ഭിന്നതലങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. ഭാഷാനിവേശക പ്രോഗ്രാമുകൾ (Language Input Tools), ലിപ്യന്തരണ പ്രോഗ്രാമുകൾ (Transliteration Programme), ടെക്സ്റ്റ് ടു സ്പീച്ച് (Text to Speech), നിഘണ്ടു, മലയാളപഠനത്തിന് സഹായിക്കുന്ന പ്രോഗ്രാമുകൾ, ഓപ്പറേറ്റിങ് സിസ്റ്റം (Operating System), സ്പെൽ ചെക്കർ (Spell Checker), ഒ.സി.ആർ, യന്ത്രവിവർത്തന ടൂൾ (Machine Translation Tool) , മലയാളം മോർഫോളജിക്കൽ അനലൈസർ (Morphological Analyzer) , സ്പീച്ച് & ടെക്സ്റ്റ് കോർപ്പസ് (Speech & Text Corpus), യൂണിക്കോഡ് കൺവെർട്ടർ (Unicode Converter) തുടങ്ങിയ ഭാഷാ വിനിമയ- സംസ്കരണ സങ്കേതങ്ങൾ പൊതു- സ്വകാര്യ- സന്നദ്ധ- ഗവേഷണ മേഖലകളിലായി ആശാവഹമായ വിധത്തിൽ പുരോഗമിക്കുന്നു.

- മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ വേഗതയിലുള്ള വളർച്ച

**കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയുടെ ചരിത്രം**

- കമ്പ്യൂട്ടർ സഹായത്തോടെയുള്ള അച്ചടി
- ഫോട്ടോടൈപ്പ് സെറ്റിങ്
- സി.ആർ.ടി ഫോട്ടോ സെറ്റിങ്
- ഓഫ്സെറ്റ് അച്ചടി
- ഡെസ്ക് ടോപ് പബ്ലിഷിങ് (ഡി.ടി.പി)
- കമ്പ്യൂട്ടർ ടു പ്ലെയ്റ്റ് (സി.ടി.പി)

## ഘട്ടവിഭജനം

ഭാഷയിലെ ലിപിരൂപങ്ങൾ കമ്പ്യൂട്ടറിലുപയോഗിക്കാനായി ലിപികൾ എൻകോഡ് ചെയ്യണം. കമ്പ്യൂട്ടറിലുപയോഗിക്കാനായി ലിപികൾക്ക് മൂല്യം നിശ്ചയിക്കുന്ന പ്രക്രിയയാണ് ക്യാരക്ടർ എൻകോഡിങ്. കമ്പ്യൂട്ടറിലെ ഭാഷാവ്യവഹാരത്തിനാധാരം എൻകോഡിങ് വ്യവസ്ഥ

▶ ക്യാരക്ടർ എൻകോഡിങ്

യാണ്. അതായത് ഭാഷയിലെ ലിപികൾ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിനായി കമ്പ്യൂട്ടറിന് സംവേദനം ചെയ്യാനാകുന്ന പ്രത്യേക കോഡുഭാഷയിലേക്ക് മാറ്റണം.

▶ ആസ്കി, ഇസ്കി, യൂണിക്കോഡ് എന്നിവ ക്യാരക്ടർ എൻകോഡിങ് മാനകങ്ങളാണ്

ആദ്യകാലത്ത് കമ്പ്യൂട്ടറിൽ ക്യാരക്ടർ എൻകോഡിങ് നടത്തുന്നതിന് ഏകീകൃതസ്വഭാവം ഉണ്ടായിരുന്നില്ല. വ്യക്തികളും സ്ഥാപനങ്ങളും അവരവരുടെ യുക്തംപോലെ ക്യാരക്ടർ എൻകോഡിങ് നടത്തിപ്പോന്നു. ഇത് കമ്പ്യൂട്ടറുകൾ പരസ്പരം ബന്ധിപ്പിച്ച് വിവരവിനിമയം നടത്തുന്നതിന് തടസ്സമായിനിന്നു. ഇതിനെത്തുടർന്നാണ് ക്യാരക്ടർ എൻകോഡിങ്ങിനായി ഏകീകൃത കോഡ്‌വ്യവസ്ഥകൾ നിലവിൽവരുന്നത്. ആസ്കി, ഇസ്കി, യൂണിക്കോഡ് എന്നിവ ഇത്തരത്തിലുള്ള ക്യാരക്ടർ എൻകോഡിങ് മാനകങ്ങളാണ്. ഈ മാനകങ്ങൾ നിലവിൽവന്ന കാലത്തെ അടിസ്ഥാനമാക്കി ഭാഷാകമ്പ്യൂട്ടിങ്ങിൽ ഘട്ടവിഭജനം നടത്താവുന്നതാണ്.

**എൻകോഡിങ് ഘട്ടങ്ങൾ**

- ▶ ആസ്കി
- ▶ ഇസ്കി
- ▶ യൂണിക്കോഡ്

## ആസ്കി ഘട്ടം

അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചെയ്ഞ്ച് എന്നതിന്റെ ചുരുക്കരൂപമാണ് ആസ്കി (ASCII). അമേരിക്കൻ നാഷണൽ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂട്ട് 1963-ൽ അംഗീകരിച്ച ഏഴുബിറ്റുള്ള എൻകോഡിങ് വ്യവസ്ഥയായിരുന്നു ആസ്കി. ആസ്കിയിലെ ഓരോ ബൈനറി ചേരുവയും കമ്പ്യൂട്ടർ കീബോർഡിലെ ഒരു കീയുമായും അതുവഴി ഒരു ലിപിചിഹ്നവുമായും ബന്ധിപ്പിക്കുന്നു (A- 01000001, B- 01000010, C - 01000011). ഇത്തരം ലിപിചിഹ്നങ്ങൾ കൂടാതെ അദൃശ്യമായ കൺട്രോൾ ക്യാരക്ടറുകളും (Exit, Enter, Delete തുടങ്ങിയവ) ആസ്കിയിലുണ്ട്. ആകെ 128 ലിപിചിഹ്നങ്ങൾമാത്രം ഉൾപ്പെടുത്താൻ കഴിയുന്ന കോഡ് സമ്പ്രദായമായിരുന്നു ഏഴുബിറ്റുള്ള ആസ്കി. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള യൂറോപ്യൻ ഭാഷകളുടെ ലിപികൾ കോഡുചെയ്യാൻ ആസ്കി- 7 പര്യാപ്തമായിരുന്നു. എന്നാൽ ഇംഗ്ലീഷിനോടൊപ്പം മറ്റുഭാഷകളും കമ്പ്യൂട്ടറിലുപയോഗിക്കുന്നതിനായി ഏഴുബിറ്റിൽനിന്ന് ആസ്കി പിന്നീട് എട്ടുബിറ്റുള്ള എൻകോഡിങ് വ്യവസ്ഥയായിമാറി. ഇത് ആസ്കി- 8 (Extended ASCII) എന്നറിയപ്പെട്ടു. ഇതിൽ എട്ടുബിറ്റുകൾ ഉപയോഗിച്ചുള്ള 256 (0-255) ചേരുവകൾ സാധ്യമാണ്. ഈ 256-ൽ 128 എണ്ണം ഇംഗ്ലീഷിനുവേണ്ടിയുള്ള ലാറ്റിൻ ലിപികൾക്കും ശേഷിക്കുന്ന 128 എണ്ണം ഇംഗ്ലീഷിനുപയോഗിക്കാത്ത മറ്റ് ലാറ്റിൻ ലിപികൾക്കും ഉപയോഗിക്കുന്നരീതിയാണ് ആസ്കിയിൽ പിന്തുടരുന്നത്. 256 ചിഹ്നങ്ങളിൽ ആദ്യത്തെ 128 എണ്ണം ഇംഗ്ലീഷ് ലിപികൾ, ചിഹ്നങ്ങൾ, അക്കങ്ങൾ എന്നിവ കോഡ്ചെയ്യാൻ ഉപയോഗിക്കുന്നു. ശേഷിക്കുന്ന 128 ചിഹ്നങ്ങൾ ഇംഗ്ലീഷിനോടൊപ്പം മറ്റേതെങ്കിലുമൊരു ഭാഷകൂടി കമ്പ്യൂട്ടറിലുപയോഗിക്കാൻ ഉപകരിച്ചു.

▶ 1963 - ൽ അംഗീകരിച്ച ഏഴുബിറ്റുള്ള എൻകോഡിങ് വ്യവസ്ഥയാണ് ആസ്കി

ആസ്കി എൻകോഡിങ് വ്യവസ്ഥ പ്രചാരത്തിൽവന്ന കാലത്താണ് മലയാളഭാഷ കമ്പ്യൂട്ടറിലുപയോഗിച്ചുതുടങ്ങുന്നത്. ആസ്കിയുടെ 256 കോഡ് പോയന്റുകളിൽ ഇംഗ്ലീഷ് ലിപികളെ പ്രതിനിധാനം ചെയ്യുന്ന സ്ഥാനങ്ങളിൽ മലയാളലിപികളുടെ ചിത്രങ്ങൾ (ഗ്ലിഫുകൾ-Glyph) ചേർത്താണ് മലയാളലിപികളുടെ ഉപയോഗം സാധ്യമാക്കിയത്. തുടക്കത്തിൽ ഓരോ പ്രോഗ്രാമർമാരും സ്വന്തമായി ചിട്ടപ്പെടുത്തിയ എൻകോഡിങ് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിച്ചത്. ഇത് കമ്പ്യൂട്ടറുകൾ തമ്മിലുള്ള വിവരവിനിമയം അസാധ്യമാക്കിയതിനാൽ പിന്നീട് ആസ്കി എൻകോഡിങ് വ്യവസ്ഥയിലേക്ക് മലയാളം മാറുകയായിരുന്നു. എങ്കിലും മലയാളം പൂർണമായരീതിയിൽ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിന് ആസ്കി എൻകോഡിങ് വ്യവസ്ഥ അപര്യാപ്തമായിരുന്നു. ഇതിനാൽ തുടക്കത്തിൽ ആസ്കിയിലുപയോഗിച്ച ലിപികൾക്ക് ടൈപ്പ്റൈറ്റർ ലിപികളുടെ എല്ലാ ന്യൂനതകളുമുണ്ടായിരുന്നു. ടൈപ്പ് റൈറ്ററിലേതുപോലെ പരിമിതമായ എണ്ണം ലിപികൾ മാത്രമേ കമ്പ്യൂട്ടറിലുമുൾപ്പെടുത്താൻ സാധിക്കൂവെന്ന ധാരണ അക്കാലത്ത് നിലനിന്നിരുന്നു. എന്നാൽ രചന അക്ഷരവേദി ആസ്കിയുടെ എട്ട് കൂട്ടം കളങ്ങൾ ചേർത്തുവെച്ച് മലയാളത്തിലെ സമഗ്രലിപിസഞ്ചയം കമ്പ്യൂട്ടറിൽ ഉപയോഗിക്കാനാവുമെന്ന് തെളിയിച്ചു. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിനെ സംബന്ധിച്ച് വിപ്ലവകരമായ ഒരു മുന്നേറ്റമായിരുന്നു ഇത്.

- മലയാളം പൂർണമായ രീതിയിൽ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിന് ആസ്കി അപര്യാപ്തമായിരുന്നു

- ആസ്കിയുടെ എൻകോഡിങ് പരിധി 256 കളങ്ങൾ
- മലയാളം കമ്പ്യൂട്ടറിലെത്തുന്നത് ആസ്കി ഘട്ടത്തിൽ
- ആസ്കിയിൽ മലയാളത്തിലെ സമഗ്രലിപികളുമായി രചന അക്ഷരവേദി

## ഇസ്കി ഘട്ടം

ഇന്ത്യൻ ഭാഷകളുടെ ലിപിസഞ്ചയമുൾക്കൊള്ളാൻ ആസ്കി എൻകോഡിങ് വ്യവസ്ഥ അപര്യാപ്തമായ സാഹചര്യത്തിലാണ് ആസ്കി മാതൃകയിൽ ഇന്ത്യയിൽ ഇസ്കി കോഡ്‌വ്യവസ്ഥ രൂപപ്പെട്ടത്. ഭാരതീയഭാഷകളുടെ പൊതുവായ സവിശേഷതകൾ കണക്കിലെടുത്ത് കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡാക്. രൂപപ്പെടുത്തിയ എൻകോഡിങ് വ്യവസ്ഥയാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചെയ്ഞ്ച് (ISCII). ആസ്കി എൻകോഡിങ്ങിന്റെ മാതൃകയിൽ എട്ടു ബിറ്റുകൾ ഉൾക്കൊള്ളുന്ന കോഡ് വ്യവസ്ഥയാണ് ഇസ്കി. ബ്രാഹ്മി പാരമ്പര്യമുള്ള ഇന്ത്യൻ ലിപികളുടെ എൻകോഡിങ്ങിനായി രൂപീകരിച്ചതാണ് ഇസ്കി മാനകം. ഇന്ത്യൻ ഭാഷാലിപികൾക്കുവേണ്ടി ഇന്ത്യൻ സ്ക്രിപ്റ്റ് ഫോണ്ട് കോഡ്-ഇസ്ഫോക് (Indian Script Font Code) എന്ന പേരിൽ ഫോണ്ടുകളുടെ ശ്രേണിയും സി.ഡാക്. പുറത്തിറക്കി. ഇസ്ഫോക് കോഡിങ്ങിന്റെ അടിസ്ഥാനത്തിൽ ഫോണ്ടുകളുപയോഗിക്കാനായി രൂപകൽപനചെയ്ത കീബോർഡ് മാനേജർ പ്രോഗ്രാമാണ് ഇസ്ഫോക് സ്ക്രിപ്റ്റ് മാനേജർ (ഐ.എസ്.എം). അച്ചടിയിലും ഡി.ടി.പിയിലും മലയാളത്തിന്റെ പ്രയോഗം വ്യാപകമാക്കുന്നതിൽ ഇസ്ഫോക് ഫോ

▶ ഇന്ത്യൻ ലിപികളുടെ എൻകോഡിങ്ങിനായി രൂപീകരിച്ചതാണ് ഇസ്കി

ണ്ട് കോഡ്വ്യവസ്ഥ വലിയപങ്കുവഹിച്ചു. ഈ കാലഘട്ടത്തിലുണ്ടായ രേവതി, കാർത്തിക തുടങ്ങിയ മലയാളം നോൺ യൂണിക്കോഡ് ഫോണ്ടുകൾ ഇന്നും മലയാളം അച്ചടിരംഗത്ത് പ്രചാരത്തിലുണ്ട്. യൂണിക്കോഡിന്റെ വരവോടെ ആസ്കി, ഇസ്കി എൻകോഡിങ് വ്യവസ്ഥയ്ക്കപ്പുറത്തുള്ള വിശാലമായ ലോകത്തേക്ക് മലയാളലിപികൾ മുന്നേറി.

- ▶ ആസ്കി മാതൃകയിൽ ഇസ്കിയുമായി സി.ഡാക്
- ▶ ഇന്ത്യൻ ഭാഷകൾക്കായി ഐ.എസ്.എം കീ ബോർഡ്
- ▶ രേവതി, കാർത്തിക- സി.ഡാക് മലയാളം ഫോണ്ടുകൾ

## യൂണീക്കോഡ് ഘട്ടം

ആസ്കി, ഇസ്കി, എബിസിഡിക് തുടങ്ങിയ എൻകോഡിങ് സമ്പ്രദായങ്ങൾക്ക് ലോകത്തെ പല ഭാഷകളിലേയും ലിപിസഞ്ചയം പൂർണമായി ഉൾക്കൊള്ളാനാകുമായിരുന്നില്ല. ചൈനീസ്, ജാപ്പാനീസ്, മലയാളം തുടങ്ങിയ ഭാഷകളുടെ സമഗ്രലിപികൾക്ക് ആസ്കി മാപ്പിങ്ങിന്റെ 256 കളങ്ങൾ അപര്യാപ്തമായിരുന്നു. ക്യാരക്ടർ എൻകോഡിങ്ങിന് ഏകീകൃത രൂപമില്ലാതിരുന്നത് കമ്പ്യൂട്ടറുകൾ പരസ്പരം ബന്ധിപ്പിച്ച് വിവരവിനിമയം നടത്തുന്നതിലും പ്രതിബന്ധങ്ങളുണ്ടാക്കി. ഓരോ കമ്പ്യൂട്ടറിലെയും ഡാറ്റ വ്യത്യസ്ത എൻകോഡിങ് വ്യവസ്ഥകൾ ആധാരമാക്കിയുള്ളതായിരുന്നു. ഓരോ കോഡ് സമ്പ്രദായത്തിലും ഒരു ലിപിക്ക് വ്യത്യസ്ത ബൈനറികോഡുകളാണ് നൽകിയിരുന്നത്. കമ്പ്യൂട്ടർ ഉപയോഗിച്ച് ഇന്റർനെറ്റുവഴിയുള്ള വിവരവിനിമയത്തിന് ഇത് പ്രതിബന്ധമായി. ഈ പ്രതിസന്ധി താത്കാലികമായി തരണം ചെയ്തിരുന്നത് ഒരു ഡാറ്റയോടൊപ്പം അത് തയ്യാറാക്കിയ ഫോണ്ടുകൂടി കൈമാറിക്കൊണ്ടായിരുന്നു.

▶ മലയാളം തുടങ്ങിയ ഭാഷകളുടെ സമഗ്രലിപിക്ക് ആസ്കി മാപ്പിങ്ങിന്റെ 256 കളങ്ങൾ അപര്യാപ്തമായിരുന്നു

ഇതിനെല്ലാം പരിഹാരമായാണ് യൂണിക്കോഡ് ക്യാരക്ടർ എൻകോഡിങ് സമ്പ്രദായം നിലവിൽവന്നത്. യൂണിക്കോഡിന്റെ വരവോടെ ആസ്കി, ഇസ്കി തുടങ്ങിയ എൻകോഡിങ് വ്യവസ്ഥകൾ അപ്രസക്തമായി. ലോകത്തെ എല്ലാ ഭാഷകളിലേയും ലിപികൾക്ക് വ്യതിരിക്തമായ കോഡ് പോയന്റ് നൽകി എൻകോഡിങ് വ്യവസ്ഥാപിതമാക്കുക എന്ന ആശയമാണ് യൂണിക്കോഡ് കൺസോർഷ്യത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. 1987-ൽ ജോ. ബെക്കർ, ലീ കോളിൻസ്, മാർക്ക് ഡേവിഡ് എന്നീ ഐ.ടി. വിദഗ്ധർ ആഗോളതലത്തിൽ ഏകീകൃത എൻകോഡിങ് വ്യവസ്ഥ രൂപീകരിക്കുന്നതിന്റെ സാധ്യതകൾ ആലോചിക്കുന്നിടത്തുനിന്നാണ് യൂണിക്കോഡിന്റെ ചരിത്രം തുടങ്ങുന്നത്. 1991-ൽ യൂണിക്കോഡ് സ്റ്റാൻഡേർഡിന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങി. 16 ബിറ്റിൽ തുടങ്ങിയ ആദ്യ പതിപ്പിൽ വിവിധ ഭാഷകളിലെ അഞ്ഞൂറോളം ലിപികൾ യൂണിക്കോഡിലുൾപ്പെടുത്തി. 1996-ൽ യൂണിക്കോഡ്-2.0 പതിപ്പ് പുറത്തിറങ്ങിയപ്പോൾ അതിന്റെ പരിധി 16 ബിറ്റിൽനിന്ന് 32 ബിറ്റിലേക്ക് ഉയർത്തുകയുണ്ടായി. ഓരോ വർഷവും യൂണിക്കോഡിന്റെ പരിഷ്കരിച്ച പതിപ്പുകളിലായി കൂടുതൽ ഭാഷകളുടെ ലിപികൾ ഉൾപ്പെടുത്തിവരുന്നു. നിലവിൽ പ്രചാരത്തിലുള്ളത് 32 ബിറ്റ് ശേ

> ▸ 1991-ൽ യൂണിക്കോഡ് സ്റ്റാൻഡേർഡിന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങി

ഷിയുള്ള യൂണിക്കോഡ്-15.0.0 സ്റ്റാൻഡേർഡ് പതിപ്പാണ്. ഇതുവരെ ലോകത്തെ വിവിധഭാഷകളിലെ ഒന്നരലക്ഷത്തിലധികം ലിപികൾ യൂണിക്കോഡിലുൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ഭാഷകളുടെ ലിപികളുൾപ്പെടുത്താനാവും വിധം യൂണിക്കോഡിന്റെ പരിധി വർധിപ്പിക്കാൻ കഴിയും.

യൂണിക്കോഡിൽ ഓരോ ഭാഷയിലേയും അടിസ്ഥാനലിപിമാലയിലെ ഓരോ ലിപിക്കും പ്രത്യേകമായ കോഡ്നമ്പർ നൽകി വ്യവസ്ഥപ്പെടുത്തുന്നു. ഇതോടെ എൻകോഡിങ്ങിൽ ഓരോ ഭാഷയിലേയും അടിസ്ഥാനലിപികൾക്ക് വ്യതിരിക്തമായ സ്ഥാനം ലഭിക്കുന്നു. എല്ലാ ഭാഷകളുടെയും കമ്പ്യൂട്ടർ വ്യവഹാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് യൂണിക്കോഡ് കൺസോർഷ്യം (Unicode Consortium) രൂപംകൊണ്ടത്. എല്ലാവർക്കും സ്വീകാര്യമായതും സാങ്കേതികമായി കുറ്റമറ്റതുമായ കോഡ്‌വ്യവസ്ഥ രൂപപ്പെടുത്തുകയായിരുന്നു യൂണിക്കോഡിന്റെ ലക്ഷ്യം. ഭാഷാ-കമ്പ്യൂട്ടർ വിദഗ്ധരുടെ അന്താരാഷ്ട്രതലത്തിലുള്ള കൂട്ടായ്മയാണ് യൂണിക്കോഡ് കൺസോർഷ്യം. ലോകത്തെ പ്രധാന കമ്പ്യൂട്ടർ- ഐ.ടി സ്ഥാപനങ്ങളെല്ലാം യൂണിക്കോഡിൽ അംഗങ്ങളാണ്. ഇന്ത്യൻ ഭാഷകളുടെ പരിപോഷണാർത്ഥം കേന്ദ്ര ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് യൂണിക്കോഡ് കൺസോർഷ്യത്തിൽ സ്ഥിരാംഗമാണ്. യൂണിക്കോഡിൽ 42 ഇന്ത്യൻ ഭാഷാലിപികൾക്കായി ഇതുവരെ കോഡുകളനുവദിച്ചിട്ടുണ്ട്.

> ▸ എല്ലാ ഭാഷകളുടെയും കമ്പ്യൂട്ടർ വ്യവഹാരം സാധ്യമാക്കുക

കമ്പ്യൂട്ടറിലൂടെയും സ്മാർട്ട് ഫോണിലൂടെയുമുള്ള പ്രാദേശികഭാഷകളുടെ വിവരവിനിമയം സുഗമമായത് യൂണിക്കോഡ് എൻകോഡിങ് കാലഘട്ടത്തിലാണ്. യൂണിക്കോഡ് കമ്പ്യൂട്ടർ സാങ്കേതികവിദ്യയെ പ്രാദേശികഭാഷകളുമായി കോർത്തിണക്കുന്ന ക്യാരക്ടർ എൻകോഡിങ് സിസ്റ്റമാണ്. പ്രാദേശികഭാഷകൾ കമ്പ്യൂറിലുപയോഗിക്കാൻ സഹായകമായ യൂണിക്കോഡ് ലോകത്തിലെ എല്ലാഭാഷകൾക്കും പര്യാപ്തമായ എൻകോഡിങ് വ്യവസ്ഥയാണ്. യൂണിക്കോഡിന്റെ വരവോടെ ഭാഷാ എൻകോഡിങ് വ്യവസ്ഥയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് ഏതാണ്ട് പരിഹാരമായി. പുതിയപതിപ്പുകളിൽ ഓരോ ഭാഷാസമൂഹത്തിന്റെയും ആവശ്യങ്ങൾക്കനുസൃതമായ പരിഷ്കരണങ്ങൾ വരുത്താൻ യൂണിക്കോഡ് കൺസോർഷ്യം സന്നദ്ധമാകാറുണ്ട്.

> ▸ എല്ലാ ഭാഷകളുടെയും കമ്പ്യൂട്ടർ വ്യവഹാരം സാധ്യമാക്കുക

- 1991-ൽ യൂണിക്കോഡ് ഒന്നാം പതിപ്പ്
- യൂണിക്കോഡ് ക്യാരക്ടർ എൻകോഡിങ്ങിലെ ലോകമാനകം
- യൂണിക്കോഡിന് എത്ര ലിപികളേയും ഉൾക്കൊള്ളാനാകും

## Summarised Overview

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സഹായത്തോടെ മനുഷ്യഭാഷയുടെ വിവിധ തലങ്ങളിലുള്ള വ്യവഹാരവും വിനിമയവും സാധ്യമാക്കുകയാണ് ഭാഷാകമ്പ്യൂട്ടിങ്ങിന്റെ ലക്ഷ്യം. മനുഷ്യഭാഷയുടെ അടിസ്ഥാനസ്വഭാവങ്ങൾ കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുന്നതിനായി നിയമാവലികൾ രൂപപ്പെടുത്തുക, വിവരവ്യവസ്ഥകൾ നിർമ്മിക്കുക, ഭാഷാസംസ്കരണത്തിനും ഉത്പാദനത്തിനും വിനിമയത്തിനുമുതകുന്ന പ്രോഗ്രാമുകൾ തയ്യാറാക്കുക തുടങ്ങിയവയെല്ലാം ഭാഷാകമ്പ്യൂട്ടിങ്ങിന്റെ പ്രായോഗിക സമീപനങ്ങളാണ്. മലയാളഭാഷാകമ്പ്യൂട്ടിങ്ങിന്റെ തുടക്കം കമ്പ്യൂട്ടർ സഹായത്തോടെയുള്ള അച്ചടിയിൽനിന്ന്. ഫോട്ടോടൈപ്പ്സെറ്റിങ് അച്ചടിക്കും ഡി.ടി.പിക്കുമാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിച്ചുതുടങ്ങുന്നത്. കമ്പ്യൂട്ടർ, പ്രിന്റർ, ടെക്സ്റ്റ് എഡിറ്റിങ് പ്രോഗ്രാം എന്നിവയുടെ സഹായത്തോടെ നടക്കുന്ന അച്ചടിയാണ് ഡെസ്ക്ടോപ്പ് പബ്ലിഷിങ്. ലിപികൾക്ക് ഡിജിറ്റൽ സ്വഭാവമുണ്ടായി എന്നതാണ് ഡി.ടി.പിയുടെ പ്രധാന സവിശേഷത. മലയാളഭാഷയുടെ അച്ചടിയിൽ കാര്യമായ പുരോഗതിയുണ്ടാക്കാൻ കമ്പ്യൂട്ടർ സാങ്കേതികതകൊണ്ട് സാധ്യമായി.

കമ്പ്യൂട്ടറിലുപയോഗിക്കാനായി ലിപികൾക്ക് മൂല്യം നിശ്ചയിക്കുന്ന പ്രക്രിയയാണ് ക്യാരക്ടർ എൻകോഡിങ്. ക്യാരക്ടർ എൻകോഡിങ്ങിനായി രൂപപ്പെട്ട ആസ്കി, ഇസ്കി, യൂണിക്കോഡ് എന്നിങ്ങനെയുള്ള എൻകോഡിങ് മാനകങ്ങളെ അടിസ്ഥാനമാക്കി മലയാളഭാഷാ കമ്പ്യൂട്ടിങ്ങിൽ ഘട്ടവിഭജനം സാധ്യമാണ്. അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചെയ്ഞ്ച് എന്നതിന്റെ ചുരുക്കരൂപമാണ് ആസ്കി. ഭാരതീയഭാഷകളുടെ പൊതുവായ സവിശേഷതകൾ കണക്കിലെടുത്ത് കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡാക്. രൂപപ്പെടുത്തിയ എൻകോഡിങ് വ്യവസ്ഥയാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചെയ്ഞ്ച്.

ക്യാരക്ടർ എൻകോഡിങ്ങിന് ഏകീകൃത രൂപമില്ലാതിരുന്നത് കമ്പ്യൂട്ടറുകൾ പരസ്പരം ബന്ധിപ്പിച്ച് വിവരവിനിമയം നടത്തുന്നതിൽ പ്രതിബന്ധങ്ങളുണ്ടാക്കി. ലോകത്തെ എല്ലാ ഭാഷകളിലേയും ലിപികൾക്ക് വ്യതിരിക്തമായ കോഡ് പോയന്റ് നൽകി എൻകോഡിങ് വ്യവസ്ഥാപിതമാക്കുക എന്ന ആശയമാണ് യൂണിക്കോഡ് കൺസോർഷ്യത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. യൂണിക്കോഡിൽ ഓരോ ഭാഷയിലേയും അടിസ്ഥാനലിപിമാലയിലെ ഓരോ ലിപിക്കും പ്രത്യേകമായ കോഡ്നമ്പർ നൽകി വ്യവസ്ഥപ്പെടുത്തുന്നു. കമ്പ്യൂട്ടറിലൂടെയും സ്മാർട്ട് ഫോണിലൂടെയുമുള്ള മലയാളഭാഷയുടെ വിവരവിനിമയം സുഗമമായത് യൂണിക്കോഡ് എൻകോഡിങ് കാലഘട്ടത്തിലാണ്.

## Assignments

1. മലയാളഭാഷാ കമ്പ്യൂട്ടിങ്ങിന്റെ വിവിധഘട്ടങ്ങളെക്കുറിച്ച് പഠനം തയ്യാറാക്കുക
2. യൂണിക്കോഡ് കാലത്തെ മലയാളഭാഷാ സാങ്കേതികതയെപ്പറ്റി വിവരിക്കുക
3. ഭാഷാ കമ്പ്യൂട്ടിങ് എന്നാലെന്ത്?
4. ഡെസ്ക് ടോപ്പ് പബ്ലിഷിങ് മലയാളം അച്ചടിമേഖലയെ സ്വാധീനിച്ചതെങ്ങിനെ?
5. ഇസ്കി എന്താണെന്ന് വിശദമാക്കുക?
6. യൂണിക്കോഡ് എൻകോഡിങ് സിസ്റ്റത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

## Suggested Readings


1. ഡോ. സ്മിത കെ. നായർ, മലയാളം കമ്പ്യൂട്ടിംഗ്സാധ്യതകളും പരിമിതികളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. നിസാർ അഹമ്മദ്, മലയാളം ഭാഷ – ലിപി-കമ്പ്യൂട്ടിംഗ്,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡി. പ്രദീപ് കുമാർ, സൈബർ ജാലകം, പരിധിപബ്ലിക്കേഷൻസ്.
4. സുനീത ടി. വി., സൈബർ മലയാളം, കറന്റ് ബുക്സ്.


## References


1. സുനീത ടി. വി, ഇ. മലയാളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012
2. കെ. എച്ച്. ഹുസൈൻ, യൂണിക്കോഡ് കാലം, സായാഹ്ന ഫൗണ്ടേഷൻ, 2017
3. http://unicode.org


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 3 വിവിധതരം ഫോണ്ടുകൾ

## Learning Outcomes

- മലയാളത്തിലെ യൂണിക്കോഡ്- നോൺയൂണിക്കോഡ് ഫോണ്ടുകൾ പരിചയപ്പെടുക
- വിവിധയിനം മലയാളം ടൈപ്പിംഗ് പ്രോഗ്രാമുകൾ പരിചയപ്പെടുക
- ഹാൻഡ്റൈറ്റിംഗ് ഇൻപുട്ട്, വോയിസ് ടൈപ്പിംഗ് എന്നിവയെക്കുറിച്ചുള്ള ധാരണ നേടുന്നു
- ഡിജിറ്റൽ ഫോണ്ടുകളുടെ ചരിത്രവും സ്വഭാവവും മനസ്സിലക്കുക

## Background

കമ്പ്യൂട്ടറിന്റെ വരവോടെ പ്രചാരത്തിലെത്തിയ ഡിജിറ്റൽ ഫോണ്ടുകളുടെ ചരിത്രവും സ്വഭാവവും അറിഞ്ഞിരിക്കേണ്ടതുണ്ട്. മലയാളം ഫോണ്ടുകളുടെ മാതൃകകളും അച്ചടിയിലേയും ഡിജിറ്റൽ പ്രതലത്തിലെയും പ്രയോഗവും പരിചയിക്കേണ്ടത് മലയാളം കമ്പ്യൂട്ടിങ് പഠനത്തിന്റെ സമഗ്രതയ്ക്ക് ആവശ്യമാണ്. ഇന്ന് നൂറുകണക്കിന് മലയാളം ഫോണ്ടുകൾ പ്രചാരത്തിലുണ്ട്. അതിൽ യൂണിക്കോഡ് ഫോണ്ടുകളും നോൺ യൂണിക്കോഡ് ഫോണ്ടുകളുമുണ്ട്. അതുപോലെ മലയാളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന കൂട്ടക്ഷരലിപികളെല്ലാം ലഭ്യമായ തനതുലിപി ഫോണ്ടുകളും പുതിയ ലിപിയിലുള്ള ഫോണ്ടുകളുമെല്ലാം വ്യവഹാരത്തിലുണ്ട്. ഓരോ ഫോണ്ടിന്റെയും സ്വഭാവവും ആവശ്യകതയും ഫോണ്ട് മാതൃകകളുടെ രൂപം കണ്ടുതന്നെ മനസ്സിലാക്കേണ്ടതുണ്ട്. ഇതോടൊപ്പം മലയാളം കമ്പ്യൂട്ടറിൽ ടൈപ്പുചെയ്യുന്നതിനുള്ള കീ ബോർഡ് ലേഔട്ടുകളും ഭാഷാനിവേശകരീതികളും പ്രായോഗികമായിപരിശീലിക്കുന്നതിനുള്ള അടിത്തറയൊരുക്കുകയാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്.

## Keywords

മലയാളം ഫോണ്ടുകൾ- യൂണിക്കോഡ് മലയാളം ഫോണ്ടുകൾ-ഇൻസ്ക്രിപ്റ്റ് കീബോർഡ്- ലിപ്യന്തരണ കീബോർഡ്- മലയാളം ടൈപ്പിങ് പ്രോഗ്രാമുകൾ- ഭാഷാനിവേശകരീതികൾ.

## Discussion

### മലയാളം ഫോണ്ടുകൾ

അച്ചടിക്കാവുന്നതും ഡിജിറ്റൽ പ്രതലത്തിൽ ഉപയോഗിക്കാവുന്നതുമായ പ്രത്യേക ശൈലിയിലും വലിപ്പത്തിലും രൂപത്തിലുമുള്ള ലിപിമാതൃകകളാണ് ഫോണ്ട് എന്നറിയപ്പെടുന്നത്. കമ്പ്യൂട്ടറിലെ ഭാഷാവ്യവഹാരത്തിനായാണ് ഡിജിറ്റൽ ഫോണ്ടുകൾ നിർമ്മിച്ച് തു

> ▶ കമ്പ്യൂട്ടറിലെ ഭാഷാവ്യവഹാരത്തിനായാണ് ഡിജിറ്റൽ ഫോണ്ടുകൾ നിർമ്മിച്ചു തുടങ്ങിയത്

ടങ്ങുന്നത്. ആദ്യകാല കമ്പ്യൂട്ടറുകളിലെ ഭാഷ ഇംഗ്ലീഷ് മാത്രമായിരുന്നതിനാൽ ഇംഗ്ലീഷ് ലിപികളുടെ ഫോണ്ടുകളാണ് ആദ്യം നിർമ്മിക്കപ്പെട്ടത്. റുഡോൾഫ് ഹെൽ എന്ന ജർമ്മൻ എൻജിനിയർ 1968-ൽ നിർമ്മിച്ച ഡിജി ഗ്രോട്ടെസ്ക് ആണ് ആദ്യത്തെ ഇംഗ്ലീഷ് സ്ക്രിപ്റ്റ് ഫോണ്ടായി അറിയപ്പെടുന്നത്. ഫോണ്ടുകൾ രൂപപ്പെടുത്തിയിരുന്നത് ആസ്കി, ഇസ്കി, യൂണിക്കോഡ് തുടങ്ങിയ എൻകോഡിങ് വ്യവസ്ഥകൾ ആധാരമാക്കിയാണ്.

ഇംഗ്ലീഷ് ഫോണ്ടുകൾ കമ്പ്യൂട്ടറിൽ ഉപയോഗിച്ചുതുടങ്ങി കാൽ നൂറ്റാണ്ടിനുശേഷമാണ് മലയാളം ഡിജിറ്റൽ ഫോണ്ടുകൾ നിർമ്മിച്ചു തുടങ്ങിയത്. മലയാളത്തിൽ ആദ്യമായി നിർമ്മിക്കപ്പെട്ടത് ആസ്കി, ഇസ്കി മാനകങ്ങളുടെ അടിസ്ഥാനത്തിലുള്ള ഫോണ്ടുകളാണ്. മലയാളത്തിലെ എല്ലാ കൂട്ടക്ഷരങ്ങളേയും ഉൾക്കൊള്ളാൻ ആസ്കി, ഇസ്കി മാനകങ്ങൾക്ക് സാധിച്ചിരുന്നില്ല. അതിനാൽ കൂടുതൽ കൂട്ടക്ഷരങ്ങളും ചന്ദ്രക്കലയിട്ട് പിരിച്ചെഴുതിയ ലിപിരൂപങ്ങളായാണ് ആസ്കി, ഇസ്കി ഫോണ്ടുകളിൽ കണ്ടിരുന്നത്. ടൈപ്പ് റൈറ്ററിൽ ഉപയോഗിക്കുന്നതിനായി 1970-ൽ പരിഷ്കരിച്ച ലിപികളാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടറിലും ഉപയോഗിച്ചത്. സി.ഡാക് രൂപപ്പെടുത്തിയതും മലയാളം അച്ചടിയിലും ഡി.ടി.പിയിലും വ്യാപകമായി ഉപയോഗിച്ചിരുന്നതുമായ രേവതി, കാർത്തിക തുടങ്ങിയവ ഇസ്കി എൻകോഡിങ് ആധാരമായുള്ള ഫോണ്ടുകളാണ്.

> ▶ 1970 - ടൈപ്പ് റൈറ്ററിൽ ഉപയോഗിക്കുന്നതിനായി പരിഷ്കരിച്ച ലിപികളാണ് ആദ്യഘട്ടത്തിൽ കമ്പ്യൂട്ടറിലും ഉപയോഗിച്ചത്

യൂണിക്കോഡ് എൻകോഡിങ് ആരംഭിച്ചതോടെയാണ് മലയാളത്തിലെ എല്ലാ ലിപിരൂപങ്ങളേയും കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചത്. 2002-ൽ അജയ്‌ലാൽ നിർമ്മിച്ച 'തൂലിക' ആണ് മലയാളത്തിലുണ്ടായ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട്. എന്നാൽ തൂലിക ഫോണ്ടിൽ മലയാളത്തിലെ സമഗ്രലിപിസഞ്ചയം ഉണ്ടായിരുന്നില്ല. 1829-ൽ ബെഞ്ചമിൻ ബെയ്‌ലി മലയാളം അച്ചടിക്കായി രൂപപ്പെടുത്തിയ എല്ലാ കൂട്ടക്ഷരലിപികളും ലഭ്യമായ ആദ്യത്തെ മലയാളം ഫോണ്ട് രചനയാണ്. രചന അക്ഷരവേദി എന്ന സന്നദ്ധസംഘത്തിന് കീഴിൽ കെ. എച്ച്. ഹുസൈനാണ് ഈ ഫോണ്ട് രൂപകല്പന ചെയ്തത്. മലയാളത്തനിമ, രചന അക്ഷരവേദി, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് തുടങ്ങിയ സന്നദ്ധ സംഘങ്ങൾ വിവിധോദ്ദേശ്യങ്ങളായ നിരവധി മലയാളം ഫോണ്ടുകൾ രൂപപ്പെടുത്തിയിട്ടുണ്ട്.

> ▶ 'തൂലിക'യാണ് മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട്

കെവിനും സിജിയും ചേർന്ന് രൂപകൽപനചെയ്ത അഞ്ജലി ഓൾഡ് ലിപി, കറുമ്പി, ഹിരൺ വേണുഗോപാലന്റെ ദ്യുതി, സന്തോഷ് തോട്ടിങ്ങൽ രൂപകൽപന ചെയ്ത മഞ്ജരി, ചിലങ്ക, നൂപുരം, ആർ. കെ. ജോഷിയും എം. ആർ. രജിത് കുമാറും ചേർന്ന് നിർമ്മിച്ച രഘു മലയാളം, കെ. എച്ച്. ഹുസൈൻ രൂപകല്പനചെയ്ത ഉറൂബ്, കേരളീയം, മീര, രചന, ബിനോയ് ഡൊമനിക്കിന്റെ ഗായത്രി, സുരേഷ് പി. തയ്യാറാക്കിയ സുറുമ, ആൻഡ്രോയ്ഡ് ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കാനായി ഗൂഗിൾ തയ്യാറാക്കിയ നോട്ടോ സാൻസ് മലയാളം, നോട്ടോ സെരിഫ് മലയാളം, രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രാഫി രൂപകല്പന ചെയ്ത ആർ.ഐ.ടി രചന, പന്മന, എഴുത്ത്, സുന്ദർ, ടി. എൻ. ജോയ്, കരുണ തുടങ്ങിയവ ഓപ്പൺ ടൈപ്പ് വിഭാഗത്തിലുള്ള മലയാളം ഫോണ്ടുകളാണ്.

> ▶ ധാരാളം ഓപ്പൺ ടൈപ്പ് ഫോണ്ടുകൾ ഇന്ന് മലയാളത്തിൽ ഉണ്ട്

മേൽ പറഞ്ഞവയിൽ പലതും സവിശേഷ ആവശ്യങ്ങൾ മുന്നിൽ കണ്ട് രൂപപ്പെടുത്തിയതാണ്. കെ. എച്ച്. ഹുസൈൻ രൂപകല്പന ചെയ്ത രചന അച്ചടിയിലും എഴുത്തിലും നിലവിലുണ്ടായിരുന്ന മലയാളത്തിലെ എല്ലാ കൂട്ടക്ഷരലിപികളും ലഭ്യമായ യൂണിക്കോഡ് ഫോണ്ടാണ്. 1200- ലധികം ലിപിരൂപങ്ങൾ രചനയിലുണ്ട്. നിലവിൽ മലയാളത്തിൽ ഏറ്റവുമധികം കൂട്ടക്ഷരലിപിരൂപങ്ങൾ ലഭ്യമായ ഫോണ്ടാണ് രചന. പ്രചീന കൃതികളുടെ ഡിജിറ്റലൈസേഷന് സഹായകമാവുന്ന വിധത്തിലണ് രചന ഫോണ്ട് രൂപകല്പന ചെയ്തിട്ടുള്ളത്. രണ്ട് ദശാബ്ദം മുമ്പ് നിർമ്മിതമായ രചന ഫോണ്ടിന്റെ പരിഷ്കരിച്ച പതിപ്പ് ആർ.ഐ.ടി രചന എന്ന പേരിൽ കഴിഞ്ഞവർഷം പുറത്തിറങ്ങിയിട്ടുണ്ട്.

- എല്ലാ കൂട്ടക്ഷരലിപികളും ലഭ്യമായ യൂണിക്കോഡ് ഫോണ്ടാണ് രചന

അതുപോലെ അച്ചടിയിൽ തലക്കെട്ടുകളുടെ മിഴിവിനായി രൂപപ്പെടുത്തിയതാണ് ദ്യുതി, ഉറൂബ്, ഗായത്രി, കേരളീയം തുടങ്ങിയ ഫോണ്ടുകൾ. തലക്കെട്ടുകൾ, പുസ്തക കവർ, പോസ്റ്റർ, ബാനർ എന്നിവയ്ക്ക് ഈ ഫോണ്ടുകൾ അനുയോജ്യമാണ്. സാഹിത്യകാരൻ പി. സി. കുട്ടികൃഷ്ണന്റെ തൂലികാനാമമാണ് ഉറൂബ് എന്ന ഫോണ്ടിന് പേരായി സ്വീകരിച്ചിരിക്കുന്നത്. കൈയക്ഷരങ്ങളെ അനുകരിക്കുന്ന ഫോണ്ടുകളാണ് കറുമ്പി, നൂപുരം, ചിലങ്ക, എഴുത്ത് എന്നിവ. കാലിഗ്രാഫിസ്റ്റ് നാരായണഭട്ടതിരി വരഞ്ഞ അക്ഷരങ്ങളുടെ ഡിജിറ്റൽ രൂപമാണ് രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രാഫി തയ്യാറാക്കിയ എഴുത്ത് ഫോണ്ട്. മലയാളം കാലിഗ്രാഫിക്കും ടെക്സ്റ്റ് ഡിസൈനിങ്ങിനും അനുയോജ്യമായ ഫോണ്ടാണ് നൂപുരം കാലിഗ്രാഫി. കുട്ടികൾക്ക് മലയാളലിപികൾ എഴുതിപ്പഠിക്കാനനുയോജ്യമായ വിധത്തിൽ കൈയെഴുത്തിന്റെ രേഖീയക്രമം കാണിക്കുന്ന നൂപൂരം ഫോണ്ടിന്റെ പുതിയപതിപ്പും സന്തോഷ് തോട്ടിങ്ങൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള മലയാളത്തിലെ ആദ്യ ഫോണ്ടാണ് നൂപുരം.

- മലയാളം കാലിഗ്രാഫി ഫോണ്ടുകൾ

യൂണിക്കോഡ് ഫോണ്ടുകൾ പ്രചാരത്തിലെത്തി രണ്ട് പതിറ്റാണ്ട് പിന്നിട്ടെങ്കിലും നോൺ യൂണിക്കോഡ് ഫോണ്ടുകൾ ഇന്നും മലയാളത്തിൽ ഉപയോഗത്തിലുണ്ട്. ചില വൻകിട പ്രസാധകരും പത്രമാധ്യമങ്ങളുമെല്ലാം യൂണിക്കോഡിതര ഫോണ്ടുകൾ അച്ചടിക്കായി ഉപയോഗിക്കുന്നുണ്ട്. ആദ്യകാലത്ത് മലയാളം ഫോണ്ടുകളിൽ യൂണിക്കോഡ്, നോൺ യൂണിക്കോഡ് എന്നിങ്ങനെയുള്ള ഡിജിറ്റൽ അന്തരം സാങ്കേതിക മേഖലയിൽ നിലനിന്നിരുന്നു. എന്നാൽ നോൺ യൂണിക്കോഡ് ഫോണ്ടിലുള്ള ടെക്സ്റ്റിനെ യൂണിക്കോഡിലേക്കും തിരിച്ചും മാറ്റിയെടുക്കാവുന്ന കൺവെർട്ടർ പ്രോഗ്രാമുകൾ പ്രചാരത്തിലെത്തിയതോടെ ഈ അന്തരം കുറഞ്ഞിട്ടുണ്ട്. യൂണിക്കോഡ്/ നോൺ യൂണിക്കോഡ് ഫോണ്ടുകളുടെ കൺവെർഷന് സഹായകമായ ഒരു മലയാളം ടെക്സ്റ്റ് എഡിറ്ററാണ് ടൈപ്പിറ്റ്. പയ്യൻസ് മറ്റൊരു യൂണിക്കോഡ് കൺവെർട്ടറാണ്.

- യൂണിക്കോഡ്/ നോൺ യൂണിക്കോഡ് കൺവെർട്ടർ

## യൂണിക്കോഡ് ഫോണ്ടുകൾ

ഇംഗ്ലീഷ് മാത്രമാണ് കമ്പ്യൂട്ടറിൽ വിനിമയം ചെയ്യാവുന്ന ഭാഷയെന്ന അവസ്ഥക്ക് മാറ്റമുണ്ടായത് യൂണിക്കോഡിന്റെ വരവോടെയാണ്. വേൾ

ഡ് വൈഡ് വെബ്ബിൽ മലയാളംപോലുള്ള പ്രാദേശികഭാഷകളിലെ വിവരവ്യവസ്ഥാനിർമ്മാണം സാധ്യമായത് യൂണിക്കോഡിലൂടെയാണ്. യൂണിക്കോഡിൽ ലിപികൾക്ക് സ്ഥിരവും വ്യതിരിക്തവുമായ കോഡ് പോയന്റ് ലഭിക്കുന്നു. മലയാളലിപികൾക്ക് യൂണീക്കോഡിൽ ആദ്യമായി ഇടം കിട്ടുന്നത് 1993-ൽ പുറത്തുവന്ന യൂണിക്കോഡ്-1.1 പതിപ്പിലാണ്. അന്ന് മലയാളം ഇസ്കി എൻകോഡിങ്ങിൽ നിലവിലുണ്ടായിരുന്ന ലിപികൾ യൂണിക്കോഡിലേക്ക് മാറ്റുകയായിരുന്നു. 1999-ലെ യൂണിക്കോഡ്-3.0 പതിപ്പിലാണ് മലയാളത്തിന്റെ കോഡ്പേജ് ആദ്യമായി നിലവിൽവന്നത്. രചന അക്ഷരവേദിയാണ് മലയാളം അച്ചടിയിലും എഴുത്തിലും നിലനിന്നിരുന്ന എല്ലാ കൂട്ടക്ഷരലിപികളും യൂണിക്കോഡിൽ ലഭ്യമാക്കുന്നതിനുള്ള അടിത്തറയൊരുക്കിയത്. ഈ സമഗ്രലിപിസഞ്ചയം ആധാരമാക്കി പിന്നീട് രചന, മീര തുടങ്ങിയ ആദ്യകാല മലയാളം യൂണിക്കോഡ് ഫോണ്ടുകൾ രൂപപ്പെടുത്തി. യൂണിക്കോഡിന്റെ തുടർന്നുണ്ടായ പതിപ്പുകളിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാനും പോരായ്മകൾ പരിഹരിക്കുവാനും രചന അക്ഷരവേദി താത്പര്യമെടുത്തുവരുന്നു.

> ▶ പ്രാദേശികഭാഷകളിലെ വിവരവ്യവസ്ഥാനിർമ്മാണം സാധ്യമായത് യൂണിക്കോഡിലൂടെയാണ്

യൂണിക്കോഡ് കൺസോർഷ്യം മലയാളലിപികൾക്ക് സ്വതന്ത്ര കോഡ്പോയന്റുകൾ നൽകിയതോടെ മലയാളഭാഷ സ്വതന്ത്രമായി കമ്പ്യൂട്ടറിലുപയോഗിക്കാവുന്ന സാഹചര്യമുണ്ടായി. യൂണിക്കോഡിൽ മലയാളലിപികളെ സ്വതന്ത്രലിപികളായി കമ്പ്യൂട്ടർ വിനിമയംചെയ്യുന്നു. ഏതെങ്കിലും യൂണിക്കോഡ് മലയാളം ഫോണ്ട് കമ്പ്യൂട്ടറിലുണ്ടായാൽ ഇതര യൂണിക്കോഡ് മലയാളം ഫോണ്ടുകളിൽ തയ്യാറാക്കിയ വിവരങ്ങൾ വിനിമയം ചെയ്യാനാകും. യൂണിക്കോഡിലെ 3328 മുതൽ 3455 വരെയുള്ള (0ഉ00 മുതൽ 0ഉ7എ വരെയുള്ള ഹെക്സഡെസിമൽ കോഡുകൾ) മലയാളലിപികൾക്കായി നീക്കിവെച്ചിരിക്കുന്നു. 2002-ൽ അജയ്ലാൽ ആദ്യത്തെ മലയാളം യൂണിക്കോഡ് ഫോണ്ടായ തൂലിക പുറത്തിറക്കിയതോടെ മലയാളത്തിന്റെ യൂണിക്കോഡ് യുഗം ആരംഭിക്കുന്നു. 2003-ൽ മൈക്രോസോഫ്റ്റ് വിൻഡോസ് എക്സ്.പി. സർവീസ് പായ്ക്കിൽ മലയാളം ഉൾപ്പെടുത്തിയതോടെ കമ്പ്യൂട്ടറിലെ മലയാള ഉപയോഗം വ്യാപകമായി.

> ▶ യൂണിക്കോഡിൽ മലയാളലിപികളെ സ്വതന്ത്രലിപികളായി കമ്പ്യൂട്ടർ വിനിമയം ചെയ്യുന്നു

യൂണിക്കോഡിന്റെ വരവ് കമ്പ്യൂട്ടറിലെ മലയാളഭാഷയുടെ വിനിമയത്തിന് വലിയ തോതിൽ സഹായകമായെങ്കിലും ചില ഭാഷാ-സാങ്കേതിക പ്രശ്നങ്ങൾക്ക് ഇത് ഇടയാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും ചർച്ചചെയ്യപ്പെട്ട വിഷയമാണ് ചില്ലക്ഷരലിപികളുടെ എൻകോഡിങ്ങുമായി ബന്ധപ്പെട്ടുണ്ടായ ആശങ്കകൾ. യൂണിക്കോഡ് കൺസോർഷ്യം 2008-ൽ പുറത്തിറക്കിയ 5.1 പതിപ്പിലാണ് മലയാളത്തിലെ ചില്ലക്ഷരലിപികളുടെ എൻകോഡിങ്ങുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഉയർന്നുവന്നത്.

> ▶ ചില്ലക്ഷരലിപികളുടെ എൻകോഡിങ്ങുമായി ബന്ധപ്പെട്ടുണ്ടായ ആശങ്കകൾ

ഒരു ഭാഷയിലെ അടിസ്ഥാനക്ഷരമാലയിലെ ലിപികൾക്കാണ് യൂണിക്കോഡിൽ സവിശേഷ കോഡ്പോയന്റുകൾ നൽകുക. കൂട്ടക്ഷരലിപികൾക്ക് കോഡ്പോയന്റ് നൽകുകയില്ല. അടിസ്ഥാനക്ഷരമാലയിലെ ലിപികൾ സംയോജിപ്പിച്ചാണ് കമ്പ്യൂട്ടറിൽ കൂട്ടക്ഷരലിപികൾ രൂപപ്പെടുത്തുന്നത് (ഉദാ: ക് + ക = ക്ക, ക് + ത = ക്ത). ഭാഷയിലെ എല്ലാ കൂട്ടക്ഷരലിപികളും രൂപപ്പെടുത്തുന്നത് ഈ രീതിയിലാണ്.

> ▶ കൂട്ടക്ഷരലിപികൾക്ക് കോഡ്പോയന്റ് നൽക്കുകയില്ല

യൂണിക്കോഡിന്റെ അഞ്ചാം പതിപ്പുവരെ (2007) മേൽപറഞ്ഞ രീതിയിൽ മലയാളത്തിലെ അടിസ്ഥാനക്ഷരമാലയിലെ ലിപികൾക്കുമാത്രം കോഡ്പോയന്റ് നൽകുന്നരീതി നിലനിന്നു. പി. ഗോവിന്ദപ്പിള്ള ചെയർമാനായ ക്യാരക്ടർ എൻകോഡിങ് ആന്റ് കീബോർഡ് സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 2008-ൽ യൂണിക്കോഡ് 5.1 സ്റ്റാൻഡേർഡിൽ ചില്ലക്ഷരലിപികൾ അടിസ്ഥാനലിപികളായി പരിഗണിച്ച് എൻകോഡ്ചെയ്യാൻ യൂണിക്കോഡ് കൺസോർഷ്യം തീരുമാനിച്ചു. ഇപ്രകാരം കോഡ്പോയന്റുകൾ ലഭിച്ച ചില്ലുകൾ ആറ്റോമിക് ചില്ലുകൾ (ആണവചില്ലുകൾ) എന്നറിയപ്പെട്ടു. സീറോ വിഡ്ത്ത് ജോയന്റർ എന്ന കൺട്രോൾ കീ ഉപയോഗിക്കാതെ, കമ്പ്യൂട്ടർ കീബോർഡിലെ ഒരൊറ്റ  കീ ഉപയോഗിച്ച് ചില്ലക്ഷരലിപികൾ ടൈപ്പുചെയ്യാമെന്നതായിരുന്നു ഇതിന്റെ ഗുണം.

- ആറ്റോമിക് ചില്ലുകൾ

യൂണിക്കോഡ് 5.1- പതിപ്പോടെ ചില്ലക്ഷരലിപികൾ ഒരേസമയം രണ്ടുവിധത്തിൽ ടൈപ്പുചെയ്തുണ്ടാക്കാവുന്ന സാഹചര്യമുണ്ടായി. ഇത് കമ്പ്യൂട്ടറിലെ മലയാളഭാഷാവ്യവഹാരത്തിൽ സങ്കീർണതകളുണ്ടാക്കി. ചില്ലക്ഷരങ്ങളും അവയുടെ അടിസ്ഥാനക്ഷരങ്ങളും തമ്മിലുള്ള സ്വാഭാവികബന്ധം നഷ്ടമാകുന്നതാണ് പ്രധാനപ്രശ്നം. അറ്റോമിക് ചില്ലുകളുമായി ബന്ധപ്പെട്ട ഈ പ്രശ്നം ആദ്യം ചൂണ്ടിക്കാണിച്ചത് രചന അക്ഷരവേദിയാണ്. ഇക്കാര്യം രചന അക്ഷരവേദി സൂചിപ്പിച്ചെങ്കിലും ക്യാരക്ടർ എൻകോഡിങ് ആന്റ് കീബോർഡ് സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റി ചില്ലിന്റെ സ്വതന്ത്ര എൻകോഡിങ്ങിനായി ഔദ്യോഗികമായി നിലയുറപ്പിച്ചതോടെ യൂണിക്കോഡ് കൺസോർഷ്യം വഴങ്ങുകയായിരുന്നു. ഇതോടെ കമ്പ്യൂട്ടറിൽ മലയാളം ചില്ലക്ഷരലിപികൾ രണ്ടുവിധത്തിൽ ടൈപ്പുചെയ്തുണ്ടാക്കാവുന്ന സാഹചര്യമുണ്ടായി. ഒരു ഭാഷയിലെ ഒരു ലിപി രണ്ടുവിധത്തിൽ ടൈപ്പുചെയ്തുണ്ടാക്കാവുന്ന സ്ഥിതിവിശേഷം ഏകീകൃത കോഡുവ്യവസ്ഥയെത്തന്നെ അസ്ഥിരപ്പെടുത്തുന്ന കാര്യമാണ്.

- മലയാളം ചില്ലക്ഷര ലിപികൾ രണ്ടുവിധത്തിൽ ടൈപ്പുചെയ്യാവുന്ന സാഹചര്യം

മലയാളം അച്ചടിയിലെ പ്രശ്നങ്ങൾക്ക് യൂണിക്കോഡ് ഫോണ്ടിലൂടെ ഒരുവിധം പരിഹാരമായി. യൂണിക്കോഡ് അടിസ്ഥാനമാക്കി പഴയലിപിയിലും പുതിയലിപിയിലുമുള്ള ഫോണ്ടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. യൂണിക്കോഡ് ഫോണ്ടുകളുടെ വരവോടെയാണ് മലയാളത്തിൽ ഇ. മെയിലുകളും വെബ്പേജുകളും സുഗമമായി തയ്യാറാക്കാനായത്. അതുവരെ മലയാളം ഇ. മെയിലുകൾ പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റിലേക്ക് (പി.ഡി.എഫ്) രൂപാന്തരണംചെയ്ത് മാത്രമേ വിനിമയംചെയ്യാൻ സാധിച്ചിരുന്നുള്ളൂ. ഹൈപ്പർ ടെക്സ്റ്റ് എന്ന പുതിയൊരു വ്യവഹാരമേഖലയിലേക്ക് മലയാളഭാഷ വളർന്നത് യൂണിക്കോഡ് ഫോണ്ടുകളിലൂടെയാണ്. മലയാളത്തിൽ വിവിധ വിവരവിനിമയപ്രക്രിയകൾക്കും ഭാഷാസംസ്കരണ-ഉത്പാദകപ്രക്രിയകൾക്കുമായുള്ള സോഫ്റ്റുവെയറുകളും പ്രോഗ്രാമുകളും വ്യാപകമാകുന്നതും യൂണിക്കോഡ് ഫോണ്ടുകളുടെ വരവോടെയാണ്. മലയാളലിപികൾ പൂർണമായും യൂണിക്കോഡിൽ  ലഭ്യമായിക്കഴിഞ്ഞു. മലയാളത്തിൽ ഇന്ന് പ്രചാരത്തിലുള്ള ലിപികൾ കൂടാതെ ഏതെങ്കിലും കാലഘട്ടത്തിൽ പ്രസക്തമായിരുന്ന ലിപിരൂപങ്ങളും മലയാളം അക്കങ്ങളുമെല്ലാം യൂണിക്കോഡിൽ ഇടം നേടിയിട്ടുണ്ട്.

- ഹൈപ്പർടെക്സ്റ്റ് എന്ന പുതിയ വ്യവഹാര മേഖലയിലേക്കുള്ള വളർച്ച

- തൂലിക ആദ്യ മലയാളം യൂണിക്കോഡ് ഫോണ്ട്
- സമഗ്രലിപിസഞ്ചയമുൾക്കൊള്ളുന്ന ആദ്യ യൂണിക്കോഡ് ഫോണ്ട് രചന
- മലയാളലിപി എഴുതിപ്പഠിക്കാവുന്ന ഫോണ്ട് നൂപുരം
- പയ്യൻസ്- യൂണിക്കോഡ് കൺവെർട്ടർ
- യൂണിക്കോഡ് 3. പതിപ്പിൽ മലയാളം കോഡ് പേജ്
- യൂണിക്കോഡ് 5.1 പതിപ്പിൽ ആണവചില്ലുകൾ

## മലയാളം ടൈപ്പിങ്

ടൈപ്പ്റൈറ്റർ ഉപയോഗത്തിലിരിക്കെയാണ് കേരളത്തിൽ കമ്പ്യൂട്ടർ പ്രചാരത്തിലെത്തുത്. ടൈപ്പ്റൈറ്ററിന്റെ പരിഷ്കൃതരൂപമാണ് കമ്പ്യൂട്ടറെന്നധാരണ ആദ്യകാലങ്ങളിലുണ്ടായിരുന്നു. കമ്പ്യൂട്ടറുപയോഗിച്ച് ഫോട്ടോടൈപ്പ്സെറ്റിങ് അച്ചടിയും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും ആരംഭിച്ചതോടെ ആ ധാരണ മാറുകയും ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുകയുമുണ്ടായി. ആദ്യകാലത്ത് മലയാളമുൾപ്പെടെയുള്ള പ്രാദേശികഭാഷകൾ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പുചെയ്യുന്നതിന് സ്വതന്ത്രമായൊരു കീ ബോർഡില്ലാത്തതായിരുന്നു പ്രധാന പരിമിതി.

- പ്രാദേശികഭാഷകൾ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിന് പരിമിതികൾ വന്നു

അച്ചടിക്കായാണ് കമ്പ്യൂട്ടറിലെ മലയാളം ടൈപ്പിങ്ങിന് തുടക്കമാകുന്നത്. ഇംഗ്ലീഷ് കീബോർഡാണ് മലയാളമുൾപ്പെടെയുള്ള പ്രാദേശികഭാഷകൾ ടൈപ്പുചെയ്യാനുപയോഗിക്കുന്നത്. ടൈപ്പ്റൈറ്ററിലേതുപോലെ മലയാളം ടൈപ്പിങ്ങിന് മാത്രമായുള്ള കീബോർഡുണ്ടായിരുന്നില്ല. ഇംഗ്ലീഷിനുവേണ്ടിയുള്ള കീബോർഡിൽ മലയാളലിപി ടൈപ്പുചെയ്യുന്നതിനുള്ള സാങ്കേതികസൗകര്യം സാധ്യമാക്കുകയാണുണ്ടായത്.

- ഇംഗ്ലീഷ് കീ ബോർഡിൽ മലയാളലിപി ടൈപ്പ് ചെയ്യാനുള്ള സാങ്കേതിക സൗകര്യമാണുണ്ടായത്

ഇംഗ്ലീഷ് കീബോർഡിലെ കീകളിൽ അമർത്തുമ്പോൾ സ്ക്രീനിൽ മലയാളലിപികൾ തെളിഞ്ഞുവരുന്ന രീതിയാണ് നിലവിലുള്ളത്. ഈ സാങ്കേതികവിദ്യ റെൻഡറിങ് എന്നാണ് അറിയപ്പെടുന്നത്. എന്നാൽ റെൻഡറിങ് പ്രക്രിയക്ക് ഏകീകൃതസ്വഭാവമില്ലായിരുന്നു. ഒരു പ്രോഗ്രാമിൽ ഇംഗ്ലീഷ് കീബോർഡിലെ അ എന്ന കീയിലമർത്തിയാൽ സ്ക്രീനിൽ ക എന്ന മലയാളലിപി തെളിഞ്ഞുവരും. മറ്റൊന്നിൽ ഇത് അ എന്നായിരിക്കും. വേറെ ചിലതിൽ ഒ ആയിരിക്കും. ഇതിനാൽ ഓരോ പ്രോഗ്രാമിലും മലയാളം ടൈപ്പുചെയ്യാൻ വ്യത്യസ്ത കീബോർഡ് ലേഔട്ടുകൾ പഠിച്ചെടുക്കേണ്ടിവന്നിരുന്നു. ഇംഗ്ലീഷ് കീബോർഡിലെ മലയാളലിപി നിവേശകസംവിധാനം പരിചയിച്ചവർക്കുമാത്രമേ കമ്പ്യൂട്ടറിൽ മലയാളം ടൈപ്പുചെയ്യാൻ സാധിച്ചിരുന്നുള്ളൂ. കീ ബോർഡ് ലേ ഔട്ടിന് ഏകീകൃതസ്വഭാവമില്ലാതിരുന്നത് കമ്പ്യൂട്ടറിലെ മലയാളം ടൈപ്പിങ്ങിൽ പ്രധാനപരിമിതിയായിരുന്നു. ഓരോ കമ്പനിയും അവരവരുടെ യുക്തിക്കനുസരിച്ചാണ് കീ ബോർഡ് ലേ ഔട്ട് ചിട്ടപ്പെടുത്തി മലയാളലിപിവിന്യാസം നടത്തിയത്. ഇതൊക്കെയായിരുന്നു ടൈപ്പ് റൈറ്ററിൽനിന്ന് കമ്പ്യൂട്ടറിലെത്തിയപ്പോൾ മലയാളം ടൈപ്പിങ്ങിലുണ്ടായിരുന്ന വെല്ലുവിളികൾ. ടൈപ്പ്റൈറ്റർ, ഇൻസ്ക്രിപ്റ്റ്, ഫൊണറ്റിക്, ഐ.എസ്.എം ജിസ്റ്റ് എന്നിങ്ങനെ വ്യത്യസ്തമായ കീബോർഡ് ലേഔട്ടുകൾ മലയാളത്തിനായി നിലവിലുണ്ട്.

- മലയാളം കീ ബോർഡ് ലേ ഔട്ടിന് ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല

## ഇൻസ്ക്രിപ്റ്റ് കീബോർഡ്

കേന്ദ്രസർക്കാർ സ്ഥാപനമായ സി. ഡാക് ഇന്ത്യൻ ഭാഷകൾക്കുവേണ്ടി പൊതുവായി രൂപപ്പെടുത്തിയ കീബോർഡ് ലേഔട്ടാണ് ഇൻസ്ക്രിപ്റ്റ്. ഇന്ത്യൻ സ്ക്രിപ്റ്റ് കീബോർഡ് എന്നതിന്റെ ചുരുക്കരൂപമാണ് ഇൻസ്ക്രിപ്റ്റ്. ഒരേ അക്ഷരമാലാക്രമമുള്ള ഇന്ത്യൻ ഭാഷകൾക്കുവേണ്ടിയുള്ള കീബോർഡ് ലേഔട്ടാണ് ഇൻസ്ക്രിപ്റ്റ്. ഇതിൽ എല്ലാ ഇന്ത്യൻ ഭാഷകളിലേയും ലിപികൾക്ക് ഇംഗ്ലീഷ് കീബോർഡിൽ ഒരേ മാതൃകയിലുള്ള ലിപിവിന്യാസമാണുള്ളത്. അതായത് മലയാളത്തിലെ അ എന്ന ലിപി ഇംഗ്ലീഷ് കീബോർഡിലെ ഉ എന്ന കീയിലാണെങ്കിൽ ഹിന്ദി, കന്നഡ, തെലുങ്ക് തുടങ്ങിയ ഭാഷകളിലേയും അ ഇപ്രകാരം ഉ- എന്ന കീയിൽ തന്നെയായിരിക്കും. അതിനാൽ ഇൻസ്ക്രിപ്റ്റിൽ ഏതെങ്കിലുമൊരു ഭാഷയുടെ ടൈപ്പിങ് പരിശീലിച്ചയാൾക്ക് മറ്റു ഭാരതീയഭാഷകളുടെ ടൈപ്പിങ് അനായാസം സാധിക്കും. ആദ്യമായി മലയാളത്തിനായി പൊതുവിൽ അംഗീകരിക്കപ്പെട്ട ലിപിവിന്യാസരീതിയാണ് സി. ഡാക് തയ്യാറാക്കിയ ഇൻസ്ക്രിപ്റ്റ്.

> ▶ ഇന്ത്യൻ ഭാഷകൾക്കുവേണ്ടിയുള്ള കീബോർഡ് ലേ ഔട്ടാണ് ഇൻസ്ക്രിപ്റ്റ്

ഇന്ന് ചുരുങ്ങിയ സന്ദർഭങ്ങളിൽമാത്രം ഉപയോഗിക്കുന്ന മലയാളം അക്കങ്ങൾ ഇൻസ്ക്രിപ്റ്റ് കീബോർഡിലുണ്ട്. ഇൻസ്ക്രിപ്റ്റിൽ സ്വരങ്ങളുടെ ഉപലിപികൾക്ക് സ്വതന്ത്രമായ കീകൾ ഉണ്ടെങ്കിലും വ്യഞ്ജനങ്ങളുടെ ഉപലിപികൾക്ക് സ്വതന്ത്രമായ കീകളില്ല. കൂട്ടക്ഷരലിപികൾ രൂപപ്പെടുത്തുന്നതിനുള്ള ലിങ്ക് കീയായി ഉപയോഗിക്കുന്നത് ഉ ആണ്. ഇൻസ്ക്രിപ്റ്റ് കീബോർഡിൽ കയ്യെഴുത്തിലെ ക്രമത്തിലല്ല ലിപികൾ ടൈപ്പുചെയ്യുന്നത്. പൊതി എന്ന പദം ഇൻസ്ക്രിപ്റ്റിൽ ടൈപ്പുചെയ്യുന്നത് പ് + ഒ + ത് + ഇ എന്ന ക്രമത്തിലാണ്. ലിപികളുടെ ക്രമമല്ല, മറിച്ച് വർണ്ണങ്ങളുടെ ഉച്ചാരണക്രമമാണ് ഇൻസ്ക്രിപ്റ്റ് കീബോർഡ് ടൈപ്പിങ്ങിൽ പിന്തുടരുന്നത്.

> ▶ ഇൻസ്ക്രിപ്റ്റ് കീബോർഡിൽ കയ്യെഴുത്തിലെ ക്രമത്തിലല്ല ലിപികൾ ടൈപ്പു ചെയ്യുന്നത്

ഇസ്കി എൻകോഡിങ്ങിന്റെ കാലഘട്ടത്തിൽ നിലവിൽവന്ന ഇൻസ്ക്രിപ്റ്റ് കീ ബോർഡ് ഇന്നും പ്രസാധകശാലകളിലും ഡി.ടി.പി സെന്ററുകളിലുമെല്ലാം ഉപയോഗിച്ചുവരുന്നുണ്ട്. യൂണിക്കോഡ് ഫോണ്ടുകളെ പിന്തുണയ്ക്കാനാവുന്നവിധത്തിൽ ഇൻസ്ക്രിപ്റ്റ് കീ ബോർഡ് പരിഷ്കരിക്കപ്പെട്ടിട്ടില്ല.

> ▶ ഇൻസ്ക്രിപ്റ്റ് കീബോർഡുകൾ ഇന്നു നിലവിലുണ്ട്

## ലിപ്യന്തരണ കീബോർഡ്

ഒരു ഭാഷ മറ്റൊരുഭാഷയുടെ ലിപികളാൽ ആലേഖനം ചെയ്യുന്നതാണ് ലിപ്യന്തരണം അഥവാ ട്രാൻസ്‌ലിറ്ററേഷൻ. ഭാഷ മാറാതെ ലിപിമാറ്റം മാത്രം നടക്കുന്ന വിവർത്തനപ്രക്രിയയാണിത് ലിപ്യന്തരണം. സ്രോതഭാഷയിലെ ഓരോ ലിപിക്കും സമാനമായ ഉച്ചാരണമൂല്യമുള്ള ലിപി ലക്ഷ്യഭാഷയിൽനിന്നും കണ്ടെത്തി ഉപയോഗിക്കുകയാണ് ലിപ്യന്തരണത്തിൽ നടക്കുന്നത്. കമ്പ്യൂട്ടറിലെ ഇംഗ്ലീഷ് കീബോർഡിൽ പ്രാദേശികഭാഷകൾ ആയാസരഹിതമായി ടൈപ്പുചെയ്യാൻ വികസിപ്പിച്ചതാണ് ലിപ്യന്തരണ (ഫൊണറ്റിക്) കീബോർഡ്.

> ▶ ഭാഷമാറാതെ ലിപിമാറ്റം മാത്രം നടക്കുന്ന വിവർത്തനപ്രക്രിയ

ആദ്യകാലത്ത് എല്ലാ കമ്പ്യൂട്ടർ പ്രോഗ്രാമുകളിലെയും സോഫ്റ്റുവെയറുകളിലേയും ഓപ്പറേറ്റിങ് സിസ്റ്റങ്ങളിലേയും അടിസ്ഥാനഭാഷ ഇംഗ്ലീഷായിരുന്നു. ഇംഗ്ലീഷ് പ്രാവീണ്യമില്ലാത്തവർക്ക് കമ്പ്യൂട്ടർ സു

> ▶ ഇംഗ്ലീഷ് പ്രാവീണ്യമില്ലാത്തവർക്ക് കമ്പ്യൂട്ടർ ഉപയോഗം സുഗമമായിരുന്നില്ല

ഗമമായി ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പുചെയ്യാൻ മലയാളലിപി പതിപ്പിച്ച കീബോർഡ് ലഭ്യമല്ലായിരുന്നു. ഈ പ്രതിസന്ധികൾ മറികടക്കാനുള്ള ശ്രമങ്ങളാണ് ലിപ്യന്തരണ കീ ബോർഡുകളുടെ പിറവിയിലേക്ക് നയിച്ചത്.

> ▶ എഴുത്തുരീതിയിൽ ഭാഷ മലയാളവും ലിപി ഇംഗ്ലീഷുമായിരുന്നു

കമ്പ്യൂട്ടറിലെ ഇംഗ്ലീഷ്- മലയാളം ലിപ്യന്തരണത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. കമ്പ്യൂട്ടറിലെ വിനിമയഭാഷ ഇംഗ്ലീഷ് മാത്രമായിരുന്ന കാലഘട്ടത്തിൽ ഇംഗ്ലീഷിൽ പ്രാവീണ്യമില്ലാത്തവർ മലയാളം ഇംഗ്ലീഷ് ലിപികളിലെഴുതിയിരുന്നു. അറബിമലയാളത്തിന്റെ മാതൃകയിലുള്ള ഈ എഴുത്തുരീതിയിൽ ഭാഷ മലയാളവും ലിപി ഇംഗ്ലീഷുമായിരുന്നു (കേരളപ്പിറവി ആശംസകൾ- സല്യമഹമ്മുശ്യമ്ശ മമവെമാമെസമഹ). സാമാന്യവ്യവഹാരത്തിൽ ഇത് മംഗ്ലീഷ് എന്നറിയപ്പെട്ടു. ഇതായിരുന്നു കമ്പ്യൂട്ടറിലെ ഇംഗ്ലീഷ്- മലയാളം ലിപ്യന്തരണത്തിന്റെ ഒന്നാം ഘട്ടം.

> ▶ കാരക്ടർ പിക്കർ വെർച്വൽ കീബോർഡ്

രണ്ടാംഘട്ടത്തിൽ ചില കമ്പനികൾ ഇംഗ്ലീഷ് കീബോർഡുപയോഗിച്ചുള്ള മലയാളം ടൈപ്പിങ്ങ് അറിയാത്തവർക്കായി ടെക്സ്റ്റ് എഡിറ്ററുകളിലും വേഡ് പ്രൊസസറുകളിലും മലയാളം കാരക്ടർ പിക്കർ വെർച്വൽ കീബോർഡ് സൗകര്യം ലഭ്യമാക്കി. ഈ കീബോർഡിൽ മലയാളലിപികൾ അക്ഷരമാലാക്രമത്തിലാണ് ചിട്ടപ്പെടുത്തിയിരുന്നത്. കീബോർഡിൽനിന്ന് മൗസ് ക്ലിക്ക് വഴി ലിപിവിന്യാസം നടത്തുന്ന രീതിയാണുണ്ടായിരുത്. മൗസുപയോഗിച്ച് 'ലിപികൾ പെറുക്കിയെടുക്കുന്ന' കീബോർഡ് എന്ന അർത്ഥത്തിലാണ് ഈ പേര് ലഭിച്ചത്. എന്നാൽ ഈ പ്രോഗാം ഉപയോഗിച്ച് മലയാളംപോലെ ലിപിസംഖ്യ കൂടുതലുള്ള ഭാഷകൾ ടൈപ്പുചെയ്യൽ ശ്രമകരമായിരുന്നു. സമയനഷ്ടമായിരുന്നു പ്രധാനപ്രശ്നം.

> ▶ ലിപ്യന്തരണ പ്രോഗ്രാമുകൾ

കമ്പ്യൂട്ടറിൽ ഇംഗ്ലീഷ് ലിപികളിൽ ടൈപ്പുചെയ്താൽ മലയാളലിപികൾ ലഭ്യമാകുന്ന ലിപ്യന്തരണ പ്രോഗ്രാമുകൾ വൈകാതെ പ്രചാരത്തിലെത്തി. ലിപ്യന്തരണ പ്രോഗ്രാമുകൾ അടിസ്ഥാനമാക്കിയുള്ള കീബോർഡ് ഫൊണറ്റിക് കീബോർഡെന്നറിയപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയും മലയാളം കീബോർഡ് ലേഔട്ടും അറിയാത്തവർ ലിപ്യന്തരണ പ്രോഗാമുകളുടെ സഹായത്തോടെയാണ് കമ്പ്യൂട്ടറുമായി വിനിമയം സാധിച്ചിരുന്നത്.

> ▶ യൂണികോഡ് ഫോണ്ട് ആധാരമായുള്ള പ്രാദേശികഭാഷാപ്രോഗ്രാമുകൾ

രണ്ടായിരമാണ്ടോടെ ഇന്റർനെറ്റ് ഉപയോഗം വ്യാപകമായതോടെ കമ്പ്യൂട്ടറിലെ ഇംഗ്ലീഷ്- മലയാളം ലിപ്യന്തരണത്തിനായി വിവിധ കമ്പനികൾ യൂണിക്കോഡ് ഫോണ്ട് ആധാരമായുള്ള പ്രാദേശികഭാഷാപ്രോഗ്രാമുകൾ പുറത്തിറക്കി. സ്വനലേഖ, വരമൊഴി, ഗൂഗിൾ ഇൻഡിക് ട്രാൻസ്ലിറ്ററേഷൻ, മൈക്രോസോഫ്റ്റ് ട്രാൻസ്ലിറ്ററേഷൻ യൂട്ടിലിറ്റി തുടങ്ങിയ പ്രോഗ്രാമുകളിൽ ഇംഗ്ലീഷ് കീബോർഡ് ഉപയോഗിച്ച് ഇൻപുട്ട് വിൻഡോയിൽ ഇംഗ്ലീഷ് ലിപിയിൽ ടൈപ്പുചെയ്താൽ ഔട്ട്പുട്ടിൽ മലയാളലിപികൾ ലഭിച്ചുതുടങ്ങി. ഇതോടെ ടൈപ്പിങ് ലേഔട്ട് പഠിക്കാത്തവർക്കും മലയാളത്തിൽ ഇ. മെയിൽ, ഇ. മാഗസിനുകൾ, സോഷ്യൽ നെറ്റ്വർക്കുകൾ, ബ്ലോഗ്, വിക്കിപീഡിയ എന്നിവ ഉപയോഗിക്കാമെന്നായി. ഇംഗ്ലീഷ്- മലയാളം കമ്പ്യൂട്ടർ ലിപ്യന്തരണത്തിനായി നിരവധി പ്രോഗ്രാമുകൾ നിലവിൽ ലഭ്യമാണ്. അവയിൽ

ഇന്റർനെറ്റിന്റെ സഹായത്തോടെയും അല്ലാതെയും പ്രവർത്തിപ്പിക്കാവുന്നവയും സൗജന്യമായി ഉപയോഗിക്കാവുന്നവയുമുണ്ട്.

ടൈപ്പുചെയ്യുമ്പോൾ ഓരോ വർണത്തിന്റെയും ലിപ്യന്തരണം നടത്തുന്ന രീതിയിൽനിന്ന് വികസിച്ച് പദാനുപദ ലിപ്യന്തരണവും പ്രവചനാധിഷ്ഠിത ലിപ്യന്തരണവും സാധ്യമായിരിക്കുകയാണ്. സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ് സംരംഭകർ രൂപപ്പെടുത്തിയ സുലേഖ പദാനുപദ ലിപ്യന്തരണ പ്രോഗ്രാമാണ്. മറ്റ് പ്രോഗ്രാമുകൾ വർണങ്ങളുടെ ലിപ്യന്തരണം നടത്തുമ്പോൾ സുലേഖ പദത്തെയൊന്നിച്ച് ലിപ്യന്തരണം ചെയ്യുന്നു. സന്തോഷ് തോട്ടിങ്ങൽ രൂപപ്പെടുത്തിയ സ്വനലേഖ, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ് പ്രവർത്തകർ തയ്യാറാക്കിയ വർണം, സിബുജോണിയുടെ വരമൊഴി എന്നിവ ടെക്സ്റ്റിനെ പ്രവചിക്കാൻ കഴിവുള്ള ലിപ്യന്തരണ പ്രോഗ്രാമുകളാണ്. നിഘണ്ടുബന്ധിതമായാണ് ഇത്തരത്തിലുള്ള പ്രോഗ്രാമുകൾ പ്രവർത്തിക്കുന്നത്. പ്രവചനാധിഷ്ഠിത ലിപ്യന്തരണപ്രോഗ്രാമുകൾ ടൈപ്പിങ് അനായാസമാക്കുന്നു.

- പദാനുപദ ലിപ്യന്തരണവും പ്രവചനാധിഷ്ഠിത ലിപ്യന്തരണവും

## മലയാളം ടൈപ്പിങ് സാമഗ്രികൾ

- ഹാൻഡ് റൈറ്റിങ് ഇൻപുട്ട്

അച്ചടിയാവശ്യാർത്ഥം ഇൻസ്ക്രിപ്റ്റ് കീ ബോർഡിൽനിന്ന് തുടങ്ങിയ കമ്പ്യൂട്ടറിലെ മലയാളം ടൈപ്പിങ് ഇന്ന് ലിപ്യന്തരണം, ഹാൻഡ് റൈറ്റിങ് ഇൻപുട്ട്, ഒ.സി.ആർ തുടങ്ങിയ രീതികൾ പിന്നിട്ട് വോയ്സ് ടൈപ്പിങ്ങിലെത്തി നിൽക്കുന്നു.

**1. ഹാന്റ് റൈറ്റിങ് ഇൻപുട്ട് (ഒ. സി. ആർ)**

കമ്പ്യൂട്ടറിനുശേഷം സ്മാർട്ട്ഫോൺ ഉപയോഗം വ്യാപകമായ സാഹചര്യത്തിലാണ് ഹാന്റ് റൈറ്റിങ് ഇൻപുട്ട് എന്ന ടൈപ്പിങ് രീതി പ്രചാരത്തിൽവരുന്നത്. മൊബൈൽ ഫോൺ വഴിയുള്ള ഇന്റർനെറ്റ് ഉപയോഗത്തിലൂടെ പ്രാദേശികഭാഷകൾ കൂടുതലായി വ്യവഹരിക്കപ്പെടുന്ന സാഹചര്യത്തിലാണ് പുതിയ ടൈപ്പിങ് സാമഗ്രികൾ അനിവാര്യമായത്. മൊബൈൽ ഫോണിലെ ചെറിയ കീബോർഡിൽ മലയാളംപോലുള്ള ഭാഷകളിലെ ലിപിസഞ്ചയം ഉൾപ്പെടുത്താനാകാതെ വന്നതും ഈ വഴിക്കുള്ള അന്വേഷണത്തിന് നിദാനമായി.

- സ്മാർട്ട്ഫോണുകളുടെ വ്യാപകമായ ഉപയോഗം

കയ്യെഴുത്തുലിപികളേയും അച്ചടിലിപികളേയും യാന്ത്രികമായി ഡിജിറ്റൽ ലിപിരൂപങ്ങളാക്കിമാറ്റുന്ന ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ (ഒ.സി.ആർ) എന്ന സാങ്കേതികവിദ്യയുടെ വികസിതമാതൃകയാണ് ഹാന്റ് റൈറ്റിങ് ഇൻപുട്ട് (കൈയെഴുത്ത് നിവേശകരീതി). പ്രതിജനവിഭിന്നമായതും വ്യക്തിത്വത്തിന്റെ ഭാഗമായി നിൽക്കുന്നതുമാണ് കയ്യെഴുത്തുലിപിരൂപങ്ങൾ. ഓരോ വ്യക്തിയുടെയും കയ്യക്ഷരലിപികളെ മാനകമായ അച്ചടിമാതൃകയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ഒ.സി. ആർ സഹായകമാണ്. മലയാളം പോലുള്ള പ്രാദേശികഭാഷകളുടെ നിവേശകരീതിയിൽ വൻ കുതിച്ചുചാട്ടത്തിന് വഴിതുറന്ന സാങ്കേതികവിദ്യയാണിത്. ഒ.സി.ആറിന്റെ വരവോടെ മലയാളഭാഷയുടെ സൈബർസാന്നിധ്യം വലിയതോതിൽ പ്രകടമായി. വെബ്സൈറ്റുകളിലും സമൂഹമാധ്യമങ്ങളിലും വ്യക്തിഗതമാധ്യമങ്ങളിലും മലയാളത്തിന്റെ ഉള്ളടക്കം വർധിച്ചു. ഗൂഗിളിന്റെ ഹാന്റ് റൈറ്റിങ് ഇൻപുട്ട് ആപ്ലിക്കേഷനാണ് ഇതിൽ വലിയ പങ്കുവഹിച്ചത്.

- മലയാളം പോലുള്ള പ്രാദേശിക ഭാഷകളുടെ നിവേശകരീതിയിൽ വൻ കുതിച്ചുചാട്ടം

ഒ. സി. ആറിന്റെ പ്രധാനസവിശേഷത യൂണിക്കോഡ് പിന്തുണയുള്ള ലിപിരൂപങ്ങളാണെതാണ്. അതിനാൽ ഒ. സി. ആറിലെ ലിപിരൂപങ്ങൾ നേരിട്ട് ഇന്റർനെറ്റിൽ വിനിമയംചെയ്യാൻ സാധിക്കും. ടാബ്‌ലെറ്റുകളിലേയും സ്മാർട്ട്ഫോണുകളിലേയും ടച്ച്സ്ക്രീൻ പ്രതലത്തിലെഴുതുന്ന ഓരോ അക്ഷരവും ഡിജിറ്റൽ രൂപമായി മാറുന്നു. സ്ക്രീനിലെഴുതുന്ന ഓരോ അക്ഷരത്തിനുവേണ്ടിയും സാധ്യതയുള്ള മൂന്ന് ഡിജിറ്റൽ ലിപിരൂപങ്ങൾ തിരഞ്ഞെടുപ്പിനായി പ്രോഗ്രാമിൽ തെളിഞ്ഞുവരും. ഉദാഹരണത്തിന് സ്ക്രീനിൽ കൈകൊണ്ട് 'വ' എന്നെഴുതുമ്പോൾ വകാരത്തോട് രൂപസാദൃശ്യമുള്ള പ, ച എന്നിവ കൂടി സജഷൻ സ്ക്രീനിൽ തെളിഞ്ഞുവരും. വ്യതിരിക്തമായ കൈയക്ഷരരൂപങ്ങൾ കൃത്യമായി തിരിച്ചറിയുന്നതിലുള്ള യന്ത്രത്തിന്റെ പരിമിതികൾ മറികടക്കാനുള്ള ശ്രമമാണിത്. ചിലരുടെ കൈയക്ഷരത്തിൽ കകാരം തകാരംപോലെയും സകാരം ഡകാരംപോലെയുമൊക്കെ തോന്നിക്കും. ഇത് സന്ദർഭോചിതമായി നമ്മൾ വായിച്ചെടുക്കുകയാണ് പതിവ്. സന്ദർഭോചിതമായി നമ്മുടെ കൈയക്ഷരലിപിരൂപങ്ങൾ വായിച്ചെടുക്കാനുള്ള പ്രാപ്തി ഇന്ന് ഒ.സി.ആറിൽ പരിമിതമാണ്. അതിനാലാണ് നാം എഴുതുന്ന ഓരോ ലിപിക്കും പ്രോഗ്രാം രണ്ടു മൂന്ന് സാധ്യതകൾ കൽപിക്കുന്നത്. കൃത്രിമബുദ്ധി ആധാരമാക്കി പ്രവർത്തിക്കുന്ന ഒ.സി.ആർ. സാങ്കേതികവിദ്യയ്ക്കുവേണ്ടിയുള്ള അന്വേഷണങ്ങൾ പുരോഗമിക്കുന്നു. ഇത്തരം പ്രോഗ്രാമുകൾക്ക് നമ്മുടെ കൈയെഴുത്തുരൂപങ്ങളെ സന്ദർഭോചിതമായി തിരിച്ചറിയാനായേക്കും.

- കൃത്രിമബുദ്ധി ആധാരമാക്കി പ്രവർത്തിക്കുന്നു

സാങ്കേതികപരിജ്ഞാനേമാ ടൈപ്പിങ്ങോ വശമില്ലാത്തവരേയും ഒ.സി.ആർ. മലയാളനിവേശകത്തിന് സഹായിക്കുന്നു. ആൻഡ്രോയിഡ് പിന്തുണയുള്ള ഫോണുകളിലും ടാബ്‌ലെറ്റുകളിലും ലാപ്ടോപ്പുകളിലുമൊക്കെ ഒ.സി.ആർ. പ്രവർത്തനസജ്ജമാകും. ടച്ച്സ്ക്രീൻ പ്രതലത്തിൽ വിരലുകൊണ്ടെഴുതുന്ന കൈയക്ഷരലിപിരൂപങ്ങളാണ് ഒ.സി.ആറിൽ അച്ചടിമാതൃകയിലുള്ള ലിപികളായി തെളിയുന്നത്. സാമാന്യവിദ്യാഭ്യാസമുള്ളവരും വിദ്യാസമ്പന്നരും ഒരുപോലെ ഇതു പയോഗിക്കുന്നു. ഇന്ന് ലഭ്യമായതിൽ ഏറ്റവും ലളിതമായതും ജനകീയമായതുമായ മലയാളനിവേശകരീതിയാണ് ഒ.സി.ആർ.

- എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്നു

**2. വോയ്സ് ടൈപ്പിങ്**

മനുഷ്യരുടെ സ്വാഭാവിക ഭാഷണത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനും ഭാഷണം അനുകരിക്കാനും യന്ത്രങ്ങളെ സജ്ജമാക്കുന്ന സ്പീച്ച് റെക്കഗ്നിഷൻ എന്ന സാങ്കേതികവിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന നിവേശകരീതിയാണ് വോയ്സ് ടൈപ്പിങ്.

- സ്പീച്ച് റെക്കഗ്നിഷൻ എന്ന സാങ്കേതികവിദ്യ

- ലിഖിതത്തെ ഭാഷണമാക്കി രൂപാന്തരണം ചെയ്യുക, ഭാഷണത്തെ ലിഖിതമാക്കി രൂപാന്തരണം ചെയ്യുക

ശബ്ദനിവേശകസാങ്കേതികവിദ്യയുടെ പ്രധാന ഘട്ടം മനുഷ്യന്റെ സഹജമായ ഭാഷണത്തിന്റെ സ്വഭാവസവിശേഷതകൾ നിർണയിക്കുകയാണ്. ഒരു ഭാഷാസമൂഹത്തിന്റെ ഭാഷണസവിശേഷതകൾ തിരിച്ചറിഞ്ഞ് യന്ത്രത്തിൽ സന്നിവേശിപ്പിക്കുകയാണ് സ്പീച്ച് റെക്കഗ്നിഷൻ എന്ന ശബ്ദനിവേശകസംവിധാനത്തിന്റെ പ്രവർത്തനത്തിനാവശ്യം. ശബ്ദനിവേശകത്തിൽ രണ്ടുവിധത്തിലുള്ള പ്രക്രിയകൾ അടങ്ങുന്നു.

1- ലിഖിതത്തെ ഭാഷണമാക്കി രൂപാന്തരണംചെയ്യുക (ടെക്സ്റ്റ് ടു സ്പീച്ച്), 2- ഭാഷണത്തെ ലിഖിതമായി രേഖപ്പെടുത്തുക (സ്പീച്ച് ടു ടെക്സ്റ്റ്). ഇതിൽ രണ്ടാമത്തെ പ്രക്രിയയാണ് വോയ്സ് ടൈപ്പിങ്ങിന് അടിസ്ഥാനം.

വ്യക്തികളുടെ ഭാഷണം ശബ്ദതരംഗങ്ങളായി സ്വീകരിച്ച് ഭാഷണത്തിനടിസ്ഥാനമായ ഘടകങ്ങൾ തിരിച്ചറിഞ്ഞ് ലിഖിതരൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്നതാണ് സ്പീച്ച് ടു ടെക്സ്റ്റിന്റെ പ്രവർത്തനതത്വം. മൈക്രോഫോണിന്റെ സഹായത്തോടെ ഭാഷണം പ്രോഗ്രാം മെമ്മറിയിൽ രേഖപ്പെടുത്തുന്നതാണ് ആദ്യഘട്ടം. രേഖപ്പെടുത്തിയ ശബ്ദതരംഗങ്ങളെ സ്വനങ്ങളായി വേർതിരിച്ചെടുക്കുകയും അവയ്ക്കനുസൃതമായ ലിപിവിന്യാസമൊരുക്കുകയും ചെയ്യുന്നു. ഉച്ചാരണത്തിലെ വ്യതിയാനങ്ങൾ ലിപിവിന്യാസത്തിൽ പ്രതിഫലിക്കും. ശബ്ദതരംഗങ്ങളെ സ്വനങ്ങളായി വേർതിരിച്ചെടുക്കുമ്പോൾ സ്വനങ്ങളുടെ ശബ്ദസവിശേഷതകൾ നഷ്ടപ്പെടുന്നു. മനുഷ്യശബ്ദങ്ങളെ യന്ത്രങ്ങൾക്ക് പൂർണമായി അനുകരിക്കാനാവാത്തതിനാലാണിത്. മനുഷ്യന്റെ സ്വാഭാവികഭാഷണവ്യവസ്ഥ തിരിച്ചറിയുകയും അത് യന്ത്രവ്യവസ്ഥയിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യുമ്പോഴാണ് സ്പീച്ച് ടു ടെക്സ്റ്റ് പരിപൂർണാർത്ഥത്തിൽ സാധ്യമാകുന്നത്.

- മനുഷ്യശബ്ദങ്ങളെ പൂർണമായി അനുകരിക്കാൻ യന്ത്രങ്ങൾക്ക് സാധ്യമല്ല

കോർപ്പസിന്റെയും മെഷീൻ ലേണിങ്ങിന്റെയും അടിസ്ഥാനത്തിലുള്ള ശബ്ദനിവേശകരീതികൾ ഭാഷാകമ്പ്യൂട്ടിങ്ങിൽ വലിയ ചലനങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. സ്പീച്ച് ടു ടെക്സ്റ്റിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്റർനെറ്റിൽ വോയ്സ് സെർച്ചിങ് (ഭാഷണാധിഷ്ഠിതമായ തിരച്ചിൽ) യാഥാർത്ഥ്യമായിരിക്കുന്നു. ഭാഷണത്തെ ലിഖിതമാക്കുന്ന സാങ്കേതികവിദ്യയിലെ അപാകങ്ങൾ പൂർണമായി പരിഹരിക്കപ്പെടുന്നതോടെ കമ്പ്യൂട്ടറിലെ ഭാഷാനിവേശകരീതി കൂടുതൽ ലളിതവും ജനകീയവുമാവുകയാണ്. കീബോർഡുപയോഗിച്ചുള്ള ടൈപ്പിങ് അപ്രസക്തമാകുന്ന കാലം വിദൂരമല്ല.

- വോയ്സ് സെർച്ചിങ്

മലയാളംപോലുള്ള ഭാഷകളിലെ ടൈപ്പിങ്ങിലെ പ്രതിബന്ധങ്ങളെ പുതിയ സാങ്കേതികവിദ്യക്ക് മറികടക്കാനാകും. ടൈപ്പുചെയ്യാനറിയാത്തവർക്ക് ടൈപ്പിങ്ങിലേതിനേക്കാൾ വേഗതയിൽ കമ്പ്യൂട്ടറിലേക്കും ഫോണിലേക്കും ദത്തങ്ങൾ കൈമാറാനും സംവദിക്കാനുമാകും. കാഴ്ചയുടെ പരിമിതികളുള്ളവർക്കുപോലും പരിമിതികളില്ലാതെ ഇന്റർനെറ്റിൽ വിവരങ്ങളന്വേഷിക്കാനും കമ്പ്യൂട്ടറിലക്കും ഫോണുകളിലേക്കും ആശയങ്ങൾ എത്തിക്കാനും പഠനകാര്യങ്ങൾക്ക് പ്രയോജനപ്പെടുത്താനും സാധിക്കും. സ്പീച്ച് ടു ടെക്സ്റ്റ് സാങ്കേതികവിദ്യയുടെ ഭാഗമായി ഓട്ടോമാറ്റിക് സ്പീച്ച് റെക്കഗ്നീഷൻ സംരംഭങ്ങൾക്ക് തുടക്കമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കുന്ന സ്പീക്കർ ഐഡന്റിഫിക്കേഷൻ എന്ന പ്രോഗ്രാമിലൂടെ ഒരു വ്യക്തിയുടെ സംഭാഷണം വിശകലനം ചെയ്ത് വ്യക്തിയെത്തന്നെ തിരിച്ചറിയുന്ന തലത്തിലേക്കുള്ള അന്വേഷണങ്ങൾ പുരോഗമിക്കുന്നു. മുന്നേ തയ്യാറാക്കിവെച്ച വ്യക്തിഭാഷണത്തിന്റെ കോർപ്പസിനെ അടിസ്ഥാനമാക്കിയാണിത് പ്രവർത്തിക്കുക.

- സ്പീക്കർ ഐഡന്റിഫിക്കേഷൻ എന്ന പ്രോഗ്രാം

ഈ മേഖലയിൽ വളർന്നുവരുന്ന മറ്റൊരു സംരംഭമാണ് സ്പീച്ച് ടു സ്പീച്ച് ട്രാൻസുലേഷൻ. ഒരു ഭാഷയിലുള്ള വ്യക്തിയുടെ ഭാഷണം

ഭാഷണരൂപത്തിൽതന്നെ മറ്റൊരുഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്ന സാങ്കേതികവിദ്യയാണിത്. മനുഷ്യഭാഷണത്തിന്റെ അർത്ഥം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളും റോബോട്ടുകളും വാഹനങ്ങളുമെല്ലാം സ്പീച്ച് അണ്ടർസ്റ്റാൻഡിങ് എന്ന സാങ്കേതികവിദ്യയുടെ ഉപോത്പങ്ങളാണ്. മനുഷ്യഭാഷയുടെ അർത്ഥതലങ്ങൾ മെഷീൻ ലേണിങ്ങിലൂടെ കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുകയും അതനുസരിച്ച് കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള അന്വേഷണങ്ങൾ പുരോഗമിക്കുന്നു.

- ഭാഷണരൂപത്തിൽതന്നെ മറ്റൊരുഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നു

- ഇൻസ്ക്രിപ്റ്റ്- ഇന്ത്യൻ ഭാഷകൾക്ക് പൊതുവിലുള്ള കീ ബോർഡ് ലേ ഔട്ട്
- ഫൊണറ്റിക് കീ ബോർഡ് മലയാളം ടൈപ്പിങ് ജനകീയമാക്കി
- സ്വനലേഖ, വർണം, വരമൊഴി- ഫൊണറ്റിക് പ്രോഗ്രാമുകൾ
- ഹാന്റ് റൈറ്റിങ് ഇൻപുട്ട്, വോയ്സ് ടൈപ്പിങ്- മൊബൈൽ കമ്പ്യൂട്ടിങ്

## Summarised Overview

കമ്പ്യൂട്ടറിലെ ഭാഷാവ്യവഹാരത്തിനായാണ് ഡിജിറ്റൽ ഫോണ്ടുകൾ നിർമ്മിച്ച് തുടങ്ങുന്നത്. ഫോണ്ടുകൾ രൂപപ്പെടുത്തിയിരുന്നത് ആസ്കി, ഇസ്കി, യൂണിക്കോഡ് തുടങ്ങിയ എൻകോഡിങ് വ്യവസ്ഥകൾ ആധാരമാക്കിയാണ്. മലയാളത്തിലെ എല്ലാ കൂട്ടക്ഷരങ്ങളേയും ഉൾക്കൊള്ളാൻ ആസ്കി, ഇസ്കി മാനകങ്ങൾക്ക് സാധിച്ചിരുന്നില്ല. യൂണിക്കോഡ് എൻകോഡിങ് ആരംഭിച്ചതോടെയാണ് മലയാളത്തിലെ എല്ലാ ലിപിരൂപങ്ങളേയും കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചത്. നിലവിൽ മലയാളത്തിൽ ഏറ്റവുമധികം കൂട്ടക്ഷരലിപിരൂപങ്ങൾ ലഭ്യമായ ഫോണ്ടാണ് രചന. രചന അക്ഷരവേദിയാണ് മലയാളം അച്ചടിയിലും എഴുത്തിലും നിലനിന്നിരുന്ന എല്ലാ കൂട്ടക്ഷരലിപികളും യൂണിക്കോഡിൽ ലഭ്യമാക്കുന്നതിനുള്ള അടിത്തറയൊരുക്കിയത്. മലയാളത്തിൽ വിവിധ വിവരവിനിമയപ്രക്രിയകൾക്കും ഭാഷാസംസ്കരണ-ഉത്പാദകപ്രക്രിയകൾക്കുമായുള്ള സോഫ്റ്റുവെയറുകളും പ്രോഗ്രാമുകളും വ്യാപകമാകുന്നതും യൂണിക്കോഡ് ഫോണ്ടുകളുടെ വരവോടെയാണ്.

ആദ്യകാലത്ത് മലയാളമുൾപ്പെടെയുള്ള പ്രാദേശികഭാഷകൾ കമ്പ്യൂട്ടറിലുപയോഗിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. കമ്പ്യൂട്ടറിൽ മലയാളം ടൈപ്പുചെയ്യുന്നതിന് സ്വതന്ത്രമായൊരു കീ ബോർഡില്ലാത്തതായിരുന്നു പ്രധാന പരിമിതി. ടൈപ്പ്റൈറ്ററിലേതുപോലെ മലയാളം ടൈപ്പിങ്ങിന് മാത്രമായുള്ള കീബോർഡുണ്ടായിരുന്നില്ല. ഇംഗ്ലീഷിനുവേണ്ടിയുള്ള കീബോർഡിൽ മലയാളലിപി ടൈപ്പുചെയ്യുന്നതിനുള്ള സാങ്കേതികസൗകര്യം സാധ്യമാക്കുകയാണുണ്ടായത്. ഓരോ പ്രോഗ്രാമിലും മലയാളം ടൈപ്പുചെയ്യാൻ വ്യത്യസ്ത കീബോർഡ് ലേഔട്ടുകൾ പഠിച്ചെടുക്കേണ്ടിവന്നിരുന്നു. ഇതൊക്കെയായിരുന്നു ടൈപ്പ് റൈറ്ററിൽനിന്ന് കമ്പ്യൂട്ടറിലെത്തിയപ്പോൾ മലയാളം ടൈപ്പിങ്ങിലുണ്ടായിരുന്ന വെല്ലുവിളികൾ.

കേന്ദ്രസർക്കാർ സ്ഥാപനമായ സി. ഡാക് ഇന്ത്യൻ ഭാഷകൾക്കുവേണ്ടി പൊതുവായി രൂപപ്പെടുത്തിയ കീബോർഡ് ലേഔട്ടാണ് ഇൻസ്ക്രിപ്റ്റ്. ഒരേ അക്ഷരമാലാക്രമമുള്ള ഇന്ത്യൻ ഭാഷകൾക്കുവേണ്ടിയുള്ള കീബോർഡ് ലേഔട്ടാണ് ഇൻസ്ക്രിപ്റ്റ്. ലിപ്യന്തരണ പ്രോഗ്രാമുകൾ അടിസ്ഥാനമാക്കിയുള്ള കീബോർഡ് ഫൊണെറ്റിക് കീബോർഡെന്നറിയപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയും മലയാളം കീബോർഡ് ലേഔട്ടും അറിയാത്തവർ ലിപ്യന്തരണ പ്രോഗാമുകളുടെ സഹായത്തോടെയാണ് കമ്പ്യൂട്ടറുമായി വിനിമയം സാധിച്ചിരുന്നത്.

കമ്പ്യൂട്ടറിനുശേഷം സ്മാർട്ട്ഫോൺ ഉപയോഗം വ്യാപകമായ സാഹചര്യത്തിലാണ് ഹാന്റ് റൈറ്റിങ് ഇൻപൂട്ട് എന്ന ടൈപ്പിങ് രീതി പ്രചാരത്തിൽവരുന്നത്. മനുഷ്യരുടെ സ്വാഭാവിക ഭാഷണത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനും ഭാഷണം അനുകരിക്കാനും യന്ത്രങ്ങളെ സജ്ജമാക്കുന്ന സ്പീച്ച് റെക്കഗ്നിഷൻ എന്ന സാങ്കേതികവിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന നിവേശകരീതിയാണ് വോയ്സ് ടൈപ്പിങ്. ഹാന്റ് റൈറ്റിങ് ഇൻപുട്ടിന്റെയും വോയ്സ് ടൈപ്പിങ്ങിന്റെയും വരവോടെ കമ്പ്യൂട്ടറിലേയും മൊബൈൽ ഫോണിലേയും മലയാളത്തിന്റെ പ്രയോഗം ലളിതവും ജനകീയവുമായി.

## Assignments

1. മലയാളലിപികളുടെ ഫോണ്ട് മാതൃകകൾ പരിശോധിച്ച് വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക
2. വ്യത്യസ്ത ടൈപ്പിങ് ലേ ഔട്ടുകൾ ശേഖരിച്ച് താരതമ്യപഠനം തയ്യാറാക്കുക
3. മലയാളത്തിലെ യൂണിക്കോഡ് ഫോണ്ടുകളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക?
4. ആണവ ചില്ലുകൾ എന്നാലെന്ത്?
5. ഇൻസ്ക്രിപ്റ്റ് കീബോർഡിനെപ്പറ്റി കുറിപ്പ് തയ്യാറാക്കുക?
6. യൂണിക്കോഡ് എൻകോഡിങ്ങിന്റെ സവിശേഷതകൾ എന്തെല്ലാം?
7. ലിപ്യന്തരണ കീബോർഡിന്റെ പ്രവർത്തനരീതി വിശദമാക്കുക?
8. ഒ.സി.ആർ. സാങ്കേതികവിദ്യയെപ്പറ്റി വിവരിക്കുക?
9. വോയ്സ് ടൈപ്പിങ്ങിന്റെ പ്രവർത്തനതത്വം വിശദീകരിക്കുക?

## Suggested Readings


1. ഡോ. സ്മിത കെ. നായർ, മലയാളം കമ്പ്യൂട്ടിംഗ്സാധ്യതകളും പരിമിതികളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. നിസാർ അഹമ്മദ്, മലയാളം ഭാഷ – ലിപി-കമ്പ്യൂട്ടിംഗ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡി. പ്രദീപ് കുമാർ,സൈബർ ജാലകം, പരിധിപബ്ലിക്കേഷൻസ്.
4. സുനീത ടി.വി. സൈബർ മലയാളം, കറന്റ് ബുക്സ്.

## References


1. സുനീത ടി. വി, ഇ. മലയാളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012
2. ഡോ. നിസാർ അഹമ്മദ്, മലയാളം: ഭാഷ ലിപി കമ്പ്യൂട്ടിങ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2022)
3. https://smc.org.in
4. rachana.org.in


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Unit 4 മലയാളം കംപ്യൂട്ടിങ്: ആധുനിക - ആധുനികാനന്തര സാധ്യതകൾ

## Learning Outcomes

- സാങ്കേതികവിദ്യാമേഖലയിൽ മലയാളത്തിന്റെ സാധ്യതകൾ തിരിച്ചറിയുക
- മലയാളം ടൈപ്പിങ്ങിൽ പ്രായോഗിക പരിശീലനം നേടുക
- മലയാളഭാഷയുടെ സാങ്കേതികമേഖലയിലുള്ള ആവശ്യങ്ങൾ തിരിച്ചറിയുന്നു
- മലയാളം ടൈപ്പിങ്ങിനെ സംബന്ധിച്ച സാമാന്യധാരണ

## Background

ടൈപ്പിങ്ങിന്റെയും അച്ചടിയുടേയും ഘട്ടങ്ങൾ പിന്നിട്ട് മലയാളഭാഷാ സാങ്കേതികത ഇന്ന് മെഷീൻ ലേണിങ്ങിന്റെയും നിർമ്മിതബുദ്ധി വ്യവഹാരത്തിന്റെയും തലത്തിലെത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പുതിയ കാലത്ത് മലയാളഭാഷയുടെ സാങ്കേതികമേഖലയിലുള്ള ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായ ഭാഷാസൂത്രണവും മാനകീകരണവും ചിട്ടപ്പെടുത്തേണ്ടതുണ്ട്. ഇതിനായുള്ള പര്യാലോചനകൾക്ക് വഴിതുറക്കുകയാണ് ഈ യൂണിറ്റിലൂടെ ഉദ്ദേശിക്കുന്നത്. അതോടൊപ്പം മലയാളം ടൈപ്പിങ്ങിൽ പ്രായോഗിക പരിശീലനം നേടുന്നതിനുള്ള നിർദ്ദേശങ്ങളുമുണ്ട്.

## Keywords

മെഷിൻ ലേണിങ്ങ് - നിർമ്മിതബുദ്ധി - മലയാളത്തിന് സാങ്കേതികവിദ്യാമേഖലയിലുള്ള സാധ്യതകൾ- മലയാളം ടൈപ്പിംഗിൽ പ്രായോഗിക പരിശീലനം.

## Discussion

### മലയാളത്തിന് സാങ്കേതികവിദ്യാ മേഖലയിലുള്ള സാധ്യതകൾ

മലയാളഭാഷാ സാങ്കേതികത എഴുത്തിന്റെയും അച്ചടിയുടേയും ടൈപ്പ് റൈറ്ററിന്റെയും കമ്പ്യൂട്ടറിന്റെയും സ്മാർട്ട് ഫോൺ ആപ്പുകളുടെയും ഘട്ടങ്ങൾ പിന്നിട്ട് മെഷീൻ ലേണിങ്ങിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും തലത്തിലെത്തിയിരിക്കുകയാണ്. വിവരവിനിമയത്തിലും ഉത്പാദനത്തിലും സംസ്കരണത്തിലും സാങ്കേതികവും ഭാഷാപരവുമായ വെല്ലുവിളികൾ അതിജീവിച്ച് മുന്നേറാനുള്ള ശ്രമത്തിലാണ് മലയാളം. വാമൊഴിയിൽനിന്ന് വരമൊഴിയിലേ

> ▶ എഴുത്ത് സാങ്കേതിക വിദ്യയ്ക്ക് പലഘട്ടങ്ങൾ ഉണ്ടായിരുന്നു

ക്കുള്ള പ്രയാണം സാധ്യമായത് കാതങ്ങൾ പിന്നിട്ടതിനുശേഷമാണ്. എഴുത്ത് സാങ്കേതികവിദ്യയ്ക്കുതന്നെ പല ഘട്ടങ്ങളുണ്ടായിരുന്നു. എഴുത്തിന്റെ പ്രതലം പല കാലങ്ങളിൽ പലതായിരുന്നു. ശിലയിലും ചെമ്പുതകിടിലും തുകലിലും മരവുരിയിലുമൊക്കെയുള്ള ആലേഖന ഘട്ടങ്ങൾ പിന്നിട്ടിട്ടാണ് അത് ഓലക്കരണത്തിൽ നാരായമുപയോഗി ച്ചുള്ള എഴുത്തിലേക്ക് പരിണമിക്കുന്നത്. പിന്നെയും നൂറ്റാണ്ടുകൾക്കു ശേഷമാണ് കടലാസ് മുദ്രണത്തിന്റെ കാലമെത്തുന്നത്.

> ▶ അച്ചടിയുടെ മേഖലയിലുണ്ടായ വികാസം ത്വരിത ഗതിയിലായിരുന്നു

അച്ചടി സാങ്കേതികവിദ്യയിലും കാലാനുസൃതമായ പരിണാമങ്ങൾ പ്രകടമായിരുന്നു. കല്ലച്ചിൽനിന്ന് ലോഹനിർമ്മിത അച്ചുകളിലേക്കും പിന്നീട് മൂവബിൾ ടൈപ്പ് അച്ചുകളിലേക്കും അച്ചടിസാങ്കേതികവിദ്യ വികസിച്ചു. ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ യുഗത്തിൽ അച്ച ടി ഫോട്ടോടൈപ്പ് സെറ്റിങ്ങിന്റെയും മിനി ഓഫ്സെറ്റ് പ്രിന്റിങ്ങിന്റെ യും തലത്തിലെത്തി. രണ്ട് ദശാബ്ദക്കാലം ടൈപ്പ് റൈറ്റർ അച്ചടിയും ഇവിടെ നിലനിന്നു. കമ്പ്യൂട്ടർ യുഗത്തിൽ ഡെസ്ക് ടോപ്പ് പബ്ലിഷി ങ്ങിലൂടെ ഡിജിറ്റൽ അച്ചടി സാധ്യമായി. കഴിഞ്ഞ അരനൂറ്റാണ്ടിനിട യിൽ അച്ചടി മേഖലയിലുണ്ടായ വികാസം ത്വരിതഗതിയിലായിരുന്നു. ഡി.ടി.പിയിൽ തുടങ്ങിയ കമ്പ്യൂട്ടറധിഷ്ഠിത അച്ചടി മൾട്ടി കളർ ലേ സർ പ്രിന്റിങ്ങിലേക്കും സി.ടി.പിയിലേക്കുമൊക്കെ വളരെ വേഗത്തിൽ കുതിച്ചു. ഡിജിറ്റൽ അച്ചടിയിൽ പ്രസാധനത്തിന്റെ ഗുണനിലവാരവും വേഗതയും വർധിച്ചു. അച്ചടി ജനകീയമായിമാറി.

കടലാസ് അച്ചടിയെ അപ്രസക്തമാക്കിക്കൊണ്ട് ഇ. അച്ചടി അതിവേ ഗം ആധിപത്യമുറപ്പിക്കുകയാണ്. സമീപഭാവിയിൽതന്നെ കടലാസ് അച്ചടി നന്നേ ചുരുങ്ങും. ഹൈപ്പർ ടെക്സ്റ്റിൽ ഭാഷകളുടെ വ്യവഹാ രം വ്യാപകമാവുകയാണ്. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം സാങ്കേതികവിദ്യാ മേഖലയിലുള്ള സാധ്യതകൾ പൂർണമായി പ്രയോ ജനപ്പെടുത്താൻ നമുക്കായിട്ടില്ല. മലയാളത്തിൽ അച്ചടിയുടെ മേഖല യിലും വിവരവിനിമയത്തിന്റെ മേഖലയിലുമാണ് സാങ്കേതികവിദ്യയു ടെ സാധ്യതകൾ കൂടുതലായി വിനിയോഗിക്കാനായിട്ടുള്ളത്. ഭാഷാ സംസ്കരണ- ഉത്പാദക പ്രക്രിയകളിൽ സാങ്കേതികവിദ്യയുടെ പ്രയോഗം മിതമായ അളവിലെങ്കിലും സാധ്യമായിരിക്കുന്നു. മലയാളം ടെക്സ്റ്റിന്റെ അപഗ്രഥനത്തിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തു ന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നുവരുന്നു. ഇംഗ്ലീഷിലേതുപോലെ മലയാളത്തിൽ അക്ഷരത്തെറ്റ് പരിശോധന (Spell Checker), വാക്കുകൾ എണ്ണി തിട്ടപ്പെടുത്തുക (Word Counting), പദങ്ങൾ അകാരാദിക്രമത്തിൽ അടുക്കുക (Word Sorting), രൂപിമഘടനാപഗ്രഥനം (Morphological Analyzer), ദത്തങ്ങളുടെ ശേഖരണം (Corpus), യന്ത്രപരിഭാഷ (Machine Translation), നിർ മ്മിതബുദ്ധി (Artificial Intelligence) തുടങ്ങിയവ പരിപൂർണാർത്ഥത്തിൽ സാധ്യമായിട്ടില്ലെന്നത് ഒരു വസ്തുതയാണ്. ഭാഷാപരവും സാങ്കേതി കവുമായ സങ്കീർണതകളാണ് ഇതിനെല്ലാം പ്രതിബന്ധമായി നിൽ ക്കുന്നത്.

> ▶ ഹൈപ്പർ ടെക്സ്റ്റിൽ ഭാഷകളുടെ വ്യവഹാരം വ്യാപമാവുന്നു

മലയാളത്തിൽ ഏകീകൃതമായ ലിപിവ്യവസ്ഥയില്ലാത്തത്, ഭാഷയു ടെ സംശ്ലിഷ്ട പ്രകൃതം കാരണം പദനിർണയത്തിലുള്ള സങ്കീർണത കൾ, പദങ്ങളുടെ ലിപിവിന്യാസത്തിൽ മാനകരൂപമില്ലാത്തത്, സമ്പൂർ ണമായ വിവരസഞ്ചയത്തിന്റെ അഭാവം തുടങ്ങിയ ഭാഷാപരമായ

> ▶ മലയാളത്തിന്റെ ഏകീകൃതമല്ലാത്ത ലിപി വ്യവസ്ഥ

സങ്കീർണതകളും ക്യാരക്ടർ എൻകോഡിങ്ങിലും ഫോണ്ട് ഡിസൈനിങ്ങിലും കീബോർഡ് ലേ ഔട്ടിലുമുള്ള സാങ്കേതിക പ്രശ്നങ്ങളുമാണ് പ്രതിബന്ധങ്ങളുടെ അടിസ്ഥാനകാരണം. മെഷീൻ ലേണിങ്ങിന്റെയും നിർമ്മിത ബുദ്ധിയുടെയും സഹായത്തോടെ നടക്കുന്ന ദത്തവിശകലനത്തിലൂടെ പ്രതിബന്ധങ്ങളെ അതിജയിക്കാനുള്ള പ്രയാണത്തിലാണ് സാങ്കേതിക മലയാളം.

## മലയാളം ടൈപ്പിങ്ങിൽ പ്രായോഗിക പരിശീലനം

സാങ്കേതികമേഖലയിലെ ഏതുവിധത്തിലുള്ള വ്യവഹാരത്തിനും അടിസ്ഥാനമായി വേണ്ടത് ഡാറ്റയാണ്. മറ്റൊരർത്ഥത്തിൽ ഭാഷാകമ്പ്യൂട്ടിങ് പ്രക്രിയകളുടെ ആദ്യപടി വിവരങ്ങൾ കമ്പ്യൂട്ടറിലേക്ക് സന്നിവേശിപ്പിക്കുകയാണ്. അതിനാവശ്യമായ പരിശീലനം നേടിയാലേ ഭാഷാസംസ്കരണത്തിന്റെയും വിവരവിനിമയത്തിന്റെയും തലത്തിലേക്ക് ചുവടുവെക്കാൻ കഴിയൂ. മലയാളം ടൈപ്പിങ് പരിശീലിക്കുന്നതിന് ഒന്നിലേറെ നിവേശകരീതികൾ നിലവിലുണ്ട്. കമ്പ്യൂട്ടറിൽ ലഭ്യമായ ഓപ്പറേറ്റിങ് സിസ്റ്റം, ടെക്സ്റ്റ് എഡിറ്റർ/ വേഡ് പ്രൊസസർ എന്നിവയ്ക്കനുസരിച്ച് താഴെ പറയുന്നവയിലൊന്ന് മലയാളം ടൈപ്പിങ് പരിശീലനത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്.

> ▶ അടിസ്ഥാനം ഡാറ്റയാണ്

### 1. ഐ.എസ്.എം ഇൻസ്ക്രിപ്റ്റ്

സാമ്പ്രദായികമായി മലയാളം ടൈപ്പിങ് പരിശീലനത്തിനുപയോഗിക്കുന്നത് സി.ഡാക് വികസിപ്പിച്ച ഐ.എസ്.എം ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേ ഔട്ടാണ്. മൈക്രോസോഫ്റ്റ് വേഡിൽ നേരിട്ട് മലയാളം ടൈപ്പുചെയ്യാമെന്നതിനാൽ ഇത് പൊതുവിൽ സ്വീകരിക്കപ്പെടുകയായിരുന്നു. ഐ.എസ്.എം ഇന്ത്യൻ ഭാഷകൾക്ക് പൊതുവിൽ വികസിപ്പിച്ച കീ ബോർഡ് ലേ ഔട്ട് ആയതിനാൽ ഏതെങ്കിലുമൊരു ഇന്ത്യൻഭാഷ ടൈപ്പുചെയ്യാൻ ശീലിച്ചാൽ അതേ ലിപിഘടനയുള്ള മറ്റ് ഇന്ത്യൻ ഭാഷകളും ഐ.എസ്.എം ഇൻസ്ക്രിപ്റ്റിൽ ടൈപ്പുചെയ്യാനാകും. ഇസ്കി എൻകോഡിങ് കാലഘട്ടത്തിൽ വികസിപ്പിച്ച രേവതി, കാർത്തിക ഫോണ്ടുകളാണ് ഐ.എസ്.എമ്മിൽ സാധാരണ ഉപയോഗിച്ചുവരുന്നത്. മലയാളിലിപികൾ പൂർണമായും യൂണിക്കോഡിന്റെ പരിധിയിൽ വരുന്നതിന് മുമ്പ് പ്രചാരത്തിലെത്തിയതിനാൽ ഐ.എസ്.എമ്മിൽ യൂണിക്കോഡ് ഫോണ്ടുകൾ ലഭ്യമല്ലെന്ന പരിമിതിയുണ്ട്. എന്നാൽ ഐ.എസ്.എമ്മിൽ ലഭ്യമായ ഫോണ്ടിൽ ടൈപ്പുചെയ്യുന്നവ ഇന്ന് യൂണിക്കോഡിലേക്ക് കൺവെർട്ട് ചെയ്യാനാവുന്ന പ്രോഗ്രാമുകൾ ലഭ്യമാണ് (ടൈപ്പിറ്റ്, പയ്യൻസ്).

> ▶ ഐ. എസ്. എമ്മിൽ യൂണിക്കോഡ് ഫോണ്ടുകൾ ലഭ്യമല്ല

താഴെ നൽകിയ ഐ.എസ്.എം ഇൻസ്ക്രിപ്റ്റ് കീ ബോർഡ് ലേ ഔട്ട് നോക്കി മലയാളം ടൈപ്പിങ് പരിശീലിക്കാവുന്നതാണ്. ഐ.എസ്.എം സൗജന്യമായി കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാനാവും.

**2. ടൈപ്പിറ്റ് (Typeit)**

വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റത്തിലേക്ക് ഇന്റർനെറ്റിൽനിന്ന് സൗജന്യമായി ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാവുന്ന മലയാളം ടെക്സ്റ്റ് എഡിറ്ററാണ് ടൈപ്പിറ്റ്. എംഎൽ.ടി.ടി രേവതി, എംഎൽ.ടി.ടി കാർത്തിക എന്നിവയാണ് ഇതിലെ ഡിഫാൾട്ട് ഫോണ്ടുകൾ. ടൈപ്പിറ്റ് ഐ.എസ്.എം ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം ജിസ്റ്റ്, ടൈപ്പ് റൈറ്റർ എന്നിങ്ങനെ മൂന്ന് കീബോർഡ് ലേ ഔട്ടുകൾ ലഭ്യമാണ്. ഇൻസ്ക്രിപറ്റ് കീ ബോർഡിനെ അപേക്ഷിച്ച് കുറച്ചുകൂടി വേഗത്തിൽ ജിസ്റ്റ് കീബോർഡിൽ ടൈപ്പുചെയ്യാനാവും. ഇൻസ്ക്രിപ്റ്റിൽ ചില്ലക്ഷരലിപികൾ ലഭിക്കാൻ മൂന്ന് കീകളിൽ അമർത്തേണ്ടിവരുമ്പോൾ ജിസ്റ്റിൽ ഒരൊറ്റ കീയിൽ ചില്ലക്ഷരങ്ങൾ ലഭ്യമാവും. പത്രമാധ്യമങ്ങളും പുസ്തകപ്രസാധകരും ജിസ്റ്റ് കീബോർഡ് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. മലയാളം ടൈപ്പ് റൈറ്റർ ഉപയോഗിച്ച് ശീലിച്ചവർക്കായി ടൈപ്പ് റൈറ്റർ കീബോർഡും ടൈപ്പിറ്റിലുണ്ട്.

▶ മലയാളം ടെക്സ്റ്റ് എഡിറ്റർ

ടൈപ്പിറ്റിൽ ടൈപ്പുചെയ്യുന്ന മാറ്റർ എഡിറ്റിങ്ങിനായി ഏത് വേഡ് പ്രോസസറിലേക്കും പകർത്തി ഉപയോഗിക്കാവുന്നതാണ്. രേവതി, കാർത്തിക തുടങ്ങിയ ഫോണ്ടുകളിൽ ടൈപ്പുചെയ്തത് യൂണിക്കോഡിലേക്കും യൂണിക്കോഡിലുള്ളത് നോൺ യൂണിക്കോഡിലേക്കും കൺവെർട്ട് ചെയ്യാനുള്ള സജ്ജീകരണവും ടൈപ്പിറ്റിലുണ്ട്.

▶ ഏത് പ്രോസസറിലും ഉപയോഗിക്കാം

താഴെ കാണുന്ന കീബോർഡ് ലേ ഔട്ട് നോക്കി ജിസ്റ്റ് കീബോർഡിൽ ടൈപ്പിങ് പരിശീലിക്കാവുന്നതാണ്. മാതൃഭൂമിയിൽ വെബ് ഡിസൈനറായ രാമൻ വികസിപ്പിച്ചതാണ് ടൈപ്പിറ്റ് ടെക്സ്റ്റ് എഡിറ്റർ.



▶ ടെക്സ്റ്റ് എഡിറ്ററിൽ യൂണിക്കോഡ് ഫോണ്ടുകൾ ടൈപ്പ് ചെയ്യാം

### 3. രചന ടെക്സ്റ്റ് എഡിറ്റർ

ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റത്തിൽ ഉപയോഗിക്കാവുന്നതാണ് രചന മലയാളം ടെക്സ്റ്റ് എഡിറ്റർ. ഈ ടെക്സ്റ്റ് എഡിറ്ററിൽ യൂണിക്കോഡ് ഫോണ്ടുകൾ നേരിട്ട് ടൈപ്പ് ചെയ്യാൻ സാധിക്കും. മലയാളത്തിലെ എല്ലാ കൂട്ടക്ഷരലിപികളും ലഭ്യമായ രചന, മീര തുടങ്ങിയ ഫോണ്ടുകളെ പിന്തുണയ്ക്കുന്ന ടെക്സ്റ്റ് എഡിറ്ററാണ് രചന. രചന അക്ഷരവേദി പ്രവർത്തകനായ കെ. എച്ച്. ഹുസൈനാണ് ഇത് വികസിപ്പിച്ചത്.

▶ എല്ലാ മലയാളലിപികളും ടൈപ്പുചെയ്യാവുന്നു വിധത്തിൽ രൂപകല്പന ചെയ്ത കീ ബോർഡ്

### 4. പൂർണ കീബോർഡ്

സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് പ്രവർത്തകർ യൂണിക്കോഡിൽ ലഭ്യമായ എല്ലാ മലയാളലിപികളും ടൈപ്പുചെയ്യാവുന്ന വിധത്തിൽ രൂപകല്പന ചെയ്ത കീ ബോർഡാണ് പൂർണ. ഇത് വിൻഡോസ്, ലിനക്സ്, മാക്സ് ഓപ്പറേറ്റിങ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കുന്ന പതിപ്പുകളുണ്ട്. ഇൻസ്ക്രിപ്റ്റ്, ടൈപ്പ് റൈറ്റർ എന്നിങ്ങനെ രണ്ട് ലേ ഔട്ട് പതിപ്പുകളും പൂർണയ്ക്കുണ്ട്. താഴെ നൽകിയ ലേ ഔട്ടുകൾ ഉപയോഗിച്ച് പരിശീലനം നടത്താവുന്നതാണ്.



പൂർണ ഇൻസ്ക്രിപ്റ്റ് കീ ബോർഡ്



പൂർണ ടൈപ്പ്റൈറ്റർ കീ ബോർഡ്

**4. ഫൊണറ്റിക് കീബോർഡ്**

ഒരു കീ ബോർഡ് ലേ ഔട്ട് പരിചയിക്കാതെത്തന്നെ കമ്പ്യൂട്ടറിലും സ്മാർട്ട്ഫോണിലും മലയാളം ടൈപ്പിങ്ങിന് ഫൊണറ്റിക് കീ ബോർഡ് ഉപയോഗിക്കാം. ഫൊണറ്റിക് കീബോർഡിൽ മിക്കവയും യൂണിക്കോഡ് പിന്തുണയുള്ളതാണ്. കമ്പ്യൂട്ടറിലേക്ക് വെബ്ബിൽനിന്നും സ്മാർട്ട്ഫോണുകളിലേക്ക് പ്ലേ സ്റ്റോറിൽനിന്നും ആപ്ലിക്കേഷനുകൾ സൗജന്യമായി ഇൻസ്റ്റാൾ ചെയ്ത് ഇവ പ്രവർത്തിപ്പിക്കാവുന്നതാണ്. ഓൺലൈനായും ഓഫ് ലൈനായും പ്രവർത്തിക്കുന്നവയുണ്ട്. ഫൊണറ്റിക് കീ ബോർഡിൽ ഇംഗ്ലീഷ് ലിപികളിൽ മലയാളം ടൈപ്പുചെയ്യുമ്പോൾ യാന്ത്രികമായി മലയാളലിപികൾ തെളിഞ്ഞുവരും. ഉദാഹരണത്തിന് 'PUTHUVATHSARAASHAMSAKAL' എന്ന് ടൈപ്പുചെയ്താൽ 'പുതുവത്സരാശംസകൾ' എന്ന് മലയാളലിപിയിൽ ലഭ്യമാവും. കമ്പ്യൂട്ടറിൽ ഉപയോഗിക്കാൻ ഗൂഗിൾ ഇൻഡിക് ട്രാൻസ്‌ലിറ്ററേഷൻ, മൈക്രോസോഫ്റ്റ് ട്രാൻസ്‌ലിറ്ററേഷൻ യൂട്ടിലിറ്റി, സിബുജോണി വികസിപ്പിച്ച വരമൊഴി, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിന്റെ സ്വനലേഖ, വർണം, മൊഴി കീ മാൻ തുടങ്ങിയവ ഉപയോഗിക്കാം. ഫോണിനായി പ്ലേ സ്റ്റോറിൽ ഒട്ടേറെ ആപ്പുകൾ ലഭ്യമാണ്.

> ▶ ഫൊണറ്റിക് കീ ബോർഡ് ഉപയോഗിച്ച് മലയാളം ടൈപ്പിങ്ങ് ചെയ്യാം

**5. ഹാന്റ് റൈറ്റിങ് ഇൻപുട്ട്**

സ്മാർട്ട് ഫോണിന്റെയും ടാബ്‌ലെറ്റിന്റെയും ടച്ച് സ്ക്രീനിൽ വിരലുകൊണ്ടെഴുതുന്ന അക്ഷരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് യാന്ത്രികമായി മാറുന്ന വിധത്തിലുള്ള ആപ്ലിക്കേഷനുകളും ലഭ്യമാണ്. ഗൂഗിൾ ഹാന്റ് റൈറ്റിങ് ഇൻപുട്ട് ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇവയ്ക്ക് യൂണിക്കോഡ് പിന്തുണയുണ്ട്. ഇത് ഉപയോഗിക്കാൻ കീ ബോർഡ് ലേ ഔട്ട് പരിചയിക്കേണ്ടതില്ല.

> ▶ വിരലുകൊണ്ടെഴുതുന്ന അക്ഷരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നു

**6. ഒ.സി.ആർ**

കൈകൊണ്ടെഴുതിയതിനെ അപ്പാടെ മൊബൈൽ ക്യാമറയോ സ്കാനറോ ഉപയോഗിച്ച് സ്കാൻ ചെയ്ത ലഭിക്കുന്ന ഇമേജിലെ കൈയക്ഷരങ്ങളെ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാൻ കഴിയുന്ന ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ പ്രോഗ്രാമുകളും ഇന്ന് ലഭ്യമാണ്. കൈയെഴുത്തിലെ സൂക്ഷ്മത കൃത്യമായ ഫലം ലഭിക്കുന്നതിനാവശ്യമാണ്. യൂണിക്കോഡ് ഫോണ്ടുകളാണ് ഇതിൽ ലഭ്യമാവുക. ഗൂഗിൾ ലെൻസ്, എസ്.എം.സി ഒസി.ആർ എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

> ▶ ഇമേജിലെ അക്ഷരങ്ങളെ ഡിജിറ്റലിലേക്ക് മാറ്റുന്നു

**7. വോയ്സ് ടൈപ്പിങ്**

ടൈപ്പുചെയ്യാനുള്ള കാര്യങ്ങൾ സ്മാർട്ട് ഫോണിനെ വായിച്ചു കേൾപ്പിച്ചാൽ ടൈപ്പുചെതുണ്ടാക്കുന്നതുപോലെ ലിപികൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാവുന്ന ആപ്ലിക്കേഷനുകളും ഉപയോഗിക്കാവുന്നതാണ്. വളരെ വേഗത്തിൽ ടൈപ്പുചെയ്യാൻ ഇവ സഹായകമാണ്. ശബ്ദകോലാഹലങ്ങളില്ലാത്ത പരിസരങ്ങളിൽ ഉച്ചാരണസ്ഫുടതയോടെ സംസാരിച്ചാലേ കൃത്യമായ ഫലം കിട്ടൂ. വോയ്സ് ടൈപ്പിങ്ങിൽ ഭാഷയിലെ ചിഹനങ്ങൾ (Punctuation) ലഭ്യമല്ലാത്തതിനാൽ അവ പിന്നീട് ടൈപ്പുചെയ്ത് ചേർക്കേണ്ടിവരും. യൂണിക്കോഡ് പിന്തുണയുള്ളതിനാൽ വെബ്ബിൽ നേരിട്ട് ഉപയോഗിക്കാനാവും. ഗൂഗിൾ വോയ്സ് ടൈപ്പിങ് മികച്ചരീതിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. പ്ലേ സ്റ്റോറിൽ വേ

> ▶ വായിച്ചു കേൾപ്പിക്കുന്നത് ഡിജിറ്റൽ ലിപിയായി മാറ്റുന്നു

റെയും ആപ്പുകൾ ലഭ്യമാണ്.

അനൗപചാരികവും വൈയക്തികവുമായ ആവശ്യങ്ങൾക്കാണ് ഫൊണറ്റിക് കീ ബോർഡ്, ഹാന്റ് റൈറ്റിങ് ഇൻപുട്ട്, വോയ്സ് ടൈപ്പിങ് എന്നിവ കൂടുതലായി ഉപയോഗിക്കാവുന്നത്. അച്ചടിമേഖലയിലും ഔദ്യോഗികാവശ്യങ്ങൾക്കുംഇൻസ്ക്രിപ്റ്റ്/ ജിസ്റ്റ്/ രചന/പൂർണ കീ ബോർഡ് ലേഔട്ട് പഠിക്കുകയാണ് അഭികാമ്യം.

▶ അനൗപചാരികവും വ്യക്തിപരവുമായ ആവശ്യം

## Summarised Overview

കമ്പ്യൂട്ടറിന്റെയും സ്മാർട്ട് ഫോണിന്റെയും ഘട്ടങ്ങൾ പിന്നിട്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ തലത്തിലേക്ക് ഉയർന്നിരിക്കുന്നു. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താൽ കഴിഞ്ഞിട്ടില്ല. ഡിജിറ്റൽ മലയാളം എന്ന് പറയാവുന്ന നിലയിലേക്ക് സാങ്കേതികവിദ്യയുടെ പ്രയോഗം പരിമിതമായ അളവിലെങ്കിലും സാധ്യമായിരിക്കുന്നു. അക്ഷരത്തെറ്റ് പരിശോധിക്കുക, പദങ്ങൾ അകാരാദിക്രമത്തിൽ അടുക്കുക, യന്ത്രപരിഭാഷ തുടങ്ങിയവ മലയാളത്തിലും സാധ്യമായി തുടങ്ങിയിട്ടുണ്ട്. ലിപിവ്യവസ്ഥയിലും പദനിർണയത്തിലുമുള്ള സങ്കീർണത വലിയ വെല്ലുവിളിയാണ്. ഇവയെ മറിക്കടക്കാൻ മെഷിൻ ലേണിങ്ങിനേയും കൃത്രിമ ബുദ്ധിയേയും ഉപയോഗപ്പെടുത്തുക എന്നതാണ് പോവഴി. ഇതിനുള്ള ഒരുക്കത്തിലാണ് സാങ്കേതിക മലയാളം എന്നു പറയാം.

## Assignments

1. മലയാളഭാഷയ്ക്ക് സാങ്കേതികവിദ്യാമേഖലയിലുള്ള സാധ്യതകൾ വിവരിക്കുക
2. വിവിധ ഭാഷാ നിവേശകരീതികൾ വിശകലനം ചെയ്യുക

## Suggested Readings


1. ഡോ. സ്മിത കെ. നായർ, മലയാളം കമ്പ്യൂട്ടിംഗ്സാധ്യതകളും പരിമിതികളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. നിസാർ അഹമ്മദ്, മലയാളം ഭാഷ - ലിപി-കമ്പ്യൂട്ടിംഗ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. ഡി. പ്രദീപ് കുമാർ, സൈബർ ജാലകം, പരിധിപബ്ലിക്കേഷൻസ്.
4. സുനീത ടി. വി., സൈബർ മലയാളം, കറന്റ് ബുക്സ്.

# References


1. യന്ത്രവിവർത്തനം- ഡോ. ആർ.വി.എം ദിവാകരൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
2. ഡോ. നിസാർ അഹമ്മദ്, മലയാളം: ഭാഷ ലിപി കമ്പ്യൂട്ടിങ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2022
3. http://smc.org.in


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# Model Question Paper Sets
# for the First Semester Courses of the
# M.A. Malayalam Language and Literature
# Programme

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ………...............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - 1- M21ML01DC - കേരളസംസ്കാരചരിത്രം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

---

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. കേരള ചരിത്ര രചനയ്ക്ക് ഉപാദാനമായ പ്രധാന സാമഗ്രികൾ ഏതെല്ലാം?
2. അടിയന്തരാവസ്ഥ കേരളത്തെ ഏതു തരത്തിലാണ് ബാധിച്ചത്?
3. മിച്ചഭൂമിപ്രക്ഷോഭത്തിന് കാരണമായ ചരിത്രസന്ദർഭത്തെക്കുറിച്ച് കുറിപ്പെഴുതുക
4. അറയ്ക്കൽ രാജവംശത്തെപ്പറ്റി വിവരിക്കുക.?
5. രേവതി പട്ടത്താനത്തെപ്പറ്റി ഒരു കുറിപ്പു തയ്യാറാക്കുക
6. നവോത്ഥാന നായകനായ മക്തി തങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.
7. ഐന്തിണകൾ - കുറിപ്പു തയ്യാറാക്കുക.
8. ഉത്തരവാദിത്ത പ്രക്ഷോഭത്തിൽ സ്റ്റേറ്റ് കോൺഗ്രസ് വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.

(5× 2=10)

## SECTION - B

**II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. പ്രാചീന തമിഴകത്തെ മതജീവിതത്തെക്കുറിച്ച് വിവരിക്കുക.
10. പെരുമാൾ വാഴ്ചയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ക്രോഡീകരിക്കുക ?
11. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക രംഗത്ത് പത്രങ്ങൾ വഹിച്ച പങ്കെന്ത്?
12. രണ്ടാം ചേര കാലഘട്ടത്തെ കേരളത്തിന്റെ സുവർണ കാലം എന്ന് വിശേഷിപ്പിക്കാമോ - പരിശോധിക്കുക.
13.പാശ്ചാത്യമിഷണിമാർ കേരളത്തിന്റെ വൈജ്ഞാനിക വിദ്യാഭ്യാസമണ്ഡലത്തിനു നൽകിയ സംഭാവനകൾ വിവരിക്കുക.

14. ആഗോളീകരണത്തിന്റെ സാമാന്യ ഫലങ്ങൾ കേരളീയ ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെ?
15. കേരളത്തിലെ സാമൂഹ്യ, സാമ്പത്തിക രംഗത്ത് പ്രവാസികളുടെ സംഭാവനകൾ വിലയിരുത്തുക?
16. ഉദയംപേരൂർ സുന്നഹദോസിനു കേരളീയ ക്രൈസ്തവ ചരിത്രത്തിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.
17. കേരള ചരിത്രത്തിന്റെ നിർണ്ണായക വഴിത്തിരിവുകളിൽ സ്ത്രീമുന്നേറ്റങ്ങൾക്ക് പ്രധാനസ്ഥാന മുണ്ട്. വിശദീകരിക്കുക.
18. കർഷക പരിഷ്കരണ ബില്ലും അതിന്റെ പരിമിതികളും - വിശദമാക്കുക

(6×5=30)

## SECTION - C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. സംഘകാല കൃതികളിൽ നിന്ന് ലഭ്യമാകുന്ന സാംസ്കാരിക ജീവിതത്തെക്കുറിച്ചുള്ള സൂചന കൾ വിശദമാക്കുക.
20. കേരളീയ സംസ്കാരത്തിന്റെ നേർചിത്രമായി കേരളീയ രംഗകലകൾ വർത്തിക്കുന്നതെങ്ങനെ യെന്ന് വ്യക്തമാക്കുക.
21. മാതൃഭാഷയാണ് ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനതത്വം - സംസ്ഥാനങ്ങളുടെ ഏകീകരണവുമായി ബന്ധപ്പെട്ട് രാജ്യം സ്വീകരിച്ച നയങ്ങളെ മുൻനിർത്തി പരിശോധിക്കുക.
22. കേരളീയ നവോത്ഥാനം ഏകരൂപമായ ഒരു പ്രവണതയായല്ല പ്രവർത്തിച്ചത്. വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ സ്വഭാവം അവ കൈക്കൊണ്ടിട്ടുണ്ടെന്ന് കാണാം.വിശദമാക്കുക.

(2×15=30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………..............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - 1- M21ML01DC - കേരളസംസ്കാരചരിത്രം**

( CBCS - UG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. ഐന്തിണകളുടെയും അവയിലെ താമസക്കാരുടെയും പേരുകൾ എന്തെല്ലാം?
2. ശങ്കരാചാര്യരുടെ അദ്വൈത ദർശനത്തെക്കുറിച്ച് ലഘുകുറിപ്പ് എഴുതുക.
3. പ്രാചീന കേരളവും അറബികളുമായുള്ള വ്യാവസായിക ബന്ധത്തിന്റെ സാംസ്കാരികപ്രാധാന്യം സൂചിപ്പിക്കുക.
4. കഥകളിയിലെ വിവിധ വേഷങ്ങളെ പരിചയപ്പെടുത്തുക.
5. ചാന്നാർ ലഹളയുടെ ചരിത്രപ്രാധാന്യം രേഖപ്പെടുത്തുക.
6. ചട്ടമ്പിസ്വാമികൾ തുടക്കമിട്ട നവോത്ഥാന പരിശ്രമങ്ങൾ സമൂഹത്തെ സ്വാധീനിച്ചതെങ്ങനെ?
7. പുന്നപ്ര - വയലാർ സമരം അധികാരത്തിനെതിരെയുള്ള പോരാട്ടമാകുന്നതെങ്ങനെയെന്ന് കുറിപ്പെഴുതുക.
8. ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭ കേരള വികസനത്തിന് അടിത്തറയിട്ടതെങ്ങനെ?

(5×2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ഭൂമിശാസ്ത്രഘടകങ്ങൾക്ക് കേരള സംസ്കാര നിർമ്മിതിയിലുള്ള പങ്ക് വിശദമാക്കുക.
10. കരളത്തിൽ ബുദ്ധജൈന മതങ്ങളുടെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?
11. പ്രാചീന കേരളത്തിലെ വർത്തക സംഘങ്ങൾക്ക് സാമൂഹ്യ ജീവിതത്തിലുണ്ടായിരുന്ന സ്ഥാനം വിലയിരുത്തുക.

12. നാടുവാഴിത്തം കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിലുണ്ടാക്കിയ ചലനങ്ങൾ വിശദമാക്കുക.
13. പോർച്ചുഗീസുകാരുടെ ഇടപെടൽ കേരള ചരിത്രത്തിലെ അക്രമാസക്തമായ ഒരേടാകുന്നതെങ്ങനെ? വിശദമാക്കുക.
14. ഭക്തിപ്രസ്ഥാനത്തിന്റെ കടന്നുവരവ് ആ കാലഘട്ടത്തിന്റെ ധാർമ്മിക മൂല്യങ്ങളെ സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുണ്ടോ?സ്വാഭിപ്രായം വ്യക്തമാക്കുക.
15. ഗുരുദർശനം ഏത് കാലത്തും പ്രസക്തമാകുന്നത് അതിന്റെ നൈതിക സാന്നിധ്യം കൊണ്ടാണ്. വിശദമാക്കുക.
16. കേരള മോഡൽ പുതിയ കടമകൾ ഏറ്റെടുത്ത് മുന്നോട്ടുപോകേണ്ട കാലമാണിതെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കുറിപ്പെഴുതുക.
17. ദളിത്, സ്ത്രീവാദ കാഴ്ചപ്പാടുകൾ കേരള ചരിത്രാന്വേഷണത്തിൽ ഗൗരവപൂർണ്ണമായ ഇടപെടലുകളായി മാറുന്നതെങ്ങനെ?
18. പുതിയ കാലത്തെ കേരളീയ ജീവിതത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ പ്രസക്തി എന്താണ്?സാമൂഹ്യ വിപ്ലവത്തിനുതകുന്ന ഇടപെടലുകൾ അവ കേരളത്തിൽ നടത്തുന്നുണ്ടോ?

(6×5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. ഇരുളടഞ്ഞ ഒരു കാലത്തിൽ നിന്നും ചരിത്രത്തിനെ വെളിച്ചത്തിലേക്ക് നയിക്കുന്ന വസ്തുക്കളാണ് ഉപാദാനസാമഗ്രികൾ.വിശദമാക്കുക.
20. കേരള സംസ്കാരത്തിന്റെ വിവിധ സ്വഭാവങ്ങളെ പ്രതിനിധീകരിക്കുന്ന വിവിധ നാടൻപാട്ടുകളെ കുറിച്ച് ഉപന്യസിക്കുക.
21. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ കേരളീയ നവോത്ഥാനത്തിലെ നായകസ്ഥാനം അലങ്കരിച്ചതെങ്ങനെ? വ്യക്തമാക്കുക.
22. കർഷക പ്രസ്ഥാനങ്ങൾ നയിച്ച രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്ക് കേരള നിർമ്മിതിയിൽ പ്രധാന പങ്ക് കൈവരുന്നതെങ്ങനെ? അവയുടെ ചരിത്രവും തുടർസ്വാധീനവും വിശദമാക്കുക.

(2×15=30)

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………　　　　Reg. No　: ………..............

　　　　　　　　　　　Name　: ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - M21ML02DC - ആധുനിക – സമകാല കവിതാസാഹിത്യം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours　　　　Max Marks: 70

---

## Section A

**I അരപുറത്തിൽ കവിയാതെ അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.**

1. "തന്നതില്ല പരനുള്ളു കാട്ടുവാ-
   നൊന്നുമേ നരനുപായമീശ്വരൻ
   ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
   വന്നു പോം പിഴയുമർത്ഥശങ്കയാൽ"- സന്ദർഭവും ആശയവും വ്യക്തമാക്കുക.
2. "ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി
   പ്പാർശ്വസ്തനാകും പതിയോടുരച്ചു" എന്താണ് പാർവതി പതിയായ ശിവനോട് പറഞ്ഞത്?
3. "കന്നിനെല്ലിനെയോമനിച്ചെത്തി
   യെന്നോടോതീ സദാഗതി വായു"- എന്താണ് കവിയോട് വായു പറഞ്ഞത്?
4. "മറ്റൊരാകാശ സഞ്ചാരിയോടീ മൊഴികൾ
   നിശ്ശബ്ദമോതും ശിലകളായ് മാറുമോ?" - എന്നു കവി ചോദിക്കാൻ കാരണമെന്ത്?
5. കൊച്ചിയിലെവൃക്ഷങ്ങൾ എന്ന കവിതയിലെ വൃക്ഷം എന്ന ബിംബം പ്രതീകാത്മകമാകുന്ന തെങ്ങനെ?
6. "ചക്രവർത്തി നഗ്നനാണെന്ന് വിളിച്ചുപറയുന്ന പഴങ്കഥയിലെ കുട്ടിയാണ് ഞാൻ" ആശയം എന്ത് ? വിശദമാക്കുക.
7. പ്രണയിക്കുന്ന രണ്ടുപേർ തൊട്ടു തൊട്ടു നടക്കുമ്പോൾ എന്തെല്ലാം സംഭവിക്കാം എന്നാണ് കവി പറയുന്നത് ?
8. "മെരുക്കും നീ തിരകളെ
   വെള്ളാട്ടിൻ കൂട്ടമെന്നപോൽ"- വിവക്ഷിതമെന്ത്?

(5x2= 10 )

## Section B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

9. "മലയാളത്തിലെ വിലാപകാവ്യ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടാണ് ഒരു വിലാപം എന്ന കവിത"- വിശദമാക്കുക.

10.കർണ്ണന്റെ ദാനമഹാത്മ്യത്തെക്കുറിച്ച് കർണ്ണഭൂഷണത്തിൽ വിവരിക്കുന്നതെങ്ങനെ?

11.ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ശിഷ്യനും മകനും എന്ന ഖണ്ഡകാവ്യത്തെ മുൻനിർത്തി വിവരിക്കുക.

12.വ്യത്യസ്തകളാർന്ന ഭൂമിയുടെ ഭാവഭേദങ്ങളെ ഭൂമിഗീതങ്ങൾ എന്ന കവിതയിൽ അവതരിപ്പിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

13. മേഘസന്ദേശത്തിലൂടെയുള്ള പര്യടനമാണ് നിത്യമേഘം എന്ന കവിത ശരിയോ ? വിശദമാക്കുക.

14. ചാക്കാല എന്ന കവിത അവതരിപ്പിക്കുന്ന സാമൂഹ്യസന്ദർഭം എന്ത്? വിശദമാക്കുക.

15. ശക്തമായ രാഷ്ട്രീയ ധ്വനികൾ ഉള്ള കവിതയാണ് സംക്രമണം . ശരിയോ ?സമർത്ഥിക്കുക.

16. "പൊതുധാരയിൽ നിന്ന് നിഷ്കാസിതനാകുന്ന ഒരു കോമാളി പ്രവാചകന്റെ നിലവിളിയാണ് അയ്യപ്പൻറെ കവിതകൾ" എന്ന നിരീക്ഷണം വിമർശബുദ്ധ്യാ പരിശോധിക്കുക.

17. പുതിയകാലത്തെ മനുഷ്യന്റെ മനോഭാവത്തെ വരച്ചു കാട്ടുന്നവയാണ് അമ്മത്തൊട്ടിൽ എന്ന കവിത എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

18 .കെ .ആർ . ടോണിയുടെ കാവ്യരീതിയുടെ സവിശേഷതകൾ ദൈവപ്പാതിയിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.

( 6 x 5 = 30 )

## Section C

**III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

19. മലയാളകവിതയിലെ കാൽപനിക പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട ഒരു കൃതിയാണ് ചങ്ങമ്പുഴയുടെ രമണൻ - ഉപന്യസിക്കുക.

20. "മനുഷ്യമനസ്സിലെ ചിരന്തനമായ ഹിംസാ വാസനയെ അവതരിപ്പിക്കുകയാണ് മഴവില്ല് കഥയിലൂടെ ബാലാമണിയമ്മ ചെയ്യുന്നത്". - ശരിയോ ? വിശദമാക്കുക.

21. സ്ത്രീ സ്വത്വാവബോധത്തിന്റെയും നിർമ്മിതിയുടെയും ഏകകങ്ങളാണ് വിജയലക്ഷ്മിയുടെ കവിതകൾ.മൃഗശിക്ഷകനെ മുൻനിർത്തി വിവരിക്കുക.

22. ഉത്തരാധുനിക കവിതകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

(2x15 = 30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………..............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - M21ML02DC – ആധുനിക – സമകാല കവിതാസാഹിത്യം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## Section A

**I അരപുറത്തിൽ കവിയാതെ അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.**

1. "സ്തോമം സ്തംഭിക്കയാലക്കഥകളവനറി –
   ഞ്ഞി,ല്ലതേ നല്ലതായീ". –ഏതു കഥകളാണ് നായകൻ അറിയാതിരുന്നത്?
2. രമണൻ മദനനോട് പറയുന്ന ഹൃദയരഹസ്യം എന്ത്?
3. "കെട്ടുപോയ് ഞങ്ങളിലെ സൂര്യൻ" എന്ന് കവി പറയാൻ കാരണമെന്ത്?
4. പ്രേമ തീർത്ഥങ്ങളിൽ ഓളക്കുത്തുകൾ തീർക്കാനായി എന്തുവേണമെന്നാണ് കവി പറയുന്നത്?
5. "നാം പുണരും കിനാവിന്റെ ദിവ്യനാദിയിൽ
   നാം ഉയിർകൊള്ളുമെങ്കിൽ" – വിവക്ഷിതമെന്ത്? ആശയം വ്യക്തമാക്കുക.
6. ദേവാലയത്തിലെ മണികൾ മൂന്നുപ്രാവശ്യം മുഴങ്ങുമ്പോൾ എന്തൊക്കെ സംഭവിക്കാം എന്നാണ് കവി പറയുന്നത് ?
7. ലക്ഷ്യം കുലച്ച ധനുസ്സാണ് ചാർവാകൻ എന്നു പറയാൻ കാരണമെന്ത്?
8. "പ്രകൃതിയിൽ നിന്നും മനുഷ്യൻ ഭിന്നനല്ല" എന്ന ആശയത്തെ എസ്. ജോസഫ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

(5x2= 10 )

## Section B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

9. നളിനി – ദിവാകരൻ കഥാപാത്ര നിരൂപണം ചെയ്യുക.
10. ആഖ്യാന കവിത എന്ന നിലയിൽ ശിഷ്യനും മകനും എന്ന കവിതയുടെ സവിശേഷതകൾ വിവരിക്കുക.
11. കന്നിപ്പാടത്തെ കൊയ്ത്തിനിടയിലെ സംഭാഷണങ്ങൾ എന്തെല്ലാം? വിവരിക്കുക.
12. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യുവത്വത്തിനുണ്ടായ ആകുലതകളെ അവതരിപ്പിക്കുന്ന

കവിതയാണ് പഥികന്റെ പാട്ട് . വിലയിരുത്തുക.

13. സന്ദേശഹരൻ എന്ന നിലയിലുള്ള ഹനുമാന്റെ വീര്യത്തെ ഇടശ്ശേരി അവതരിപ്പിക്കുന്നത് എങ്ങനെയെല്ലാമാണ്?. വ്യക്തമാക്കുക.
14. "നവീനവും വിപ്ലവകരവുമായ ഒരു സംവേദന സാധ്യമാക്കുന്ന കവിതയാണ് സംക്രമണം"- സമർത്ഥിക്കുക.
15. മൃഗശിക്ഷകൻ എന്ന കവിത അവതരിപ്പിക്കുന്ന സ്ത്രീയുടെ സാമൂഹ്യപദവിയേയും സാഹചര്യങ്ങളെയും കുറിച്ച് വിവരിക്കുക.
16. ചാർവാകനുണ്ടായ തിരിച്ചറിവുകളെയും അതിനുണ്ടായ പ്രതികരണങ്ങളെയും കവി സംഗ്രഹിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക .
17. "സ്ത്രീ അനുഭവങ്ങളുടെ യഥാതഥാവിഷ്കാരമാണ് അനിതാ തമ്പിയുടെ മുറ്റമടിക്കുമ്പോൾ എന്ന കവിത"- ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.
18. "കപട സദാചാരബോധങ്ങൾ നിലനിർത്തുന്ന സമൂഹത്തിൻറെ കണ്ണാടിയാണ് സദാചാരി എന്ന കവിത"- ശരിയോ ? സമർത്ഥിക്കുക.

( 6 x 5 = 30 )

## Section C

**III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

19. "കർണ്ണന്റെ വ്യക്തിത്വം വെളിവാക്കുന്ന കാവ്യമാണ് കർണ്ണഭൂഷണം" - ശരിയോ? ഉപന്യസിക്കുക
20. "കാല്പനിക ഭംഗിയാർന്ന കവിതകളിൽ ഒന്നാണ് സുഗതകുമാരിയുടെ രാത്രിമഴ". സ്വാഭിപ്രായം രേഖപ്പെടുത്തുക.
21. "പാരിസ്ഥിതികാവബോധം അവതരിപ്പിക്കുന്ന കവിതയാണ് കൊച്ചിയിലെ വൃക്ഷങ്ങൾ" -ചർച്ച ചെയ്യുക.
22. സ്ത്രീവാദ - ദളിത് പരിപ്രേക്ഷ്യങ്ങൾ ഉള്ളടങ്ങുന്നവയാണ് ഉത്തരാധുനിക കവിതകൾ . ശരിയോ?. ചർച്ച ചെയ്യുക.

(2x15 = 30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ………...............

Name : ………………...

FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION

DISCIPLINE CORE - 3- **M21ML03DC-** ഗദ്യം - കഥാസാഹിത്യം

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours | Max Marks: 70

---

## SECTION A

**I അരപ്പുറത്തിൽ കവിയാതെ അഞ്ചു ചോദ്യത്തിനുത്തരമെഴുതുക**

1. ജോലിക്കിറങ്ങിയ ചിന്നമ്മയോട് തേവിക്കിടാത്തിയുടെ ഉപദേശമെന്തായിരുന്നു?
2. 'ദ്വാരക' എന്ന കഥയിൽ പുരാണനഗരത്തെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
3. മരുഭൂമികൾ ഉണ്ടാകുന്നു എന്ന നോവലിലെ കേന്ദ്രകഥാപാത്രമായ കുന്ദനിൽ നിക്ഷിപ്തമായ കർത്തവ്യമെന്തായിരുന്നു?
4. ബീബിയുടെ ഓർമ്മയിലേക്കു മലമുകളിലെ . അബ്ദുള്ള കടന്നുവന്നതെങ്ങനെ?
5. ചരിത്രാത്മകത ബുധിനിയിൽ എത്രത്തോളം പ്രകടമാണ്?
6. ഉമ്മാച്ചുവിന് പ്രത്യക്ഷത്തിൽ നേരിടേണ്ടി വന്ന ദുരിതങ്ങൾ എന്തെല്ലാമായിരുന്നു?
7. ചാവുതുള്ളലിലെ സ്ത്രീ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
8. കുഞ്ഞു പാത്തുമ്മയുടെ സ്വഭാവത്തിന്റെ പ്രത്യേകത എന്തായിരുന്നു?

(5 x 2 = 10 )

## SECTION B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിനുത്തരമെഴുതുക ?**

9. ആ കാലഘട്ടത്തിലെ സാമൂഹ്യനവോത്ഥാനത്തെ സംബന്ധിച്ച എന്തൊക്കെ ആശയങ്ങളാണ് ഇന്ദുലേഖയിൽ ചർച്ച ചെയ്യുന്നത്?
10. അഭയാർത്ഥികളുടെയും സ്വദേശികളുടെയും ദുരിതങ്ങളുടെ ചിത്രം ആരോഹണം നോവൽ അനാച്ഛാദനം ചെയ്യുന്നതെങ്ങനെ?
11. പ്രേതഭാഷണം കഥയിലെ കുഞ്ഞാക്കോവിന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക?
12. പാരമ്പര്യത്തിന്റെ പൊളിച്ചെഴുതൽ എന്ന നിലയിൽ 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥ വിലയിരുത്തുക?
13. വംശീയാധിക്ഷേപങ്ങളോടുള്ള മഖൻസിംഗിന്റെ പ്രതികരണം ഏതു തരത്തിലായിരുന്നു?

14. ശ്രീലങ്കൻ വംശീയസ്പർദ്ധയെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' യിൽ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ?
15. ആർക്കറിയാം - കഥയിലെ പട്ടാളക്കാരനിലൂടെ വെളിവാക്കുന്ന സ്വഭാവ സവിശേഷതകൾ എന്തെല്ലാം?
16. മധ്യതിരുവിതാംകൂറിലെ ദലിതരുടെ ആചാരാനുഷ്ഠാനങ്ങൾ 'ചാവുതുള്ളൽ' എന്ന നോവലിൽ ആവിഷ്കൃതമായിരിക്കുന്നതെങ്ങനെ?
17. 'ഉമ്മാച്ചു' നോവലിലെ മായൻ, ചാപ്പുണ്ണിനായർ എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകളെ വിലയിരുത്തുക
18. ജനപ്രിയസാഹിത്യത്തിന്റെ സ്വഭാവം 'പാടാത്ത പൈങ്കിളി' യിൽ എത്രത്തോളം പ്രകടമാണ്?

(6x5 = 30)

## SECTION C

III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിനുത്തരമെഴുതുക

19. അധഃകൃതരായ കർഷകരുടെ ചെറുത്തുനിൽപ്പിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും രേഖപ്പെടുത്തലുകളാണ് 'രണ്ടിടങ്ങഴി' - വിലയിരുത്തുക
20. നോവലിൽ ആധുനികതയുടെ പ്രവണതകൾ 'ബസാക്കിന്റെ ഇതിഹാസ'ത്തിലും 'മരുഭൂമികൾ ഉണ്ടാകുന്നതി'ലും എത്രത്തോളം പ്രകടമാകുന്നു?
21. സമൂഹത്തിലെ സ്ത്രീപ്രതിരോധത്തിന്റെയും അതിജീവിനത്തിന്റെയും നേർക്കാഴ്ചകളായി ബുധിനിയും ആരാച്ചാരും വിലയിരുത്തുക?
22. മലയാള ചെറുകഥയുടെ ആദ്യഘട്ടം മുതൽ സമകാലീന ഘട്ടം വരെയുള്ള പ്രവണതകളെ പാഠഭാഗത്തെ കഥകളെ വിശകലനം ചെയ്ത് വിലയിരുത്തുക

(2×15 = 30 )

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ………...............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - 3- M21ML03DC- ഗദ്യം - കഥാസാഹിത്യം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

---

## SECTION A

**I അരപ്പുറത്തിൽ കവിയാതെ അഞ്ചു ചോദ്യത്തിനുത്തരമെഴുതുക**

1. നിസ്സാർ അഹമ്മദിന്റെ പുരോഗമനപരമായ ചിന്തകൾ എന്തൊക്കെയായിരുന്നു?
2. അനുകമ്പയുടെ പ്രതീകമായി കുന്ദൻ മാറാനിടയായ സാഹചര്യമേത്?
3. മനസ്സിനു സാസ്ഥ്യം തേടി ചിദംബരത്തു പോയ ആഖ്യാതാവിന് അത് ലഭിക്കുന്നുണ്ടോ ?
4. മാവോയിസ്റ്റ് കഥയിലെ ആക്ഷേപഹാസ്യ സൂചനകൾ എന്തെല്ലാം?
5. ലൂക്കാസാറിന്റെ ജീവിത ദുരിതങ്ങൾ എപ്രകാരമുള്ളതാണ്?
6. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിന്റെ പ്രസക്തി പരിശോധിക്കുക?
7. ബുധിനിക്ക് ജീവിതദുരിതങ്ങൾ നേരിടേണ്ടി വന്ന പ്രത്യക്ഷകാരണമെന്തായിരുന്നു?
8. ചേതനമല്ലിക്കിന് വെല്ലുവിളിയായി ഏറ്റെടുക്കേണ്ടി വന്ന ദൗത്യമെന്തായിരുന്നു?

(5× 2 = 10)

## SECTION B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിനുത്തരമെഴുതുക**

9. മധ്യതിരുവിതാംകൂറിലെ ദലിതരുടെ ആചാരാനുഷ്ഠാനങ്ങൾ 'ചാവുതുള്ളൽ' എന്ന നോവലിൽ ആവിഷ്കൃതമായിരിക്കുന്നതെങ്ങനെ?
10. ശ്രീലങ്കൻ വംശീയസ്പർദ്ധയെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' യിൽ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ?
11. 'പ്രേതഭാഷണം' കഥയിൽ ജാതിചൂഷണത്തിനു പശ്ചാത്തലമാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം?
12. പാർശ്വവത്കരണവും വരേണ്യതയും സ്ത്രീലിംഗപദവിയും 'ആരാച്ചാരി' ൽ പ്രകടമാകുന്നതെങ്ങനെ?

13. അന്നമ്മയുടെ ദൈന്യജീവിതം 'പൂർണ വിരാമങ്ങൾ' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
14. സങ്കീർണ്ണമായ വ്യക്തിത്വത്തിനുടമയായ ഉമ്മാച്ചു എന്ന കഥാപാത്രത്തെ മന:ശാസ്ത്രപരമായി വിശകലനം ചെയ്യുക?
15. ജനപ്രിയ സാഹിത്യത്തിന്റെ കാഴ്ചപ്പാടിൽ 'പാടാത്ത പൈങ്കിളി'എന്ന നോവൽ വിശകലനം ചെയ്യുക?
16. പഴയ ഡൽഹിയേയും സ്വാതന്ത്ര്യാനന്തര ഡൽഹിയേയും ആരോഹണത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ?
17.. സ്വവർഗ്ഗരതി - മാധവിക്കുട്ടിയുടെ 'ചന്ദനമരങ്ങൾ' എന്ന കഥയിൽ എത്രത്തോളം പ്രകടമാണ്?
18. കരുത്തും വ്യക്തിത്വവുമുള്ള സ്ത്രീയായിരുന്നു ചിരുത - വിലയിരുത്തുക?

(6×5=30)

## SECTION C

**III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിനുത്തരതമഴുതുക**

19. അനുഭവങ്ങളുടെ വൻകരയായ ബഷീർ സാഹിത്യത്തേയും ഭാഷയേയും 'ന്റുപ്പുപ്പാക്കൊരാനേ ണ്ടാർന്ന്' എന്ന നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുക
20. ഇതിഹാസങ്ങളുടെ ഇതിഹാസമായ 'ഖസാക്കിന്റെ ഇതിഹാസം' ഇന്ത്യൻ ഭാഷാസാഹിത്യങ്ങളിലെതന്നെ അപൂർവ്വതയാണ് സമർത്ഥിക്കുക.
21. കുടിയൊഴിക്കപ്പെടലിന്റെ ദുരന്തവും സ്ത്രീ അതിജീവനത്തിന്റെ ചരിത്രവുമാണ് 'ബുധിനി'യും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' യും വിലയിരുത്തുക ?
22. ആധുനിക, സമകാലിക മലയാളകഥകളുടെ പ്രവണതകൾ പാഠഭാഗത്തിൽ എം.മുകുന്ദൻ മുതൽ എസ്. ഹരീഷ് വരെയുള്ളവരുടെ കഥകളെ അടിസ്ഥാനമാക്കി വിലയിരുത്തുക

( 2 x 15 = 30 )

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………                                        Reg. No : ………..............

Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - 4- M21ML04DC - വ്യാകരണപഠനം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours                                        Max Marks: 70

---

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. 'മാനകഭാഷ' എന്നാലെന്ത്?
2. 'ഏകകാലിക' പഠനത്തിന്റെ സവിശേഷത?
3. നിപാതം, അവ്യയം - വ്യക്തമാക്കുക.
4. 'തന്മാത്രാതദ്ധിതം' എന്നാലെന്ത്
5. ക്രിയ വിഭജനങ്ങൾ വ്യക്തമാക്കുക.
6. 'ഖിലധാതുക്കൾ' എന്നാലെന്ത്
7. 'നാദികൾ' 'ശ്വാസികൾ' കുറിപ്പെഴുതുക.
8. വർണ്ണ വികാരങ്ങൾ എന്നാലെന്ത്

(5× 2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. വ്യാകരണപഠനത്തിലെ വിവിധ സമീപനങ്ങളെക്കുറിച്ച് വിശദമാക്കുക.
10. ഭേദകം എന്നാലെന്ത്? അവയുടെ വിഭാഗങ്ങളേതെല്ലാം?
11. കേരളപാണിനി വാചകത്തെ വിഭജിച്ചിരിക്കുന്നത് എത്രവിധം? ഏതൊക്കെ?
12. മലയാളത്തിലെ ലിംഗ വ്യവസ്ഥകളെക്കുറിച്ച് ഉപന്യസിക്കുക.
13. ക്രിയകളെ സകർമ്മകം, അകർമ്മകം എന്നിങ്ങനെ തിരിക്കുന്നതിൻറെ അടിസ്ഥാനമെന്ത്? ഉദാഹരണസഹിതം വിശദമാക്കുക.
14. വിവിധ ധാതുരൂപങ്ങളേവ? വിശദമാക്കുക.
15. വർണ്ണവികാരമെന്നാലെന്ത്? ഭാഷയിൽ വരുന്ന വർണ്ണവികാരങ്ങൾ വ്യക്തമാക്കുക.
16. കേരളപാണിനീയത്തിലെ സന്ധി വിഭജനത്തെക്കുറിച്ച് വിവരിക്കുക.

17. വിനാമം - ഉന്നാമം എന്നിവയെക്കുറിച്ച് കേരളപാണിനീയുടെ അഭിപ്രായമെന്ത്?
18. ഔദാസീന്യനായം എന്നാലെന്ത്? ഉദാഹരണ സഹിതം വിവരിക്കുക ?

(6× 5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. വ്യാകരണപഠനത്തിലെ വിവിധ സമീപനങ്ങളെക്കുറിച്ച് വിമർശനാത്മകമായി ചർച്ച ചെയ്യുക.
20. ലീലാതിലകത്തിലെയും കേരളപാണിനീയത്തിലെയും ലിംഗ -വചന - വിഭക്തി ചർച്ചകൾ ക്രോഡീകരിക്കുക?
21. എന്താണ് ക്രിയ? ക്രിയയെക്കുറിച്ച് പ്രമുഖ വൈയാകരണന്മാർ നടത്തിയ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
22. സന്ധിയെ എത്ര തരത്തിൽ വർഗ്ഗീകരിക്കാം. അവ ഏവ. ഉദാഹരണ സഹിതം വിശദമാക്കുക.

(2×15=30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION

DISCIPLINE CORE - 4- **M21ML04DC -വ്യാകരണപഠനം**

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. സാർവലൗകിക വ്യാകരണമെന്നാലെന്ത്?
2. നിർദ്ദേശാത്മക വ്യാകരണം എന്നാലെന്ത്? വ്യക്തംമാക്കുക.
3. 'ചുട്ടെഴുത്തുകൾ' എന്നാലെന്ത്?
4. സലിംഗബഹുവചനം എന്നാലെന്ത്?
5. മലയാളത്തിലെ കാലപ്രത്യയങ്ങൾ ഏതെല്ലാം? വിശദമാക്കുക.
6. ക്രിയാനാമം എന്തെന്ന് വിശദമാക്കുക.
7. സ്വരവ്യഞ്ജനഭേദമനുസരിച്ച് സന്ധിയെ എത്രയായി തിരിക്കാം. അവ ഏവ?
8. 'പരസവർണ്ണനം' എന്നാലെന്ത്?

(5×2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. വിനയെച്ചം എത്രവിധം? വിവരിക്കുക.
10. സർവ്വനാമവിഭാഗങ്ങളെക്കുറിച്ച് വിവരിക്കുക.
11. വചനപ്രത്യയങ്ങളെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
12. മലയാളത്തിലെ വിഭക്തിപ്രത്യയങ്ങളെക്കുറിച്ച് ഉപന്യസിക്കുക
13. അനുപ്രയോഗം എന്നാൽ എന്ത്? ഉപവിഭാഗങ്ങളേവ? ഉദാഹരണസഹിതം വിശദീകരിക്കുക.
14. കർമ്മണിപ്രയോഗം ഭാഷയിൽ ആവശ്യമോ? സമർത്ഥിക്കുക.
15. ലീലാതിലകത്തിലെ സന്ധിക്കാര്യം വിശദമാക്കുക?
16. സന്ധി വർഗ്ഗീകരണത്തിലെ വ്യത്യസ്ത അഭിപ്രായങ്ങൾ വിലയിരുത്തുക.

17. സന്ധി എന്നാലെന്ത്? എത്ര ഘടകങ്ങളെ മുൻനിർത്തിയാണ് ഭാഷയിൽ സന്ധി വിഭജനം നടത്തിയിരിക്കുന്നത് ?

18. സംവൃതോകാരത്തെപ്പറ്റി കേരളപാണിനിയുടെയും ഗുണ്ടർട്ടിൻറെയും അഭിപ്രായങ്ങൾ വിലയിരുത്തുക?

(6×5=30)

## SECTION - C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ ഉത്തരം എഴുതുക

19. മലയാളത്തിലെ പ്രധാന വ്യാകരണഗ്രന്ഥങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
20. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെ സംബന്ധിച്ച് വിമർശനാത്മകമായി പരിശോധിക്കുക.
21. കാലപ്രത്യയങ്ങളുടെ നിഷ്പത്തിയെക്കുറിച്ചുള്ള പണ്ഡിതാഭിപ്രായങ്ങൾ ക്രോഡീകരിക്കുക
22. സന്ധിക്കുന്ന വർണ്ണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രയായിതിരിക്കാം. അവ ഏവ. ഉദാഹരണസഹിതം വിശദമാക്കുക

(2×15=30)

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

**FIRST SEMESTER MA MALAYALAM LANGUAGE AND LITERATURE**
**M21ML01 A C- വിവർത്തന പരിചയം, മലയാളം കംമ്പ്യൂട്ടിംഗ്**

(CBCS - PG )

2022-23 Admission Onwards

Time: 3 Hours Max.Marks: 70

---

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

1. ലിപ്യന്തരണം (Transliteration) എന്നാലെന്ത്?
2. എന്താണ് സ്രോതഭാഷ?
3. പദാനുപദ വിവർത്തനം എന്നാൽ എന്ത്?
4. യൂണിക്കോഡ് ഫോണ്ടുകളുടെ സവിശേഷതകൾ സംഗ്രഹിക്കുക.
5. എന്താണ് വിവരസാങ്കേതിക വിദ്യ?
6. വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?
7. എന്താണ് ലക്ഷ്യഭാഷ ?
8. അന്തർഭാഷാവിവർത്തനം (intra lingual translation) എന്നാലെന്ത്?

(5× 2=10)

## SECTION - B

**II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

9. വിവർത്തനസങ്കല്പനത്തിനുണ്ടായിട്ടുള്ള പ്രധാന നിർവചനങ്ങളെക്കുറിച്ച് വിവരിക്കുക.
10. വിവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് കുറിപ്പെഴുതുക?
11. ശാസ്ത്ര വിവർത്തനത്തിന്റെ സവിശേഷതകൾ സംഗ്രഹിച്ച് കുറിപ്പെഴുതുക.
12. ഐ.എസ്.എം. ഫോണ്ടുകളുടെ സവിശേഷതകൾ എന്തെല്ലാം?
13. പ്രധാനപ്പെട്ട വിവർത്തനോപകരണങ്ങൾ പരിചയപ്പെടുത്തുക.
14. യന്ത്രവിവർത്തനം എന്നാൽ എന്ത്?
15. ഭാരതീയ ഭാഷകളിൽ കമ്പ്യൂട്ടർ വിവർത്തനം നടപ്പാക്കാനുള്ള പ്രധാന വൈഷമ്യങ്ങൾ എന്തെല്ലാം?
16. മലയാളം കമ്പ്യൂട്ടിംഗിന്റെ ചരിത്രം – കുറിപ്പെഴുതുക.
17. പ്രോഗ്രാമിംഗ് ലാംഗ്വേജ് – കുറിപ്പെഴുതുക.

18. ഭാഷാ സാങ്കേതികതയും മലയാളം കംപ്യൂട്ടിംഗും – കുറിപ്പെഴുതുക.

(6× 5=30)

## SECTION - C

**III.ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

19. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഒരു പുസ്തകത്തെ പരിചയപ്പെടുത്തിക്കൊണ്ട് അതിന്റെ ഭാഷാപരമായ സവിശേഷതകളെ വിശകലനം ചെയ്യുക.
20. ഭാഷയുടെ പരിമിതികളെ അതിജീവിക്കാൻ വിവർത്തനപ്രക്രിയയ്ക്ക് കഴിയുമോ? വിശകലനം ചെയ്യുക.
21. 'സാഹിത്യകൃതികൾ വിവർത്തനം ചെയ്യുമ്പോൾ പദാനുപദവിവർത്തനമല്ല, മറിച്ച് ആശയവിവർത്തനമാണ് ഉചിതം' – പരിശോധിക്കുക.
22. ചുവടെ നൽകിയിരിക്കുന്ന ഭാഗം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക.

Gandhi reached England by the end of September 1888. Everything was strange to him. He was shy and diffident, could not speak English fluently and was ignorant of British manners. Naturally, loneliness and homesickness gripped him. Gandhi became a vegetarian for life. It was difficult to get vegetarian food. Friends persuaded him to break the vow of vegetarianism but he stuck to it. He began searching vegetarian restaurants and found one ultimately. He purchased Salt's book 'Plea for Vegetarianism', read it and became vegetarian out of conviction. He studied other literature and joined the Vegetarian Society.

(2×15=30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ……….............

Name : ………………...

**FIRST SEMESTER MA MALAYALAM LANGUAGE AND LITERATURE**
**M21ML01 A C- വിവർത്തന പരിചയം, മലയാളം കംമ്പ്യൂട്ടിംഗ്**

(CBCS - PG )

2022-23 Admission Onwards

Time: 3 Hours | Max.Marks: 70

---

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

1. ഓൺലൈൻ/ ഓഫ് ലൈൻ എന്ന വേർതിരിവിന് ആധാരം എന്താണ്? കുറിപ്പെഴുതുക.
2. സി.ഡാക്ക് കുറിപ്പെഴുതുക.
3. എൻകോഡിംഗ് എന്നാൽ എന്ത്?
4. ഭാഷാന്തര വിവർത്തനം (interlingual translation) എന്നാൽ എന്ത് ?
5. രണ്ട് യൂണിക്കോഡ് ഫോണ്ടുകളെ പരിചയപ്പെടുത്തുക?
6. എന്താണ് സ്വതന്ത്ര തർജ്ജമ?
7. മൂലപാഠം എന്നാലെന്ത്?
8. സ്വതന്ത്ര സോഫ്റ്റ് വെയർ എന്നാലെന്ത്?

(5×2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

9. രചന അക്ഷരവേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
10. വിവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് കുറിപ്പെഴുതുക?
11. ശാസ്ത്രവിവർത്തനവും സാഹിത്യവിവർത്തനവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ വിശകലനം ചെയ്യുക.
12. സാങ്കേതികപദങ്ങളുടെ നിർമ്മാണത്തിൽ ലിപ്യന്തരണ രീതിയുടെ സാധ്യതകളും പരിമിതികളും - ഉദാഹരണ സഹിതം വിവരിക്കുക.
13. “വേവിച്ച സ്ട്രോബറി പഴം പോലെ സ്വാദു കുറഞ്ഞ വിഭവമാണ് വിവർത്തനം” എന്ന് സ്മിത്ത് അഭിപ്രായപ്പെട്ടത് എന്തുകൊണ്ട്?
14. ‘വിവർത്തനം ഒരു ശാസ്ത്രമാണ്’- പരിശോധിക്കുക.

15. എന്താണ് ബ്ലോഗ്? മലയാളം ബ്ലോഗുകളുടെ ചരിത്രത്തെക്കുറിച്ച് വിവരിക്കുക.
16. നവമാധ്യമങ്ങളും മലയാളഭാഷയുടെ സാധ്യതകളും - കുറിപ്പെഴുതുക.
17. "പരാജയത്തിന്റെ കലാരൂപം" എന്ന് കവിതാവിവർത്തനത്തെ വിശേഷിപ്പിക്കാൻ കഴിയുമോ? - പരിശോധിക്കുക.
18. ചുവടെ തന്നിരിക്കുന്ന വാക്യങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക.

"Be the change that you wish to see in the world."

"Live as if you were to die tomorrow. Learn as if you were to live forever."

(6×5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

19. മലയാളഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്നത് അച്ചടിയുടെ ആരംഭത്തോടെയാണ് - വിശദമാക്കുക.
20. ഭാഷയുടെ വൈജ്ഞാനികശേഷിയും വിവർത്തനപ്രക്രിയയും - ഉപന്യാസം തയ്യാറാക്കുക.
21. പുസ്തകപ്രസാധനരംഗവും മലയാളം കംമ്പ്യൂട്ടിംഗിന്റെ നവസാധ്യതകളും - ഉപന്യാസം തയ്യാറാക്കുക.
22. സാംസ്കാരികപഠനം എന്ന നിലയിൽ വിവർത്തനപഠനത്തിന്റെ സവിശേഷതകളെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

(2×15=30)

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

വിവർത്തനപഠനം,
മലയാളം കംപ്യൂട്ടിങ്

COURSE CODE: M21ML01AC

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-962656-7-0